**ഡോ. കെ. ടി. ജലീൽ**
തദ്ദേശസ്വയംഭരണം, ന്യൂനപക്ഷക്ഷേമം
വഖഫ് & ഹജ്ജ് വകുപ്പ് മന്ത്രി
കേരള സർക്കാർ



പ്രിയ സഹോദരിമാരേ,

കുടുംബശ്രീ കേരളത്തിന്റെ മാത്രമല്ല നമ്മുടെ രാജ്യത്തിന്റെ തന്നെ അഭിമാനമാണ്. അതുകൊണ്ടാണ് ലോകത്തിന്റെ വിവിധ ദിക്കുകളിൽ നിന്നും ഈ മാതൃക പഠിക്കുന്നതിനും തങ്ങളുടെ നാട്ടിൽ പകർത്തുന്ന തിനുമായി പലരും കേരള സർക്കാരിനെ സമീപിച്ചു കൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ 18 സംസ്ഥാനങ്ങളി ലാണ് കുടുംബശ്രീ മാതൃകയിൽ സ്ത്രീ ശാക്തീകരണ പ്രസ്ഥാനം ആരംഭിക്കുന്നതിന് ബന്ധപ്പെട്ട സംസ്ഥാന സർക്കാരുകൾ കേരളത്തിന്റെ സഹായം തേടിയിരിക്കുന്നത് .

സുശക്തമായ സംഘടനാ സംവിധാനമാണ് കുടുംബശ്രീയുടെ കരുത്ത്. ഇത് നിലനിർത്തുന്നതിനും പുരോഗതിയുടെ പുതിയ തലങ്ങളിലേക്കു പ്രവേശിക്കുന്നതിനും നിരന്തര പരിശീലനവും ചിട്ടപ്പെടുത്തലുകളും അനിവാര്യമാണ്. നിരവധി വികസന പദ്ധതികളാണ് ഇടതുപക്ഷ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം കുടുംബശ്രീയിൽ നടപ്പിലാക്കാൻ മുൻകൈയെടുത്തത്. സമാദരണീയനായ കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ.പിണറായി വിജയനടക്കമുള്ള ജനപ്രതിനിധികൾ പങ്കെടുത്തുകൊണ്ടു നടത്തിയ **'ദിശ'** ക്യാമ്പയിൻ ഇത്തരത്തിലൊന്നായിരുന്നു. ഈ ക്യാമ്പയിനിലൂടെ കണ്ടെത്തിയ പോരായ്മകൾ പരിഹരിക്കു ന്നതിനായി മുഴുവൻ കുടുംബശ്രീ അംഗങ്ങളെയും അവരുടെ കുടുംബാംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് **'കുടുംബശ്രീ സ്കൂൾ'** എന്ന പേരിൽ ഒരു ബൃഹത് പരിശീലന പരിപാടിക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ഒക്ടോബർ 21 മുതൽ തുടക്കം കുറിക്കുകയാണ്. പദ്ധതിയുടെ ഭാഗമായി ഓരോ അയൽക്കൂട്ടവും പന്ത്രണ്ടു മണിക്കൂർ പരിശീലന കളരിയിലാണ് പങ്കെടുക്കേണ്ടത്. വിജയകരമായി കോഴ്സ് പൂർത്തീകരിക്കുന്ന എല്ലാ അയൽക്കൂട്ടങ്ങൾക്കും സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

സമാനതകളില്ലാത്ത ഒരു സമൂഹാധിഷ്ഠിത ട്രെയിനിംഗ് പ്രോഗ്രാമിനാണ് കേരളം സാക്ഷ്യം വഹിക്കാ ൻ പോകുന്നത്. സാക്ഷരതാ പ്രസ്ഥാനം, ജനകീയാസൂത്രണം തുടങ്ങിയ മാതൃകകൾക്ക് ശേഷം കേരളം ലോകത്തിനു സമ്മാനിക്കുന്ന മികച്ച ആശയമാണ് കുടുംബശ്രീ സ്കൂൾ. ഒരു ലക്ഷത്തി ഇരുപതിനായിരം വാർഡുതല അധ്യാപകർ, നാൽപത്തി മൂന്നു ലക്ഷം കുടുംബശ്രീ അംഗങ്ങൾ, അവരുടെ കുടുംബാംഗങ്ങൾ- ഇപ്രകാരം നോക്കുമ്പോൾ ഏകദേശം ഒരു കോടി ആളുകൾ ഈ പരിശീലന മഹായജ്ഞത്തിൽ പങ്കാളികളാകും. അതുകൊണ്ടാണ് ഈ ഉദ്യമം സമാനതകളില്ലാത്തതാണെന്ന് ഞാൻ പറഞ്ഞത്.

കുടുംബശ്രീയുടെ പത്തൊൻപത് വർഷത്തെ ചരിത്രത്തിനിടയിൽ ആദ്യമായാണ് മുഴുവൻ കുടുംബശ്രീ അംഗങ്ങളെയും ഭാഗഭാക്കാക്കി ഇത്തരമൊരു പരിശീലനം നടത്തുന്നത്. ഈ ഉദ്യമം തീർച്ചയായും കുടുംബശ്രീയുടെ തുടർന്നങ്ങോട്ടുള്ള വളർച്ചയിൽ നിർണ്ണായകമാകുമെന്ന കാര്യത്തിൽ തർക്കമില്ല. ഇതിന്റെ ഭാഗമായി എല്ലാ അയൽക്കൂട്ടങ്ങൾക്കുമായി തയ്യാറാക്കുന്ന കൈപ്പുസ്തകം ഒരു സ്വയം പഠന സഹായി എന്ന നിലയിൽ എന്റെ പ്രിയ സഹോദരിമാർക്ക് മുതൽക്കൂട്ടാകും. ഈ ആശയം പ്രാവർത്തികമാക്കുവാൻ അഹോരാത്രം പ്രയത്നിക്കുന്ന എല്ലാ പ്രിയപ്പെട്ടവർക്കും എന്റെ ആശംസകൾ. എല്ലാ കുടുംബശ്രീ അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും കുടുംബശ്രീ സ്കൂളിൽ പങ്കെടുക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

**ഡോ. കെ.ടി. ജലീൽ**



**എസ്. ഹരികിഷോർ ഐ.എ.എസ്.**
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

പ്രിയപ്പെട്ടവരെ,

ചലനാത്മകമായ ഒരു സംഘടനാ സംവിധാനത്തിനു മാത്രമേ സ്വയം നവീകരിക്കുവാനും വെല്ലുവിളികൾ ഏറ്റെടുത്ത് മുന്നോട്ടു പോകുവാനും കഴിയൂ. എണ്ണത്തിലും പ്രവർത്തനങ്ങളുടെ വൈപുല്യത്തിലും കുടുംബശ്രീ മറ്റേതൊരു സമൂഹാധിഷ്ഠിത സംഘടനയെക്കാളും മുന്നിലാണ്. എന്നാൽ അയൽക്കൂട്ടങ്ങളുടെ, അംഗങ്ങളുടെ എണ്ണം കൂടുന്നതുകൊണ്ടു മാത്രം നമുക്ക് മുന്നോട്ടു പോകാനാവില്ല.

ഓരോ കുടുംബശ്രീ അംഗവും താൻ അംഗമായിരിക്കുന്ന സംഘടനയുടെ തത്വങ്ങളും പദ്ധതികളും ഉൾക്കൊള്ളുകയും അതിനനുസരിച്ച് പ്രവർത്തനങ്ങൾ താഴേത്തട്ടിൽ ഏറ്റെടുക്കുകയും ചെയ്യുമ്പോഴാണ് സംഘടന ചലനാത്മകമാകുന്നത്. നാം നടത്തിയ 'ദിശ' ക്യാമ്പയിൻ അത്തരത്തിലൊന്നായിരുന്നു. ഈ ക്യമ്പയിന്റെ തിരിച്ചറിവുകളിൽ നിന്നും നാം ഏറ്റെടുക്കുന്ന മറ്റൊരു ബൃഹത് പരിപാടിയാണ് **'കുടുംബശ്രീ സ്കൂൾ'.** അറിവും ആഹ്ലാദവും നൽകുന്ന ഈ അനൗപചാരിക പരിശീലന പരിപാടിയിൽ ഓരോ അയൽക്കൂട്ടവും പന്ത്രണ്ടു മണിക്കൂർ ക്ലാസിൽ പങ്കെടുക്കണം. കുടുംബാംഗങ്ങൾക്കും ഈ പരിശീലന പരിപാടികളിൽ പങ്കെടുക്കാവുന്നതാണ്.

കുടുംബശ്രീ പദ്ധതികൾ സംബന്ധിച്ച് അറിവ് നൽകുന്നതിനോടൊപ്പം ആരോഗ്യം, ശുചിത്വം, മദ്യത്തിനും മയക്കുമരുന്നതിനുമെതിരെയുള്ള പ്രചരണം, അഴിമതി വിമുക്ത സമൂഹത്തിനായുള്ള പ്രവർത്തനങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായുള്ള സംയോജന പ്രവർത്തനങ്ങൾ എന്നിവയെല്ലാം കുടുംബശ്രീ സ്കൂളിലെ പാഠ്യ വിഷയങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന അയൽക്കൂട്ടങ്ങൾക്ക് ഹാജർ നിലവാരത്തിന്റേയും ക്രിയാത്മകമായ പങ്കാളിത്തത്തിന്റെയും അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റുകൾ നൽകും. ഭാവി പ്രവർത്തനങ്ങൾക്ക് ഈ സർട്ടിഫിക്കറ്റ് നിർണ്ണായകമാണ്. 1,20,000 വോളണ്ടിയർ അധ്യാപകരാണ് വാർഡുതലത്തിൽ ഈ പ്രവർത്തനം ഏറ്റെടുക്കുവാൻ സജ്ജരായിട്ടുള്ളത്.

എല്ലാ കുടുംബശ്രീ അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും ഈ പ്രവർത്തനത്തിൽ പങ്കാളികളാകണമെന്ന് സ്നേഹപൂർവ്വം ഞാൻ അഭ്യർത്ഥിക്കുന്നു.

9/10/17

**എസ്. ഹരികിഷോർ**

## ഉള്ളടക്കം


| | | |
|---|---|---|
| 1. | മുഖവുര - കുടുംബശ്രീ സ്കൂൾ എന്ത്? എന്തിന്? | 06 |
| 2. | കുടുംബശ്രീ സംഘടന | 07 |
| 3. | കുടുംബശ്രീ പദ്ധതികൾ | 16 |
| 4. | സ്ത്രീ ശാക്തീകരണവും തുല്യനീതിയും | 48 |
| 5. | ആരോഗ്യം ശുചിത്വം | 61 |
| 6. | ലഹരി വിമുക്ത പ്രചരണം - കുടുംബശ്രീ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ | 73 |
| 7. | അഴിമതിമുക്ത സമൂഹം - കുടുംബശ്രീ കർത്തവ്യങ്ങൾ | 84 |

**അനുബന്ധം**

8. അയൽക്കൂട്ട ഹാജർ രേഖപ്പെടുത്തുന്നതിനുള്ള ഫോർമാറ്റ്

9. സർട്ടിഫിക്കറ്റ് മാതൃക

10. കുടുംബശ്രീ സ്കൂൾ വലയിരുത്തൽ ഫോറം

## മുഖവുര

### കുടുംബശ്രീ സ്കൂൾ എന്ത്? എന്തിന്?

കുടുംബശ്രീ രൂപീകൃതമായിട്ട് പത്തൊൻപത് വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. വളർച്ചയുടേയും അഭിമാനാർഹമായ ഒട്ടേറെ നേട്ടങ്ങളുടെയും വർഷങ്ങളാണ് കടന്നുപോയത്. ഇനിയും ഒട്ടേറെ ദൂരം നമുക്ക് സഞ്ചരിക്കാനുണ്ട്.

നിരന്തരമായ പഠനവും സ്വയം നവീകരിക്കുന്നതിനുള്ള കഴിവുമാണ് ഏതൊരു സമൂഹാധിഷ്ഠിത സംഘടനയേയും നിലനിർത്തുന്നതും വളർത്തുന്നതും. അത്തരത്തിലൊരു നിരന്തര പഠന പ്രക്രിയ്ക്ക് അയൽകൂട്ടാംഗങ്ങളെ പ്രാപ്തരാക്കന്നതിനായി രൂപീകരികരിച്ച സ്വമേധയാ സേവനം ചെയ്യുന്ന സമൂഹാധിഷ്ഠിത പരീലകർ (Community Teachers) ഉൾക്കൊള്ളുന്ന സമൂഹാധിഷ്ഠിത പരിശീലന പദ്ധതിയാണ് (Community Training Center) **'കുടുംബശ്രീ സ്കൂൾ'.**

ഓരോ അയൽകൂട്ടാംഗത്തെയും സ്വയം ചോദ്യങ്ങൾ ചോദിക്കുന്നതിനു പ്രേരിപ്പിക്കുകയും തങ്ങളുടെ അനുഭവങ്ങളെ അറിവുകളാക്കി മാറ്റുന്നതിനുമാണ് ഈ പഠനകളരി ലക്ഷ്യമിടുന്നത്. കുടുംബശ്രീ സംഘടനാ സംവിധാനം, കുടുംബശ്രീ പദ്ധതികൾ, സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾ, അഴിമതി വിമുക്ത സമൂഹം - കുടുംബശ്രീയുടെ കർത്തവ്യം, ആരോഗ്യ ശുചിത്വ മേഖലയിലും കുടുംബശ്രീ ഏറ്റെടുക്കേണ്ട നിരന്തര പ്രവർത്തനങ്ങൾ, മദ്യാസക്തിയും മയക്കുമരുന്നുകളുടെ ഉപയോഗവും - കുടുംബശ്രീ ഏറ്റെടുക്കേണ്ട നിരന്തര പ്രവർത്തനങ്ങൾ തുടങ്ങി ആറു വിഷയങ്ങളാണ് ഒന്നാം കുടുംബശ്രീ സ്കൂളിൽ പാഠ്യവിഷയങ്ങളായി ഉൾപ്പെടുത്തിയിട്ടുള്ളത്.

രണ്ടുമണിക്കൂർ വീതമുള്ള ആറ് സെഷനായി പന്ത്രണ്ടു മണിക്കൂറാണ് ഓരോ അയൽക്കൂട്ടവും സ്വയം പഠനത്തിൽ ഏർപ്പെടേണ്ടത്. ഇപ്രകാരം വിജയകരമായി 12 മണിക്കൂർ ക്ലാസിൽ പങ്കെടുത്ത അയൽക്കൂട്ടങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകും. തുടർന്നുള്ള വർഷങ്ങളിൽ ഈ സർട്ടിഫിക്കറ്റ് കുടുംബശ്രീ പ്രവർത്തനത്തിൽ നിർണ്ണായക രേഖയായി മാറും. കേവലമൊരു പരിശീലനത്തിനപ്പുറം അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനും അറിവ് ആഹ്ലാദമായി മാറുന്നതിനുമുള്ള ഇടമായി കുടുംബശ്രീ സ്കൂൾ മാറും. അതിനുതകുന്ന വിധം വിമർശനാത്മക രീതിശാസ്ത്രമാണ് പഠന സഹായി നിർമ്മാണത്തിനു സ്വീകരിച്ചിട്ടുള്ളത്. കുടുംബശ്രീയുടെ ഭാവി പ്രവർത്തനത്തിന് കരുത്തുപകരുവാൻ കുടുംബശ്രീ സ്കൂളിന് കഴിയും.

**പ്രമോദ് കെ വി**
പ്രോഗ്രാം ഓഫീസർ (സംഘടന)

## പാഠം 1

# കുടുംബശ്രീ സംഘടന

### ആമുഖം

കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തെ പരിചയപ്പെടുത്തുന്നതിനും നിങ്ങൾ അനുവർത്തിക്കുന്ന പ്രവർത്തന രീതികൾ മനസ്സിലാക്കി ത്രിതല സംഘടനാ പ്രവർത്തനം ക്രമപ്പെടുത്തുന്നതിനും പോരായ്മകൾ ഉണ്ടെങ്കിൽ അവ തിരുത്തി കാര്യക്ഷമമായ പ്രവർത്തനം നടപ്പിലാക്കുന്നതിനുമാണ് ഈ പാഠഭാഗത്തിലൂടെ ലക്ഷ്യമിടുന്നത്.

**പഠന നേട്ടങ്ങൾ**

- കുടുംബശ്രീ സംഘടനാ തത്വങ്ങൾ വിശകലനം ചെയ്യുന്നു.
- ഒരു ഉത്തമ അയൽക്കൂട്ടാംഗം എന്ന നിലയിൽ തന്റെ ഉത്തരവാദിത്തങ്ങളും കടമകളും തിരിച്ചറിയുന്നു.
- കുടുംബശ്രീമിഷന്റെ ഘടന പട്ടികപ്പെടുത്തുന്നു.
- ജനാധിപത്യ വീക്ഷണം ശക്തിപ്പെടുന്നു.
- കുടുംബശ്രീ അയൽകൂട്ടം മറ്റു സമാന അയൽകൂട്ടങ്ങളിൽ നിന്നും എപ്രകാരമാണ് വ്യത്യാസപ്പെട്ടിരിക്കുന്നതെന്ന് തിരിച്ചറിയുന്നു.

### കുടുംബശ്രീ അയൽക്കൂട്ടത്തിന്റെ അജണ്ട (ഒരു മാതൃക)

1. ആമുഖഗാനം/സ്വാഗത ഗാനം (എല്ലാ അംഗങ്ങളും ഒരുമിച്ച് എഴുന്നേറ്റു നിന്ന് കൂട്ടമായി ആലപിക്കണം)
2. സ്വാഗതം:- അയൽക്കൂട്ട യോഗം ചേരുന്ന കുടുംബശ്രീ അംഗം/ആതിഥേയ അംഗം/ മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിരിക്കുന്ന അംഗം
3. ആമുഖ പ്രസംഗം/ഉപക്രമം - അദ്ധ്യക്ഷ
4. റിപ്പോർട്ട്
   a) പ്രവർത്തന റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളും (സാമ്പത്തിക റിപ്പോർട്ട്)
   b) വരുമാനദായക ഉപസമിതി റിപ്പോർട്ട്
   c) ആരോഗ്യ വിദ്യാഭ്യാസ ഉപസമിതി റിപ്പോർട്ട്
   d) അടിസ്ഥാന സൗകര്യ ഉപസമിതി റിപ്പോർട്ട്
5. റിപ്പോർട്ടിന്മേലുള്ള ചർച്ചയും വിശദീകരണങ്ങളും
6. ഇതര വിഷയങ്ങൾ (ചർച്ച ചെയ്യുക)
   (1) ........................................................
   (2) ........................................................
   (3) ........................................................
7. പ്രശ്നങ്ങളും പ്രമേയങ്ങളും
8. വായ്പാ ഗഡു, കുടിശ്ശിക എന്നിവയുടെ സ്വീകരണവും , വായ്പാ അപേക്ഷകളും അനുവാദവും
9. മിതവ്യയ-ലഘു സമ്പാദ്യം (ത്രിഫ്റ്റ്) ശേഖരിക്കൽ
10. ഉപസംഹാരം - അദ്ധ്യക്ഷ
11. കൃതജ്ഞത (അടുത്ത അയൽക്കൂട്ട യോഗം കൂടുവാൻ നിയോഗിക്കപ്പെടുന്ന അംഗം തന്റെ വസതിയിലേക്ക് ക്ഷണിച്ചുകൊണ്ട് കൃതജ്ഞത രേഖപ്പെടുത്തുന്നു)

സാധാരണ നിലയിൽ മേൽപറഞ്ഞ പതിനൊന്നിന കാര്യപരിപാടിയാണ് അഭികാമ്യം. ആറാമത്തെ ഇനമായ 'ഇതര വിഷയങ്ങൾ' എന്നതിലാണ് മാറ്റം വരാവുന്നത്. ഇവിടെ ചേർക്കേണ്ട വിഷയങ്ങൾ എന്തൊക്കെയാവണമെന്ന് സെക്രട്ടറി, പ്രസിഡന്റ്, മറ്റു

വോളന്റിയർമാർ എന്നിവരോട് കൂടിയാലോചിച്ച് ചേർക്കുന്നതാണ് ഉചിതം. യോഗാരംഭത്തിനു ശേഷം, അജണ്ട വായിച്ചു നൽകിയ ശേഷം പ്രസിഡന്റ് 'അജണ്ടയിൽ എന്തെങ്കിലും കൂട്ടി ചേർക്കുവാൻ ഉണ്ടോ? എന്ന് യോഗത്തോട് ആരായുകയും എന്തെങ്കിലും ഉണ്ടെങ്കിൽ ആറാമത്തെ അജണ്ടയിൽ അടുത്തൊരു ഉപനമ്പർ കൂടി നൽകി ആ വിഷയം കൂട്ടിച്ചേർക്കുകയും ചെയ്യണം.

മേൽപറഞ്ഞ മാതൃകയുടെ വെളിച്ചത്തിൽ അജണ്ട രേഖപ്പെടുത്തലും യോഗ നടപടി ക്രമങ്ങളും എപ്രകാരമാണെന്ന് പൊതുവേ അംഗങ്ങളോട് അന്വേഷിക്കുകയും ഇത്തരമൊരു അജണ്ടയുടെ സാംഗത്യം വെളിവാക്കത്തക്ക വിധത്തിൽ അവരോട് തന്നെ ചോദ്യങ്ങളുയിച്ച് ആവശ്യമായ വിശദീകരണത്തിലൂടെ വ്യക്തമാക്കി കൊടുക്കുകയും വേണം.

ഇത്തരുണത്തിൽ മിനിട്സ് ആരാണ് എഴുതേണ്ട തെന്നും എങ്ങനെയാണ് എഴുതേണ്ടതെന്നും ഫെസിലിറ്റേറ്റർ ആരായുകയും താഴെപറയുന്ന തരത്തിലുള്ള മിനിട്സ് രേഖപ്പെടുത്തൽ രീതി വിശദമാക്കിയിട്ടില്ലെങ്കിൽ അതിനുള്ള യുക്തിയും പ്രാധാന്യവും വിശദീകരിക്കുകയും ചെയ്യണം.

***ഒരു മാതൃകാ അയൽകൂട്ടത്തിന്റെ അജണ്ട എപ്രകാരമാണ് തയ്യാറാക്കേണ്ടത്?***

### മിനിട്സ് എഴുതുന്ന രീതി

യോഗം ആരംഭിക്കുതിനു മുമ്പ് മിനിട്സ് ബുക്കിൽ കഴിഞ്ഞ യോഗത്തിന്റെ മിനിട്സ് എഴുതി പൂർത്തിയാക്കിയിരിക്കുന്നതിന്റെ തുടർച്ചയായി ആവശ്യമായ ഇടം ഉണ്ടെങ്കിൽ ആ പേജിൽ തന്നെ മിനിട്സ് എഴുതിത്തുടങ്ങാം. ഇടതു വശത്ത് മാർജിനോട് ചേർന്ന് ആദ്യമായി യോഗ നമ്പർ എഴുതി നമ്പറിടണം. തൊട്ടു താഴെയായി യോഗ സ്ഥലം, അതിനു താഴെ യോഗ തീയതി, സമയം എന്നിവയും രേഖപ്പെടുത്തണം. അതിനു താഴെയായി അജണ്ട അക്കമിട്ട് എഴുതണം. അതിനു താഴെ ഹാജർ എന്ന ശീർഷകത്തിനു കീഴെ യോഗ സ്ഥലത്തേയ്ക്ക് ഹാജരാകുന്ന ഓരോ അംഗത്തെ കൊണ്ടും അവരവരുടെ പേരെഴുതിച്ച് ഒപ്പുവയ്പിക്കണം. നാലിൽ മൂന്ന് ക്വാറം തികയുന്ന അവസരത്തിൽ യോഗമാരംഭിക്കാവുന്നതാണ്. ഇനിയും എത്ര അംഗങ്ങളാണോ പങ്കെടുക്കേണ്ടത് അവർക്ക് ആവശ്യമായ എഴുത്ത് വരികൾ വിട്ടതിന് ശേഷം മാർജിനോട് ചേർന്ന് ഉടതുവശത്തായി അദ്ധ്യക്ഷ എന്ന് കുറിച്ച് അദ്ധ്യക്ഷയുടെ പേരും സ്ഥാനവും രേഖപ്പെടുത്തുക.

തുടർന്ന് അജണ്ട അനുസരിച്ചുള്ള യോഗ നടപടികൾ ആരംഭിക്കാവുന്നതാണ്. യോഗ നടപടികൾ ആരംഭിച്ചു കഴിഞ്ഞാൽ മിനിട്ട്സ് എഴുതാനുള്ള ചുമതല അദ്ധ്യക്ഷ നിർദ്ദേശിക്കുന്ന ആൾ നിർവ്വഹിക്കുന്നതാണ്. അതിനു മുമ്പുള്ള രേഖപ്പെടുത്തലുകളെല്ലാം സെക്രട്ടറിയുടെ ഉത്തരവാദിത്വത്തിൽ നിർവഹിച്ചിരിക്കേണ്ടതാണ്.

ആമുഖ ഗാനം മുതലുള്ള അജണ്ടയിലെ ഓരോ വിഷയവും ആരാരെല്ലാം എങ്ങനെയൊക്കെ യാണവതരിപ്പിച്ചതെന്നും അതിൻമേൽ നടക്കുന്ന ചർച്ചയിലോ പരാമർശങ്ങളിലോ പ്രത്യേകിച്ചെ ന്തെങ്കിലും ഉണ്ടെങ്കിൽ അവയും വിശദമായും വ്യക്തമായും മിനിട്ട്സിൽ രേഖപ്പെടുത്തേണ്ടതാണ്.

സാധാരണയായി അജണ്ടയിൽ തീരുമാനങ്ങൾ എന്നൊരിനം നൽകേണ്ടതില്ല. പക്ഷെ മിനിട്സിൽ, കൈകൊള്ളുന്ന തീരുമാനം എന്തായാലും അത് നമ്പരിട്ട് എഴുതണം. തീരുമാനം എന്ന് മാർജിനോട് ചേർന്ന് രേഖപ്പെടുത്തുന്നതിനോടൊപ്പം ഒരു പ്രത്യേക പാരഗ്രാഫായി, വേർതിരിച്ചറിയത്തക്കവണ്ണം രേഖപ്പെടുത്തണം. ചർച്ചയിലും പ്രസിഡന്റിന്റെ അവസാന തീർപ്പിലും ഉള്ള വാചകം എന്തുതന്നെയായാലും മിനിട്സ് എഴുതുന്ന അംഗം, തീരുമാനത്തിന്റെ സത്ത ചോർന്നുപോകാത്ത നിലയിൽ, വ്യക്തമായി രേഖപ്പെടുത്തണം.

റിപ്പോർട്ട്:- കുടുംബശ്രീ അയൽക്കൂട്ട യോഗത്തിൽ (മുകളിൽ കൊടുത്തിരിക്കുന്ന മാതൃകാ അജണ്ടയി ന്മേൽ) നാല് തരം റിപ്പോർട്ടുകൾ അവതരിപ്പിക്കേ ണ്ടതുണ്ട്.

**ഒന്നാമതായി** സെക്രട്ടറിയുടെ പൊതു പ്രവർത്തന റിപ്പോർട്ടും കണക്കുമാണ് അവതരിപ്പിക്കുക. അതോടൊപ്പം തന്നെ സെക്രട്ടറി പ്രത്യേക ചുമതല വഹിക്കേണ്ട മൈക്രോ ഫിനാൻസ് എം.എഫ് (ലഘു സമ്പാദ്യ വായ്പാ പദ്ധതി) പ്രവർത്തനങ്ങളുടെ റിപ്പോർട്ടും നൽകണം.

**രണ്ടാമതായി** വരുമാനദായക പ്രവർത്തനങ്ങളുടെ ചുമതലയുള്ള സബ് കമ്മിറ്റി കൺവീനർ (ചുമതല യുള്ള വോളന്റിയർ) റിപ്പോർട്ട് അവതരിപ്പിക്കണം.

**മൂന്നാമതായി** റിപ്പോർട്ട് അവതരിപ്പിക്കേണ്ടത് ആരോഗ്യ-വിദ്യാഭ്യാസ സബ് കമ്മിറ്റി ചുമതലയുള്ള വോളന്റിയർ ആണ്.

**നാലാമതായിട്ടാണ്** അടിസ്ഥാന സൗകര്യ കൺവീനറാണ് റിപ്പോർട്ട് അവതരിപ്പി ക്കേണ്ടത്. ചർച്ച എന്ന അജണ്ടയിന്മേൽ ഈ നാലു റിപ്പോർട്ടുകളുമാണ് ചർച്ച ചെയ്യപ്പെടുക.

കഴിയുന്നിടത്തോളം റിപ്പോർട്ടുകൾ, അതിന്റെ അവതാരകർ വ്യക്തമായി എഴുതി അവതരിപ്പിക്കണം. കാരണം റിപ്പോർട്ടുകളെല്ലാം മിനിട്സിന്റെ ഭാഗമായി പ്രത്യേകമായി ഫയൽ ചെയ്ത് സൂക്ഷിക്കണം. എന്നാൽ എഴുതി അവതരിപ്പിക്കുന്നതിനു പകരം വാച്യായുള്ള അവതരണമാണെങ്കിൽ അത്തരം റിപ്പോർട്ടുകളുടെ രത്നചുരുക്കം മിനിട്സിൽ രേഖപ്പെടുത്തുക തന്നെ വേണം.

മിനിട്ട്സ് എഴുതുന്നതിന്റെ പ്രാധാന്യം എന്താണ്? പരസ്പരം ചർച്ച ചെയ്ത് നിലവിലുള്ള പോരായ്മ കൾ എപ്രകാരം പരിഹരിക്കാമെന്ന് ചർച്ച ചെയ്യുക.

റിപ്പോർട്ടിന്മേൽ നടക്കുന്ന ചർച്ചയുടേയും, ആവശ്യമെങ്കിൽ അതിന്മേൽ നടക്കുന്ന വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലാണ് തീരുമാനങ്ങൾ എടുക്കേണ്ടത്. പ്രസിഡന്റാണ് പൊതു സമ്മതപ്രകാരമുള്ള തീരുമാനം യോഗത്തിൽ പ്രഖ്യാപിക്കേണ്ടത്. പ്രസിഡന്റിന്റെ ഈ പ്രഖ്യാപനമാണ് മിനിട്സിൽ പ്രത്യേകമായി അക്കമിട്ട് രേഖപ്പെടുത്തേണ്ടത്. (യോഗാരംഭം മുതൽ അവസാനിക്കും വരെ എടുക്കുന്ന തീരുമാനങ്ങൾ ക്കെല്ലാം ക്രമത്തിൽ നമ്പർ നൽകണം)

ഓരോ വിഷയത്തിന്മേലും എടുത്ത തീരുമാനത്തിന്റെ വെളിച്ചത്തിലാവണം ചുമതലക്കാരി അടുത്ത യോഗത്തിൽ റിപ്പോർട്ട് അവതരിപ്പിക്കേണ്ടത്. കഴിഞ്ഞ യോഗത്തിൽ തന്റെ ചുമതലയുള്ള വിഷയത്തിൽ എടുത്ത തീരുമാനങ്ങൾ ഏതൊക്കെ, അവയുടെ പ്രാവർത്തികമാക്കൽ എത്രമാത്രം വിജയകരമായി നടന്നു? നടന്നില്ലെങ്കിൽ കാരണമെന്ത്? ഇനിയും നടപ്പാക്കാൻ എന്താണു ചെയ്യേണ്ടത്? നടപ്പാക്കുന്ന കാര്യത്തിൽ ആരുടെയൊക്കെ സഹായസഹകരണങ്ങൾ ലഭിച്ചു?

തീരുമാനം എടുത്ത കാര്യങ്ങൾക്കു പുറമേ അയൽക്കൂട്ടത്തിനു നിർവഹിക്കേണ്ടി വന്ന മറ്റു കാര്യങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അവയും ഉൾപ്പെടെയാണ് റിപ്പോർട്ടിൽ എഴുതി അവതരിപ്പിക്കേണ്ടത്. സബ് കമ്മിറ്റി തീരുമാനങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അവയും തീർച്ചയായും റിപ്പോർട്ടിൽ പരാമർശിച്ച് ചർച്ചയ്ക്ക് വിധേയമാക്കണം. അവയ്ക്കുള്ള സാമഗ്രികളാണ് ചോദ്യത്തര രീതിയിൽ ഇനി കൊടുക്കുന്നത്.

**1. കുടുംബശ്രീ എന്നാൽ എന്താണ്?**

കേവല ദാരിദ്ര്യ നിർമാർജനത്തിനായി കേരള സർക്കാർ രൂപം കൊടുത്തിട്ടുള്ള നവീന ദാരിദ്ര്യ നിർമാർജന പദ്ധതിയാണ് കുടുംബശ്രീ (മിഷൻ) അഥവാ കേരള സംസ്ഥാന ദാരിദ്ര്യ നിർമാർജന മിഷൻ (എസ്.പി.ഇ.എം) നബാർഡിന്റെ സഹായത്തോടെയുള്ള സമ്പൂർണ്ണ ദാരിദ്ര്യ നിർമാർജന യജ്ഞം എന്ന നിലയിലാണ് കുടുംബശ്രീ പദ്ധതി രൂപീകൃതമായത്. കേരളത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ ദാരിദ്ര്യ ലഘൂകരണത്തിനായി അവരുടെ പങ്കാളിത്തത്തോടെ മിതവ്യയം അടിസ്ഥാനമാക്കി വായ്പാ സൗകര്യം ലഭ്യമാക്കുന്ന ഒരു നയപരിപാടിയായാണ് തുടക്കം.

1996 ൽ ആരംഭിച്ച ജനകീയാസൂത്രണ പദ്ധതിയുടെ പശ്ചാത്തലത്തിൽ ദാരിദ്ര്യ നിർമാർജ്ജനത്തിന്റെ സാധ്യതയെക്കുറിച്ച് ദാരിദ്ര്യ നിർമാർജ്ജനത്തിനായി നൂതന മാർഗ്ഗങ്ങൾ ആരായുന്നതിനായി ശ്രീ. എസ് എം വിജയാനന്ദ് ഐ എ എസ്, സംസ്ഥാന ആസൂത്രണ കമ്മീഷൻ അംഗം ഡോ. തോമസ് ഐസക്, ഡോ പ്രകാശ് ബക്ഷി എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിക്കുകയുണ്ടായി. ഈ കമ്മിറ്റിയുടെ ശുപാർശപ്രകാരമാണ് 1997-1998 ലെ സംസ്ഥാന ബഡ്ജറ്റിൽ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീയുടെ രൂപീകരണം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചത്. അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഇ കെ നായനാർ, തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രി ശ്രീ. പാലോളി മുഹമ്മദ്കുട്ടി എന്നിവർ മിഷൻ രൂപീകരണത്തിൽ നിർണ്ണായക പങ്ക് വഹിച്ചു.

**2. മിഷന്റെ അസ്ഥിത്വവും ഘടനയും എന്താണ് ?**

1955 ലെ തിരു. കൊച്ചി ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന ഒരു സംഘമാണ് കേരളസംസ്ഥാന ദാരിദ്ര്യനിർമാർജന മിഷൻ എന്ന കുടുംബശ്രീ.

ഇതിന്റെ ഭരണസംവിധാന ഘടന താഴെക്കാണും പ്രകാരമാണ്.

**മിഷൻ ഭരണസമിതി- ഗവേണിംഗ് ബോഡി**

ചെയർമാൻ - തദ്ദേശഭരണവകുപ്പു മന്ത്രി

വൈ.ചെയർമാൻ - തദ്ദേശഭരണവകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി

മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ - സർക്കാർ നിയമിക്കുന്ന ഐ.എ.എസ് ഓഫീസർ

ഇവരെ കൂടാതെ വിവിധ വകുപ്പുകളുടെ സെക്രട്ടറിമാർ, ജനപ്രതിനിധികൾ, പ്രഗത്ഭ വ്യക്തികൾ എന്നിവരെ കാലകാലങ്ങളിൽ ഗവേണിംഗ് ബോഡി അംഗങ്ങളായി സർക്കാർ നിയോഗിക്കുന്നു. സംസ്ഥാനത്തെ ദാരിദ്ര്യ നിർമാർജന ദൗത്യത്തിന്റെ ആകമാനഭരണത്തിനും കൈകാര്യകർതൃത്വത്തിനുമുള്ള ഉത്തരവാദിത്വം ഈ ഭരണസമിതിയിൽ നിക്ഷിപ്തമാണ്. ഭരണസമിതിയെ കൂടാതെ ഭരണനിർവഹണത്തെ സഹായിക്കുവാൻ ഡപ്യൂട്ടേഷൻ വ്യവസ്ഥയിലും കാരാർ വ്യവസ്ഥയിലും നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥ സംവിധാനവും നിലവിലുണ്ട്.

ഇതുകൂടാതെ, 14 ജില്ലാമിഷനുകളും നിലവിലുണ്ട്. ജില്ലാമിഷൻ കോർഡിനേറ്റർ (ഡി.എം.സി), അസിസ്റ്റന്റ് ജില്ലാമിഷൻ കോർഡിനേറ്റർ (എ.ഡി.എം.സി) ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നവരാണ്. സംസ്ഥാന കുടുംബശ്രീ മിഷന്റെ ഭരണ-സംഘടനാ സംവിധാനം ജില്ലാമിഷനിൽ അവസാനിക്കുന്നു.

*കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസ് എവിടെയാണ് സ്ഥിതി ചെയ്യുന്നത്? സി ഡി എസ് ഓഫീസിൽ നാളിതുവരെ പോകാത്ത അംഗങ്ങൾ ഉണ്ടോ? ഈ ഓഫീസുകളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണ്?*

**3. ജില്ലാമിഷനുകൾക്കു താഴെ തദ്ദേശസ്വയംഭരണ തലങ്ങളിൽ കുടുംബശ്രീ പ്രവർത്തനം എങ്ങനെയാണ് സംഘടിപ്പിക്കപ്പെടുത് ? എന്താണ് സംഘടനാ രീതി?**

അതതു ഗ്രാമപഞ്ചായത്ത്/നഗര തലങ്ങളിൽ കുടുംബശ്രീ പ്രവർത്തനം നടക്കുന്നത്. സ്വതന്ത്ര-സന്നദ്ധ-ത്രിതല-വനിതാ സംഘടനയായ കുടുംബശ്രീ കമ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റികളെന്ന സി.ഡി.എസ്സുകളിലൂടെയാണ്. സി.ഡി.എസ്സുകൾ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് അതതു തദ്ദേശ ഭരണ പ്രദേശത്തു പ്രവർത്തിക്കാനായി രജിസ്ട്രേഷൻ നേടുന്നവയാണ്. സർക്കാർ അംഗീകൃത ബൈലോ പ്രകാരം രജിസ്ട്രേഷൻ നേടി പ്രവർത്തിക്കുന്ന സി.ഡി.എസ്സുകൾ ജനാധിപത്യ രീതിയിൽ സംസ്ഥാന ദാരിദ്ര്യനിർമാർജന മിഷന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. എന്നാൽ കുടുംബശ്രീ സി.ഡി.എസ്സുകൾ ദാരിദ്ര്യനിർമാർജന മിഷന്റെ കീഴ്ഘടകങ്ങളല്ല. എങ്കിലും അതതു പഞ്ചായത്തു/നഗര സമിതികളുടെ മേൽനോട്ടത്തിലാണ് ഇവ പ്രവർത്തിക്കേണ്ടത്.

4. സി.ഡി.എസ്സ് എന്ന ത്രിതല സംഘടനാ സ്വരൂപത്തിൽ എന്തൊക്കെ ഉൾപ്പെടുന്നു ?

- അയൽക്കൂട്ടങ്ങൾ (എൻ എച്ച് ജി)
- ഏരിയ ഡെവലപ്മെന്റ് സൊസൈറ്റികൾ (എ ഡി എസ്)
- കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി (സി ഡി എസ്)

പ്രാഥമിക ഘടകമെന്ന നിലയിൽ അയൽക്കൂട്ടം സി.ഡി.എസ്സിൽ നേടുന്ന സംഘാംഗത്വം (ഗ്രൂപ്പ് മെമ്പർഷിപ്പ്) ആണ് അഫിലിയേഷൻ. അയൽക്കൂട്ടങ്ങളുടെ ഉപരിസഭയായ എ.ഡി.എസിന് സി.ഡി.എസിൽ സ്വാഭാവികമായി സംഘാംഗത്വം ലഭിക്കുന്നു. മൂന്നു തലത്തിലേയും സംഘടനാ രൂപങ്ങളും ഒരൊറ്റ സത്തയെന്ന നിലയിലാണ് ജില്ലാ രജിസ്ട്രാർ ഓഫീസിൽ നിന്നും രജിസ്ട്രേഷൻ നേടുന്നത്. 2008-ലെ ബൈലോ രൂപീകരണത്തിന്റെ ഫലമായിട്ടാണ് മൂന്നുതലത്തിലെ സംഘടനകളും പ്രത്യേകം പ്രത്യേകം രജിസ്ട്രേഷൻ നേടുന്ന സ്ഥിതിവിശേഷം ഒഴിവായത്. പ്രധാനമായും സി.ഡി.എസ് എന്ന ത്രിതല സംഘടനാ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് തദ്ദേശസ്വയംഭരണ തലത്തിലേയ്ക്ക് (പഞ്ചായത്തിലും നഗരത്തിലും) കുടുംബശ്രീ പ്രവർത്തനം നടക്കുത്.

**5. കുടുംബശ്രീ അയൽക്കൂട്ടമെന്നാൽ എന്ത്? എന്തിനാണ്** ?

കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ അടിസ്ഥാന ഘടകമാണ് അയൽക്കൂട്ടങ്ങൾ. ഓരോ ജനവാസ പ്രദേശത്തെയും പത്തുമുതൽ ഇരുപതുവരെ അയൽപക്ക കുടുംബങ്ങളെ പ്രതിനിധീകരിച്ച് ഓരോ വനിത എന്ന ക്രമത്തിൽ 10 മുതൽ 20 വരെ സ്ത്രീകളുടെ കൂട്ടായ്മയാണ് കുടുംബശ്രീ അയൽക്കൂ

ട്ടം. കുടുംബശ്രീയുടെ പ്രധാന ലക്ഷ്യമായ ദാരിദ്ര്യ ലഘൂകരണവും തുടർന്നുള്ള ദാരിദ്ര്യനിർമാർജനവും നേടുന്നതിനുള്ള പ്രധാനപ്പെട്ട നൂതന ഉപാധിയാണ് അയൽക്കൂട്ടം.

**6. പ്രധാനമായും നാട്ടിലെ പാവപ്പെട്ട സ്ത്രീകളുടെ കൂട്ടായ്മയായ അയൽക്കൂട്ടം എപ്രകാരമാണ് ദാരിദ്ര്യ വിമോചനം നേടിയെടുക്കുക?**

സ്ത്രീശാക്തീകരണത്തിലൂന്നിയ സാമ്പത്തിക-സാമൂഹ്യ ശാക്തീകരണത്തിലൂടെയുള്ള ദാരിദ്ര്യനിർമാർജനമാണ് കുടുംബശ്രീയുടെ ലക്ഷ്യം. സ്വതന്ത്ര വനിതാ കൂട്ടായ്മയായ, അയൽക്കൂട്ടത്തിന്റെ ഭരണപരവും സംഘടനാപരവുമായ പ്രവർത്തനത്തിലൂടെ ലഭിക്കുന്ന ശേഷിയും ആത്മവിശ്വാസവും മുഖേന സ്ത്രീകൾ സ്വയം ശാക്തീകരിക്കപ്പെടുന്നു. രണ്ടാമതായി മിതവ്യസമ്പാദ്യശീലത്തിലൂടെയും വായ്പാവശ്യങ്ങൾ നേടുന്നതിലൂടെയും ലഭിക്കുന്ന സാമ്പത്തിക കൈകാര്യ കർതൃത്വം അവർക്കിടയിലെ പണത്തിന്റെ ചംക്രമണം സുഗമമാക്കി തീർക്കുന്നു. എല്ലാ കൈകളിലും പണം എത്തിക്കുന്ന ഈ നവീന രീതി ദാരിദ്ര്യം കുറയ്ക്കുക തന്നെ ചെയ്യുന്നു. മൂന്നാമതായി സംഘടനാപ്രവർത്തനത്തിന്റെ ഭാഗമായി അയൽപക്ക സമൂഹത്തിലും ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിലും മറ്റുസ്ഥാപനങ്ങളുടെ ഓഫീസുകളിലും വിവിധ നിലവാരത്തിലും പദവിയിലുമുള്ള പൊതുജനങ്ങളുമൊക്കെയായി ഇടപെടുന്നതിലുണ്ടാവുന്ന സാമൂഹ്യമായ വെളിപ്പെടലും മുന്നേറ്റവും ഉണ്ടാക്കുന്ന വ്യക്തിത്വ വികാസവും സൂക്ഷ്മ സംരംഭ പ്രവർത്തനങ്ങളിലൂടെ നേടുന്ന അധിക വരുമാനവും ദാരിദ്ര്യ ലഘൂകരണത്തിന് കാരണമാകുന്നു.

ഈ സാമൂഹ്യ വളർച്ചയാണ്, സാമൂഹ്യവത്കരണമാണ് കുടുംബങ്ങളെ ദാരിദ്ര്യ ലഘൂകരണത്തിലേക്കും തുടർന്ന് കേവല ദാരിദ്ര്യനിർമാർജനത്തിലേക്കും നയിക്കുന്നത്. ഇപ്രകാരമുള്ള അയൽക്കൂട്ടങ്ങളണിചേരുന്ന എ.ഡി.എസ്സുകളുടേയും എ.ഡി.എസ്സുകൾ അണിചേരുന്ന സി.ഡി.എസ്സുകളുടേയും ശൃംഗലാപ്രവർത്തനങ്ങളുടെ ഊർജ്ജമാണ് നാടിന്റെ ദാരിദ്ര്യനിർമാർജനത്തിന്റെ ചാലകശക്തി.

***ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും വരുമാന വർദ്ധനവിനുമായി അയൽകൂട്ടത്തിന്റെ നേതൃത്വത്തിൽ ഏറ്റെടുത്തു നടപ്പാക്കുന്ന പ്രവർത്തനങ്ങൾ സ്വയം വിമർശനപരമായി ചർച്ചയ്ക്കു വിധേയമാക്കുക.***

**7. സ്വയം സഹായ സംഘങ്ങളിലും ഇതൊക്കെ നടക്കുന്നില്ലേ ? പിന്നെന്താണ് കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ മേന്മ ?**

a. മറ്റെല്ലാ സഹായങ്ങൾക്കും ഉപരിയായ സ്വയം സഹായമെന്ന സ്വാശ്രയത്വ പ്രവണത തന്നെയാണ് സ്വയംസഹായ സംഘത്തിലെന്ന പോലെ കേരളത്തിലെ കുടുംബശ്രീയും സ്വീകരിച്ചിട്ടുള്ള അടിസ്ഥാന തത്വം. എന്നാൽ വേറിട്ട ചില തനതു രീതികളാണ് കുടുംബശ്രീയെ വ്യത്യസ്തമാക്കുന്നത്. ദാരിദ്ര്യം ദരിദ്രന്റെ മാത്രം കുറ്റമാണെ പരമ്പരാഗത സങ്കൽപ്പത്തിൽനിന്നും വ്യത്യസ്തമാണ് കുടുംബശ്രീ സമീപനം. ദാരിദ്ര്യം എന്നത് ഒരു സാമൂഹ്യ തിന്മയാണ്. അതുകൊണ്ട് ദാരിദ്ര്യത്തിൽ നിന്നുള്ള മോചനം നേടേണ്ടതും സാമൂഹ്യമായി തന്നെയായിരിക്കണം. അതുകൊണ്ടാണ് കുടുംബശ്രീ എന്ന സാമൂഹ്യാധിഷ്ഠിത സംഘടനാരീതി ഗവൺമെന്റ് ആഭിമുഖ്യത്തിൽ തന്നെ സ്വീകരിച്ചിട്ടുള്ളന്നെതും പ്രാദേശിക സ്വയംഭരണ സർക്കാരിന്റെ മേൽനോട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതും.

b. താമസിക്കുന്ന പ്രദേശത്തെ സമീപസ്ഥ കുടുംബങ്ങളുടെ ആധുനിക കുടുംബകൂട്ടായ്മയാണ് അയൽക്കൂട്ടം (നൈബർഹുഡ് ഗ്രൂപ്പ് എൻ.എച്ച്.ജി). അംഗത്വമെടുത്തിട്ടുള്ള ഓരോ കുടുംബത്തിന്റെയും സാമൂഹ്യ-സാമ്പത്തിക ശാക്തീകരണത്തിനുള്ള ഈ സംഘത്തിന്റെ നേതൃത്വം വഹിക്കുന്നത് അതതു കുടുംബത്തിന്റെ പ്രതിനിധിയായ വനിതകളാണ്. അതായത് ഈ വമ്പിച്ച സാമൂഹിക മാറ്റത്തിനും ശാക്തീകരണത്തിനും നേതൃത്വം നൽകുന്നത് കുടുംബശ്രീ അയൽക്കൂട്ടങ്ങളാണ്.

c. തൊട്ടടുത്ത കുടുംബാംഗങ്ങളായ സ്ത്രീകളാണ് അംഗങ്ങളെന്നതിനാൽ പ്രതിവാര യോഗം ചേരലും പരസ്പര സ്വാഭാവിക ബന്ധങ്ങളും ഉറപ്പുള്ളതാക്കുന്നുന്നു.

d. പ്രതിവാരയോഗം ഓരോ അയൽക്കൂട്ട കുടുംബത്തിലും മാറിമാറി ചേരുന്നതിനാൽ പരസ്പരാശ്രയ സംവേദനവും പരസ്പരം ഉള്ള മനസ്സിലാക്കലും ശക്തിപ്പെടുന്നു. വിവര വ്യക്തതയോടെയുള്ള തീരുമാനമെടുക്കൽ പ്രക്രിയയക്ക് ആക്കം കൂട്ടുന്നു

e. ഈ അയൽക്കൂട്ട കൂട്ടുകുടുംബവ്യവസ്ഥയ്ക്ക് അഞ്ചംഗ നേതൃത്വമുണ്ട്. ഈ അഞ്ച് വാളണ്ടിയർമാരായ അംഗങ്ങളും നിസ്വാർത്ഥമായ നേതൃത്വം വഹിക്കുകയും ഓരോ മൂന്നുവർഷം കൂടുമ്പോഴും ഈ നേതൃത്വം പുതുക്കലിനു വിധേയമാവുകയും പുതിയ നേതൃത്വം ഉണ്ടാവുകയും ചെയ്യുന്നു.

f. അയൽക്കൂട്ട യോഗങ്ങളുടെ നടപടികൾ നിയന്ത്രിക്കുവാനും നിർദ്ദേശിക്കുവാനും പുറമെനിന്ന് ആരെയും അനുവദിക്കുകയില്ല. ഉപരികമ്മിറ്റിയിലെ ചുമതലക്കാരൊഴികെ.

***സി.ഡി.എസ്., എ.ഡി.എസ്. ഭാരവാഹികൾ അവസാന ആറു മാസത്തിനിടയിൽ എത്ര തവണ അയൽകൂട്ടം സന്ദർശിച്ചു?***

അയൽക്കൂട്ട അംഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക വളർച്ച മാത്രമല്ല അയൽക്കൂട്ടത്തിന്റെ ലക്ഷ്യം. അയൽക്കൂട്ട പ്രദേശത്തെ എല്ലാവരുടേയും എന്നപോലെ പ്രത്യേക സാമൂഹ്യനീതി പരമായ പരിഗണന അർഹിക്കുന്ന അതിദരിദ്രർ (അഗതികൾ) കിടപ്പുരോഗികൾ, പാരാപ്ലീജിയ രോഗികൾ, അന്ധ-ബധിര- മൂകത്വം ബാധിച്ചവർ, എച്ച്.ഐ.വി. എയിഡ്സ് ബാധിതർ, ട്രാൻസ് ജെന്റേഴ്സ്, വയോജനങ്ങൾ എന്നിങ്ങനെ ജീവിതത്തിന്റെ പിന്നാമ്പുറത്തേയ്ക്കു തള്ളപ്പെടുവരെയെല്ലാം സംരക്ഷിച്ച് പുനരധിവസിപ്പിക്കാനുള്ള പല സ്കീമുകളും പദ്ധതികളും കുടുംബശ്രീ കൈകാര്യം ചെയ്യുന്നു.

കുടുംബശ്രീ അയൽക്കൂട്ടത്തിനല്ലാതെ മറ്റൊരുസംഘത്തിനും മുകളിൽപറയു സാമൂഹ്യ ലക്ഷ്യങ്ങളോ ബാധ്യതകളോയില്ല.

കേരളത്തിലിന്ന് ജാതിമത-കക്ഷി രാഷ്ട്രീയത്തിനതീതമായി, കേരള ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള ബൈലോയുടെ അടിസ്ഥാനത്തിലും തദ്ദേശസ്വയംഭരണ സർക്കാരുകളുടെ നേതൃത്വത്തിലും പ്രവർത്തിക്കുന്നത് കുടുംബശ്രീ ഘടകങ്ങൾ മാത്രമാണ്.

**സ്വയം സഹായക സംഘങ്ങളിൽ നിന്ന് അയൽക്കൂട്ട സങ്കല്പം എപ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു. ചർച്ച ചെയ്ത് ഗ്രൂപ്പിൽ അവതരിപ്പിക്കുക.**

a. കേരളത്തിന്റെ ദാരിദ്ര്യനിർമാർജന മിഷന്റെ നിർദ്ദേശാനുസരണം പ്രവർത്തിക്കുന്ന കുടുംബശ്രീ സി.ഡി.എസ്സ് എന്ന ത്രിതല സംഘടനാസംവിധാനത്തിന്റെ ഓരോ ഘടകത്തിന്റെയും ഘടന എന്തൊക്കെയാണ്?

കുടുംബശ്രീ അയൽക്കൂട്ടം - ത്രിതല സംഘടനാസംവിധാനത്തിന്റെ അടിസ്ഥാന ഘടകം.കുടുംബശ്രീ അയൽക്കൂട്ടത്തിന് ഒരു അഞ്ചംഗ നേതൃത്വമുണ്ട്. അഞ്ച് വാളണ്ടിയർമാർ. ഓരോരുത്തർക്കും ഓരോ ചുമതലയുണ്ട്.

1. പ്രസിഡന്റ് - പൊതുചുമതല, പൊതുമേൽനോട്ടം, എല്ലാ ഉപസമിതികളിലും എക്സ് ഒഫീഷ്യോ ആയി പങ്കാളിത്തം.
2. സെക്രട്ടറി - രേഖകളുടെ എഴുത്തുസൂക്ഷിപ്പ്
3. വരുമാനദായക വോളണ്ടിയർ
4. ആരോഗ്യ വിദ്യാഭ്യാസ വോളണ്ടിയർ
5. അടിസ്ഥാന സൗകര്യ വോളണ്ടിയർ

പ്രസിഡന്റ് ഒഴികെയുള്ള അയൽക്കൂട്ട അംഗങ്ങളെ തുല്യ അംഗങ്ങൾ വീതമുള്ള നാല് ഉപസമിതികളായും അതതു വളണ്ടിയർമാരെ അവയുടെ കൺവീനർമാരായും നിയോഗിക്കണമെന്ന സന്ദേശം ഇതേവരെ ഫലപ്രാപ്തിയിലെത്തിക്കുവാൻ സാധിച്ചില്ല. ഇത്തരുണത്തിൽ സ്കൂളിന്റെ ഭാഗമായി ഈ സംഘടനാ ദൗത്യം നിർവ്വഹിക്കുകതന്നെ വേണം. (ഫെസിലിറ്റേറ്റർമാരുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവണം).

*അയൽകൂട്ട ഭാരവാഹികളെ ശക്തിപ്പെടുത്തുന്നതിനും പ്രവർത്തന സജ്ജരാവുന്നതിനും എന്തെല്ലാം നടപടികളാണ് നിർദ്ദേശിക്കാനുള്ളത്?*

b. എ.ഡി.എസ് എന്ന ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റി (പ്രാദേശിക വികസന സമിതി)

ഒരു തദ്ദേശ ഭരണപ്രദേശത്തെ ഓരോ വാർഡിലേയും അഫിലിയേഷൻ നേടിയിട്ടുള്ള അയൽക്കൂട്ടങ്ങളുടെ ഫെഡറേഷൻ അഥവാ സംയോജിത രൂപമാണ് എ.ഡി.എസ്. അയൽക്കൂട്ടങ്ങളുടെ അഞ്ചംഗ ഭാരവാഹികളടങ്ങുന്ന ഒരു പൊതുസഭയും പൊതുസഭയിൽ നിന്നും തിരഞ്ഞെടുക്കുന്ന ഏഴ് അംഗങ്ങളടങ്ങിയ ഒരു ഭരണസമിതിയും എ.ഡി.എസ്സിനുണ്ട്. ത്രിതല സംഘടനാസംവിധാനത്തിന്റെ മധ്യതലമെന്ന നിലയിൽ അയൽക്കൂട്ടത്തെയും സി.ഡി.എസ്സിനെയും ദൃഢബന്ധത്തിലാക്കുന്ന സുപ്രധാന കണ്ണിയാണിത്. ഇതിന്റെ ബലഹീനത സംവിധാനത്തെ ആകെ ദുർബലപ്പെടു

ത്തും. അതുകൊണ്ട് ചലനാത്മകമായ നേതൃത്വം എ.ഡി.എസ്സിന് ആവശ്യമാണ്.

c. സി.ഡി.എസ്സ് എന്ന കമ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി (സാമൂഹ്യവികസന സംഘം)

ത്രിതല സംഘടനാ സംവിധാനത്തിന്റെ ഉപരി (അപ്പക്സ്) സംഘം. സി.ഡി.എസ്സ് എന്ന പരാമർശത്തിൽ മൂന്നു തലവും ഉൾപ്പെട്ടു. സി.ഡി.എസ്സാണ് മൂ തലങ്ങളും ഉൾപ്പെടുന്ന ഒറ്റ സത്തയ്ക്കുവേണ്ടി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ചുള്ള രജിസ്ട്രേഷൻ നേടിയിരിക്കുന്നത്. മൂന്നു തലത്തിനുംകൂടി സംയുക്തമായി ഒരൊറ്റ ഗവമെന്റ് അംഗീകൃത ബൈലോയാണ് നിലവിലുള്ളത്. മൂ വർഷത്തിലൊരിക്കൽ ത്രിതലങ്ങളുടെയും തിരഞ്ഞെടുപ്പു നടത്തുതിനുള്ള തിരഞ്ഞെടുപ്പു നടപടി ചട്ടങ്ങളും ഗവമെന്റ് അംഗീകരിച്ചിട്ടുണ്ട്.

ഓരോ എ.ഡി.എസ്സിനും പ്രാതിനിധ്യമുള്ള ഒരു ഭരണസമിതിയും പൊതുസഭയും സി.ഡി.എസ്സിനുണ്ട്. ഭരണ സമിതിക്ക് ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ എന്നീ ഔദ്യോഗിക പദവികളും ഉണ്ട്. കൂടാതെ, ഭരണസമിതി അംഗങ്ങൾ ഏകദേശം തുല്യമായി വിന്യസിക്കപ്പെടുന്ന നാലു ഉപസമിതികളും പ്രവർത്തിക്കുന്നുണ്ട്. ചെയർപേഴ്സൺ ഒഴികെയുള്ള അഞ്ചു സബ് കമ്മിറ്റി കവീനർമാർക്കും പ്രത്യേക ചുമതലകളും നിർണയിച്ചിരിക്കുന്നു.

**മൂന്നു തലത്തിലേയും ഔദ്യോഗിക ഭാരവാഹികളു ടെയും ഉപസമിതികളുടെയും ചുതലകൾ താഴെ ചേർക്കുന്നു.**

1. സിഡിഎസ്/എഡിഎസ് ചെയർപേഴ്സൺ, അയൽക്കൂട്ട പ്രസിഡന്റ്.

പൊതുനേതൃത്വവും പൊതുമേൽനോട്ടവും, അതതു തലത്തിലെ അധ്യക്ഷപദം, ബാങ്ക് അക്കൗണ്ടുകൾ തുടങ്ങി ഓപ്പറേറ്റു ചെയ്യുന്നത് പ്രസിഡന്റ്/ ചെയർപേഴ്സൺ, സെക്രട്ടറി/മെംബർ സെക്രട്ടറി എിവരുടെസംയുക്തഔദ്യോഗിക നാമധേയത്തിൽ. പ്രധാനപ്പെട്ട രേഖകൾ/പ്രമാണങ്ങൾ ഒപ്പുവയ്ക്കുതും സംയുക്തമായി ഉപസമിതികളിൽ എക്സ് ഒഫിഷ്യോ ആയി പങ്കെടുത്ത് മോണിറ്ററിംഗും റിപ്പോർട്ടുതേടലും. തീരുമാനങ്ങൾ യഥാവിധി നടപ്പാക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തൽ.

2. അയൽക്കൂട്ട സെക്രട്ടറി, സിഡിഎസ് / എഡിഎസ് വൈസ് ചെയർപേഴ്സൺ (MF കൺവീനർ)

പ്രസിഡന്റ്/ചെയർപേഴ്സൺ എന്നിവരുടെ ഔദ്യോഗിക നേതൃത്വത്തിനു വിധേയമായി പ്രവർത്തിക്കൽ. ഇരുവരുടേയും ഔദ്യോഗിക നാമധേയങ്ങളിലുള്ള സംയുക്ത അക്കൗണ്ടുകൾ ഓപ്പറേറ്റു ചെയ്യുക. രേഖകളുടേയും പ്രമാണങ്ങളുടേയും സംയുക്ത ഒപ്പിടലിലൂടെ അവയെ ഔദ്യോഗികമാക്കൽ, അവയുടെഎഴുതിസൂക്ഷിപ്പ്, സമിതി തീരുമാനപ്രകാരം ചെലവുകൾ നടത്തുക. അപേക്ഷകൾ സ്വീകരിക്കുക തീരുമാനാനുസരണം തീർപ്പാക്കുക. ലഘുസമ്പാദ്യ വായ്പ പ്രവർത്തനത്തിന്റെ ചുമതലക്കാരി എന്ന നിലയിൽ സമ്പാദ്യ ശേഖരണവും വായ്പ ലഭ്യമാക്കലും കണക്കുബുക്കുകൾ അടക്കുമുള്ളവ എഴുതി സൂക്ഷിക്കലും (സ്വന്തം നിലയിൽ) വിശേഷാൽ പൊതുസഭകൾ പ്രസിഡന്റിന്റെ/ ചെയർപേഴ്സന്റെ അനുമതിയോടെ വിളിച്ചുചേർക്കൽ. പ്രതിവാര/സമിതിയിൽ റിപ്പോർട്ടുകളും കണക്കുകളും അവതരിപ്പിച്ച് ചർച്ചയ്ക്കു വിധേയമാക്കൽ. ത്രിഫ്റ്റ് സമ്പാദ്യശേഖരണം,വിനിമയം, വായ്പ നൽകൽ, വായ്പാ തിരിച്ചടവ് എന്നിങ്ങനെ ധനവരവിനത്തിലും ചെലവിനത്തിലുമെല്ലാം ശ്രദ്ധിക്കുകയും ആവശ്യമായ സബ്കമ്മിറ്റി സഹായങ്ങൾ തേടുകയും ചെയ്യുക. ആവശ്യാനുസ്സരണം സബ്ക്കമ്മിറ്റി വിളിച്ചുകൂട്ടൽ. യോഗങ്ങളുടെ അജണ്ട ചെയർപേഴസൺ/പ്രസിഡന്റുമായി ആലോചിച്ച് തീരുമാനിക്കുക. ഉപരി കമ്മിറ്റികളും ബാങ്കുകളുമായി നിരന്തര സമ്പർക്കം. സിഡിഎസ് മെമ്പർ സെക്രട്ടറിയായി പ്രവർത്തിക്കുന്നത് അതാത് കാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന ഉദ്യോഗസ്ഥനാണ്.

3. അയൽക്കൂട്ട വരുമാനദായക വോളന്റിയർ, സിഡിഎസ് ME സബ്കമ്മിറ്റി കവീനർ (ADS ൽ ഈ പദവി വൈസ് ചെയർപേഴ്സൺ വഹിക്കണം)

അയൽക്കൂട്ടാംഗങ്ങളുടെ ഉപജീവനത്തിനുള്ള തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനുവേണ്ടി സംരംഭ സാധ്യതകളും തൊഴിൽ ഒഴിവുകളും തേടുകയും അനുയോജ്യരെ കണ്ടെത്തി പ്രേരിപ്പിക്കുകയും ചെയ്യുക. ആവശ്യമായ വൊക്കേഷണൽ പരിശീലനങ്ങൾ വേണ്ടവിധം നിർവഹിക്കുക. സബ്ക്കമ്മിറ്റി വിളിച്ചുകൂട്ടുകയും അവരുടെ സഹായങ്ങൾ ലഭ്യമാക്കുകയും ചുമതലകൾ നൽകുകയും ചെയ്യുക.

പ്രവർത്തന റിപ്പോർട്ടുകളും കീഴ്മേൽ തീരുമാനങ്ങളും മാതൃയോഗത്തിലും സബ്ക്കമ്മിറ്റിയിലും അവതരിപ്പിക്കുക. സംരംഭ വായ്പകളും മറ്റു മൂലധന-പ്രവർത്തന സഹായങ്ങളും പ്രദാനം ചെയ്യുവാൻ ശ്രദ്ധിക്കുക.

4. അയൽക്കൂട്ട ആരോഗ്യ-വിദ്യാഭ്യാസ വോളന്റിയർ, സിഡിഎസ്/എഡിഎസ് സാമൂഹിക വികസന സബ്കമ്മിറ്റി കൺവീനർ.

ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങൾ പൊതുവേയും, ICDS അംഗൻവാടി പ്രവർത്തനങ്ങളുടെ നീരീക്ഷണം, അഗതി പുനരധിവാസം (ആശ്രയ), ബാലസഭ, തുടർ സാക്ഷരത, ശുചിത്വം, രോഗപ്രതിരോധം, സാമൂഹ്യ നീതിപരമായ സ്പെഷ്യൽ അയൽക്കൂട്ടങ്ങൾ, ജന്റർ എിവയിലെല്ലാം സാമൂഹ്യവികസന സബ്ക്കമ്മിറ്റി കൺവീനർ എന്ന നിലയിലുള്ള പ്രവർത്തനങ്ങൾ, സബ്കമ്മിറ്റി വിളിച്ചുകൂട്ടലും റിപ്പോർട്ടുകളും തീരുമാനങ്ങളും എടുക്കലും നടപ്പാക്കലും.

5. അയൽക്കൂട്ട അടിസ്ഥാന സൗകര്യ വോളന്റിയർ, സിഡിഎസ് /എഡിഎസ് അടിസ്ഥാന സൗകര്യ ഉപസമിതി കൺവീനർ

വഴി, വഴിവിളക്ക്, വൈദ്യുതി, ഊർജം, റോഡ്, കുടിവെള്ളം, ഭവനനിർമാണം, കൃഷിയും ജെഎൽജിയും, MGNREGS, അയ്യൻകാളി നഗര തൊഴിലുറപ്പു പദ്ധതി, ലൈഫ്മിഷന്റേയും ഹരിതകേരള മിഷന്റേയും ഭാഗമായുള്ള പശ്ചാത്തല വികസന നിർമാണാത്മക പ്രവർത്തനങ്ങൾ, കേന്ദ്ര-സംസ്ഥാനാ വിഷ്കൃത പദ്ധതികളുടെ ഭാഗമായുള്ള നിർമ്മാണാത്മക പ്രവർത്തനങ്ങൾ ഉൾപ്പെടെ ഉള്ളവ. ഉപസമിതി ചേരലും റിപ്പോർട്ടിംഗും (കീഴ്മേൽ) ഇവ കൂടാതെ, ഓരോ സബ്ക്കമ്മിറ്റിയുടേയും ചുമതലയിലുള്ള വിഷയങ്ങളും താഴെ ചേർക്കുന്നു.

***അയൽകൂട്ട ഭാരവാഹികളുടെ ഉത്തരവാദിത്തങ്ങൾ എന്തെല്ലാമാണ്? ഓരോ കുടുംബശ്രീ അംഗങ്ങൾക്കും എപ്രകാരം അയൽകൂട്ട ഭാരവാഹികളെ സഹായിക്കാം?***

1. ലഘുസമ്പാദ്യ വായ്പാ പദ്ധതി ഉപസമിതി (സെക്രട്ടറി)
   - ലഘു നിക്ഷേപ-വായ്പാ പരിപാടി (ത്രിഫ്റ്റ് & ക്രഡിറ്റ്)
   - ആന്തരിക വായ്പ
   - ഗ്രേഡിംഗ് & ലിങ്കേജ് വായ്പ
   - മാച്ചിംഗ് ഗ്രാന്റ്
   - പലിശ സബ്സിഡി
   - അയൽക്കൂട്ട ശാക്തീകരണം
   - സമ്പൂർണ്ണ അയൽക്കൂട്ട പ്രവേശനം
   - സംഘടന - രജിട്രേഷൻ അഫലിയേഷൻ- പുതുക്കൽ-അക്കൗ ണ്ടിംഗ്&ആഡിറ്റിംഗ്
   - സംഘടനാ ശാക്തീകരണ പരിപാടി
   - കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് (CIF)
   - വൾണറബിലിറ്റി റിഡക്ഷൻ ഫണ്ട് (VRF)
   - സാമ്പത്തിക ഡിമാന്റ് പ്ലാൻ
2. വരുമാനദായക ഉപസമിതി. (സൂക്ഷ്മ സംരംഭ വികസനം)
   - പ്രാദേശിക സാമ്പത്തിക വികസനം.
   - വരുമാനവർദ്ധനവിനുള്ള തൊഴിൽ മേഖലകൾ കണ്ടെത്തൽ
   - സംരംഭകത്വ വികസനം.
   - തൊഴിൽദായക പരിപാടികൾ.
   - ദാരിദ്ര്യനിർമാർജ്ജനം.
   - സംരംഭ വികസന പ്ലാൻ.
   - ബാങ്കിംഗും ലിങ്കേജും സംരംഭ വായ്പയും.
   - വിപണി-വില്പനസ്റ്റാളുകൾ, ആഴ്ചചന്ത, മാസച്ചന്ത, ഉത്സവച്ചന്തകൾ.
3. ആരോഗ്യ വിദ്യാഭ്യാസ ഉപസമിതി
   - ബാലസഭ, ബാലപഞ്ചായത്ത്, ജില്ലാ ബാല പാർലമെന്റ്, ബാലപാർലമെന്റ്
   - ബഡ്സ് സ്കൂൾ
   - ബി.ആർ.സി
   - ആശ്രയ
   - സ്ത്രീപദവി സ്വയം പഠനം
   - നിർഭയ
   - സ്നേഹിത
   - ജെന്റർ കോർണർ
   - രംഗശ്രീ
   - വൾണറബിലിറ്റി മാപ്പിംഗ്
   - ഹോളിസ്റ്റിക് ഹെൽത്ത് പ്രോഗ്രാം
   - സാന്ത്വനം, പാലിയേറ്റീവ് കെയർ

- ക്ഷേമ പെൻഷനുകൾ
- ശുചിത്വം, ആരോഗ്യം, രോഗപ്രതിരോധം
- പി.എച്ച്.സി കുടുംബാരോഗ്യകേന്ദ്രം
- ഐ.സി.ഡി..എസ് - അംഗൻവാടി
- പട്ടികവർഗ സുസ്ഥിര വികസന പദ്ധതി
- ഗ്രാമസഭ
- സർഗശേഷിവികസന പരിപാടികൾ
- സാർവത്രിക സ്കൂൾ പ്രവേശനം, കൊഴിഞ്ഞുപോക്ക് തടയൽ,
- പഠനാനുബന്ധ പ്രവർത്തനങ്ങൾ
- കൗമാര വിദ്യാഭ്യാസം, വിദ്യാഭ്യാസം, അനൗപചാരിക വിദ്യാഭ്യാസം,
- തുടർവിദ്യാഭ്യാസം, പി.റ്റി.എ, എം.പി.റ്റി.എ, സ്കൂൾ മാനേജ്മെന്റ്. ഗ്രന്ഥശാല, വായനശീലം, കലാ-സാഹിത്യ രംഗം, പ്രാദേശിക ചരിത്ര രചന.
- സാമൂഹ്യവികസന ഡിമാന്റ് പ്ലാൻ

4. അടിസ്ഥാന സൗകര്യ വികസന ഉപസമിതി
   - സമ്പൂർണ്ണ ശുചിത്വം
   - കുടിവെള്ളം
   - ലൈഫ്
   - റോഡ്/വഴി
   - വൈദ്യുതി
   - ജെ.എൽ.ജി
   - എം.കെ.എസ്.പി
   - ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ- എഫ്.എഫ്.സി
   - അടിസ്ഥാന സൗകര്യ വികസന പ്ലാൻ
   - ദേശീയ തൊഴിലുറപ്പ് പദ്ധതി
   - അയ്യൻകാളി നഗരതൊഴിൽദാന പദ്ധതി.

### വിലയിരുത്തലിനുള്ള ചോദ്യങ്ങൾ

1. കുടുംബശ്രീ അയൽകൂട്ട ഭാരവാഹികളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും എന്തെല്ലാമാണ്?
2. കുടുംബശ്രീ ത്രിതല സംഘടനാസംവിധാനത്തിന്റെ സവിശേഷതകൾ എന്തെല്ലാമാണ്?
3. സാമ്പത്തിക ശാക്തീകരണത്തിനും സ്ത്രീ ശാക്തീകരണത്തിനും അയൽകൂട്ട പ്രവർത്തനം എപ്രകാരമാണ് ശക്തി പകരുന്നത്?

### തുടർ പ്രവർത്തനങ്ങൾ

1. നമ്മുടെ അയൽകൂട്ട പ്രദേശത്ത് ഇനിയും അയൽകൂട്ടങ്ങളിൽ അംഗത്വം എടുക്കാത്തവരുടെ പട്ടിക തയ്യാറാക്കി അവരെയും കുടുംബശ്രീ അയൽകൂട്ടങ്ങളിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക?
2. കുടുംബശ്രീ മാസികയുടെ വരി സംഖ്യ എല്ലാ അയൽകൂട്ടാംങ്ങളും ഒടുക്കി സമ്പൂർണ്ണ കുടുംബശ്രീ മാസികാ അയൽകൂട്ടമായി നമ്മുടെ അയൽകൂട്ടത്തെ പ്രഖ്യാപിക്കുതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക?
3. തദ്ദേശ സ്വയംഭരണ സ്ഥാപനവും കുടുംബശ്രീ സംയോജനവും സാധ്യമാക്കുന്നതിന് അയൽക്കൂട്ടതലത്തിൽ ഡിമാന്റ് പ്ലാൻ തയ്യാറാക്കുക.

### വിലയിരുത്തൽ ചെക്ക് ലിസ്റ്റ്

| ഇനം | പൂർണ്ണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| • കുടുംബശ്രീ അയൽകൂട്ടത്തിന്റെ പ്രവർത്തനം എപ്രകാരമാണ് മാതൃകാപരമായി നടത്തുത് മനസ്സിലായി. | | | |
| • മാതൃകാ അയൽകൂട്ട യോഗത്തിന്റെ നടപടിക്രമങ്ങൾ പരിചയപ്പെട്ടു. | | | |
| • ജനാധിപത്യശീലം എപ്രകാരം വളർത്തിയെടുക്കണമെന്ന് തിരിച്ചറിഞ്ഞു. | | | |
| • കുടുംബശ്രീ അയൽകൂട്ടം എപ്രകാരമാണ് സമാന സ്വഭാവമുള്ള അയൽകൂട്ടങ്ങളിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുതെന്ന് വിവേചിച്ചറിയാൻ കഴിഞ്ഞു. | | | |
| • അയൽകൂട്ട യോഗങ്ങളിലെ ചർച്ചകളിൽ സജീവമായി പങ്കെടുക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞു. | | | |

# പാഠം 2
# കുടുംബശ്രീ പദ്ധതികൾ

**ആമുഖം**

കുടുംബശ്രീയുടെ വിവിധ പദ്ധതികളെ പരിചയപ്പെടുത്തുക എന്നതാണ് ഈ പാഠഭാഗത്തിന്റെ ലക്ഷ്യം. ഓരോ പദ്ധതിയുടേയും സവിശേഷതകൾ അതിന്റെ വ്യവസ്ഥകൾ, അവ ലക്ഷ്യം വയ്ക്കുന്ന ജനവിഭാഗം എന്നിവ വിശദമായി ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്.

**പഠന നേട്ടങ്ങൾ**

- കുടുംബശ്രീ മൈക്രോ ഫൈനാൻസ് പ്രവർത്തനങ്ങൾ, നിക്ഷേപം, വായ്പ, മാച്ചിംഗ് ഗ്രാന്റ്, പലിശ സബ്സിഡി എന്നിവയെക്കുറിച്ച് ധാരണ നേടുന്നു.
- കുടുംബശ്രീ മിഷന്റെ വിവിധ ഫണ്ടുകൾ മനസ്സിലാക്കുന്നു താരതമ്യം ചെയ്യുന്നു.
- കുടുംബശ്രീയിൽ ഓഡിറ്റിന്റെ പ്രാധാന്യം തിരിച്ചറിയുന്നു.
- എം.ഐ.എസ് നാളിതീകരണത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു.
- കാർഷിക രംഗത്തെ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്നു
- മൈക്രോസംരംഭങ്ങളുടെ സവിശേഷതകൾ പട്ടികപ്പെടുത്തുന്നു.
- സാമൂഹികശാക്തീകരണത്തിൽ കുടുംബശ്രീയുടെ പ്രാധാന്യം വിലയിരുത്തുന്നു.
- വിവിധ മേഖലകളിലെ പദ്ധതികൾ താരതമ്യം ചെയ്യുന്നു.
- വിവിധ പദ്ധതികൾ നേടിയെടുക്കാനുള്ള ശേഷി കൈവരിക്കുന്നു.

## 1. മൈക്രോ ഫൈനാൻസ് പ്രവർത്തനങ്ങൾ

**1. എന്താണ് ത്രിഫ്റ്റ് ?**

ഒരു അയൽക്കൂട്ടത്തിലെ സാമ്പത്തികമായി ഏറ്റവും പിന്നോക്കം നില്ക്കുന്ന അംഗത്തിന് പോലും നിഷ്പ്രയാസം നിക്ഷേപിക്കാൻ കഴിയുന്ന തുക. ത്രിഫ്റ്റ് എന്ന വാക്കിന്റെ അർത്ഥം മിതവ്യയം എന്നാണ്.

**2. എത്ര തുകയാണ് ഓരോ അയൽക്കൂട്ടാംഗവും ത്രിഫ്റ്റായി നല്കേണ്ടത് ?**

ത്രിഫ്റ്റ് തുക തീരുമാനിക്കുന്നതിനുള്ള പൂർണ്ണമായ അധികാരം അയൽക്കൂട്ടത്തിനാണ്. അയൽക്കൂട്ടാംഗങ്ങൾക്ക് ചർച്ച ചെയ്ത് ത്രിഫ്റ്റ് തുക തീരുമാനിക്കാവുന്നതാണ്.

അയൽക്കൂട്ടത്തിലെ ഏറ്റവും വരുമാനം കുറഞ്ഞ അംഗത്തിന്റെ ത്രിഫ്റ്റിന് തുല്യമായ വിഹിതം എന്ന നിലയിൽ ആയിരിക്കണം ത്രിഫ്റ്റ് തുക കണക്കാക്കേണ്ടത്.

ത്രിഫ്റ്റ് തുക നല്കാൻ ശേഷിയില്ലാത്ത ഒരാൾക്കും അംഗത്വം നിക്ഷേധിക്കാൻ പാടില്ലാത്തതുകൊണ്ട് അത്തരം അംഗങ്ങൾക്ക് പ്രതിവാര ത്രിഫ്റ്റ് തുക നിർബന്ധമാക്കേണ്ടതില്ല.

**3. ത്രിഫ്റ്റ് സംഖ്യകൾ എങ്ങനെയാണ് അയൽക്കൂട്ടം സ്വീകരിക്കേണ്ടത്?**

ആഴ്ചതോറുമുള്ള അയൽക്കൂട്ട യോഗങ്ങളിൽ അയൽക്കൂട്ടാംഗം പങ്കെടുക്കേണ്ടതാണ്. അയൽക്കൂട്ട യോഗത്തിൽ വച്ച് ഓരോ അംഗംവും തങ്ങളുടെ ത്രിഫ്റ്റ് സംഖ്യ അയൽക്കൂട്ട സെക്രട്ടറിയെ നേരിട്ട് ഏൽപ്പിക്കേണ്ടതാണ്. അയൽക്കൂട്ട സെക്രട്ടറിയെ കൊണ്ട് അപ്പോൾതന്നെ അംഗത്തിന്റെ പാസ് ബുക്കിൽ ത്രിഫ്റ്റ് സംഖ്യവരവ് വച്ച് വാങ്ങേണ്ടതാണ്.

എല്ലാ അംഗങ്ങളുടേയും പാസ് ബുക്കിൽ അവരവരുടെ പ്രതിവാര സമ്പാദ്യം ചേർക്കുന്നതോടൊപ്പം തന്നെ സാമ്പത്തിക രജിസ്റ്ററിൽ അതാത് ആഴ്ചയുടെ കോളത്തിൽ അവരവരുടെ ത്രിഫ്റ്റ് തുക സെക്രട്ടറി എഴുതേണ്ടതാണ്.

ഇപ്രകാരം ചെയ്യുമ്പോൾ മിനിട്ട്സിൽ യോഗത്തിൽ പങ്കെടുത്ത അംഗത്തിന്റെ പേരും ഒപ്പും കാണുന്ന അതേ ദിവസം തന്നെ ആ അംഗം നല്കിയ ത്രിഫ്റ്റ് സംഖ്യ അംഗത്തിന്റെ പാസ് ബുക്കിൽ കാണുന്നു. സാമ്പത്തിക രജിസ്റ്ററിലും അതേ തീയതിയിൽ അംഗത്തിന്റെ ത്രിഫ്റ്റ് സംഖ്യ കാണുന്നു.

**4. എന്താണ് ആന്തരിക വായ്പ?**

ഒരു അയൽക്കൂട്ടാംഗത്തിന് അവരുടെ അടിയന്തിര പ്രാധാന്യമുള്ള ഏതു കാര്യത്തിനും വിനിയോഗിക്കുന്നതിനുവേണ്ടി അയൽക്കൂട്ടത്തിൽ നിന്നും കടമായി അനുവദിക്കുന്ന തുകയാണ് ആന്തരിക വായ്പ.

**5. ഒരു അംഗത്തിന് എത്രരൂപവരെ വായ്പ നല്കാം?**

ഒരു അംഗത്തിന് എത്ര രൂപവരെ വായ്പ നല്കാം എന്നു തീരുമാനിക്കുന്നതിനുള്ള പൂർണ്ണമായ അധികാരം അയൽക്കൂട്ടത്തിനാണ്. അയൽക്കൂട്ട അംഗത്തിന്റെ സമ്പാദ്യത്തിന് ആനുപാതികമായി അയൽക്കൂട്ട യോഗത്തിൽ ചർച്ച ചെയ്ത് ഈ തുക തീരുമാനിക്കാവുന്നതാണ്.

**6. വായ്പ നല്കുന്നതിലെ മാനദണ്ഡങ്ങൾ എന്തെല്ലാം?**

1. പ്രതിവാര യോഗത്തിൽ അംഗങ്ങൾ ഉന്നയിക്കുന്ന വായ്പയുടെ ആവശ്യമനുസരിച്ച് ഭൂരിപക്ഷ അഭിപ്രായ പ്രകാരമാണ് വായ്പ അനുവദിക്കേണ്ടത്.
2. ഇട ദിവസങ്ങളിൽ അംഗങ്ങളുടെ അത്യാവശ്യം പരിഗണിച്ച് അടിയന്തിര വായ്പ പ്രസിഡന്റ്, സെക്രട്ടറി, വരുമാനദായക വോളണ്ടിയർ എന്നിവരുടെ കൂട്ടായ തീരുമാനം അനുസരിച്ചും അടുത്ത യോഗത്തിന്റെ അംഗീകാരത്തിനു വിധേയമായും നല്കാവുന്നതാണ്.
3. വായ്പാ ആവശ്യകതയുടെ മുൻഗണന
4. അംഗം വായ്പ തിരിച്ചടയ്ക്കുന്നതിലെ മുൻകാല അനുഭവം - കൃത്യത

**7. വായ്പ നല്കുന്നത് എങ്ങനെ ?**

- നിശ്ചിത ഫോറത്തിൽ അംഗം വായ്പയ്ക്ക് അപേക്ഷ നല്കുന്നു.
- അപേക്ഷ അയൽക്കൂട്ടത്തിൽ ചർച്ചയ്ക്ക് വിധേയമാക്കുന്നു.
- മാനദണ്ഡങ്ങൾക്ക് അനുസരിച്ച് വായ്പ അനുവദിക്കുന്നു.
- വായ്പ തുകയ്ക്കുള്ള ചെക്ക് പ്രസിഡന്റും സെക്രട്ടറിയും ഒപ്പിട്ട് അംഗത്തിന് നല്കുന്നു. അംഗം ആ ദിവസമോ, തൊട്ടടുത്ത ദിവസമോ ബാങ്കിൽ നിന്ന് തുക കൈപ്പറ്റുന്നു. ഇത് അയൽക്കൂട്ടത്തിന്റെ സാമ്പത്തിക രജിസ്റ്ററിൽ അതേ തീയതിയിൽ രേഖപ്പെടുത്തുന്നു.
- ചെക്ക് ഇഷ്യൂ രജിസ്റ്ററിലും അയൽക്കൂട്ട മിനിട്ട്സിലും അതേ തീയതിയിൽ രേഖപ്പെടുത്തുന്നു.
- ചെക്ക് ബുക്കിന്റെ കൗണ്ടർ ഫോയിലിലും അംഗത്തിന്റെ ഒപ്പോടുകൂടി ഇതേ ദിവസം രേഖപ്പെടുത്തണം.

**8. അയൽക്കൂട്ടം നല്കുന്ന വായ്പയുടെ പലിശ ?**

- വായ്പയ്ക്ക് അയൽക്കൂട്ടം പലിശ ഈടാക്കുന്നതാണ്.
- ഈ പലിശ നിരക്ക് അയൽക്കൂട്ടത്തിന്റെ യോഗത്തിൽ തീരുമാനിക്കേണ്ടതാണ്.
- എന്നാൽ ഇപ്രകാരം തീരുമാനിക്കുന്ന വായ്പയുടെ വാർഷിക പലിശ നിരക്ക് 12 ശതമാനത്തിന് മുകളിൽ അധികരിക്കാൻ പാടുള്ളതല്ല.
- കൃത്യമായി തിരിച്ചടയ്ക്കാത്ത അംഗങ്ങളിൽ നിന്നും പിഴ പലിശ ഈടാക്കാവുന്നതാണ്.
- പിഴ പലിശയുടെ നിരക്ക് അയൽക്കൂട്ടത്തിന്റെ യോഗത്തിൽ നിശ്ചയിക്കാവുന്നതാണ്.

**9. പലിശ എപ്പോൾ ഒഴിവാക്കാം?**

രോഗം, ആത്യാഹിതം തുടങ്ങി വ്യക്തിപരമായി ഉണ്ടാകുന്ന വിഷമതകളുടെ ഭാഗമായി അയൽക്കൂട്ടാംഗങ്ങൾക്ക് സാമ്പത്തിക തകർച്ച ഉണ്ടാകുന്ന സന്ദർഭത്തിൽ അയൽക്കൂട്ട തീരുമാന പ്രകാരം പലിശ ഇളവ്, പലിശ ഒഴിവാക്കൽ തുടങ്ങിയ ആശ്വാസ നടപടികൾ സ്വീകരിക്കാവുന്നതാണ്.

*ത്രിഫ്റ്റ്, ആന്തരികവായ്പ എന്നിവ തമ്മിലുള്ള വ്യത്യാസം പട്ടികപ്പെടുത്തുക.*

## ബാങ്ക് ലിങ്കേജ് വായ്പ

**1. എന്താണ് ബാങ്ക് ലിങ്കേജ് വായ്പ?**

നല്ലരീതിയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് അവയുടെ സമ്പാദ്യത്തിന് ആനുപാതികമായി ബാങ്കിൽ നിന്നും വായ്പ ലഭിക്കുന്നതാണ്. ഈ വായ്പ്പയ്ക്കാണ് ബാങ്ക് ലിങ്കേജ് വായ്പയെന്നു പറയുന്നത്. അയൽക്കൂട്ടത്തിന് എത്രതവണ വേണമെങ്കിലും ബാങ്കിൽ നിന്നും ലിങ്കേജ് വായ്പ വാങ്ങാവുന്നതാണ്. (ഒന്നാം ലിങ്കേജ്, രണ്ടാം ലിങ്കേജ് എന്നിങ്ങനെ)

ഒരു അയൽക്കൂട്ടത്തിന് പൊതുവായ ആവശ്യത്തിന് ഉപയോഗിക്കുന്നതിന് ആവശ്യമായ അത്ര തുക അയൽക്കൂട്ട അക്കൗണ്ടിൽ ഇല്ലാതെ വരുമ്പോഴോ, അയൽക്കൂട്ടത്തിന്റെ സമ്പാദ്യത്തിൽ നിന്നും മാത്രം നല്കുന്ന ആന്തരിക വായ്പകൾ കൊണ്ട് അയൽക്കൂട്ടത്തിലെ മുഴുവൻ അംഗങ്ങളുടേയും ആവശ്യങ്ങൾ നിറേവറ്റാൻ സാധിക്കാത്ത സാഹചര്യത്തിലുമാണ് സാധാരണയായി അയൽക്കൂട്ടങ്ങൾ ബാങ്കിൽ നിന്നും ലിങ്കേജ് വായ്പ വാങ്ങുന്നത്.

**2. ബാങ്ക് ആരുടെ പേരിലാണ് ലിങ്കേജ് വായ്പ അനുവദിക്കുന്നത്?**

ലിങ്കേജ് വായ്പയ്ക്ക് അപേക്ഷിക്കേണ്ടത് അയൽക്കൂട്ടമാണ്. ബാങ്ക് ലിങ്കേജ് വായ്പ നല്കുന്നതും അയൽക്കൂട്ടത്തിനാണ് - വ്യക്തിക്കല്ല.

**3. ബാങ്കിൽ നിന്നും അയൽക്കൂട്ടത്തിന് വായ്പ ലഭിക്കുന്നതിന് എന്തെങ്കിലും നിബന്ധനയുണ്ടോ? (എന്താണ് ഗ്രേഡിംഗ് ?)**

അയൽക്കൂട്ടത്തിന് ബാങ്കിൽ നിന്നും വായ്പ ലഭിക്കുന്നതിന് നിബന്ധനകളുണ്ട്. ബാങ്ക് അയൽക്കൂട്ടത്തിന്റെ പ്രവർത്തനം വിലയിരുത്തി നല്ല രീതിയിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടമാണെന്ന് ബോധ്യപ്പെട്ടാൽ മാത്രമെ വായ്പ അനുവദിക്കുകയുള്ളു. ബാങ്കിന്റെ ഈ വിലയിരുത്തലിനെ ഗ്രേഡിംഗ് എന്നു പറയുന്നു.

നബാർഡിന്റെ വിലയിരുത്തൽ മാനദണ്ഡങ്ങൾ അനുസരിച്ച് ബാങ്കിന്റെ മേൽനോട്ടത്തിലായിരിക്കും അയൽക്കൂട്ടത്തെ ഗ്രേഡ് ചെയ്യുന്നത്. താഴെപറയുന്ന മാനദണ്ഡങ്ങൾ ആയിരിക്കും ഗ്രേഡിംഗിൽ വിലയിരുത്തുക.

1. അയൽക്കൂട്ടത്തിന്റെ ഘടന
2. അയൽക്കൂട്ടം ആരംഭിച്ച വർഷം
3. അയൽക്കൂട്ട യോഗങ്ങൾ - പ്രതിമാസം എത്ര യോഗങ്ങൾ
4. അംഗങ്ങളുടെ ഹാജർ
5. മിനിട്ട്സ് ബുക്ക് - എഴുതിയിരിക്കുന്നതിന്റെ കൃത്യതയും വ്യക്തതയും
6. ചർച്ചകളിൽ അംഗങ്ങളുടെ പങ്കാളിത്തം
7. പ്രതിമാസം എത്രപ്രാവശ്യം ത്രിഫ്റ്റ് ശേഖരണം നടത്തുന്നു
8. ത്രിഫ്റ്റ് തുകയും വായ്പാ തിരിച്ചടവും ശേഖരിക്കുന്നതെങ്ങനെ?
9. ചർച്ചകളുടേയും തീരുമാനം എടുക്കുന്നതിന്റെയും സ്വഭാവം.
10. ആന്തരിക വായ്പ അനുവദിക്കലും വിതരണവും.
11. ആന്തരിക വായ്പയുടെ പലിശ നിരക്ക്.
12. സമ്പാദ്യത്തിന്റെ എത്രശതമാനം വായ്പ നല്കാൻ ഉപയോഗിക്കുന്നു.
13. ആന്തരിക വായ്പ തിരിച്ചടവ്.
14. ഏതെല്ലാം രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നു.
15. ബൈലോയെക്കുറിച്ച് അംഗങ്ങൾക്കുള്ള അറിവ്

ഗ്രേഡിംഗിൽ മേൽ സൂചിപ്പിച്ച 15 മാനദണ്ഡങ്ങളിൽ ഓരോന്നും ബാങ്ക് വിലയിരുത്തി മാർക്ക് നല്കും. ആകെ 150-ൽ ആയിരിക്കും മാർക്ക്. ഇതിൽ 120 (80%) മാർക്ക് എങ്കിലും നേടുന്ന അയൽക്കൂട്ടങ്ങൾ മാത്രമെ ഗ്രേഡിംഗ് പാസാകുകയുള്ളു. ഇപ്രകാരം ഗ്രേഡിംഗിൽ 80% മോ അതിൽ കൂടുതലോ മാർക്ക് ലഭ്യമാക്കുന്ന അയൽക്കൂട്ടങ്ങൾക്ക് മാത്രമെ ലിങ്കേജ് ബാങ്കിംഗ് പദ്ധതി പ്രകാരം ബാങ്ക് വായ്പ അനുവദിക്കുകയുള്ളു.

**4. എത്ര തുക വരെ ബാങ്ക് ലിങ്കേജ് വായ്പ നൽകും?**

അയൽക്കൂട്ടത്തിന്റെ ആകെ സമ്പാദ്യത്തിന് ആനുപാതികമായാണ് ബാങ്ക് അയൽക്കൂട്ടത്തിന് വായ്പ നല്കുന്നത്. അയൽക്കൂട്ടത്തിന്റെ ആകെ സമ്പാദ്യത്തിന്റെ ഒന്ന് മുതൽ ആറ് ഇരട്ടി തുകവരെ വായ്പ

യായി ലഭിക്കും. വായ്പയ്ക്കുള്ള പലിശ, തിരിച്ചടവ് വ്യവസ്ഥ തുടങ്ങിയവ മുൻകൂട്ടി ബാങ്കുമായി ധാരണയിലെത്തേണ്ടതാണ്.

**5.അയൽക്കൂട്ടത്തിന്റെ ഏതൊക്കെ ആവശ്യങ്ങൾക്ക് ലിങ്കേജ് വായ്പ ഉപയോഗിക്കാം?**

ബാങ്ക് അയൽക്കൂട്ടത്തിന് വായ്പ അനുവദിക്കുമ്പോൾ, വായ്പ ഏതെങ്കിലും പ്രത്യേക ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവു എന്ന് പറയുന്നില്ല. അയൽക്കൂട്ടാംഗങ്ങൾക്ക് തങ്ങളുടെ കുടുംബത്തിലെ ആശുപത്രി ചെലവ്, കുട്ടികളുടെ വിദ്യാഭ്യാസം, കല്യാണം തുടങ്ങി ഏത് ആവശ്യങ്ങൾക്കും ഈ തുക വിനിയോഗിക്കാവുന്നതാണ്. അയൽക്കൂട്ട യോഗത്തിൽ ചർച്ച ചെയ്ത് വായ്പ ആവശ്യമുള്ള ഓരോ അംഗത്തിനും ലിങ്കേജ് വായ്പാ തുക അനുവദിക്കാവുന്നതാണ്. അയൽക്കൂട്ടത്തിന്റെ പൊതുവായ ആവശ്യത്തിനും (ഉദാ:- അയൽക്കൂട്ടത്തിന് സംരംഭം തുടങ്ങുന്നതിന്) ഈ തുക വിനിയോഗിക്കാവുന്നതാണ്. അയൽക്കൂട്ടാംഗങ്ങളുടെ ഉപജീവന പ്രർത്തനങ്ങൾക്കായി തുക വിനിയോഗിക്കുന്നതാണ് അഭികാമ്യം.

**6. ആരാണ് ലിങ്കേജ് വായ്പയുടെ തിരിച്ചടവ് നടത്തേണ്ടത് ?**

ലിങ്കേജ് വായ്പയുടെ തിരിച്ചടവ് നടത്തേണ്ടത് അയൽക്കൂട്ടമാണ്. വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നു എന്ന് ഉറപ്പാക്കേണ്ടത് മുഴുവൻ അയൽക്കൂട്ടാംഗങ്ങളുടേയും ഉത്തരവാദിത്വമായിരിക്കും. ആയതിനാൽ ലിങ്കേജ് വായ്പയിൽ നിന്നും വായ്പയെടുത്തിട്ടുള്ള അയൽക്കൂട്ടാംഗങ്ങൾ ഈ തുക അയൽക്കൂട്ടം ബാങ്കിൽ തിരിച്ചടവ് നടത്തേണ്ട തീയതിക്കു മുമ്പേ അയൽക്കൂട്ടത്തിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള ഗഡുക്കളായി തിരിച്ചട യ്ക്കേണ്ടതാണ്.

**7. അയൽക്കൂട്ടം ഗ്രേഡിംഗ് പാസായില്ലെങ്കിൽ വീണ്ടും വായ്പയ്ക്ക് അപേക്ഷിക്കാൻ സാധിക്കുമോ?**

അയൽക്കൂട്ടത്തിന് ഗ്രേഡിംഗിൽ 80% മാർക്കിൽ കുറവാണ് ലഭിച്ചതെങ്കിൽ അയൽക്കൂട്ടത്തിന് തങ്ങളുടെ പോരായ്മകൾ പരിഹരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തി മൂന്നു മാസത്തിനുശേഷം വീണ്ടും ഗ്രേഡിംഗ് നടത്തി പാസായി വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

അയൽക്കൂട്ടത്തിന് തങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഗ്രേഡിംഗ് നടത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ, പരിശീലനങ്ങൾ ലഭ്യമാക്കുന്നതിന് എ.ഡി.എസിന്റെയും സി.ഡി.എസിന്റെയും കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന റിസോഴ്സ്പേഴ്സൺമാരുടെയും സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

**8. ലിങ്കേജ് വായ്പക്ക് അപേക്ഷ നൽകൽ ?**

- അയൽക്കൂട്ടം യോഗം ചേർന്ന് ഏതൊക്കെ അംഗങ്ങൾക്ക് ലിങ്കേജ് വായ്പക്ക് അർഹതയെന്നും അവരുടെ ഏതൊക്കെ ആവശ്യത്തിനാണ് വായ്പയെന്നും എത്ര തുകക്കുവേണ്ടി ബാങ്കിനോട് ആവശ്യപ്പെടണമെന്നും തീരുമാനിക്കുകയും തീരുമാനം മിനുട്സിൽ രേഖപ്പെടുത്തുകയും വേണം.
- അയൽക്കൂട്ടം ലിങ്കേജ് വായ്പയ്ക്കുള്ള അപേക്ഷ തയ്യാറാക്കി സി.ഡി.എസിന്റെ ശുപാർശയോടെ ബന്ധപ്പെട്ട ബാങ്ക് ബ്രാഞ്ചിന് സമർപ്പിക്കണം.
- അയൽക്കൂട്ട അംഗങ്ങളുടെ ഏത് ആവശ്യത്തിനാണ് വായ്പ ഉപയോഗിക്കുന്നതെന്ന് അപേക്ഷയിൽ വ്യക്തമാക്കിയിരിക്കണം.
- സി.ഡി.എസ്സിന്റെയും എ.ഡി.എസിന്റേയും അറിവോടെയും ശുപാർശയോടെയും മാത്രമേ അപേക്ഷ ബാങ്കിൽ സമർപ്പിക്കാവൂ.

**9. ഇന്റർ സേ എഗ്രിമെന്റ് (പരസ്പര ധാരണ ഉടമ്പടി)**

ബാങ്ക് ലിങ്കേജ് വായ്പ പാസ്സാക്കി കഴിഞ്ഞാൽ അയൽക്കൂട്ടത്തിലെ മുഴുവൻ അംഗങ്ങളും ബാങ്കുമായി ഒരു ഉടമ്പടിയിൽ ഒപ്പ് വെയ്ക്കേണ്ടതാണ്. ഈ ഉടമ്പടിക്ക് ഇന്റർസേ എഗ്രിമെന്റ് എന്നു പറയുന്നു.

ബാങ്ക് വായ്പയുടെ അക്കൗണ്ട് കൈകാര്യം ചെയ്യുന്നതിന് ഏറ്റവും കുറഞ്ഞത് മൂന്ന് അയൽക്കൂട്ടാംഗങ്ങളെ ചുമതലപ്പെടുത്തണമെന്നും അയൽക്കൂട്ട അംഗങ്ങളുടെ അറിവോടെയും സമ്മതത്തോടെയുമാണ് ലോൺ എടുക്കുന്നതെന്നും ലോൺ അടയ്ക്കാനുള്ള ഉത്തരവാദിത്വം അയൽക്കൂട്ടത്തിനാണെന്നും അയൽക്കൂട്ടത്തിലെ മുഴുവൻ അംഗങ്ങൾക്കും

തിരിച്ചടവ് ഉറപ്പാക്കേണ്ട ഉത്തരവാദിത്വം ഉണ്ടായിരിക്കും എന്നതുമാണ് ഇന്റർ സേ എഗ്രിമെന്റിന്റെ ഉള്ളടക്കം.

**10. ലിങ്കേജ് വായ്പാ രജിസ്റ്റർ**

ലിങ്കേജ് വായ്പ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക രജിസ്റ്റർ അയൽക്കൂട്ടം സൂക്ഷിക്കേണ്ടതാണ്. രജിസ്റ്ററിൽ ഓരോ അംഗത്തിനും ഓരോ പേജ് വീതം നീക്കിവെക്കുകയും ഓരോ അംഗത്തിന്റേയും വായ്പാ വിവരങ്ങളും തിരിച്ചടവ് വിവരങ്ങളും രേഖപ്പെടുത്തുകയും ചെയ്തിരിക്കണം.

**11. ലിങ്കേജ് വായ്പയുടെ തിരിച്ചടവ് ?**

ബാങ്ക് വായ്പ അനുവദിക്കുന്നത് അയൽക്കൂട്ടത്തിനാണ് (അയൽക്കൂട്ടാംഗങ്ങളുടെ പേരിലല്ല). അയൽക്കൂട്ടമാണ് വായ്പാ തിരിച്ചടവ് നൽകുന്നത്. വായ്പ അയൽക്കൂട്ടത്തിന് തിരിച്ചടയ്ക്കേണ്ട ഉത്തരവാദിത്വം അയൽക്കൂട്ടത്തിലെ ഓരോ അംഗത്തിനുമായിരിക്കും.

**12. വായ്പാ തിരിച്ചടവിന് മനപൂർവ്വം വീഴ്ചവരുത്തുന്ന അംഗങ്ങളിൽ നിന്നും വായ്പ തുക ഈടാക്കുന്നതിന് എന്തെല്ലാം ചെയ്യാൻ സാധിക്കും ?**

അംഗങ്ങൾ അവർക്കു ലഭിച്ച വായ്പ കൃത്യമായി തിരിച്ചടയ്ക്കേണ്ടതാണ്. തിരിച്ചടവിൽ വീഴ്ച വരുത്തുന്ന അംഗങ്ങളിൽ നിന്നും വായ്പ തുക ഈടാക്കുന്നതിനായി താഴെപറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കാവുന്നതാണ്.

1. പ്രേരണയും ഗ്രൂപ്പ് സമ്മർദ്ദവും
2. വീഴ്ചക്കാരിൽ നിന്നും പിഴ പലിശ ഈടാക്കൽ
3. സമ്പാദ്യ വിഹിതം വായ്പയിലേയ്ക്ക് വകമാറ്റൽ
4. നിയമാനുസൃതമായ ഇതര നടപടികൾ
5. ബാങ്ക്ലിങ്കേജ് വായ്പയുടെ പ്രാധാന്യം ചർച്ചചെയ്യുക

## മാച്ചിംഗ് ഗ്രാന്റ്

**1. എന്താണ് മാച്ചിംഗ് ഗ്രാന്റ്?**

ലഘുസമ്പാദ്യം പ്രോത്സാഹിപ്പിക്കുന്നതിനും ആന്തരിക വായ്പ പ്രവർത്തനത്തെ ശക്തിപ്പെടുത്തുന്നതിനും ബാങ്ക് ലിങ്കേജ് വായ്പാ സൗകര്യം പ്രയോജനപ്പെടുത്തുന്നതിനും അയൽക്കൂട്ടങ്ങൾക്ക് കുടുംബശ്രീയിൽ നിന്നും ലഭിക്കുന്ന പ്രോത്സാഹന തുകയാണ് മാച്ചിംഗ് ഗ്രാന്റ്.

ലിങ്കേജ് വായ്പ ലഭിച്ച അയൽക്കൂട്ടങ്ങളുടെ സമ്പാദ്യത്തിന്റെ 10% പരമാവധി 5,000 രൂപ മാച്ചിംഗ് ഗ്രാന്റായി കുടുംബശ്രീ മിഷനിൽ നിന്നും ലഭിക്കുന്നു.

**2. ആർക്കാണ് മാച്ചിംഗ് ഗ്രാന്റ് ലഭിക്കുക ?**

പ്രവർത്തനം ആരംഭിച്ച് 6 മാസം കഴിഞ്ഞതും, നബാർഡിന്റെ എസ്.എച്ച്.ജി. ഗ്രേഡിംഗ് നടപടികൾ മുഖേന ഗ്രേഡിംഗ് പാസായി ലിങ്കേജ് വായ്പ ലഭിച്ചതുമായ അയൽക്കൂട്ടങ്ങൾക്കാണ് മാച്ചിംഗ് ഗ്രാന്റ് ലഭിക്കുന്നത്.

50% മോ അതിൽ കൂടുതലോ എസ്.സി/എസ്.ടി അംഗങ്ങൾ ഉള്ള അയൽക്കൂട്ടങ്ങൾക്ക് ഗ്രേഡിംഗിൽ 80% മാർക്ക് ലഭ്യമായാൽ ലിങ്കേജ് വായ്പയുടെ അഭാവത്തിലും മാച്ചിംഗ് ഗ്രാന്റ് ലഭിക്കുന്നതാണ്.

**3. മാച്ചിംഗ് ഗ്രാന്റ് എത്രതവണ ലഭിക്കും ?**

ഒരു അയൽക്കൂട്ടത്തിന് പരമാവധി മാച്ചിംഗ് ഗ്രാന്റ് തുകയായ 5,000 രൂപ ലഭിക്കുന്നതുവരെ ഓരോ ലിങ്കേജ് വായ്പ ലഭിക്കുമ്പോഴും മാച്ചിംഗ് ഗ്രാന്റിന് അപേക്ഷിക്കാവുന്നതാണ്.

**4. മാച്ചിംഗ് ഗ്രാന്റിന് അപേക്ഷിക്കുന്നതെങ്ങനെ ?**

മാച്ചിംഗ് ഗ്രാന്റിനുള്ള അപേക്ഷ തയ്യാറാക്കി സി.ഡി.എസ്. മുഖേന കുടുംബശ്രീ ജില്ലാ മിഷന് സമർപ്പിക്കണം. അപേക്ഷയോടൊപ്പം താഴെപറയുന്ന രേഖകൾ കൂടി സമർപ്പിക്കേണ്ടതാണ്

1. ലോൺ സർട്ടിഫിക്കറ്റ് - ബാങ്കിൽ നിന്ന്
2. ഗ്രേഡിംഗ് ഫോറത്തിന്റെ പകർപ്പ്
3. സമ്പാദ്യ രജിസ്റ്ററിന്റെ ബന്ധപ്പെട്ട പേജിന്റെ പകർപ്പ്
4. ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ്

പകർപ്പുകളായി സമർപ്പിക്കുന്ന രേഖകളെല്ലാം സി.ഡി.എസ്. മെമ്പർ സെക്രട്ടറി, ചെയർപേഴ്സൺ സാക്ഷ്യപ്പെടുത്തിയിരിക്കണം.

## റിവോൾവിഗ് ഫണ്ട്

അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ടായി കുറഞ്ഞത് 10,000/- രൂപ മുതൽ പരമാവധി 15,000/- രൂപ വരെ ജില്ലാ മിഷനിൽ നിന്നും ലഭ്യമാകുന്നതിന് അർഹതയുണ്ടായിരിക്കും. പ്രസ്തുത റിവോൾവിംഗ് ഫണ്ട് അയൽക്കൂട്ടങ്ങൾ അംഗങ്ങളുടെ ആന്തരിക

വായ്പ പ്രവർത്തനങ്ങൾക്കു മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു. റിവോൾവിംഗ് ഫണ്ട് അയൽക്കൂട്ട അംഗങ്ങൾ വീതിച്ച് എടുക്കുവാൻ പാടുള്ളതല്ല. അയൽക്കൂട്ടങ്ങളുടെ എസ്.ബി. അക്കൗണ്ടിലേക്ക് ജില്ലാ മിഷനിൽ നിന്നും നേരിട്ടായിരിക്കും റിവോൾവിംഗ് ഫണ്ട് അനുവദിക്കുക.

**1. മാനദണ്ഡങ്ങൾ**

- അയൽക്കൂട്ടത്തിൽ കുറഞ്ഞത് 75% അംഗങ്ങൾ എങ്കിലും ബിപിഎൽ കുടുംബങ്ങളിൽ നിന്നുള്ളവരായിരിക്കണം,
- ആരംഭിച്ച മൂന്നു മാസം കഴിഞ്ഞ അയൽക്കൂട്ടങ്ങൾക്കു ഫണ്ട് ലഭ്യമാകുന്നതിന് അർഹതയുണ്ടായിരിക്കും.
- അയൽക്കൂട്ടങ്ങൾ താഴെപറയുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കുന്നവയായിരിക്കണം:
  - കൃത്യമായി എല്ലാ അഴ്ചയിലും യോഗം ചേരുന്ന അയൽക്കൂട്ടമായിരിക്കണം. അയൽക്കൂട്ട യോഗങ്ങളിൽ അംഗങ്ങളുടെ ഹാജർ 90%മോ അതിൽ കൂടുതലോ ഉണ്ടായിരിക്കണം
  - അംഗങ്ങൾ തങ്ങളുടെ സമ്പാദ്യം കൃത്യമായി എല്ലാ അഴ്ചയിലും അയൽക്കൂട്ടയോഗത്തിൽ നിക്ഷേപിക്കുന്ന അയൽക്കൂട്ടമായിരിക്കണം
  - കൃത്യമായി ആന്തരിക വായ്പ പ്രവർത്തനം നടത്തുന്ന അയൽക്കൂട്ടമായി രിക്കണം. (ആരംഭിച്ച് ആറുമാസം കഴിഞ്ഞ അയൽക്കൂട്ടങ്ങൾ)
  - ആന്തരിക വായ്പ ലഭ്യമാകുന്ന അയൽക്കൂട്ടാംഗങ്ങൾ കൃത്യമായി വായ്പ തിരിച്ചടവ് നടത്തുന്ന അയൽക്കൂട്ടമായിരി ക്കണം. (തിരിച്ചടവിൽ കുടിശിക ഉണ്ടാകുവാൻ പാടുള്ളതല്ല).
  - കുടുംബശ്രീ മിഷൻ നിഷ്കർഷിച്ചിട്ടുള്ള എല്ലാ രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുകയും കൃത്യമായി എഴുതി സൂക്ഷിക്കുകയും ചെയ്യുന്ന അയൽക്കൂട്ട മായിരിക്കണം.

## കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട്

അയൽക്കൂട്ടങ്ങൾക്ക് കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ടായി പരമാവധി 50,000/- രൂപ വരെ സി.ഡി.എസിൽ നിന്നും ലഭ്യമാകുന്നതാണ്. സി.ഡി.എസിൽ നിന്നും എ.ഡി.എസ് മുഖേന അയൽക്കൂട്ടങ്ങൾക്ക് വായ്പയായാണ് കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് അനുവദിക്കുന്നത്. ഇപ്രകാരം ലഭ്യമാകുന്ന സി.ഐ.എഫ്. അയൽക്കൂട്ടാംഗങ്ങൾ അയൽക്കൂട്ടത്തിനും, അയൽക്കൂട്ടം സിഡിഎസ്സിനും നിശ്ചിത പലിശ സഹിതം തിരിച്ചടയ്ക്കേണ്ടതാണ്. (കുടുംബശ്രീ ജില്ലാമിഷന്റെ വിലയിരുത്തലിന്റ അടിസ്ഥാനത്തിൽ മികച്ച ഗ്രാമ പഞ്ചായത്ത് സി.ഡി.എസുകൾക്ക് മാത്രമാണ് കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് അനുവദിച്ചിട്ടുള്ളത്.) താഴെപറയുന്ന ആവശ്യങ്ങൾക്കായി സി.ഐ.എഫ്. അയൽക്കൂട്ടാംഗങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.

- അയൽക്കൂട്ട അംഗങ്ങൾക്ക് ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ ധനസഹായം
- അയൽക്കൂട്ടാംഗങ്ങളുടെ മറ്റു സാമൂഹ്യ ആവശ്യങ്ങൾക്ക്.

**1. സി.ഐ.എഫ്. വായ്പാ തിരിച്ചടവ്**

- സി.ഐ.എഫ്. വായ്പാ ലഭ്യമായ അയൽക്കൂട്ട അംഗം 8% പലിശ നിരക്കിൽ 6 മുതൽ 12 വരെ മാസതവണകളായി അയൽക്കൂട്ടത്തിന് തിരിച്ചടയ്ക്കേണ്ടതാണ്.
- അയൽക്കൂട്ടം, സി.ഡി.എസ്സിൽ നിന്നും ലഭ്യമായ സി.ഐ.എഫ്. വായ്പാ തുക 4% പലിശ നിരക്കിൽ 6 മുതൽ 12 വരെ മാസതവണകളായി സി.ഡി.എസ്സിനു തിരിച്ചടയ്ക്കേണ്ടതാണ്. അയൽക്കൂട്ടം സിഡിഎസ്സിന്റെ സിഐഎഫ് അക്കൗണ്ടിൽ തിരിച്ചടവ് തുക (ക്യാഷ്/ചെക്ക് മുഖേന) നേരിട്ട് ഒടുക്കേണ്ടതാണ്.
- സി.ഡി.എസ്സ്. ജില്ലാ മിഷനിൽ നിന്നും ലഭ്യമായ സി.ഐ.എഫ്. വായ്പാ തുക പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതും അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ട് ലഭ്യത അനുസരിച്ച് അർഹതയുള്ള അയൽക്കൂട്ടങ്ങൾക്ക് വിതരണം ചെയ്യേണ്ടതുമാണ്.

**2. സി.ഐ.എഫ്. വായ്പാ തിരിച്ചടവ് മുടക്കം വന്നാൽ**

സി.ഡി.എസ്. അയൽക്കൂട്ടത്തിനു നൽകുന്ന കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് തിരിച്ചടവിൽ കാലതാമസം നേരിട്ടാൽ അയൽക്കൂട്ടം സിഡിഎസ്സിന് പിഴത്തുക അടയ്ക്കേണ്ടതാണ്. കൂടാതെ അയൽക്കൂട്ടാംഗത്തിനു നൽകുന്ന കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് തിരിച്ചടവിൽ കാലതാമസം നേരിട്ടാൽ അയൽക്കൂട്ടാംഗം അയൽക്കൂട്ടത്തിന് പിഴതുക ഒടുക്കേണ്ടതാണ്. പിഴത്തുക ഒടുക്കേണ്ടതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- 0-30 ദിവസം താമസിച്ചാൽ 1% വും
- 31 മുതൽ 45 ദിവസം വരെ കാലതാമസം ഉണ്ടായാൽ 2% വും
- 45 ദിവസത്തിൽ കൂടുതൽ താമസിച്ചാൽ 3% വും പിഴത്തുക ഈടാക്കേണ്ടതാണ്.

3 മാസത്തിനു മേൽ തിരിച്ചടവിൽ കാലതാമസം വന്നാൽ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടിക്രമത്തിലും തുക വസൂലാക്കുന്നതാണ്. തിരിച്ചടവ് ഉറപ്പാക്കിയതിനു ശേഷം മാത്രമേ അയൽക്കൂട്ടത്തിന് മറ്റ് സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാക്കുകയുള്ളൂ.

## വൾണറബിലിറ്റി റിഡക്ഷൻ ഫണ്ട് (വി.ആർ.എഫ്.)

അയൽക്കൂട്ടങ്ങൾ നേരിടുന്ന ആകസ്മിക പ്രശ്നങ്ങൾ അതായത് അസുഖം, അപകടം, പ്രകൃതി ദുരന്തം, പട്ടിണി തുടങ്ങിയവയെ നേരിടാൻ അടിയന്തിര സഹായമെന്ന നിലക്ക് എ.ഡി.എസ്. മുഖാന്തിരം നൽകിവരുന്ന ഫണ്ടാണ് വൾണറബിലിറ്റി റിഡക്ഷൻ ഫണ്ട്. ഇത് അയൽക്കൂട്ടത്തിലെ ഒരംഗത്തിനോ അയൽക്കൂട്ടാംഗങ്ങൾക്ക് മുഴുവനായോ നൽകുന്നതാണ്. തീരദേശം, പട്ടികവർഗ്ഗ മേഖലയിലെ എ.ഡി.എസുകൾക്ക് വി.ആർ.എഫ് ലഭിക്കുന്നതിന് മുൻഗണനയുണ്ട്. ജില്ലാമിഷന്റെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് വി.ആർ.എഫ് നൽകുന്നതിനുള്ള എ.ഡി.എസുകളെ തെരഞ്ഞെടുക്കുന്നത്.

ഒരു അയൽക്കൂട്ടത്തിന് 15,000/- രൂപ വരെയാണ് നൽകുന്നത്. വിആർഎഫ് തുക ജില്ലാ മിഷൻ രണ്ടു ഗഡുക്കളായി (ആദ്യ ഗഡു - 60% വും രണ്ടാം ഗഡു - 40% വും) എ.ഡി.എസ്. ആവശ്യപ്പെടുന്ന മുറയ്ക്ക് നൽകും.

- എ.ഡി.എസ്സിന് ലഭ്യമാക്കുന്ന വി.ആർ.എഫ്-ന്റെ 10% ആപൽഘട്ടങ്ങളിൽ അംഗങ്ങൾക്ക് അടിയന്തിര സഹായം നൽകുന്നതിലേയ്ക്കായി മാറ്റിവയ്ക്കേണ്ടതാണ്.
- അയൽക്കൂട്ടത്തിന് നൽകുന്ന വി.ആർ.എഫ്. തുകയുടെ തിരിച്ചടവ് ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കുവാൻ എ.ഡി.എസ്. ശ്രദ്ധിക്കേണ്ടതാണ്.
- ദുരിതാശ്വാസ നിവാരണ ഫണ്ട് ആയതിനാൽ സാഹചര്യമനുസരിച്ച് പ്രസ്തുത അയൽക്കൂട്ടമോ എ.ഡി.എസ്സിനു കീഴിലുള്ള എല്ലാ അയൽക്കൂട്ടങ്ങളും കൂട്ടായോ തിരിച്ചടവ് നടത്താവുന്നതാണ്.
- വി.ആർ.എഫ്. ഫണ്ട് ലഭ്യമാകുന്ന അയൽക്കൂട്ടം തിരിച്ചടവ് നടത്തുന്ന സാഹചര്യത്തിൽ അവരുടെ ഓരോ മാസത്തേയും തിരിച്ചടവ് ഗഡുക്കൾ എ.ഡി.എസ് മുൻകൂറായി ക്രമീകരിച്ചു നൽകേണ്ടതാണ്.
- 25 % മാത്രമേ ഗ്രാന്റായി നൽകാൻ പാടുള്ളൂ. 75% തിരിച്ചടവ് രീതിയിൽ വിതരണം ചെയ്യേണ്ടതാണ്.
- ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ തല്പരരായ കുടുംബശ്രീ അംഗങ്ങൾക്ക് വി.ആർ.എഫ്-ലേയ്ക്ക് സംഭാവന നൽകാവുന്നതാണ്. കൂടാതെ മറ്റു സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് എ.ഡി.എസ്. മുൻകൈയെടുത്ത് കണ്ടെത്തേണ്ടതാണ്.

***കുടുംബശ്രീമിഷന്റെ വിവിധ ഗ്രാന്റുകൾ, ഫണ്ടുകൾ എന്നിവ താരതമ്യം ചെയ്ത് പട്ടിക തയ്യാറാക്കുക.***

## പലിശ സബ്സിഡി

ബാങ്ക് ലിങ്കേജ് വായ്പ എടുത്തിട്ടുള്ള കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് 4% പലിശയ്ക്ക് ബാങ്ക് വായ്പ ലഭ്യമാക്കുന്ന പദ്ധതി.

**1. യോഗ്യതാ മാനദണ്ഡം**

- കേരളത്തിലെ ഷെഡ്യൂൾഡ് ബാങ്കിൽ നിന്നോ സഹകരണ ബാങ്കുകളിൽ നിന്നോ ബാങ്ക്ലിങ്കേജ് എടുത്തിട്ടുള്ള ഗ്രാമ/നഗര പ്രദേശങ്ങളിലെ സി.ഡി.എസ്. അംഗമായിട്ടുള്ള എല്ലാ അയൽക്കൂട്ടങ്ങളും പ്രസ്തുത സ്കീമിന് യോഗ്യരാണ്.

- അയൽക്കൂട്ടങ്ങൾക്ക് അവരുടെ ആവശ്യമനുസരിച്ച് ബാങ്കിന്റെ നിയമങ്ങൾക്കനുസരിച്ച് വായ്പ എടുക്കാവുന്നതാണ്. എന്നാൽ 3 ലക്ഷം രൂപ വരെയുള്ള വായ്പകൾക്കു മാത്രമേ പലിശസബ്സിഡി ആനുകൂല്യം ലഭ്യമാകുകയുള്ളൂ.
- മൂന്നു വാർഷിക ഗഡുക്കളായാണ് സബ്സിഡി ആനുകൂല്യം ലഭ്യമാക്കുന്നത്. സാധാരണയായി 36 മാസമായിരിക്കും വായ്പാ കാലാവധി, അയൽക്കൂട്ടം ഈ കാലാവധിക്കു മുമ്പ് വായ്പ അടച്ചുതീർക്കുന്ന പക്ഷം പ്രസ്തുത കാലയളവ് വരെയുള്ള പലിശസബ്സിഡി ആനുകൂല്യം മാത്രമേ ലഭിക്കുകയുള്ളൂ.
- പരമാവധി 12.5% പലിശയ്ക്കുള്ള ലിങ്കേജ് വായ്പയ്ക്ക് 4% കുറവുചെയ്ത് പരമാവധി 8.5% പലിശ സബ്സിഡിയാണ് ലഭ്യമാക്കുന്നത്. വായ്പ പലിശ 12.5% ത്തിൽ കുറയുന്നതനുസരിച്ച് പലിശ സബ്സിഡിയും ആനുപാതികമായി കുറയുന്നതാണ്.
- 2016 ഏപ്രിൽ 1 മുതൽക്കുള്ള വായ്പകളാണ് പുതിയ സബ്സിഡി സ്കീമിന്റെ പരിധിയിൽ വരുന്നത്.
- അയൽക്കൂട്ടങ്ങൾക്കുള്ള പലിശ സബ്സിഡിയും ടി തീയതി മുതലുള്ള ജെഎൽജി പലിശ സബ്സിഡിയും ജില്ലാ മിഷനുകളിൽ നിന്നുമായിരിക്കും ഗ്രൂപ്പുകൾക്ക് ലഭ്യമാക്കുക.

## അയൽക്കൂട്ട വായ്പയും, സ്വകാര്യ വായ്പയും തമ്മിലുള്ള വ്യത്യാസം– ഒരു താരതമ്യ പഠനം

ഒരു അയൽക്കൂട്ടം ഒരു ലക്ഷം രൂപ 12% പലിശ നിരക്കിൽ 36 മാസത്തെ തിരിച്ചടവ് കാലാവധിയിൽ ബാങ്കിൽ നിന്നും ഒരു സ്വാകര്യ പണമിടപാടിൽ നിന്നും വായ്പ എടുക്കുന്നുവെന്ന് സങ്കല്പിച്ചാൽ, തമ്മിലുള്ള വ്യത്യാസം താഴെപറയുന്ന ഉദാഹരണത്തിലൂടെ നോക്കാം. കുടുംബശ്രീ ആനുകൂല്യങ്ങൾ ലഭ്യമായാൽ ഒരു അംഗം പലിശയിനത്തിൽ അടയ്ക്കേണ്ട ഏകദേശ തുകയും പരിശോധിക്കാം. (വായ്പ തുക, പലിശ, തിരിച്ചടവ് കാലാവധി എന്നിവ മാറുന്നതിനനുസരിച്ച് ഈ തുകകൾ വ്യത്യാസപ്പെടുന്നതാണ്.

**1. അയൽക്കൂട്ടം ബാങ്കിൽ നിന്നും എടുക്കുന്ന വായ്പ**

| | കുടുബശ്രീ വഴി ബാങ്ക് വായ്പ | സ്വകാര്യപണമിടപാടിൽ നിന്ന് വായ്പ | വ്യത്യാസം |
|---|---|---|---|
| വായ്പാ തുക | 1,00,000 | 1,00,000 | 0 |
| വാർഷിക പലിശ നിരക്ക് | 12.00% | 12.00% | 0 |
| തരിച്ചടവ് മാസങ്ങളുടെ എണ്ണം | 36 | 36 | 0 |
| ഇ.എം.ഐ | 3,321 | 3,321 | 0 |
| ആകെ പലിശ തുക (36 മാസം) | 19,572 | 19572 | 0 |
| ആകെ തിരിച്ചടക്കേണ്ട തുക (36 മാസം) | 1,19,572 | 1,19,572 | 0 |
| പലിശ സബ്സിഡി (കുടംബശ്രീ) (3 വർഷം) | 13,894 | 0 | 13,894 |
| മാച്ചിംഗ് ഗ്രാന്റ് | 5,000 | 0 | 5,000 |
| ആകെ കുടുംബശ്രീ ധനസഹായം (പലിശ സബ്സിഡി + മാച്ചിംഗ് ഗ്രാന്റ് | 18,894 | 0 | 18,894 |
| ആകെ തിരിച്ചടക്കുന്നപലിശ തുക (3 വർഷം) | 678 | 19,572 | 18,894 |
| അയൽക്കൂട്ടം 1 മാസം അടക്കണ്ട പലിശതുക | 19 | 549 | 525 |
| ആകെ തിരിച്ചടക്കുന്ന തുക (3 വർഷം) | 1,00,678 | 1,19,572 | 18,894 |

**2. അയൽക്കൂട്ട അംഗം അയൽക്കൂട്ടത്തിൽ നിന്നും എടുക്കുന്ന വായ്പ**

| | |
|---|---|
| അയൽക്കൂട്ടഅംഗം വായ്പാ തുക | 10,000 |
| വാർഷിക പലിശനിരക്ക് | 12.00% |
| തിരിച്ചടവ് മാസങ്ങളുടെ എണ്ണം | 36 |
| ഇ.എം.ഐ | 332 |
| ആകെ തിരിച്ചടക്കേണ്ടതുക (36 മാസം) | 11,957 |
| ആകെ പലിശ തുക (36 മാസം) | 1,957 |
| 1 വർഷം അടക്കേണ്ട പലിശ തുക | 652 |
| 1 മാസം അടക്കേണ്ട പലിശ തുക | 54 |

**3. 15 അംഗങ്ങളുള്ള അയൽക്കൂട്ടത്തിലെ 10 അംഗങ്ങൾ 10,000 രൂപ വീതം അയൽക്കൂട്ടത്തിൽ നിന്നും എടുക്കുന്ന വായ്പ**

| | |
|---|---|
| 10 അയൽക്കൂട്ട അംഗങ്ങൾക്ക് ആകെ വായ്പാ തുക | 1,00,000 |
| 10 അംഗങ്ങൾക്ക് ആകെ തിരിച്ചടച്ച തുക (36 മാസം) | 1,19,570 |
| അയൽക്കൂട്ടം ബാങ്കിൽ തിരിച്ചടച്ച തുക | 1,00,678 |
| അയൽക്കൂട്ടത്തിന്റെ ലാഭം | 18,892 |
| 1 അംഗത്തിന്റെ ലാഭം | 1,259 |
| വായ്പ എടുത്ത അംഗം യഥാർത്ഥത്തിൽ തിരിച്ചടച്ച പലിശ തുക (3 വർഷം) | (1957-1259) 698 |
| അംഗം യഥാർത്ഥത്തിൽ 1 വർഷം തിരിച്ചടച്ച പലിശ തുക | 233 |
| അംഗം യഥാർത്ഥത്തിൽ 1 മാസം തിരിച്ചടച്ച പലിശ തുക | 19 |

## കുടുംബശ്രീ ഇൻഷ്വറൻസ് പദ്ധതി

**1. കുടുംബശ്രീ സ്ത്രീ സുരക്ഷ ബീമാ യോജന**

അയൽക്കൂട്ട അംഗങ്ങളുടെ ഇൻഷുറൻസ് പരിരക്ഷ വളരെ ഗൗരവത്തോടെ കണ്ടുകൊണ്ട് കേരളത്തിലെ 43 ലക്ഷത്തോളം വരുന്ന അയൽക്കൂട്ടാംഗങ്ങളായ വനിതകളുടെ ജീവന് പരിരക്ഷ നൽകുകയും അവരുടെ 09 മുതൽ 12 ക്ലാസുവരെ പഠിക്കുന്ന രണ്ടു കുട്ടികൾക്ക് പ്രതിവർഷം സ്കോളർഷിപ്പ് ലഭ്യമാക്കുകയും ചെയ്യുന്ന ഒരു നവീന ഇൻഷുറൻസ് പദ്ധതി കുടുംബശ്രീയ്ക്കുണ്ട്. കുടുംബശ്രീയും ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും സംയുക്തമായാണ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നത്. സാധാരണ ഗതിയിൽ 60 വയസ്സു വരെ പ്രായമുള്ളവരെ മാത്രമാണ് ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താറുള്ളത്. എന്നാൽ കുടുംബശ്രീക്കുവേണ്ടിയുള്ള ഈ പ്രത്യേക പദ്ധതിയിൽ എൽ.ഐ.സിയുമായുള്ള പ്രത്യേക തീരുമാന പ്രകാരം 75 വയസ്സുവരെയുള്ളവരെയും ഉൾപ്പെടുത്തിയിരിക്കുന്നു

- **ഇൻഷുറൻസ് പദ്ധതിയിൽ അംഗമാകുന്നതിനുള്ള യോഗ്യത**
  - 18 മുതൽ 75 വയസ്സുവരെയുള്ള കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾക്ക് പദ്ധതിയിൽ പങ്കുചേരാം.
  - പദ്ധതിയിൽ പങ്കു ചേരുന്ന 51 മുതൽ 75 വയസ്സു വരെയുള്ള അയൽക്കൂട്ടാംഗങ്ങൾക്ക് മരണം സംഭവിച്ചു കഴിഞ്ഞാൽ മാത്രം സാമ്പത്തിക സഹായം കുടുംബത്തിനു ലഭ്യമാക്കുന്നു.

- പദ്ധതിയുടെ നേട്ടങ്ങൾ

| വയസ്സ് ▶ നേട്ടങ്ങൾ ▼ | 18 മുതൽ 50 വരെ | 51 മുതൽ 59 വരെ | 60 മുതൽ 65 വരെ | 66 മുതൽ 70 വരെ | 71 മുതൽ 75 വരെ |
|---|---|---|---|---|---|
| സ്വഭാവിക മരണം | 2,00,000 | 50,000 | 9,000 | 6,000 | 4,000 |
| അപകട മരണം | 4,00,000 | 50,000 | 9,000 | 6,000 | 4,000 |
| സ്ഥിരമായ അംഗവൈകല്യം | 2,00,000 | | | | |
| ഭാഗീകമായ അംഗവൈകല്യം | 1,00,000 | | | | |

### സ്കോളർഷിപ്പ്

പദ്ധതിയിൽ അംഗങ്ങളാകുന്ന 18 മുതൽ 50 വയസ്സുവരെയുള്ള അയൽക്കൂട്ടാംഗങ്ങളുടെ 09 മുതൽ 12 ക്ലാസുവരെ (ഗവൺമെന്റ് ഐ.റ്റി.ഐ ഉൾപ്പെടെ) പഠിക്കുന്ന 02 കുട്ടികൾക്ക് പ്രതിവർഷം 12,00/- രൂപ വീതം സ്കോളർഷിപ്പ് ലഭിക്കുന്നു. ഓരോ വർഷവും ജൂലൈ - ജനുവരി മാസങ്ങളിൽ 600 രൂപ വീതം രണ്ടു അർദ്ധവാർഷിക ഗഡുക്കളായിട്ടാണ് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നത്.

### വാർഷിക പ്രീമിയം

- പദ്ധതിയിൽ പങ്കെടുക്കുന്നതിനുള്ള വാർഷിക പ്രീമിയമായ 342/- രൂപയിൽ 171/- രൂപ കേന്ദ്ര സർക്കാർ വിഹിതമാണ്. ആയതിനാൽ അംഗങ്ങൾ വാർഷിക പ്രീമിയമായി **180 രൂപ മാത്രം (പ്രീമിയം തുക 171 രൂപ + സിഡിഎസ് സർവ്വീസ് ചാർജ്ജ് 9/- രൂപ)** അടച്ചാൽ മതി. ഓരോ വർഷവും പ്രീമിയം തുക (180/- രൂപ) അടച്ച് പദ്ധതിയിലെ അംഗത്വം പുതുക്കേണ്ടതാണ്.
- 51 മുതൽ 75 വയസ്സുവരെ പ്രായമുള്ളവർക്ക് പ്രീമിയം തുക 160/- രൂപ (പ്രീമിയം തുക 150 രൂപ + സിഡിഎസ് സർവ്വീസ് ചാർജ്ജ് 10/-രൂപ) മാത്രമാണ്.

(2017 നവംബർ 30 വരെ പദ്ധതിയിൽ ചേരുന്ന 18 മുതൽ 75 വയസ്സുവരെയുള്ള അയൽക്കൂട്ട അംഗങ്ങൾ 160/- രൂപ മാത്രം പ്രീമിയം അടച്ചാൽ മതി.)

*കുടുംബശ്രീയുടെ പലിശ സബ്സിഡിയും ഇൻഷുറൻസ് പദ്ധതിയും ചർച്ച ചെയ്യുക.*

## ഓഡിറ്റ്

**1. ഓഡിറ്റ് എന്തിന് ?**

കുടുംബശ്രീ സംഘടനാ സംവിധാനങ്ങളായ അയൽക്കൂട്ടം, എ.ഡി.എസ്, സി.ഡി.എസുകളിലെ പണമിടപാടുകളിൽ കൃത്യതയും കാര്യക്ഷമതയും സുതാര്യതയും ഉറപ്പാക്കുന്നതിനുവേണ്ടിയാണ് കുടുംബശ്രീയിൽ ഓഡിറ്റ് അവലംബിച്ചിട്ടുള്ളത്.

**2. കുടുംബശ്രീ സംഘടനാ സംവിധാനം ഓഡിറ്റ് ചെയ്യേണ്ടതുണ്ടോ?**

കുടുംബശ്രീ സംഘടനാ സംവിധാനം - സി.ഡി.എസ്. ബൈലോ (സർക്കാർ ഉത്തരവ് (പി) നം. 222/08/ തസ്വഭവ തീയതി 2008 ആഗസ്റ്റ്-8) പ്രകാരം (ഉപ വകുപ്പ് 14.1 മുതൽ 14.7 വരെ) സി.ഡി.എസ്. ത്രിതല സംവിധാനത്തിലെ ഓരോ തലവും മാർച്ച് 31-ന് അവസാനിക്കുന്ന സാമ്പത്തിക വർഷത്തെ കണക്കുകൾ ഓഡിറ്റിംഗ് വിധേയമാക്കിയിരിക്കണം. കണക്കു പരിശോധിക്കുന്നത് കുടുംബശ്രീ മിഷൻ നിർദ്ദേശിക്കുന്ന ഓഡിറ്റ് ടീമായ കാസ്സ് മുഖേന ആയിരിക്കണം.

**3. എന്താണ് കാസ്സ് ?**

കണക്ക് പരിശോധിക്കുന്നതിന് കുടുംബശ്രീ ജില്ലാ മിഷനു കീഴിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ കുടുംബാംഗങ്ങളിൽ നിന്നും തെരഞ്ഞെടുത്ത അഭ്യസ്ത വിദ്യരായ യുവതീ യുവാക്കൾ അടങ്ങിയ തൊഴിൽ സംരംഭമാണ് കുടുംബശ്രീ അക്കൗണ്ടിംഗ് & ആഡിറ്റിംഗ് സർവ്വീസസ് സൊസൈറ്റി (കാസ്സ്).

**4. എത്ര തരം ഓഡിറ്റിംഗ് കുടുംബശ്രീ സംവിധാനത്തിൽ നിലവിലുണ്ട് ?**

കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ രണ്ടു തരത്തിലുള്ള ഓഡിറ്റിങ്ങാണ് നടക്കുന്നത്.

1. കുടുംബശ്രീയുടെ തന്നെ കാസ്സ് ടീമിനെ ഉപയോഗിച്ചുകൊണ്ടുള്ള ഓഡിറ്റ്. ഇത് എല്ലാ വർഷവും നടക്കേണ്ടതാണ്. കുടുംബശ്രീ അയൽക്കൂട്ടം, എ.ഡി.എസ്., സി.ഡി.എസ്. ഓഡിറ്റ് ഫീസ് നിരക്ക് നിശ്ചയിച്ച് സംസ്ഥാന മിഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരമുള്ള ഓഡിറ്റ് ഫീസാണ് അയൽക്കൂട്ടം, എ.ഡി.എസ്, സി.ഡി.എസ് നൽകേണ്ടത്. ഏതെങ്കിലും കാരണവശാൽ ഓഡിറ്റിന് വിസമ്മതിക്കുന്ന ഘടകങ്ങൾക്കെതിരെ മേൽനടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ മിഷനുകൾക്ക് അധികാരമുണ്ട്.

2. ഇന്റേണൽ ആഡിറ്റ് (മൂന്നു മാസത്തിൽ ഒരിക്കൽ) എ.ഡി.എസ്സിലും സി.ഡി.എസ്സിലും പൊതുസഭയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട (ഭരണസമിതി അംഗങ്ങളല്ലാത്ത) രണ്ട് ഇന്റേണൽ ഓഡിറ്റർമാർ വീതം ഉണ്ടായിരിക്കും. എ.ഡി.എസ്സിലെ 02 ഇന്റേണൽ ഓഡിറ്റർമാർ എ.ഡി.എസ്സിലേയും സി.ഡി.എസ്സിലെ 02 ഇന്റേണൽ ഓഡിറ്റർമാർ സി.ഡി.എസ്സിലേയും വരവ് ചെലവ് കണക്കുകൾ മൂന്ന് മാസത്തിലൊരിക്കൽ ഓഡിറ്റ് ചെയ്യേണ്ടതാണ്.

*ഓഡിറ്റിന്റെ അഭാവം കുടുംബശ്രീയുടെ മുന്നേറ്റത്തെ ബാധിക്കുമോ? വിലയിരുത്തുക*

## എം.ഐ.എസ്. (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം)

കുടുംബശ്രീയുടെ അയൽക്കൂട്ടതലം മുതൽ നടന്നുകൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾക്കായുള്ള പ്രവർത്തനങ്ങളുടെ വ്യാപനം, അവലോകനം, നിരീക്ഷണം എന്നിവ ചെയ്യുന്നതിന് കുടുംബശ്രീ സംസ്ഥാന ജില്ലാമിഷനുകൾ ഓൺലൈൻ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം ഉപയോഗിച്ചു വരുന്നു. ഓരോ അയൽക്കൂട്ടത്തിലും ഓരോ മാസവും നടക്കുന്ന ലഘുസമ്പാദ്യ വായ്പാ പ്രവർത്തനങ്ങൾ, ആന്തരിക വായ്പയുടെയും ലിങ്കേജ് വായ്പയുടെയും തിരിച്ചടവ്, മാച്ചിംഗ് ഗ്രാന്റ്, മറ്റ് പിന്തുണകൾ എന്നിവയുടെ കൃത്യമായ വിവരങ്ങൾ സി.ഡി.എസ് എല്ലാ മാസവും 5-ാം തീയതിക്കു മുമ്പ് നാളിതീകരിക്കുന്നതിന് സി.ഡി.എസിനു സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി എല്ലാ സി.ഡി.എസുകളിലും കമ്പ്യൂട്ടറും ഇന്റർനെറ്റ് സൗകര്യവും നാളിതീകരിക്കുന്നതിന് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

**1. എം.ഐ.എസ് നാളതീകരണത്തിൽ അയൽക്കൂട്ടം ചെയ്യേണ്ടത്.**

- എം.ഐ.എസ് വിവരങ്ങൾ സമർപ്പിക്കുന്നതിനായി വിവരശേഖരണ ഫോറങ്ങളടങ്ങിയ പുസ്തകം സി.ഡി.എസ് ഓരോ അയൽക്കൂട്ടത്തിനും ലഭ്യമാക്കിയിട്ടുണ്ട്.
- ഓരോ മാസത്തേയും കൃത്യമായ കണക്കുകൾ പ്രസ്തുത ഫോമിൽ രേഖപ്പെടുത്തി 5-ാം തീയതിക്കുമുമ്പ് അയൽക്കൂട്ടം സി.ഡി.എസിനു നൽകേണ്ടതാണ്. (എം.ഐ.എസ് വിവരങ്ങൾ നൽകുന്നതിന് മുമ്പ് അയൽക്കൂട്ട രജിസ്റ്ററുകൾ ഓരോ ആഴ്ചയും കൃത്യമായി രേഖപ്പെടുത്തി ഒരു മാസത്തേക്കുള്ള കണക്കുകൾ പൂർത്തീകരിച്ചിരിക്കണം.)

*എം.ഐ.എസ്. നാളതീകരണം ഗ്രൂപ്പിൽ ചർച്ച ചെയ്ത് എല്ലാ മാസവും കൃത്യമായി സമർപ്പിക്കുന്നതിന് തീരുമാനം എടുക്കുക.*

## 2. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (സംഘകൃഷി ഗ്രൂപ്പ്)

**1. എന്താണ് സംഘകൃഷി?**

അയൽക്കൂട്ട പ്രദേശങ്ങളിലെ കൃഷിയോഗ്യമായ ഭൂമി ഉപയുക്തമാക്കിയുള്ള കൃഷിയിലൂടെ സമൂഹത്തിലെ പാവപ്പെട്ട വനിതകൾക്ക് വരുമാനമാർഗ്ഗം സൃഷ്ടിക്കുന്ന പ്രവർത്തനമാണ് സംഘകൃഷി. കൃഷിക്കനുസരിച്ചുള്ള ഇൻസെന്റീവ് കുടുംബശ്രീ മിഷിൽ നിന്നും ഈ പദ്ധതി പ്രകാരം നൽകപ്പെടുന്നു.

പരിമിതമായി നടക്കുന്ന കൃഷി പ്രവർത്തനങ്ങളെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ (ജെ.എൽ.ജി) എന്ന നിലയിൽ വിപുലീകരിച്ച് കൂടുതൽ ധനപരവും സാങ്കേതികവുമായ സഹായങ്ങൾ നൽകുക, കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ സാമൂഹ്യനിയന്ത്രണത്തിലൂടെ കൂടുതൽ സുതാര്യത ഉറപ്പു വരുത്തുക, തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

**2. എന്താണ് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്?**

സംഘകൃഷി ചെയ്യുന്നതിനായി കൃഷിയിൽ താല്പര്യമുള്ള 04 മുതൽ 10 വരെ അയൽക്കൂട്ട വനിതകളെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന ഗ്രൂപ്പുകളെയാണ് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ എന്നുപറയുന്നത്. ജെ.എൽ.ജി ഗ്രൂപ്പുകൾ രൂപീകരിക്കുമ്പോൾ താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

- 4-10 വരെ അംഗങ്ങൾ
- ഓന്നോ അതിലധികമോ അയൽക്കൂട്ടങ്ങളിൽ നിന്നും തിരഞ്ഞെടുത്തവർ
- പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ ഗ്രൂപ്പ് തെരഞ്ഞെടുക്കുകയും അവരുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയും വേണം. ഓരോ ജെ.എൽ.ജി. ക്കും സീൽ നിർബന്ധമാണ്.
- സിഡിഎസ്സുകളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്ററിൽ (എഫ്.എഫ്.സി.) നിശ്ചിത തുകയടച്ച് രജിസ്റ്റർ രജിസ്റ്റർ ചെയ്യുകയും ഓരോ വർഷവും എല്ലാ ജെ.എൽ.ജി.കളും അഫിലിയേഷൻ പുതുക്കേണ്ടതുമാണ്.
- എല്ലാ ജെ.എൽ.ജി.കളും അഫിലിയേഷൻ സർട്ടിഫിക്കറ്റ് സൂക്ഷിച്ചിരിക്കണം.
- ജെ.എൽ.ജി. കൾ എല്ലാ മാസവും കുറഞ്ഞത് 2 തവണ മീറ്റിംഗ് കൂടുകയും മീറ്റിംഗിന്റെ മിനിട്ട്സ്, വരവു-ചിലവു കണക്കുകൾ എന്നിവ എഴുതി സൂക്ഷിക്കുകയും ചെയ്യണം.
- എല്ലാ ജെ.എൽ.ജി. ഗ്രൂപ്പുകളും എഫ്.എഫ്.സി. മീറ്റിംഗുകൾ, ട്രെയിനിംഗുകൾ തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളിലും പങ്കെടുക്കേണ്ടതാണ്.
- കൃഷി ചെയ്യുന്ന സ്ഥലത്ത് ജെ.എൽ.ജിയുടെ വിവരങ്ങളടങ്ങിയ ബോർഡ് നിർബന്ധമാണ്

## എഫ്.എഫ്.സി. - കാർഷിക സഹായ കേന്ദ്രങ്ങൾ

കാർഷിക രംഗത്തെ സ്ത്രീ കർഷകർക്ക് ആധുനിക അറിവും വിജ്ഞാനവും നൽകുന്നതിനായി കുടുംബശ്രീ മിഷന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന പഞ്ചായത്ത് തല കേന്ദ്രങ്ങളാണ് എഫ്.എഫ്.സി. (ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ)

**1. എഫ്.എഫ്.സി. പ്രവർത്തനങ്ങൾ**

- ജെ.എൽ.ജി. രജിസ്ട്രേഷൻ/അഫിലിയേഷൻ നടത്തുകയും അഫിലിയേഷൻ ഫീ എഫ്.എഫ്.സി. അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്.
- ജെ.എൽ.ജി. അംഗങ്ങൾക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുക
- യന്ത്ര സാമഗ്രികൾ ഉപയോഗപ്പെടുത്തുക.
- ബയോ ഫാർമസി വഴി ഉല്പാദിപ്പിക്കുന്ന സാധനങ്ങളുടെ വിപണനം നടത്തുക
- സീഡ് പ്രൊഡക്ഷൻ യൂണിറ്റ്, വാല്യു ആഡഡ് യൂണിറ്റുകൾ എഫ്.എഫ്.സി. വഴി ഏകോപിപ്പിക്കുക
- ബാങ്ക് ലിങ്കേജ് പ്രവർത്തനങ്ങൾ
- തരിശു നിലം കണ്ടെത്തി കൃഷിയോഗ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക
- കൃഷി അനുബന്ധ മേഖലകളുമായി സംയോജിപ്പിക്കുക
- ഡോക്യുമെന്ററി പ്രദർശനം, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ചർച്ചകൾ
- കാർഷിക മേളകൾ, വിള മഹോത്സവങ്ങൾ, അദാലത്തുകൾ, കർഷക സംഗമം, ലിങ്കേജ് മേളകൾ സംഘടിപ്പിക്കുക
- ബാലസഭാ കുട്ടികളുടെ കൃഷി പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക
- പ്രദർശന ബോർഡുകൾ - യന്ത്രസാമഗ്രികളുടെ വിവരങ്ങൾ, എഫ്എഫ്സി നല്കുന്ന സേവനങ്ങൾ, മികച്ച ജെഎൽജി കളുടെ വിവരങ്ങൾ, കൃഷി വിവരങ്ങൾ
- കാർഷിക കലണ്ടർ തയ്യാറാക്കുക
- ലഘുലേഖകൾ - ജൈവകൃഷി, കീടനാശിനികൾ, വളങ്ങൾ എന്നിവ ലഭ്യമാക്കുക.
- മാതൃകാ ലൈബ്രറി ക്രമീകരിക്കുക.
- ജെഎൽജികൾ അഭിമുഖീകരിക്കുന്ന എന്തെങ്കിലും പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് പരിഹരിക്കുന്നതിനുള്ള ഇടപെടൽ നടത്തുക.

## മാസ്റ്റർ ഫാർമർ

ഫീൽഡ് തലത്തിൽ ജെഎൽജികൾക്ക് വേണ്ട പിന്തുണാ സഹായം ഏറ്റവും പ്രാപ്യമായ നിലയിൽ ഏതു സമയവും ലഭിക്കാവുന്ന രീതിയിൽ തൊട്ടടുത്ത 20 ജെഎൽജികൾക്ക് ഒരാൾ എന്ന നിലയിൽ തിരഞ്ഞെടുക്കുന്ന കർഷകയാണ് മാസ്റ്റർ ഫാർമർ. കർഷകർക്ക് വേണ്ട വിജ്ഞാനപ്രദമായ അറിവുകളും കാർഷിക സംബന്ധമായ മറ്റു സഹായങ്ങളും പ്രാദേശികമായി ലഭ്യമാക്കുന്നതിനുള്ള കണ്ണികളായി മാസ്റ്റർ ഫാർമർ പ്രവർത്തിക്കേണ്ടതാണ്.

## ബാങ്ക് ലോൺ

ജെഎൽജികൾക്ക് കാർഷിക ആവശ്യങ്ങൾക്കായി ബാങ്കുകളിൽ നിന്നും 7% വരെ പലിശനിരക്കിൽ ഒരു വർഷത്തേയ്ക്ക് കാർഷിക വായ്പകൾ ലഭ്യമാക്കുന്നു.

**1. ബാങ്ക് ലോൺ ലഭ്യമാകുന്നതിന് വേണ്ടിയുള്ള നടപടികൾ**

- എഡിഎസ് മുഖേന അപേക്ഷ സിഡിഎസിൽ സമർപ്പിക്കുക.
- ജെഎൽജി ഗ്രേഡിംഗ് സിഡിഎസ് നടത്തുക. (70% മാർക്ക്)
- അർഹരായ ഗ്രൂപ്പുകളുടെ അപേക്ഷ സിഡിഎസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തി ജില്ലാമിഷനിൽ സമർപ്പിക്കുക.
- ജില്ലാമിഷൻ കോ-ഓർഡിനേറ്റർ സാക്ഷ്യപ്പെടുത്തിയ അപേക്ഷ സിഡിഎസ് വഴി ബാങ്കിൽ സമർപ്പിക്കുക.
- ലോൺ ലഭ്യമാകുന്ന മുറയ്ക്ക് പ്രത്യേക ഫോറത്തിൽ പലിശ സബ്സിഡി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ സിഡിഎസ് ജില്ലാമിഷനിൽ സമർപ്പിക്കുക.
- പുതുതായി രൂപീകരിച്ച് ലിങ്ക് ചെയ്ത ജെഎൽജി ഗ്രൂപ്പുകൾക്ക് നബാർഡ് പ്രൊമോഷണൽ ഇൻസെന്റീവിനുള്ള അപേക്ഷ സമർപ്പിക്കുക
- നിശ്ചിത കാലാവധിക്കുള്ളിൽ തന്നെ തിരിച്ചടവ് ഉറപ്പാക്കുക.

**2. ലോൺ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

- അപേക്ഷ ഫോറം
- ജെഎൽജി സെർട്ടിഫിക്കേറ്റ് (കോപ്പി)
- ഗ്രേഡിംഗ് ഷീറ്റ്
- സാക്ഷ്യപത്രം
- ബ്ലോക്ക് കോ-ഓർഡിനേറ്ററുടെ പരിശോധന റിപ്പോർട്ട്

**3. സംഘകൃഷി ഗ്രൂപ്പുകൾക്ക് പലിശ സബ്സിഡി ലഭിക്കുമോ?**

ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് രൂപീകരണ മാർഗ്ഗനിർദ്ദേശ പ്രകാരം രൂപീകരിച്ച് സംഘകൃഷി ചെയ്യുന്ന ജെ.എൽ.ജികൾക്കും പലിശ സബ്സിഡി സ്കീം പ്രകാരം വായ്പ ലഭിക്കുന്നതാണ്. പ്രസ്തുത ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പിനെ സി.ഡി.എസ് ശുപാർശ ചെയ്തിരിക്കണം.

ജോയിന്റ ലയബിലിറ്റി ഗ്രൂപ്പുകളുടെ വായ്പാ തിരിച്ചടവ് കാലാവധി കൃഷി ചെയ്യുന്ന വിളയുടെ വിളവെടുപ്പ് കാലഘട്ടത്തിന് അനുസരിച്ചായിരിക്കും. ഒരു ലക്ഷം രൂപ വരെയുള്ള വായ്പാ തുകയ്ക്ക് 5% വരെ പലിശയിളവ് കുടുംബശ്രീ ജില്ലാമിഷനിൽ നിന്നും ലഭ്യമാകുന്നതാണ്.

## ജീവ – ജെ.എൽ.ജി. ഇവാല്വുവേഷൻ ഗൈഡ്

കുടുംബശ്രീ കാർഷിക കൂട്ടായ്മയായ ജെ.എൽ.ജി പ്രവർത്തനങ്ങളിൽ സുതാര്യതയും കൃത്യതയും ഉറപ്പുവരുത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള ടീമാണ് ജെ.എൽ.ജി ഇവാല്യുവേഷൻ ഏജന്റ് അഥവാ ജീവ. ഒരു ബ്ലോക്കിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള 4 മാസ്റ്റർ ഫാർമർ ട്രെയിനേഴ്സ് ആയിരിക്കും ജീവ ടീം ആയി പ്രവർത്തിക്കുന്നത്. ഓരോ ബ്ലോക്കിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള മാസ്റ്റർ ഫാർമർ ട്രെയിനേഴ്സിനെ ഒന്നിച്ചു ചേർത്ത് ജില്ലാതലത്തിൽ ജീവ ടീം ആയി രൂപീകരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. ജില്ലാതലത്തിൽ 25 അംഗങ്ങളിൽ കൂടുതലുള്ള ജീവ ടീം അംഗങ്ങളുള്ള സ്ഥലങ്ങളിൽ ബ്ലോക്ക് ഒന്നിന് ഒരാൾ എന്ന നിലയിൽ ജീവ ടീമിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കാവുന്നതും ജീവ ടീമിന്റെ പേരിൽ ജോയിന്റ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതുമാണ്.

ജെ.എൽ.ജി. പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ സഹായിക്കുക, കാർഷിക കലണ്ടർ അനുസരിച്ച് കുടുംബശ്രീ കാർഷിക പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് ഉറപ്പുവരുത്തുക, കമ്മ്യൂണിറ്റി കേഡർ ആയി പ്രവർത്തിക്കുക തുടങ്ങിയവയാണ് ജീവ ടീമിന്റെ ഉത്തരവാദിത്വങ്ങൾ. സി.ഡി.എസിലെ മാസ്റ്റർ ഫാർമേഴ്സ്, ഫീൽഡ് വിലയിരുത്തൽ പ്രക്രിയയ്ക്ക് ജീവ ടീമിനെ സഹായിക്കുന്നതാണ്.

## കാർഷിക ഇൻസെന്റീവ്

തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനും, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി കുടുംബശ്രീ വനിതാകർഷകർക്ക് പ്രോത്സാഹനമായി നൽകുന്ന സഹായമാണ് കാർഷിക ഇൻസെന്റീവ്.

**ഇൻസെന്റീവ് ലഭിക്കുന്നതിനുള്ള ഘടകങ്ങൾ**

**1. നെല്ല്**

| പ്രദേശം | കുറഞ്ഞ വിസ്തൃതി | പരമാവധി വിസ്തൃതി | എണ്ണം | റിമാർക്ക്സ് |
|---|---|---|---|---|
| ഗ്രാമം/നഗരം | 50 സെന്റ് | 12.5 ഏക്കർ | | 7.5 ഏക്കർവരെ 3 പ്ലോട്ട് 7.5 ഏക്കർ - 12.5 ഏക്കർ വരെ 5 പ്ലോട്ട് |

- നഗര/ഗ്രാമ പ്രദേശങ്ങളിൽ പരമാവധി 3 പ്ലോട്ടുകൾ
- ഒറ്റഞാർ കൃഷി ചെയ്യുന്ന ഗ്രൂപ്പുകൾക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

**2. വാഴ**

| പ്രദേശം | കുറഞ്ഞ വിസ്തൃതി | പരമാവധി വിസ്തൃതി | എണ്ണം | റിമാർക്ക്സ് |
|---|---|---|---|---|
| ഗ്രാമം | 50 സെന്റ് | 5 ഏക്കർ | 50 സെന്റ് - 400 എണ്ണം | മോണോ ക്രോപ്പ് ആണെങ്കിൽ 50 സെന്റ് 400 എണ്ണം |
| | | | 5 ഏക്കർ - 4000 എണ്ണം | മിക്സഡ് ക്രോപ്പ് ആണെങ്കിൽ 50 സെന്റ് 200 എണ്ണം |
| നഗരം | 25 സെന്റ് | 5 ഏക്കർ | 50 സെന്റ് - 400 എണ്ണം | മോണോ ക്രോപ്പ് ആണെങ്കിൽ 50 സെന്റ് 400 എണ്ണം |
| | | | 5 ഏക്കർ - 4000 എണ്ണം | മിക്സഡ് ക്രോപ്പ് ആണെങ്കിൽ 50 സെന്റ് 200 എണ്ണം |

- ഗ്രാമ പ്രദേശങ്ങളിൽ പരമാവധി 3 പ്ലോട്ട്
- നഗര പ്രദേശങ്ങളിൽ പരമാവധി 5 പ്ലോട്ട്
- കുടുംബശ്രീ ചന്തകൾ മുഖേന വിപണനം നടത്തുന്ന ഗ്രൂപ്പുകൾക്ക് മുൻഗണന

**3. പച്ചക്കറി**

| പ്രദേശം | കുറഞ്ഞ വിസ്തൃതി | പരമാവധി വിസ്തൃതി | എണ്ണം | റിമാർക്ക്സ് |
|---|---|---|---|---|
| ഗ്രാമം | 25 സെന്റ് | | | വർഷത്തിൽ രണ്ടു തവണയെങ്കിലും നിർബന്ധമായും കൃഷി ചെയ്യുന്നു. |
| നഗരം | 10 സെന്റ് (5 സെന്റിന്റെ പ്ലോട്ട്) | | | |

- കുടുംബശ്രീ ചന്തകൾ മുഖേന വിപണനം നടത്തുന്ന ഗ്രൂപ്പുകൾക്ക് മുൻഗണന

**4. കിഴങ്ങു വർഗ്ഗങ്ങൾ**

| പ്രദേശം | കുറഞ്ഞ വിസ്തൃതി | പരമാവധി വിസ്തൃതി | എണ്ണം | റിമാർക്ക്സ് |
|---|---|---|---|---|
| ഗ്രാമം | 25 സെന്റ് | 7.5 ഏക്കർ | | |
| നഗരം | 10 സെന്റ് (5 സെന്റിന്റെ പ്ലോട്ട്) | 7.5 ഏക്കർ | | |

**5. പുഷ്പ കൃഷി**

| | | |
|---|---|---|
| പുഷ്പ കൃഷി | ഓപ്പൺ ഫാമിംഗ് ക്ലോസ്ഡ് ഫാമിംഗ് | 5 സെന്റ് - 250 സ്ക്വയർ ഫീറ്റ് |
| ഔഷധകൃഷി | ഓപ്പൺ ഫാമിംഗ് | 10 സെന്റ് |

**1. ഇൻസെന്റീവ് പൊതുനിയമങ്ങൾ**

- വർഷത്തിൽ ഒരു തവണ മാത്രമേ ഒരു ഗ്രൂപ്പിന് ഇൻസെന്റീവ് ലഭിക്കുകയുള്ളൂ
- ഇടവിള കൃഷി പ്രധാന വിളയ്ക്കു മാത്രമേ ഇൻസെന്റീവ് ലഭിക്കുകയുള്ളൂ
- കൃഷി തികച്ചും ജൈവരീതിയിൽ ഉള്ളതായിരിക്കണം
- ജെഎൽജി ഉത്പ്പന്നങ്ങൾ കുടുംബശ്രീ വിപണിയിൽ വിപണനം നടത്തുന്നവർ ആയിരിക്കണം
- ബാങ്ക് ലിങ്കേജുള്ള ജെഎൽജികൾക്കു മാത്രമേ ഇൻസെന്റീവിന് അപേക്ഷ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ.

**2. ഇൻസെന്റീവ് അപേക്ഷ സമർപ്പിക്കുമ്പോൾ ഹാജരാക്കേണ്ട രേഖകൾ**

- കൃത്യമായി പൂരിപ്പിച്ച അപേക്ഷാ ഫോം
- അഫിലിയേഷൻ സർട്ടിഫിക്കറ്റ് (കോപ്പി)
- ബാങ്ക് പാസ്ബുക്ക് (കോപ്പി) - ജെഎൽജി അക്കൗണ്ടണ്ട്
- ലോൺ അക്കൗണ്ട് പാസ്ബുക്ക് (കോപ്പി)
- ഉടമയുടെ സമ്മതപത്രം/വാർഡ്മെമ്പർ സാക്ഷ്യപ്പെടുത്തിയത്
- ബ്ലോക്ക് കോ-ഓർഡിനേറ്ററുടെ സാക്ഷ്യപത്രം

കൃത്യമായി പൂരിപ്പിച്ച അപേക്ഷകൾ ജെഎൽജി, എഫ്എഫിസിയിൽ സമർപ്പിക്കുകയും സിഡിഎസ് പരിശോധിച്ച് ബ്ലോക്ക് കോ-ഓർഡിനേറ്ററെ ഏൽപ്പിക്കുകയും, ബ്ലോക്ക് കോ-ഓർഡിനേറ്റർ പരിശോധിച്ച് സർട്ടിഫൈ ചെയ്ത് സിഡിഎസ്സ് ജില്ലാമിഷനിൽ സമർപ്പിക്കുകയും വേണം.

**3. ജെ.എൽ.ജി.യുടെ ചുമതലകൾ**

- കൃത്യമായി പൂരിപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും സമയബന്ധിതമായി എഫ്.എഫ്.സി.യിൽ സമർപ്പിക്കുക
- ബ്ലോക്ക് കോ-ഓർഡിനേറ്ററുടെ ഫീൽഡ് പരിശോധന ഉറപ്പാക്കുക.

**4. കാർഷിക ഇൻസെന്റീവ് (ഹെക്ടറിന്)**

| ക്രമ നമ്പർ | വിള | കാർഷിക ഇൻസെന്റീവ് (ഹെക്ടറിന്) | | | |
|---|---|---|---|---|---|
| | | സ്വന്ത ഭൂമി | | പാട്ടഭൂമി | |
| | | പാരമ്പര്യമായുള്ളത് | വിഷം രഹിതമായത് | പാരമ്പര്യമായുള്ളത് | വിഷം രഹിതമായത് |
| 1. | നെല്ല് | 8,000 | 8,500 | 9,600 | 10,200 |
| 2. | സുഗന്ധ നെല്ല് (ജൈവ കൃഷി) | 8,000 | 8,500 | 9,600 | 10,200 |
| 3. | മരിച്ചീനി | 4,000 | 4,500 | 4,500 | 4,950 |
| 4. | പന്തൽ പച്ചക്കറികൾ (പാവയ്ക്ക, പയർ, ചുരയ്ക്ക, കോവൽ മുതലായവ) | 8,000 | 11,200 | 8,800 | 12,000 |
| 5. | പന്തൽ വേണ്ടാത്ത പച്ചക്കറികൾ (ചീര, വഴുതന മുതലായവ) | 7,000 | 9,800 | 7,700 | 10,580 |
| 6. | ശീതകാല പച്ചക്കറികൾ | 7,000 | 7,500 | 7,700 | 8,250 |
| 7. | നേന്ത്രൻ വാഴ (2500 എണ്ണം) | 5,000 | 6,000 | 5,500 | 6,600 |
| 8. | വാഴ, പൂവൻ, ഞാലിപൂവൻ, പാളയൻതോടൻ (2000 എണ്ണം) | 5,000 | 6,000 | 5,500 | 6,600 |
| 9. | ചെങ്കദളി (2000 എണ്ണം) | 5,000 | 6,000 | 5,500 | 6,600 |
| 10. | പയറു വർഗ്ഗങ്ങൾ, എണ്ണ കുരുക്കൾ | 6,000 | 6,500 | 6,600 | 7,150 |
| 11. | കൈതചക്ക | 6,000 | 6,500 | 6,600 | 7,150 |
| 12. | ഇഞ്ചി, മഞ്ഞൾ | 6,000 | 6,500 | 6,600 | 7,150 |
| 13. | കൂവ | 5,000 | 5,500 | 5,500 | 6,050 |
| 14. | ചേന, ചേമ്പ്, കാച്ചിൽ | 5,000 | 5,500 | 5,500 | 6,050 |
| 15. | മധുരകിഴങ്ങ്, മറ്റു കിഴങ്ങ് വർഗ്ഗങ്ങൾ | 5,000 | 5,500 | 5,500 | 6,050 |
| 16. | കച്ചോലം | | 6,500 | | 7,150 |
| ***ഔഷധ സസ്യങ്ങൾ (വാർഷിക വിള)*** | | | | | |
| 17. | ബ്രഹ്മി | | 5,000 | | 5,500 |
| 18. | ചിറ്റരത്ത | | 6,000 | | 6,600 |
| 19. | കോളിയസ് | | 5,000 | | 5,500 |
| 20. | കറ്റാർവാഴ | | 5,000 | | 5,500 |
| 21. | തിപ്പലി | | 5,500 | | 6,050 |
| 22. | തുളസി | | 3,000 | | 3,300 |
| 23. | ശതാവരി | | 5,000 | | 5,500 |
| ***ഔഷധ സസ്യങ്ങൾ (ബഹുവർഷ വിള)*** | | | | | |
| 24. | പട്ട | | 6,500 | | 7,150 |

| | | | | | |
|---|---|---|---|---|---|
| 25. | ഇഞ്ചിപ്പുല്ല് | | 4,000 | | 7,700 |
| 26. | ആടലോടകം | | 7,000 | | 7,700 |
| 27. | കിരിയാത്ത് | | 4,000 | | 4,400 |
| 28. | പുത്തരിചുണ്ട | | 4,000 | | 4,400 |
| 29. | നീല അമരി | | 4,000 | | 4,400 |
| 30. | തീറ്റപ്പുല്ല് | | 4,000 | | 4,400 |
| 31. | വെറ്റില<br>5 സെന്റിന്<br>10 സെന്റിന് | | <br>450<br>500 | | <br>495<br>550 |
| 32. | മൾബറി | | 500 | | 550 |
| 33. | കരിമ്പ് | 7,000 | 7,500 | 8,000 | 8,500 |

## കുടുംബശ്രീ - ഭക്ഷ്യ സുരക്ഷാ ഭവനം

''ഭക്ഷ്യസുരക്ഷയ്ക്ക് എന്റെ കൃഷി'' എന്ന ആശയം കുടുംബശ്രീ കൂട്ടായ്മയിലൂടെ എല്ലാ അയൽക്കൂട്ട ങ്ങളിലേയ്ക്കും എത്തിയ്ക്കുന്നതിനും അതുവഴി എല്ലാവരെയും തങ്ങൾക്ക് ആവശ്യമുള്ള പച്ചക്കറികൾ സ്വയം ഉല്പാദിപ്പിക്കുന്നതിന് പ്രാപ്തരാക്കുക യുമാണ് പ്രധാനമായും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 25 സെന്റ് വരെ കൃഷി ചെയ്യുന്ന ഗ്രൂപ്പുകളോ, ഗ്രോബാഗുകളിൽ ചെറിയ അളവിൽ കൃഷി ചെയ്യുന്നവരുടെ ഗ്രൂപ്പുകളായിട്ടോ ആയിരിക്കും ഈ പ്രവർത്തനം സംഘടിപ്പിക്കുക.

## കുടുംബശ്രീ - മൃഗസംരക്ഷണ മേഖല സി.ഐ.ജി (കോമൺ ഇന്ററസ്റ്റ് ഗ്രൂപ്പ്)

മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ ആളുകളിലേയ്ക്ക് എത്തിക്കുന്നതിനും മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ചെറുകിട സംരംഭകരെ ഏകോപിപ്പിക്കുന്നതിനും പദ്ധതി നടത്തിപ്പിനാവശ്യമായ സാമ്പത്തിക സഹായം നൽകുകയുമാണ് Support for Animal Husbandry Initiatives (SAHI) എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ നിലവിൽ അയൽക്കൂട്ടാംഗങ്ങളും രണ്ട് കറവ പശുക്കളുമുള്ള കർഷകരെ ഗ്രൂപ്പുകളാക്കി അവർക്ക് ആവശ്യമായ പ്രവർത്തന ഫണ്ട് കുറഞ്ഞ പലിശ നിരക്കിൽ കുടുംബശ്രീ സംഘടനാസംവിധാനത്തിലൂടെ നൽകുകയുമാണ് ചെയ്യുന്നത്.

1. ഒരു വാർഡിലെ ഒരു അയൽക്കൂട്ടത്തിൽ നിന്നോ ഒന്നിലധികം അയൽക്കൂട്ടങ്ങളിൽ നിന്നോ ഉള്ള 5 അംഗങ്ങളെ ഉൾപ്പെടുത്തിയാണ് കോമൺ ഇന്ററസ്റ്റ് ഗ്രൂപ്പ് (സിഐജി) രൂപീകരിക്കേണ്ടത്.
2. തെരഞ്ഞെടുക്കപ്പെടുന്ന 5 അംഗങ്ങൾ കുറ ഞ്ഞത് 2 വർഷമെങ്കിലും പശുവളർത്തൽ മേഖ ലയിൽ പ്രവൃത്തിപരിചയമുള്ളവരും 2 കറവപ്പശുവെങ്കിലും ഉള്ളവരുമാകണം.
3. അംഗങ്ങൾ കുടുംബശ്രീ വഴി നടപ്പിലാക്കുന്ന ക്ഷീരസാഗരം ഗുണഭോക്താക്കളാണെങ്കിൽ ഇവർ ബാങ്ക് ലോൺ അടവ് പൂർത്തീകരിച്ചവ രാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
4. സിഐജി ഗ്രൂപ്പുകൾ അതാത് സിഡിഎസിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കണം. രജിസ്ട്രേ ഷൻ ഫീസ് 100/- രൂപയായിരിക്കും. വർഷം തോറും അഫിലിയേഷൻ നിർബന്ധമാണ് അഫി ലിയേഷൻ ഫീസ് 100/- രൂപയാണ്. .
5. സിഐജി രൂപീകരണത്തിന് ശേഷം ഗ്രൂപ്പിന്റെ പ്രസിഡന്റ്, സെക്രട്ടറിയെ തെരഞ്ഞെ ടുക്കേണ്ടതും ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതു മാണ്.
6. സിഐജി ഗ്രൂപ്പുകൾക്ക് കുടുംബശ്രീ മിഷന്റെ സിഐഎഫ് ധനസഹായത്തിന് അർഹരാണ്. ഒരു ഗ്രൂപ്പിന് 1,00,000/- രൂപയാണ് സിഐ എഫായി അനുദിക്കാവുന്നത്. ലോൺ തിരിച്ചടവ് കാലാവധി 12 മാസവും പലിശ നിരക്ക് 4% വുമാണ്.

7. ആദ്യഘട്ടത്തിൽ 2017-18 സാമ്പത്തികവർഷത്തിൽ തെരഞ്ഞെടുത്ത 100 സി.ഡി.എസ്സുകളിൽ മാത്രമാണ് ഈ പദ്ധതി നടപ്പിലാക്കുക.

*ഭക്ഷ്യസുരക്ഷയ്ക്ക് എന്റെ കൃഷി എന്ന ആശയം അയൽക്കൂട്ടത്തിൽ ചർച്ച ചെയ്ത് പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.*

## 3. കുടുംബശ്രീ മൈക്രോ സംരംഭങ്ങൾ

**1. കുടുംബശ്രീ മൈക്രോ സംരംഭങ്ങൾ**

അയൽക്കൂട്ട കുടുംബാംഗങ്ങളുടെ അഭിരുചി, കഴിവ്, താത്പര്യം തുടങ്ങിയ അടിസ്ഥാന സമീപനങ്ങളെ ആശ്രയിച്ച് വരുമാനദായക പ്രവർത്തനങ്ങൾ ആരംഭിക്കുന്ന അംഗങ്ങൾക്ക് പ്രോത്സാഹനവും, പരിശീലനവും, സാമ്പത്തിക സഹായവും കുടുംബശ്രീയിൽ നിന്നും നല്കുന്നു. ഉത്പാദന മേഖലയിലും, സേവന മേഖലയിലുമായി ധാരാളം അംഗങ്ങൾക്ക് വരുമാനമുണ്ടാക്കാൻ ഈ പദ്ധതി സഹായകരമായിട്ടുണ്ട്.

**2. മൈക്രോ സംരംഭങ്ങളുടെ സവിശേഷതകൾ**

- 5000 രൂപ മുതൽ 10,00,000 രൂപ വരെ മുടക്കുമുതൽ
- വ്യക്തിഗതമായോ, ഗ്രൂപ്പായോ, ദാരിദ്ര രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽപ്പെട്ട സംരംഭകർ
- സംരംഭകർക്ക്/സംരംഭകന് എല്ലാ ചിലവുകളും കഴിഞ്ഞ് പ്രതിമാസം 15,000/- രൂപ ഏങ്കിലും അധികവരുമാനം ലഭിക്കണം.
- പ്രതിവർഷം ഒരു ലക്ഷം രൂപ മുതൽ 5 ലക്ഷം രൂപ വരെ വിറ്റ് വരവ് ലക്ഷ്യമിടുന്നു.
- ഉടമ-മാനേജർ-തൊഴിലാളി എന്നിവർ ഒന്നു തന്നെ ആയിരിക്കും.

### വിവിധ മൈക്രോ സംരംഭ പദ്ധതികൾ

**1. ഗ്രാമീണ ചെറുകിട സൂക്ഷ്മ സംരംഭ പദ്ധതി (ആർ.എം.ഇ)**

**ഗുണഭോക്താക്കൾ**

- കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങൾ
- നിലവിൽ ലിങ്കേജ് വായ്പയിലൂടെയോ ആന്തരിക വായ്പയിലൂടെയോ സംരംഭം ചെയ്തുകൊണ്ടിരിക്കുന്ന കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങൾക്ക് സംരംഭം വിപുലപ്പെടുത്തുന്നതിന്
- ഡിഡിയുജികെവൈ പദ്ധതി പ്രകാരം തൊഴിൽ ലഭ്യമാകാത്ത കുടുംബശ്രീ അയൽക്കൂട്ട വനിതകൾ

**മാനദണ്ഡങ്ങൾ**

- 18 - 60 വയസ്സ് പ്രായപരിധിയുള്ള വനിതകൾ (60 വയസ്സിനു മുകളിൽ പ്രായമുള്ള വനിതകൾ ആണെങ്കിൽ സംരംഭം നടത്തുന്നതിനുള്ള കഴിവും അഭിരുചിയും ഉണ്ടെന്ന് ജില്ലാമിഷന് ബോധ്യപ്പെടുന്ന പക്ഷം അപേക്ഷ പ്രത്യേകമായി പരിഗണിക്കാവുന്നതാണ്.)
- കുടുംബശ്രീ മിഷൻ നേരിട്ടോ, വിവിധ ഏജൻസികൾ മുഖേനയോ നടത്തുന്ന വിവിധ വൈദഗ്ദ്ധ്യ വികസന പരിപാടികളിലും, ഇഡിപി, പെർഫോർമൻസ് ഇൻപ്രൂവെമെന്റ് പ്രോഗ്രാമുകളിലും പങ്കെടുക്കാൻ സന്നദ്ധതയുള്ളവരായിരിക്കണം.
- അയൽക്കൂട്ടത്തിൽ അംഗത്വം നേടി കുറഞ്ഞത് 6 മാസമെങ്കിലും പൂർത്തീകരിച്ചിരിക്കണം.
- സംരംഭ രൂപീകരണത്തിനുള്ള തൽപരതയുള്ളവരായിരിക്കണം
- കുടുംബശ്രീ ആർ.എം.ഇ പദ്ധതി - മാർഗ്ഗനിർദേശ പ്രകാരം സംരംഭം നടത്താൻ സന്നദ്ധതയുള്ളവരായിരിക്കണം.

**പ്രോജക്ട് - പദ്ധതി തുക**

- വ്യക്തിഗത സംരംഭം - 50,000/- രൂപ മുതൽ 2.5 ലക്ഷം രൂപ വരെ. രണ്ടര ലക്ഷം രൂപ വരെയുള്ള തുകയുടെ പലിശയ്ക്കു സമാനമായി പലിശ സബ്സിഡി ലഭിക്കും
- ഗ്രൂപ്പ് സംരംഭം - പരമാവധി 10 ലക്ഷം രൂപ വരെ. ഗ്രൂപ്പ് സംരംഭത്തിന്റെ പദ്ധതി തുക 10 ലക്ഷം രൂപയിൽ അധികരിക്കുകയാണെങ്കിൽ സംരംഭത്തിന്റെ ആവശ്യകത പരിഗണിച്ച് ജില്ലാ മിഷന് സംസ്ഥാന മിഷനിലേക്ക് ശുപാർശ ചെയ്യാവുന്നതാണ്. എന്നാൽ 10 ലക്ഷം രൂപവരെ മാത്രമേ പലിശ സബ്സിഡി ലഭിക്കുകയുള്ളു.

**2. യുവശ്രീ പദ്ധതി (50 കെ)**

അഭ്യസ്തവിദ്യരായ യുവതി യുവാക്കൾക്ക് 50,000 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയെന്ന ഉദ്ദേശ

ത്തോടു കൂടി ആവിഷ്കരിച്ച പദ്ധതിയാണിത്. കുടുംബശ്രീയിലെ മറ്റു ചെറുകിട സൂക്ഷ്മ സംരംഭങ്ങളെപ്പോലെ തന്നെയാണ് പലിശ സബ്സിഡിയും മറ്റു അനുകൂല്യങ്ങളും.

സ്ത്രീകൾ മാത്രമോ, പുരുഷന്മാർ മാത്രമോ, പുരുഷന്മാരും സ്ത്രീകളും കൂടിചേർന്നോ യൂണിറ്റുകൾ ആരംഭിക്കാം. പുരുഷന്മാർ നേരിട്ട് അയൽക്കൂട്ടത്തിൽ ഇല്ലെങ്കിലും, അവരുടെ കുടുംബാംഗങ്ങൾ അയൽക്കൂട്ടത്തിൽ ഉണ്ടായിരിക്കേണ്ടതാണ്. പ്രസ്തുത അംഗം അയൽക്കൂട്ടത്തിൽ അംഗത്വം നേടി കുറഞ്ഞത് 06 മാസമെങ്കിലും പൂർത്തീകരിച്ചിരിക്കണം.

- 18-നും 45 നും ഇടയ്ക്ക് പ്രായം
- അയൽക്കൂട്ട കുടുംബാംഗങ്ങൾ (സ്ത്രീ/പുരുഷൻ/മിക്സഡ് ഗ്രൂപ്പ്)
- വ്യക്തിഗതം/ ഗ്രൂപ്പ് ആകാം
- കുടുംബശ്രീ മിഷൻ നേരിട്ടോ, വിവിധ ഏജൻസികൾ മുഖേനയോ നടത്തുന്ന വിവിധ വൈദഗ്ദ്ധ്യ വികസന പരിപാടികളിലും, ഇഡിപി, പെർഫോർമൻസ് ഇൻപ്രൂവെമെന്റ് പ്രോഗ്രാമുകളിലും പങ്കെടുക്കാൻ സന്നദ്ധത ഉള്ളവരായിരിക്കണം.

## കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾക്കായുള്ള വിവിധ സാമ്പത്തിക സഹായങ്ങൾ

### 1. റിവോൾവിംഗ് ഫണ്ട്

**യോഗ്യതാ മാനദണ്ഡം:**

- കുടുംബശ്രീയുടെ ഗ്രാമീണ സൂക്ഷ്മ സംരംഭ വികസന പദ്ധതി (ആർ.എം.ഇ) പ്രകാരമോ, യുവശ്രീ പദ്ധതി പ്രകാരമോ ആരംഭിച്ച വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾ
- പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട്, ലിങ്കേജ് വായ്പ, കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന ഫണ്ട് ലഭ്യമാക്കി ആരംഭിച്ചതും, റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കിയിട്ടില്ലാത്തതും, എല്ലാം കുടുംബശ്രീ അംഗങ്ങൾ ആയിട്ടുള്ളതുമായ സംരംഭങ്ങൾ.

**വ്യവസ്ഥകൾ**

- ഉല്പാദന - സേവന മേഖലയിലുള്ള വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾക്ക് പ്രവർത്തനമാരംഭിച്ച് 06 മാസക്കാലമായത് (ബാങ്ക് ലോൺ അല്ലെങ്കിൽ ബന്ധപ്പെട്ട പദ്ധതി പ്രകാരമുള്ള സർക്കാർ ധനസഹായം ലഭിച്ച തീയതിയുടെ അടിസ്ഥാനത്തിലായിരിക്കും 06 മാസക്കാലയളവ് കണക്കാക്കപ്പെടുന്നത്).
- നിലവിലുള്ള സംരംഭമാണെങ്കിൽ റിവോൾവിംഗ് ഫണ്ട് നൽകുന്ന സമയത്ത് നിലവിലുള്ള അംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി മാത്രമേ റിവോൾവിംഗ് ഫണ്ട് നൽകുകയുള്ളു.
- ഒരു സംരംഭത്തിന് (വ്യക്തിഗതം/ഗ്രൂപ്പ്) ഒറ്റതവണ മാത്രമേ റിവോൾവിംഗ് ഫണ്ടിന് അർഹതയുണ്ടായിരിക്കുകയുള്ളു

**ധനസഹായം**

- മേൽപ്രതിപാദിച്ച സാഹചര്യത്തിൽ റിവോൾവിംഗ് ഫണ്ടിന് അർഹതയുള്ള സംരംഭം/സംരംഭ കൂട്ടായ്മകൾക്ക് ആവശ്യമായി വരുന്ന പ്രവർത്തന മൂലധനത്തിന് മാത്രമാണ് റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നത്.
- ഗ്രൂപ്പ് സംരംഭം: നിലവിലുള്ള സംരംഭത്തിന്റെ യഥാർത്ഥ പ്രോജക്ട് റിപ്പോർട്ട് അനുസരിച്ചുള്ള തുകയുടെ 40% പരമാവധി ഒരു ഗ്രൂപ്പിന് 40000/- രൂപയാണ് (ഏതാണോ കുറവ്) റിവോൾവിംഗ് ഫണ്ടായി അനുവദിക്കുന്നത്.
- വ്യക്തിഗത സംരംഭം: നിലവിലുള്ള സംരംഭത്തിന്റെ യഥാർത്ഥ പ്രോജക്ട് റിപ്പോർട്ട് അനുസരിച്ചുള്ള തുകയുടെ 20% പരമാവധി 10000/- രൂപയാണ് (ഏതാണോ കുറവ്) റിവോൾവിംഗ് ഫണ്ടായി അനുവദിക്കുന്നത്.

### 2. ഇന്നവേഷൻ ഫണ്ട്

- നൂതന ആശയ സംരംഭങ്ങൾക്ക് സബ്സിഡിയോടൊപ്പം ഇന്നവേഷൻ ഫണ്ട് ലഭ്യമാക്കാം.
- നിലവിലുള്ള സംരംഭമാണെങ്കിൽ നൂതനമായ മാറ്റങ്ങൾ വരുത്തുന്നതിന് (കുറഞ്ഞത് ഒരു വർഷക്കാലമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവയ്ക്ക്).
- ഒരു സംരംഭത്തിന് (വ്യക്തിഗതം/ഗ്രൂപ്പ്) ഒറ്റതവണ മാത്രമേ ഇന്നവേഷൻ ഫണ്ടിന് അർഹതയുണ്ടായിരിക്കുകയുള്ളു.

**യോഗ്യതാ മാനദണ്ഡം**

- കുടുംബശ്രീയുടെ ഗ്രാമീണ സൂക്ഷ്മ സംരംഭ വികസന പദ്ധതി (ആർ.എം.ഇ) പ്രകാരമോ,

യുവശ്രീ പദ്ധതി പ്രകാരമോ ആരംഭിച്ച/ വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾ

- പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട്, ലിങ്കേജ് വായ്പ, കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന ഫണ്ട് ലഭ്യമാക്കി ആരംഭിച്ചതും കുടുംബശ്രീ അംഗങ്ങൾ നടത്തുന്നതുമായ സംരംഭങ്ങൾ.

**ധനസഹായം**

പുതിയ സംരംഭമാണെങ്കിൽ സബ്സിഡിയും ഇന്നവേഷൻ ഫണ്ടും ഉൾപ്പെടെ മൊത്തം പ്രോജക്ട് തുകയുടെ 50% ൽ അധികരിക്കാൻ പാടുള്ളതല്ല. നിലവിലുള്ള സംരംഭമാണെങ്കിൽ പ്രോജക്ടിൽ വരുത്താൻ ഉദ്ദേശിക്കുന്ന നൂതനമായ മാറ്റങ്ങൾക്ക് ആവശ്യമായ തുകയുടെ 40% (ഒരു കുടുംബത്തിന് 35,000/- രൂപ, ആകെ 3,50,000/-രൂപ എന്നീ പരിധികൾക്ക് വിധേയമായി) ഇന്നവേഷൻ ഫണ്ട് അനുവദിക്കുന്നതാണ്. ഇതിനുപുറമേ വേണ്ടിവരുന്ന തുക ബാങ്ക് വായ്പ, ഗുണഭോക്തൃ വിഹിതം, മറ്റു ധനസ്രോതസ്സുകൾ തുടങ്ങിയവയിലൂടെ കണ്ടെത്തേണ്ടതാണ്.

**3. ടെക്നോളജി ഫണ്ട്**

**വ്യവസ്ഥകൾ**

- നിലവിലുള്ളതും, കഴിഞ്ഞ ആറു മാസക്കാലമായി വിജയകരമായി പ്രവർത്തിച്ചു വരുന്നതും എന്നാൽ ടെക്നോളജി ഫണ്ട് ലഭ്യമാക്കാത്തതുമായ സംരംഭങ്ങൾ (ബാങ്ക് വായ്പ അല്ലെങ്കിൽ ബന്ധപ്പെട്ട പദ്ധതി പ്രകാരമുള്ള സർക്കാർ ധനസഹായം ലഭിച്ച തീയതിയുടെ അടിസ്ഥാനത്തിലായിരിക്കും മൂന്നു വർഷക്കാലയളവ് കണക്കാക്കുന്നത്)
- നിലവിൽ പ്രവർത്തിച്ചു വരുന്ന ഗ്രൂപ്പ് സംരംഭം ആണെങ്കിൽ, ടെക്നോളജി ഫണ്ടിന് അപേക്ഷ നല്കുന്ന സമയത്ത് ഗ്രൂപ്പ് രൂപീകരണ സമയത്തുണ്ടായിരുന്ന അത്രയും അംഗങ്ങൾ നിലവിലില്ലെങ്കിൽ, നിലവിലുള്ള അംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി മാത്രമെ ധനസഹായം അനുവദിക്കുകയുള്ളു. (കുറഞ്ഞത് മൂന്നു അംഗങ്ങളെങ്കിലും ഗ്രൂപ്പിൽ സജീവമായി ഉണ്ടായിരിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി).
- ഉത്പാദന/സേവന മേഖലയിലെ വ്യക്തിഗത/ ഗ്രൂപ്പ് സംരംഭങ്ങൾ
- ഒരു സംരംഭത്തിന് ടെക്നോളജി ഫണ്ടിന് ഒറ്റ തവണ മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളു.

**ധനസഹായം**

സംരംഭം വാങ്ങാൻ ഉദ്ദേശിക്കുന്ന സാങ്കേതിക വിദ്യ, യന്ത്ര സാമഗ്രികൾ, അനുബന്ധ ഉപകരണങ്ങൾ (ഭൂമി, കെട്ടിടം ഒഴികെ) എന്നിവയുടെ ചെലവിന്റെ 40% (ഒരു സംരംഭകയ്ക്ക് (ന്) 50,000/- രൂപ എന്ന നിരക്കിൽ സംരംഭകരുടെ എണ്ണത്തിന് ആനുപാതിക മായി പരമാവധി 5,00,000/-രൂപ എന്നീ പരിധികൾക്ക് വിധേയമായി) ടെക്നോളജി ഫണ്ട് അനുവദിക്കാവു ന്നതാണ്. ഇതിനുപുറമേ വേണ്ടിവരുന്ന തുക ബാങ്ക് വായ്പ, ഗുണഭോക്തൃ വിഹിതം, മറ്റു ധനസ്രോത സ്സുകൾ തുടങ്ങിയവയിലൂടെ കണ്ടെത്തേണ്ടതാണ്.

**4. ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്**

പ്രതിസന്ധി നേരിടുന്ന സൂക്ഷ്മ സംരംഭങ്ങൾക്ക് പലിശ രഹിത ഹ്രസ്വകാല വായ്പ പ്രധാനം ചെയ്യുകയാണ് ക്രൈസിസ് മാനേജ്മെന്റ് ഫണ്ടിലൂടെ പ്രധാനമായി ലക്ഷ്യമിടുന്നത്. സംരംഭങ്ങൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് ലഭിക്കുന്നതിന് അർഹതയുണ്ട്. വ്യക്തിഗത സംരംഭങ്ങൾക്ക് രണ്ട് ലക്ഷം രൂപയും ഗ്രൂപ്പ് സംരംഭങ്ങൾക്ക് മൂന്നര ലക്ഷം രൂപയും അനുവദിക്കുന്നതാണ്. ഇപ്രകാരം അനുവദിക്കുന്ന തുക ആറ് മാസത്തിനകം ജില്ലാ മിഷനിൽ തിരിച്ചടയ്ക്കണം.

**5. രണ്ടാം ഘട്ട ധനസഹായം**

**വ്യവസ്ഥകൾ**

- നിലവിലുള്ളതും എന്നാൽ കുറഞ്ഞത് മൂന്നു വർഷക്കാലമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതുമായ സംരംഭങ്ങൾക്ക് തങ്ങളുടെ സംരംഭ മേഖല വിപുലപ്പെടുത്തുന്നതിനും കൂടുതൽ ഉത്പന്നങ്ങൾ/സേവനങ്ങൾ ലഭ്യമാക്കുന്നതിനും
- മൂന്നു വർഷത്തിലേറെ കാലമായി പ്രവർത്തിച്ചു വരുന്നതും എന്നാൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, വിപണിയിലുണ്ടായ അപ്രതീക്ഷിതമായ ഇടിവ് തുടങ്ങി സംരംഭകരുടെ നിയന്ത്രണത്തിനു വിധേയമല്ലാത്ത കാരണങ്ങളാൽ പ്രതിസന്ധി നേരിടുന്നതുമായ സംരംഭങ്ങൾക്ക് വിജയസാദ്ധ്യതയുള്ള നൂതന മേഖലകളിലേയ്ക്ക് സംരംഭം മാററുന്നതിനും

- ഒരു സംരംഭത്തിന് (വ്യക്തിഗതം/ഗ്രൂപ്പ്) ഒറ്റതവണ മാത്രമേ രണ്ടാംഘട്ട ധനസഹായ ത്തിന് അർഹത ഉണ്ടായിരി ക്കുകയുള്ളു.

**ധനസഹായം**

- പുതിയ പ്രോജക്ടിന്റെ പദ്ധതി തുകയുടെ 40% (ഒരു സംരംഭകയ്ക്ക് (ന്) 50,000/- രൂപ എന്ന നിരക്കിൽ സംരംഭകരുടെ എണ്ണത്തിന് ആനുപാതികമായി പരമാവധി 5,00,000/-രൂപ എന്നീ പരിധികൾക്ക് വിധേയമായി) രണ്ടാം ഘട്ട ധനസഹായം അനുവദിക്കുന്നതാണ്. ഇതിനു പുറമേ വേണ്ടിവരുന്ന തുക ബാങ്ക് വായ്പ, ഗുണഭോക്തൃ വിഹിതം, മറ്റു ധനസ്രോതസ്സുകൾ തുടങ്ങിയവയിലൂടെ കണ്ടെത്തേണ്ടതാണ്.
- പുതുതായി തയ്യാറാക്കുന്ന പ്രോജക്ടിന്റെ പദ്ധതി തുക വ്യക്തിഗത സംരംഭം ആണെങ്കിൽ 2,00,000/- രൂപയും ഗ്രൂപ്പ് സംരംഭമാണെങ്കിൽ 12,00,000/- രൂപയും അധികരിക്കാൻ പാടുള്ളതല്ല.

**6. ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്**

നിലവിലുള്ള സാങ്കേതിക വിദ്യയും യന്ത്ര സാമഗ്രികളും ഉപകരണങ്ങളും മെച്ചപ്പെടുത്തുന്ന തിനും നാളതീകരിക്കുന്നതിനും

**വ്യവസ്ഥകൾ**

- നിലവിലുള്ളതും എന്നാൽ കഴിഞ്ഞ മൂന്നു വർഷക്കാലമായി വിജയകരമായി പ്രവർത്തിച്ചു വരുന്നതുമായ സംരംഭങ്ങൾ (ബാങ്ക് വായ്പ അല്ലെങ്കിൽ ബന്ധപ്പെട്ട പദ്ധതി പ്രകാരമുള്ള സർക്കാർ ധനസഹായം ലഭിച്ച തീയതിയുടെ അടിസ്ഥാനത്തിലായിരിക്കും മൂന്നു വർഷക്കാലയളവ് കണക്കാക്കുന്നത്)
- നിലവിൽ പ്രവർത്തിച്ചു വരുന്ന ഗ്രൂപ്പ് സംരംഭം ആണെങ്കിൽ, ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ടിന് അപേക്ഷ നല്കുന്ന സമയത്ത് ഗ്രൂപ്പ് രൂപീകരണ സമയത്തുണ്ടായിരുന്ന അത്രയും അംഗങ്ങൾ നിലവിലില്ലെങ്കിൽ, നിലവിലുള്ള അംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി മാത്രമെ ധനസഹായം അനുവദിക്കുകയുള്ളു. (കുറഞ്ഞത് മൂന്നു അംഗങ്ങളെങ്കിലും ഗ്രൂപ്പിൽ സജീവമായി ഉണ്ടായിരിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി).
- ഒരു സംരംഭത്തിന് ടെക്നോളജി അപ്പ്ഗ്രഡേ ഷൻ ഫണ്ട് ഒരിക്കൽ നൽകിയാൽ കുറഞ്ഞത് 5 വർഷക്കാലയളവിനുള്ളിൽ വീണ്ടും അപേക്ഷിക്കാൻ അർഹതയുണ്ടായിരി ക്കുകയില്ല.

**ധനസഹായം**

- സംരംഭം മെച്ചപ്പെടുത്തുന്നതിന് വാങ്ങാൻ ഉദ്ദേശിക്കുന്ന സാങ്കേതിക വിദ്യ, യന്ത്ര സാമഗ്രികൾ, അനുബന്ധ ഉപകരണങ്ങൾ (ഭൂമി, കെട്ടിടം ഒഴികെ) എന്നിവയുടെ ചെലവിന്റെ 40% (ഒരു സംരംഭകയ്ക്ക് (ന്) 50,000/- രൂപ എന്ന നിരക്കിൽ സംരംഭകരുടെ എണ്ണത്തിന് ആനുപാതികമായി പരമാവധി 5,00,000/-രൂപ എന്നീ പരിധികൾക്ക് വിധേയമായി) ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ടായി അനുവദിക്കാവുന്നതാണ്. ഇതിനുപുറമേ വേണ്ടിവരുന്ന തുക ബാങ്ക് വായ്പ, ഗുണഭോക്തൃ വിഹിതം, മറ്റു ധനസ്രോ തസ്സുകൾ തുടങ്ങിയവയിലൂടെ കണ്ടെത്തേ ണ്ടതാണ്.

**7. കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട് (സി.ഇ.എഫ്.)**

ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ കീഴിൽ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപ്രദേശങ്ങളിലെ കുടുംബശ്രീ സംരംഭകർക്ക് (വ്യക്കിഗതം/ഗ്രൂപ്പ്) നിലവിലുള്ള കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് പരിഷ്കരിച്ച് സി.ഇ.എഫ് ആയി നൽകുന്നു. ലഘു സംരംഭങ്ങളുമായി ബന്ധപ്പെട്ട ഉപജീവന ആവശ്യങ്ങൾക്കു മാത്രമായി തുക വായ്പയായി ലഭ്യമാക്കുന്നു.

ലഘു സംരംഭങ്ങൾക്ക് എളുപ്പത്തിൽ സംരംഭവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് മിതമായ പലിശ നിരക്കിൽ പണം വായ്പയായി ലഭിക്കുന്നുവെന്നതും സാമൂഹ്യ സംവിധാനത്തിനുള്ളിൽ നിന്നു തന്നെ വായ്പ എടുക്കുവാനും, കൃത്യമായി തിരിച്ചടയ്ക്കു വാനുമുള്ള സാമ്പത്തിക അച്ചടക്കം സംരംഭകർക്ക് ശീലമാകുന്നുവെന്നതും അയൽക്കൂട്ടം, എഡിഎസ്, സിഡിഎസ് തുടങ്ങിയ സാമൂഹ്യ സ്ഥാപനങ്ങൾ പണം ക്രയവിക്രയം ചെയ്യുന്നതിലും പദ്ധതി നടത്തിപ്പിലും മികവ് പ്രാപിക്കുന്നുവെന്നതുമാണ് ഈ പദ്ധതിയുടെ പ്രത്യേകത.

- നിലവിലുള്ള സംരംഭങ്ങളുടെ വിപുലീകരണത്തിന് ആവശ്യമായ മൂലധന സാമഗ്രികളുടെ സമാഹരണവും, പ്രവർത്തന മൂലധന സമാഹരണവും
- കൃഷി അനുബന്ധ/കാർഷികേതര സംരംഭങ്ങൾക്ക് ആവശ്യമായ മൂലധനം
- വ്യക്തിഗത സംരംഭങ്ങൾക്ക് പരമാവധി 50,000/- രൂപയും ഗ്രൂപ്പ് സംരംഭങ്ങൾക്ക് പരമാവധി 1,50,000/- രൂപയും
- സംരംഭകർക്ക് ലഭിക്കുന്ന വായ്പ ഒരുകാരണവശാലും 4% വാർഷിക പലിശയിൽ കൂടാൻ പാടുള്ളതല്ല. തിരിച്ചടവ് കാലാവധി പരമാവധി 24 മാസമായിരിക്കും .
- സംരംഭങ്ങളിൽ നിന്നും ലഭിക്കുന്ന പലിശ അയൽക്കൂട്ടം, എ.ഡി.എസ്., സി.ഡി.എസ്. എന്നിവർക്ക് 10%, 15%, 75% എന്ന നിരക്കിൽ ഭാഗിക്കുന്നതാണ്.
- അപേക്ഷ അയൽക്കൂട്ടം അംഗീകരിച്ച് എ.ഡി.എസ്സിനും എ.ഡി.എസ്. അംഗീകരിച്ച് സി.ഡി.എസ്സിനും നൽകണം.
- ആരംഭിച്ച് ആറു മാസമെങ്കിലും പൂർത്തിയാക്കിയ സംരംഭങ്ങൾക്ക് അപേക്ഷിക്കാം.

(ജില്ലയിലെ തെരഞ്ഞെടുത്ത മികച്ച സി.ഡി.എസ്സുകൾക്കാണ് ഈ തുക അനുവദിച്ചിട്ടുള്ളത്).

### വിപണനത്തിനുള്ള നൂതന പദ്ധതികൾ

വിപണന സംവിധാനം രൂപം കൊടുക്കുന്നതിന്റെ ഭാഗമായി, ഹ്രസ്വ കാലാടിസ്ഥാനത്തിലുള്ള പരിപാടിയെന്ന നിലയിൽ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും കുടുംബശ്രീ മാസച്ചന്തകൾ, പ്രത്യേക ചന്തകൾ (ഓണം, ക്രിസ്മസ്, റംസാൻ) നടന്നുവരുന്നു. ചില്ലറ വിൽപ്പന രംഗത്തുൾപ്പെടെ കുത്തകകൾ ആധിപത്യം സ്ഥാപിക്കുമ്പോൾ കുടുംബശ്രീ മാസച്ചന്തകൾ അർത്ഥവത്തായ വിപണി ഇടപെടലാണ് മാസച്ചന്തകളിലൂടെ നടത്തിക്കൊണ്ടി രിക്കുന്നത്. ഹോം ഷോപ്പ്, വിപണന മേളകൾ, ഐ.ഐ.ടി.എഫ്., റീട്ടെയിൽ ഷോപ്പുകൾ, ഫുഡ് ഫെസ്റ്റുകൾ എന്നിവയൊക്കെ വിപണനത്തെ സഹായിക്കുന്നതിനുള്ള മറ്റു പിന്തുണകളാണ്.

### സൂക്ഷ്മ സംരംഭ കൺസൾട്ടന്റ് (എം.ഇ.സി)

കുടുംബശ്രീ കുടുംബങ്ങളിൽ നിന്നും അനുയോജ്യരായവരെ കണ്ടെത്തി പരിശീലിപ്പിച്ച് സംരംഭ വികസനത്തിന് പിന്തുണ കൊടുക്കുന്നു. മൈക്രോ സംരംഭങ്ങൾ തുടങ്ങാൻ താല്പര്യമുള്ള അയൽക്കൂട്ട അംഗങ്ങളെ /കുടുംബാംഗങ്ങളെ കണ്ടെത്തുക ഇവർക്ക് ആവശ്യമായ പ്രാഥമിക പരിശീലനങ്ങൾ ലഭിക്കുന്നതിനുള്ള അവസരമൊരുക്കുന്നു. സംരംഭകർക്ക് ആവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുകയും സാമ്പത്തിക സ്ഥാപനങ്ങളും വിവിധ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെടുത്തി സംരംഭങ്ങൾ തുടങ്ങുവാനുള്ള സഹായങ്ങളും ചെയ്തുകൊടുക്കുന്നു. സംരംഭം വിജകരമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള തുടർ പ്രവർത്തനങ്ങളും ഇവർ ചെയ്യുന്നു. സംരംഭകരിൽ നിന്നും വിവിധ സേവനങ്ങൾക്ക് കുടുംബശ്രീ മിഷൻ നിശ്ചയിച്ച ഫീസ് ഈടാക്കിയാണ് എംഇസിമാർ പ്രവർത്തിച്ചു വരുന്നത്.

## 4. ദീൻ ദയാൽ ഉപാദ്ധ്യായ – ഗ്രാമീൺ കൗശല്യ യോജന (ഡി.ഡി.യു. – ജി.കെ.വൈ.)

ദരിദ്ര കുടുംബങ്ങളിലെ യുവതി യുവാക്കൾക്ക് വേണ്ടി ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം) ആജീവികയുടെ കീഴിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ഡി.ഡി.യു.-ജി.കെ.വൈ. ഗുണഭോക്താക്കൾക്ക് അവരവരുടെ വിദ്യാഭ്യാസ യോഗ്യതക്കും അഭിരുചിക്കും ഉതകുന്ന പരിശീലനം നൽകി അവർക്ക് അർഹമായ തൊഴിൽ ഈ പദ്ധതിയിലൂടെ ഉറപ്പുവരുത്തുന്നു.

ഈ പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിലെ ദരിദ്ര കുടുംബങ്ങളിലെ 18 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളാണ് ഇതിന്റെ ഗുണഭോക്താക്കൾ. പ്രാക്തന ഗോത്ര വർഗ്ഗക്കാർ, ഭിന്നശേഷിയുള്ളവർ എന്നിവർക്ക് 45 വയസ്സുവരെ ഇളവ് അനുവദനീയമാണ്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ തൊഴിലുറപ്പ് പദ്ധതികളിൽ 35 തൊഴിൽ വീതം ഓരോ വർഷവും പൂർത്തിയാക്കിയവരെ ദാരിദ്ര്യ രേഖയ്ക്ക് താഴെ അല്ലെങ്കിലും പരിഗണിക്കുന്നതാണ്.

സംസ്ഥാനത്തെ വിദഗ്ധ പരിശീലന സ്ഥാപനങ്ങളുടെ സഹായത്തോടെ വിവിധ തൊഴിൽ ഉടമകളുമായി സഹകരിച്ചാണ് ഈ പദ്ധതി

നടപ്പാക്കുന്നത്. ഇതനുസരിച്ച് അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കമ്പനികൾ, തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനങ്ങൾ, സർക്കാർ - അർദ്ധ സർക്കാർ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയാകും ഈ പദ്ധതിയിലുൾപ്പെട്ട് കുടുംബശ്രീയുമായി സഹകരിച്ച് നൈപുണ്യ പരിശീലനം നൽകുന്നത്.

**1. ഗുണഭോക്താക്കളെ കണ്ടെത്തൽ**

കുടുംബശ്രീ നടത്തുന്ന മൊബിലൈസേഷൻ ക്യാമ്പയിൻ, സി.ഡി.എസിലെ നൈപുണ്യ രജിസ്റ്റർ, കുടുംബശ്രീ സംഘടനാ സംവിധാനം, മറ്റു മാർഗ്ഗങ്ങൾ എന്നിവയിലൂടെയാണ് ഗുണഭോക്താക്കളെ കണ്ടെത്തുന്നത്. താൽപര്യമുള്ള യുവതീയുവാക്കൾ കുടുംബശ്രീ സിഡിഎസ്സുകളുമായി ബന്ധപ്പെട്ട് ഈ പദ്ധതിയിൽ ചേരാവുന്നതാണ്.

**2. പരിശീലനം**

ഉദ്യോഗാർത്ഥികളുടെ അഭിരുചിക്കും കഴിവിനും പരിചയത്തിനും, ജോലി ചെയ്യാനുള്ള താല്പര്യത്തിനും അനുസരിച്ചുള്ള തൊഴിൽ മേഖലയിൽ ആയിരിക്കും ഡി.ഡി.യു.- ജി.കെ.വൈ. പരിശീലനം നൽകുക.

**3. പരിശീലന കാലാവധി**

- 3 മാസം - 576 മണിക്കൂർ - ശമ്പളം 6,000 രൂപ
- 6 മാസം - 1152 മണിക്കൂർ - ശമ്പളം 9,000 രൂപ
- 9 മാസം - 1728 മണിക്കൂർ - ശമ്പളം 12,000 രൂപ
- 12 മാസം - 2304 മണിക്കൂർ - ശമ്പളം 15,000 രൂപ

**4. സർട്ടിഫിക്കേഷൻ**

വിജയകരമായി കോഴ്സ് പൂർത്തീകരിക്കുന്നവർക്ക് എൻ.സി.വി.ടി/എസ്.എസ്.സി. തുടങ്ങിയ ദേശീയ സ്ഥാപനങ്ങളിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾ ലഭ്യമാകും.

**5. മറ്റ് സേവവനങ്ങൾ**

- 75 ശതമാനം ജോലി ഉറപ്പുവരുത്തുന്നു
- പരിശീലന കാലയളവിൽ യാത്ര, ഭക്ഷണം, താമസം, യൂണിഫോം എന്നിവ സൗജന്യമായിരിക്കും
- ജോലി ലഭിച്ചതിനുശേഷവും പിന്തുണ നൽകുന്നു.
- കൗൺസലിംഗ് ട്രാക്കിംഗ്
- മൈഗ്രേഷൻ സപ്പോർട്ട് സെന്റർ
- കോൾ സെന്ററുകൾ

**6. ജോബ് മേളകൾ**

വിവിധ തൊഴിൽ ദാതാക്കളെ ഒരേ കുടക്കീഴിൽ കൊണ്ടു വന്ന് ജോബ് മേളകൾ സംഘടിപ്പിക്കുക വഴി ഡി.ഡി.യു-ജി.കെ.വൈ. പദ്ധതിയുടെ വൈദഗ്ദ്ധ്യ പരിശീലനം ലഭിച്ച ഗുണഭോക്താക്കൾക്ക് അവരവരുടെ ആഗ്രഹത്തിനനുസരിച്ച് ജോലി തിരഞ്ഞെടുക്കുന്നതിന് അവസരം ലഭിക്കുന്നു.

**7. അലൂമനൈ സപ്പോർട്ട് (പൂർവ്വ വിദ്യാർത്ഥികളുടെ പിന്തുണ)**

ഡിഡിയു-ജികെവൈ പദ്ധതിയിലൂടെ ലഭിച്ച ജോലിയിൽ നിലനിൽക്കുന്നതിനും കൂടുതൽ മികച്ച ജോലി ലഭിക്കുന്നതിലേയ്ക്ക് ആവശ്യമായ തുടർപരിശീലനം നൽകുക, വിവിധ സംയോജന സാധ്യതകളെ കാര്യക്ഷമമായി ഉപയോഗിക്കുക, തൊഴിൽ ദാതാക്കളുടെ നെറ്റ് വർക്കിംഗിലൂടെ പുതിയ അവസരങ്ങൾ കണ്ടെണ്ടത്തുക, ക്രിയാത്മകമായ ചർച്ചകൾ സംഘടിപ്പിക്കുക എന്നിങ്ങനെ ഗുണഭോക്താക്കളുടെ മാനസീകവും, സാംസ്കാരികവും സാമൂഹ്യവുമായ ചുറ്റുപാട് ഉയർത്തുക എന്ന ലക്ഷ്യത്തോടെ ഈ പദ്ധതിയിൽ പഠിച്ചറങ്ങിയവരുടെ പിന്തുണ ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

*വിവിധ മൈക്രോ സംരംഭ പിന്തുണാ സഹായങ്ങളുടെ സവിശേഷതകൾ താരതമ്യം ചെയ്ത് പട്ടിക തയ്യാറാക്കുക.*

## 5. കുടുംബശ്രീ സാമൂഹ്യ ശാക്തീകരണം

***1. ആശ്രയ പദ്ധതി - അഗതി രഹിത കേരളം***

അടിസ്ഥാനപരമായ അവകാശങ്ങൾ നിഷേധിക്കപ്പെട്ട, നിരാലംബരും നിരാശ്രയരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ ഒരു വിഭാഗം ജനങ്ങളെ അഗതികൾ എന്ന് വിശേഷിപ്പിക്കാം. ഇവർക്ക് സാമൂഹ്യാധിഷ്ഠിത സംവിധാനത്തിലൂടെ സേവനങ്ങൾ എത്തിച്ചു കൊടുക്കുകയും, അതുവഴി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ കുടുംബശ്രീ മുഖേന ആവിഷ്കരിച്ച് തദ്ദേശഭരണസ്ഥാപനത്തിലൂടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ആശ്രയ.

ഗ്രാമ പഞ്ചായത്തിലും നഗരസഭകളിലും നിശ്ചയിക്കപ്പെട്ട ക്ലേശഘടകങ്ങൾ (7/9) ഉം പ്രത്യേക ക്ലേശഘടകങ്ങൾ (1/9) ഉം ബാധകമായ കുടുംബങ്ങളെ അയൽക്കൂട്ട സർവ്വെയിലൂടെ കണ്ടെത്തുന്നു.

ഗ്രാമ പഞ്ചായത്തിലും നഗരസഭകളിലും അഗതി ആശ്രയ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് പൂർണ്ണമായും ചുവടെ ചേർത്തിരിക്കുന്ന ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും. 09 ക്ലേശഘടകങ്ങളാണ് ഉള്ളത്. ഇവയിൽ 07 ക്ലേശഘടകങ്ങൾ ബാധകമാകുന്ന കുടുംബത്തെ മാത്രമേ പരിഗണിക്കാവൂ. എന്നാൽ ടി കുടുംബത്തെ അഗതി കുടുംബമായി പരിഗണിക്കണമെങ്കിൽ പ്രത്യേക ക്ലേശഘടകങ്ങളിൽ ഒരെണ്ണമെങ്കിലും കൂടി ബാധകമാകേണ്ടതുണ്ട്. ക്ലേശഘടകങ്ങൾ ബാധകമായ കുടുംബങ്ങളെ അയൽക്കൂട്ട സർവ്വെയിലൂടെയാണ് കണ്ടെത്തുന്നത്.

**ആശ്രയ ക്ലേശ ഘടകങ്ങൾ**

| ക്രമ നമ്പർ | ഗ്രാമപ്രദേശങ്ങൾ | നഗരപ്രദേശങ്ങൾ |
|---|---|---|
| 1 | ഭൂരഹിതർ/10 സെന്റിൽ താഴെ ഭൂമിയുള്ളവർ | ഭൂരഹിതർ / 5 സെന്റിൽ താഴെ ഭൂമിയുള്ളവർ |
| 2 | ഭവനരഹിതർ / ജീർണ്ണിച്ച വീട്ടിൽ താമസ്സിക്കുന്നവർ | ഭവനരഹിതർ / ജീർണ്ണിച്ച വീട്ടിൽ താമസ്സിക്കുന്നവർ |
| 3 | 100 മീറ്ററിനുള്ളിൽ കുടിവെള്ള സൗകര്യം ഇല്ല | 100 മീറ്ററിനുള്ളിൽ കുടിവെള്ള സൗകര്യം ഇല്ല |
| 4 | ശുചിത്വ കക്കൂസ് ഇല്ല | ശുചിത്വ കക്കൂസ് ഇല്ല |
| 5 | ജോലിയുള്ള ഒരാൾ പോലും ഇല്ലാത്ത കുടുംബം (ഒരു മാസം 10 ദിവസത്തിൽ താഴെ മാത്രം ജോലി) | ജോലിയുള്ള ഒരാൾ പോലും ഇല്ലാത്ത കുടുംബം (ഒരു മാസം 10 ദിവസത്തിൽ താഴെ മാത്രം ജോലി) |
| 6 | വനിത കുടുംബനാഥയായുള്ള കുടുംബം | വനിത കുടുംബനാഥയായുള്ള കുടുംബം |
| 7 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരോ, തീരാവ്യാധികൾ പിടിപെട്ടവരോ ഉള്ള കുടുംബം | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരോ, തീരാവ്യാധികൾ പിടിപെട്ടവരോ ഉള്ള കുടുംബം |
| 8 | പട്ടികജാതി/പട്ടികവർഗ്ഗ കുടുംബം | പട്ടികജാതി/പട്ടികവർഗ്ഗ കുടുംബം |
| 9 | പ്രായപൂർത്തിയായ നിരക്ഷരർ ഉള്ള കുടുംബം | പ്രായപൂർത്തിയായ നിരക്ഷരർ ഉള്ള കുടുംബം |

## പ്രത്യേക പ്രശ്നങ്ങൾ

### എ. ഗ്രാമ പ്രദേശങ്ങൾ

1. ഭവന നിർമ്മാണത്തിന് ഭൂമി ഇല്ലാത്തവർ (പുറമ്പോക്ക് ഭൂമി, വനഭൂമി, കനാലുകളുടെയും പാടശേഖരങ്ങളുടെയും പുറംബണ്ടുകൾ എന്നിവിടങ്ങളിൽ താമസിക്കുന്നവർ).
2. രാത്രികാലം, പൊതുസ്ഥലങ്ങളിലും തെരുവുകളിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്നവർ
3. അവിവാഹിതയായ അമ്മ/അമ്മയും കുഞ്ഞും മാത്രം/ഭർത്താവ് ഉപേക്ഷിച്ചതും ദുരിതമനുഭവിക്കുന്നവരുമായ വനിതകൾ
4. സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന അകാലത്തിൽ വിധവകളാകേണ്ടി വന്നവർ, വിവാഹപ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന വനിതകൾ
5. തീരാവ്യാധികൾ/ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്ത അസുഖങ്ങൾ പിടിപെട്ടവരും ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരും
6. കുടുംബത്തിൽ ഭക്ഷണത്തിനു വക കണ്ടെത്താൻ കഴിവുള്ള 60 വയസ്സിൽ താഴെ പ്രായമുള്ള ആരുംതന്നെയില്ലാത്ത കുടുംബം
7. ഭിക്ഷാടനം തൊഴിലായി സ്വീകരിച്ചവർ

8. അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള വനിതകൾ

**ബി. നഗരപ്രദേശങ്ങൾ**

1. രാത്രികാലം, പൊതുസ്ഥലങ്ങളിലും തെരുവുകളിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്നവർ
2. സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന അകാലത്തിൽ വിധവകളാകേണ്ടി വന്നവർ, വിവാഹപ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന വനിതകൾ
3. ഭിക്ഷാടനം തൊഴിലായി സ്വീകരിച്ചവർ
4. ഭക്ഷണത്തിനു വക കണ്ടെത്താൻ കഴിവുള്ള 60 വയസ്സിൽ താഴെ പ്രായമുള്ള ആരുംതന്നെയില്ലാത്ത കുടുംബം
5. അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള വനിതകൾ
6. തെരുവു കുട്ടികൾ, ദുർഗുണ പരിഹാരപാഠശാല, അഗതി മന്ദിരം എന്നിവിടങ്ങളിൽ കഴിയുന്ന കുട്ടികൾ ഉള്ള കുടുംബം
7. കുടുംബം പോറ്റുന്നതിന് തൊഴിൽ ചെയ്യാൻ നിർബന്ധിതരായ 14 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ ഉള്ള കുടുംബം
8. ലൈംഗിക തൊഴിലാളികൾ ഉള്ള കുടുംബം
9. അബല മന്ദിരത്തിൽ താമസ്സിക്കുന്ന വനിത അംഗമായുള്ള കുടുംബം
10. ചേരി പ്രദേശങ്ങളിൽ താമസ്സിക്കുന്ന കുടുംബം

അഗതി കുടുംബങ്ങൾക്കാവശ്യമായ ഭക്ഷണം, വസ്ത്രം, ചികിത്സ, പെൻഷൻ, വിദ്യാഭ്യാസം, ഭൂമി, പാർപ്പിടം, കുടിവെള്ളം, ശുചിത്വ സൗകര്യങ്ങൾ, തൊഴിൽ, മാനസികാരോഗ്യത്തിനുതകുന്ന വിധത്തിലുള്ള കൗൺസിലിംഗ് തുടങ്ങിയ സമസ്ത പ്രശ്നങ്ങൾക്കും പരിഹാരം നല്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം. 2003ൽ ആരംഭിച്ച പദ്ധതി 14 വർഷം പിന്നിടുമ്പോൾ രണ്ടു ഘട്ടങ്ങളും 1,74,443 ഗുണഭോക്താക്കളും 269 കോടിയുടെ ചലഞ്ച് ഫണ്ട് വിനിയോഗവുമായി സർക്കാർ പദ്ധതികളിൽ ഏറ്റവും മികച്ചതായി മാറിയിട്ടുണ്ട്.

അഗതി രഹിത കേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ അഗതികളേയും പുനരധിവസിപ്പിക്കാനാണ് തീരുമാനം. ആശ്രയ പദ്ധതിക്ക് കുടുംബശ്രീ മിഷനിൽ നിന്നും പദ്ധതി തുകയുടെ 40% അല്ലെങ്കിൽ 40 ലക്ഷം രൂപ ഏതാണോ കുറവ് അതാണ് ചലഞ്ച് ഫണ്ടായി അനുവദിക്കുക. എസ്.റ്റി പ്രോജക്ട് ആണെങ്കിൽ 40% അല്ലെങ്കിൽ 50 ലക്ഷം രൂപ ഏതാണോ കുറവ് അതായിരിക്കണം അനുവദിക്കുക.

*അയൽക്കൂട്ട കുടുംബാംഗങ്ങളുടെ സമീപമുള്ള ആശ്രയ കുടുംബം സന്ദർശിച്ച് പദ്ധതിയുടെ ഗുണ ഫലങ്ങൾ വിലയിരുത്തുക*

**2. ബഡ്സ്?**

ശാരീരിക - ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ ശാസ്ത്രീയമായി പുനരധിവസിപ്പിക്കാൻ പഞ്ചായത്ത്/ നഗരസഭാതലത്തിൽ ആരംഭിച്ച പ്രത്യേക സ്കൂളാണ് ബഡ്സ്. സംസ്ഥാനത്ത് ഇന്ന് 64 ബഡ്സ് സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു.

**3. ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ**

വിദ്യാഭ്യാസ പ്രായം കഴിഞ്ഞ മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികളുടെ പകൽ പരിപാലനം, തൊഴിൽ പരിശീലനം എന്നിവയ്ക്കായി കുടുംബശ്രീ മിഷന്റെ പിന്തുണയോടെ പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുളള സാമൂഹ്യാധിഷ്ഠിത പങ്കാളിത്ത പുനരധിവാസ സ്ഥാപനങ്ങളാണ് ബഡ്സ് പുനരധിവാസ കേന്ദ്രങ്ങൾ (ബി.ആർ.സി)

**4. ബാലസഭ**

കുടുംബശ്രീ അയൽക്കൂട്ട പരിധിയിൽ വരുന്ന മുഴുവൻ കുട്ടികളുടേയും കൂട്ടമാണ് ബാലസഭ. ശിശുകേന്ദ്രീകൃത പ്രവർത്തന പരിപാടികളിലൂടെ അവരുടെ കഴിവുകൾ (ശേഷികൾ) വിപുലപ്പെടുത്തുന്നതിനുള്ള അവസരങ്ങളും, സാഹചര്യങ്ങളും സൃഷ്ടിക്കുക എന്നുള്ളതാണ് കുടുംബശ്രീയുടെ ബാലസഭ പരിപാടികൊണ്ട് ലക്ഷ്യമാക്കുന്നത്. അയൽക്കൂട്ട സെക്രട്ടറിയുടെ മേൽനോട്ടത്തിൽ 5 മുതൽ 18 വയസ്സുവരെയുള്ള കുട്ടികളെ ഉൾപ്പെടുത്തി രൂപീകരിക്കുന്നതാണ് ബാലസഭ. 5 മുതൽ 9 വയസ്സുവരെയുള്ളവരെ ജൂനിയർ വിഭാഗത്തിലും 10 മുതൽ 18 വയസ്സുള്ളവരെ സീനിയർ വിഭാഗത്തിലും ഉൾപ്പെടുത്തുന്നു. ഒരു ബാലസഭയിൽ 15 മുതൽ 30 വരെ കുട്ടികൾക്ക് അംഗത്വം നൽകാം. പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി എന്നിങ്ങനെ 4 ഭാരവാഹികളാണ് ബാലസഭകൾക്ക്. ബാലസഭകൾ സി.ഡി.

എസ്സിൽ രജിസ്റ്റർ ചെയ്യണം. ആഴ്ചയിൽ ഒരിക്കലെങ്കിലും ഒത്തുചേരണം. മൂന്നു മാസത്തിലൊരിക്കൽ എ.ഡി.എസ്. തല ഒത്തുചേരൽ നടത്തണം. നിലനിർത്തേണ്ട രജിസ്റ്ററുകൾ: അംഗത്വ രജിസ്റ്റർ, മിനിട്ട്സ് ബുക്ക് - ഉത്തരവാദിത്വം പ്രസിഡന്റ്, വൈസ്പ്രസിഡന്റ് എന്നിവരിൽ നിക്ഷിപ്തം.

കുട്ടികൾക്ക് നഷ്ടപ്പെടുന്ന ആസ്വാദ്യകരമായ കുട്ടിക്കാലം വീണ്ടെടുക്കുക, വരും തലമുറയിലേയ്ക്കുള്ള ദാരിദ്ര്യ വ്യാപനം തടയുക, ആരോഗ്യ പൂർണ്ണവും, മൂല്യാധിഷ്ഠിതവുമായ പുതു തലമുറയെ സൃഷ്ടിക്കുക. എന്നതാണ് ബാലസഭയുടെ പ്രവർത്തന ലക്ഷ്യം.

**പിന്തുണാ സംവിധാനം (ബാലസഭാതലം)**

**റിസോഴ്സ്പേഴ്സൺ-** കുട്ടികളുമായി സജീവമായി ഇടപെടാനും കുട്ടികളുടെ വിവിധ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാനും കുട്ടികളിൽ പ്രേരണ ജനിപ്പിക്കാനും കഴിവുള്ള ഒരാൾ

**അയൽക്കൂട്ടം-** ബാലഭകളുടെ രൂപീകരണം, അതിന്റെ പ്രവർത്തനങ്ങൾക്ക് അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഒരുക്കുക തുടങ്ങിയവ ഒരു അയൽക്കൂട്ടത്തിന്റെ ചുമതലകളിൽപ്പെടുന്നു.

**5. ബാലസമിതി**

- ബാലസഭകളുടെ വാർഡ്തല കമ്മിറ്റിയാണ് ബാലസമിതി.
- ഒരു വാർഡിൽ കുറഞ്ഞത് 3 ബാലസഭകളെങ്കിലും സാധാരണ ഉണ്ടായിരിക്കും
- ഓരോ ബാലസഭകളുടേയും ഭാരവാഹികളിൽ നിന്നും തെരെഞ്ഞെടുക്കപ്പെടുന്ന 2 പേർ വീതം അടങ്ങിയതാണ് ബാലസമിതി
- ബാലസമിതി യോഗങ്ങൾ 2 മാസത്തിലൊരിക്കലെങ്കിലും സംഘടിപ്പിക്കാവുന്നതാണ്.
- ബാലസമിതിയുടെ ഭാരവാഹികളായി ഒരു പ്രസിഡന്റ്, സെക്രട്ടറി, 3 എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരെ തെരെഞ്ഞെടുക്കാം
- ഈ കമ്മിറ്റിയെ വാർഡ് തല എക്സിക്യൂട്ടീവ് കമ്മിറ്റിയെന്നും വിളിക്കാം.

**6. ബാലപഞ്ചായത്ത്, ബാലപാർലമെന്റ്**

ബാലസഭയുടെ പഞ്ചായത്ത് തല ഫോറമാണ് ബാലപഞ്ചായത്ത്. ജനാധിപത്യം, മതേതരത്വം, സോഷ്യലിസം, സാമൂഹിക നീതി, സാമൂഹ്യ സുരക്ഷ, ലിംഗനീതി കുട്ടികളുടെ അവകാശങ്ങൾ എന്നീ കാര്യങ്ങളെക്കുറിച്ച് അറിവ് നല്കുന്നു. അനുകരണീയവും, അഭിലഷണീയവുമായ ജീവിത മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും, സ്വാംശീകരിക്കുന്നതിനും, അവരെ പ്രാപ്തരാക്കുന്നതിനുള്ള വേദിയായി പ്രവർത്തിക്കുകയെന്നതാണ് ബാലപഞ്ചായത്തിന്റെ ലക്ഷ്യങ്ങൾ.

ബാലപഞ്ചായത്ത് സമിതിയിലേയ്ക്ക് ഓരോ വാർഡിൽ നിന്നും ഒരു ആൺ കുട്ടിയേയും, പെൺകുട്ടിയേയും പ്രതിനിധികളായി തെരഞ്ഞെടുക്കുന്നു. വാർഡ്തല പ്രതിനിധികൾ ചേർന്നതാണ് ബാലപഞ്ചായത്ത് കൗൺസിൽ. ബാല പഞ്ചായത്ത് കൗൺസിലിന്റെ ഭാഹവാഹികളായി പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, നാലു സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ എന്നിവർ ഉണ്ടായിരിക്കണം.

**ബാലപഞ്ചായത്ത് /ബാലനഗരസഭാ ഭാരവാഹികളുടെ ചുമതലകൾ**

- <u>പ്രസിഡന്റ്</u>: യോഗങ്ങളുടെ അദ്ധ്യക്ഷത വഹിക്കുന്ന ചുമതല ബാലപഞ്ചായത്ത് /ബാലനഗരസഭാ പ്രസിഡന്റിന്റേതാണ്.
- **<u>വൈസ്പ്രസിഡന്റ്:</u>** പ്രസിഡന്റിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റ് യോഗത്തിൽ പ്രസിഡന്റിന്റെ ചുമതലകൾ നിർവ്വഹിക്കും.
- <u>സെക്രട്ടറി</u> : യോഗത്തിന്റെ മിനിട്ട്സ് രേഖപ്പെടുത്തുക, റിപ്പോർട്ട് അവതരിപ്പിക്കുക തുടങ്ങിയവയാണ് സെക്രട്ടറിയുടെ ചുമതല.
- <u>സ്റ്റാൻഡിംഗ് കമ്മിറ്റി:</u>

**വിദ്യാഭ്യാസം**: കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കണ്ടെത്തുകയും ചർച്ച നടത്തി പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്ന റിപ്പോർട്ടുകൾ ഉണ്ടാക്കാനും ഈ കമ്മിറ്റിയ്ക്കു കഴിയും

**ആരോഗ്യം** : ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് കുട്ടികളുടെ പ്രശ്നങ്ങൾ അപഗ്രഥിക്കുകയും റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്യാവുന്നതാണ്

**കലാസാംസ്കാരികം**: അംഗങ്ങളുടെ സർഗ്ഗവാസനകൾ കണ്ടെത്തി അതിന്മേൽ റിപ്പോർട്ടുകൾ തയ്യാറാക്കി അവതരിപ്പിക്കാവുന്നതാണ്.

**കായികം** : കുട്ടികളുടെ കായിക വാസനകൾ പ്രോത്സാഹിപ്പിക്കുവാനും പരിപോഷിപ്പിക്കുവാനും ആവശ്യമായ കാര്യങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യാവുന്നതാണ്.

കുട്ടികളുടെ അയൽക്കൂട്ടങ്ങളായ ബാലസഭകൾ, പഞ്ചായത്ത് തല ഫോറമായ ബാല പഞ്ചായത്ത്, ജില്ലാ തല ബാല പാർലമെന്റുകൾ, സംസ്ഥാന ബാല പാർലമെന്റ്, ജില്ലാതല ബാലസഭാ സംഗമങ്ങൾ, പഞ്ചായത്ത്/ വാർഡു തല കൂട്ടായ്മകൾ, അവധിക്കാല സഹവാസ ക്യാംമ്പുകൾ തുടങ്ങിയ പ്രവർത്തന പരിപാടികൾ ഈ ലക്ഷ്യത്തിന്റെ പൂർത്തീകരണത്തിനായി നടപ്പിലാക്കി വരുന്നു.

*കുടുംബശ്രീയുടെ സഹായത്താൽ നിങ്ങളുടെ പ്രദേശത്തെ കുടുംബങ്ങളെ എങ്ങനെയെല്ലാം ശാക്തീകരിക്കാം? ഒരു ലഘുപദ്ധതി തയ്യാറാക്കുക*

## 6. പട്ടിക വർഗ്ഗ മേഖലയിലുള്ള പ്രത്യേക പ്രോജക്ടുകൾ

പട്ടിക വർഗ്ഗ വികസന വകുപ്പിന്റേയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും സഹായത്തോടെ സംസ്ഥാനത്തെ പട്ടിക വർഗ്ഗ ജനസംഖ്യ കൂടുതലുള്ള പഞ്ചായത്തുകളിൽ കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ പട്ടിക വർഗ്ഗ ജനവിഭാഗങ്ങളുടെ പങ്കാളിത്തം ഉയർത്തുന്നതിനും, തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിനുമായി പ്രത്യേക പ്രോജക്ട് നടപ്പാക്കി വരുന്നു. ആരോഗ്യം, പോഷകാഹാരം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ പ്രത്യേക സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഈ പ്രോജക്ട് ലക്ഷ്യമിടുന്നു. പദ്ധതിയുടെ ഭാഗമായി ലഭ്യമാകുന്ന പ്രത്യേക പിന്തുണകൾ ചുവടെ ചേർക്കുന്നു.

1. **എസ്.റ്റി സ്പെഷ്യൽ അയൽക്കൂട്ടം:** അയൽക്കൂട്ടത്തിലെ 70% അംഗങ്ങളും പട്ടിക വർഗ്ഗമേഖലയിൽപെട്ടതാണെങ്കിൽ ആ അയൽക്കൂട്ടത്തെ സ്പെഷ്യൽ അയൽക്കൂട്ടമായി കണക്കാക്കും.
2. **അഫിലിയേഷൻ ഫീസ്:** പട്ടികവർഗ്ഗ മേഖലയിലെ അയൽക്കൂട്ടത്തിന് സി.ഡി.എസിൽ രജിസ്റ്റർ ചെയ്യുന്നതിന് ഫീസ് ഇളവുണ്ട്.
3. **രജിസ്റ്റർ ബുക്ക്:** പട്ടികവർഗ്ഗ മേഖലയിലെ അയൽക്കൂട്ടങ്ങൾക്ക് രജിസ്റ്റർ ബുക്കുകൾ ഒറ്റത്തവണ സൗജന്യമായി നൽകുന്നു.
4. **ഓഡിറ്റ് ഫീസ്:** അയൽക്കൂട്ടത്തിന്റെ വർഷാവർഷം നടത്തപ്പെടുന്ന ഓഡിററിങ്ങിൽ സാധാരണ അയൽക്കൂട്ടങ്ങൾക്ക് 200/-രൂപയാണ്. എന്നാൽ പട്ടികവർഗ്ഗ മേഖലയിലെ അയൽക്കൂട്ടങ്ങൾക്ക് 100/-രൂപയാണ് ഓഡിറ്റ് ഫീസ്
5. **കോർപ്പസ് ഫണ്ട് :** പുതുതായി രൂപീകരിക്കുന്ന അയൽക്കൂട്ടങ്ങൾക്ക് ഒറ്റതവണ 10,000/-രൂപ കോർപ്പസ് ഫണ്ട് നൽകുന്നു
6. **മാച്ചിംങ്ങ് ഗ്രാന്റ്**: ഗ്രേഡിംഗിൽ 80% മാർക്ക് ലഭ്യമായാൽ ലിങ്കേജ് വായ്പ എടുക്കാതെ തന്നെ മാച്ചിംങ്ങ് ഗ്രാന്റ് നൽകുന്നു.
7. **സംരംഭങ്ങൾ:** പട്ടികവർഗ്ഗ വകുപ്പ് 100% ഫണ്ട് സൗജന്യമായി സംരംഭകർക്ക് നൽകുന്നു. (പ്രോജക്ടുകൾ എസ് റ്റി വകുപ്പിന് നൽകണം)
8. **ഉപജീവന തൊഴിലുകൾ:** പ്രദേശത്തിന്റെ പ്രാധാന്യം അനുസരിച്ച് ഉപജീവന തൊഴിലുകൾക്ക് പരിശീലനവും, പദ്ധതി രൂപീകരണവും, അതാത് പ്രദേശങ്ങളിൽ ചെന്ന് കൊടുക്കുന്നു
9. **സംരഭകത്വ വികസന പരിശീലനം:** ജി.ഒ.റ്റി, ഇ.ഡി.പി സ്കിൽ പരിശീലനങ്ങളിൽ പങ്കെടുക്കുന്നവർക്ക് സ്റ്റൈഫന്റ് (റ്റിഎ) നൽകുന്നു
10. **കൃഷി:** പുതുതായി രൂപീകരിക്കുന്ന പട്ടികവർഗ്ഗ ജെ.എൽ.ജി.കൾക്ക് 4,000/-രൂപ കോർപ്പസ് ഫണ്ടായി നൽകുന്നു.

## 7. എൻ.യു.എൽ.എം(നഗര പ്രദേശങ്ങളിൽ മാത്രം ബാധകം)

ജീവനോപാധി വികസനത്തിലൂടെ നഗര ദരിദ്രരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി ലക്ഷ്യം വച്ചുകൊണ്ട് നഗര പ്രദേശങ്ങളിൽ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ദേശീയ നഗര ഉപജീവന മിഷൻ

സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുടുംബങ്ങളിലെ സ്ത്രീകൾ, തൊഴിൽ രഹിതരായ യുവതീ യുവാക്കൾ, അസംഘടിത മേഖലകളിലെ തൊഴിലാളികൾ, നഗരത്തിലെ ഭവന രഹിതർ, തെരുവു കച്ചവടക്കാർ തുടങ്ങി നഗര ദരിദ്രരിലെ എല്ലാ വിഭാഗങ്ങളുടെയും പ്രശ്നങ്ങൾ പദ്ധതി അഭിസംബോധന ചെയ്യുന്നു.

ദരിദ്ര ജനത സംരംഭകത്വ ശേഷിയുള്ളവരും ദാരിദ്ര്യത്തിൽ നിന്നും കരകയറുന്നതിനുള്ള

സഹജമായ താല്പര്യമുള്ളവരുമാണ്. സാർത്ഥകവും സുസ്ഥിരവുമായ ജീവനോപാധികൾ സൃഷ്ടിക്കുന്നതിനായി അവരുടെ ശേഷികളെ കെട്ടഴിച്ചു വിടുക എന്നുള്ളതാണ്. പ്രധാന വെല്ലുവിളി.

കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുഖേന ശക്തമായ സംഘടനാ സംവിധാനം കെട്ടിപ്പെടുത്ത് ലാഭകരമായ സ്വയം തൊഴിൽ പദ്ധതികളിലൂടെ മെച്ചപ്പെട്ട വേതനം ലഭിക്കുന്ന വിദഗ്ദ്ധ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ നഗര ദരിദ്രരെ പ്രാപ്തരാക്കി അവരുടെ ദാരിദ്ര്യവും ദുർബലതകളും ലഘൂകരിക്കാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

പദ്ധതിയുടെ ലക്ഷ്യങ്ങൾ നേടുന്നതിനായി താഴെപറയുന്ന ഘടകങ്ങൾ ദേശീയ നഗര ഉപജീവന മിഷന്റെ ഭാഗമായി നടപ്പിലാക്കുന്നു.

**1. നൈപുണ്യ പരിശീലനവും നിയമനവും**

തൊഴിൽ രഹിതരായ നഗര ദരിദ്രർക്ക് ശമ്പളാടി സ്ഥാനത്തിൽ ജോലി ലഭിക്കുന്നതിനും സ്വയം തൊഴിൽ ചെയ്യുന്നതിനും ഉള്ള സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനും തൊഴിൽ വൈദഗ്ദ്ധ്യം ഉയർത്തുന്നതിനുമാണ് ഈ പദ്ധതി ഘടകം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. തൊഴിൽ രഹിതരോ, തൊഴിൽ സ്ഥിരതയില്ലാത്തവരോ ആയ നഗര ദരിദ്രരെയാണ് ഈ ഘടകം ലക്ഷ്യമിടുന്നത്. നൈപുണ്യ പരിശീലനത്തിനുള്ള ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നതിന് കുറഞ്ഞതോ കൂടിയതോ ആയ വിദ്യാഭ്യാസ യോഗ്യതാ പരിധികൾ ഒന്നും തന്നെ നിശ്ചയിച്ചിട്ടില്ല. എന്നാൽ ഓരോ നൈപുണ്യ പരിശീലന കോഴ്സിനും അടിസ്ഥാന യോഗ്യത അതത് കോഴ്സുകളുടെ പാഠ്യപദ്ധതിയിൽ നിഷ്കർഷിച്ചിട്ടുണ്ട്. തൊഴിൽ സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ സർട്ടിഫൈഡ് കോഴ്സുകളിലൂടെ തൊഴിൽ ചെയ്യാൻ സന്നദ്ധരായ എല്ലാവർക്കും സൗജന്യ നൈപുണ്യ പരിശീലനവും തൊഴിലും ഉറപ്പാക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

**കോഴ്സിന്റെ കാലാവധി**

നൈപുണ്യ വികസനവും തൊഴിലവസരങ്ങൾ ഉറപ്പാക്കലും എന്ന പദ്ധതി ഘടകത്തിന്റെ കീഴിലുള്ള തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന കോഴ്സുകളുടെ ദൈർഘ്യം 3 മുതൽ 8 മാസം വരെ ആയിരിക്കും. അടിസ്ഥാനപരമായ ആശയ വിനിമയം (ഇംഗ്ലീഷിലും, മലാളത്തിലും), അടിസ്ഥാന കമ്പ്യൂട്ടർ പരിജ്ഞാനം, തൊഴിൽ മര്യാദകൾ സാമ്പത്തിക സാക്ഷരത തുടങ്ങിയ വിഷയങ്ങളിൽ ഉള്ള പരിശീലനം എല്ലാ നൈപുണ്യ പരിശീലനത്തോടൊപ്പം നൽകും. യോഗ്യതയുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ സംസ്ഥാന മിഷനാണ് പരിശീലന ഏജൻസികളെ തെരഞ്ഞെടുക്കുന്നത്.

**2. നഗരത്തിലെ ഭവനരഹിതർക്കുള്ള അഭയകേന്ദ്രങ്ങൾ**

നഗരത്തിലെ ഭവന രഹിതരായ പാവപ്പെട്ടവർക്ക് ശുദ്ധജലം, ശുചിത്വം, ഭദ്രത, സുരക്ഷിതത്വം എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ പാർപ്പിടങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക എന്നതാണ് ഈ ഘടകത്തിന്റെ ലക്ഷ്യം. എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാവുന്ന സ്ഥിര നിർമിതിയിലുള്ള പാർപ്പിടങ്ങളാണ് ഭവന രഹിതർക്കായി ഒരുക്കുന്നത്. 50 മുതൽ 100 പേർക്ക് താമസിക്കാവുന്ന സമൂഹ കിടപ്പാടം എന്ന രീതിയിൽ പാർപ്പിടങ്ങൾ ഒരുക്കുന്നതാണ്. നഗരത്തിലെ തെരുവിൽ കഴിയുന്നവരുടെ സർവ്വേയിലൂടെ കണ്ടെത്തിയവരെ പൂർണമായും പുനരധിവസിപ്പിക്കുകയും സുരക്ഷിത താമസമൊരുക്കുകയും ചെയ്യുക എന്നതാണ് പ്രധാന ലക്ഷ്യം. നഗരത്തിലെ ഭവന രഹിതരിൽ തന്നെ ഏറ്റവും അശരണരായ കുട്ടികൾ, വൃദ്ധർ, വൈകല്യമുള്ളവർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിങ്ങനെയുള്ള വിഭാഗങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് ഭവനരഹിതർക്കുള്ള പാർപ്പിടങ്ങൾക്കുള്ളിൽ തന്നെ പ്രത്യേക വിഭാഗങ്ങൾ സൃഷ്ടിക്കും. പാർപ്പിടങ്ങളെ സർക്കാരുകളുടെ അവശ്യാധിഷ്ഠിത സാമൂഹ്യ സുരക്ഷിതത്വ പദ്ധതികളുമായി ബന്ധപ്പെടുത്തും. 24 മണിക്കൂറും പ്രവർത്തന സജ്ജമായതും അന്തേവാസികൾക്ക് ഉപജീവനം നേടുന്നതിലേയ്ക്ക് ഏത് സമയത്തും പുറത്ത് പോകുന്നതിനും തിരികെ വാങ്ങുന്നതിനുള്ള സൗകര്യം ഈ കേന്ദ്രങ്ങളിൽ ഉണ്ടായിരിക്കും. പുതിയ ഷെൽട്ടറുകളുടെ നിർമ്മാണത്തിനും ഷെഡ്യൂൾ റേറ്റ് പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയും നിലവിലുള്ളവയുടെ പുനരദ്ധാരണങ്ങൾ 50 ലക്ഷം രൂപയും അഭയകേന്ദ്രം ഒന്നിനു ലഭ്യമാകുന്നതാണ്. കൂടാതെ അഭയകേന്ദ്രം ഒന്നിന് 6 ലക്ഷം രൂപ വീതം ആദ്യ 5 വർഷത്തേയ്ക്ക് ആകെ

30 ലക്ഷം രൂപ നടത്തിപ്പ് പരിപാലന ചെലവ് ഇനത്തിൽ ലഭ്യമാക്കുന്നതാണ്.

**4. നഗരങ്ങളിലെ തെരുവു കച്ചവടക്കാർക്കുള്ള സഹായ പദ്ധതികൾ**

തെരുവോര കച്ചവടത്തിന് നഗരത്തിലെ വിഭവ വിതരണ ശൃംഖലയിൽ ഒരു പ്രധാന സ്ഥാനമുണ്ട്. അത് ദരിദ്രരുൾപ്പെടെയുള്ള എല്ലാ ജനവിഭാഗങ്ങൾക്കും കുറഞ്ഞ ചെലവിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള സൗകര്യപ്രദമായ മാർഗ്ഗവുമാണ്. എന്നാൽ താഴ്ന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസവും കുറഞ്ഞ തൊഴിൽ വൈദഗ്ദ്ധ്യവും ഔപചാരിക വായ്പാ സൗകര്യങ്ങളുടെ പ്രാപ്യതയില്ലായ്മയും കാരണം വളർന്നുവരുന്ന വിപണി സാധ്യതകൾ വേണ്ടവിധം ഉപയോഗപ്പെടുത്തുന്നതിനു തെരുവ് കച്ചവടക്കാർക്ക് കഴിയുന്നില്ല.

ഈ പദ്ധതി ഘടകത്തിന്റെ ലക്ഷ്യം നഗരത്തിലെ തെരുവു കച്ചവടക്കാരുടെ പെട്ടെന്ന് കീഴ്പെട്ടു പോകാവുന്ന ജീവിതാവസ്ഥകളെ ഒരു ബഹുമുഖ സമീപനത്തിലൂടെ പരിഹരിക്കുവാൻ ശ്രമിക്കുക എന്നതാണ്. ഈ ബഹുമുഖ സമീപനത്തിൽ താഴെപറയുന്ന കാര്യങ്ങളാണ് ഉൾപ്പെടുന്നത്.

- തെരുവുകച്ചവടക്കാരുടെ സർവ്വേയും തിരിച്ചറിയൽ കാർഡുകളുടെ വിതരണവും
- നഗരത്തിലെ തെരുവോര കച്ചവട മേഖലകളുടെ അടിസ്ഥാന സൗകര്യ വികസനം
- പരിശീലനവും നൈപുണ്യ വികസനവും
- ധനകാര്യ സംവിധാനങ്ങളുമായി ഉൾചേർക്കൽ
- വായ്പാ സൗകര്യ ലഭ്യമാക്കൽ
- സാമൂഹ്യസുരക്ഷാ പദ്ധതികളുമായി കണ്ണിചേർക്കൽ

**5. കാര്യശേഷി വികസനവും പരിശീലനവും**

ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള നഗരസഭകളുടെ കാര്യശേഷി വികസിപ്പിക്കുക എന്നതാണ് ഈ ഘടകത്തിന്റെ ലക്ഷ്യം. ഇതിന്റെ ഭാഗമായി നഗര സഭകളിൽ പദ്ധതി കാലയളവിൽ സാങ്കേതിക വിദഗ്ദ്ധരുൾപ്പെടുന്ന സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ധനസഹായം നൽകും. അതുപോലെ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളുടെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വിവിധ പരിശീലനവും നൽകും.

**6. നൂതനനാശയ-സവിശേഷ പദ്ധതികൾ.**

ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള പുത്തൻ ആശയങ്ങൾ ഉൾക്കൊള്ളുന്നതിനും പുരോഗമനപരമായ കാൽവയ്പ്പുകളെ പിന്തുണക്കുന്നതിനും, അത്തരം പദ്ധതികളെ മറ്റിടങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുമാണ് ദേശീയ നഗര ഉപജീവന മിഷൻ ഈ ഘടകത്തിന്റെ നടത്തിപ്പിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഈ ഘടകത്തിനു കീഴിൽ നഗര ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്നതും സുസ്ഥിരമായി നിലനിൽക്കുന്നതുമായ നവീന രീതിശാസ്ത്രങ്ങൾ ചിട്ടപ്പെടുത്താനും നടപ്പിലാക്കി കാണിക്കുവാനും ആണ് പരിശ്രമിക്കുന്നത്.

നഗര സഭകൾക്കും, ദാരിദ്ര്യ നിർമ്മാർജ്ജന രംഗത്ത് താല്പര്യമുള്ള മറ്റു സ്ഥാപനങ്ങൾക്കും ഈ ഘടകത്തിനു കീഴിൽ സംസ്ഥാന മിഷൻ മുഖാന്തിരം പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കാവുന്നതാണ്.

## സ്വയം തൊഴിൽ പദ്ധതി

നഗരദരിദ്രർക്ക് തങ്ങളുടെ അഭിരുചിക്കും, നൈപുണ്യങ്ങൾക്കും പ്രാദേശിക പരിസ്ഥിതിക്കും അനുയോജ്യമായ സ്വയം തൊഴിൽ കണ്ടെത്തുന്നതിനു ആവശ്യമായ പരിശീലനം, സാങ്കേതിക-വിപണന സഹായം, സംരംഭം ആരംഭിക്കുന്നതിന് ലഭ്യമാക്കുന്ന ബാങ്ക് വായ്പയുടെ പലിശയ്ക്ക് സബ്സിഡി ലഭ്യമാക്കൽ എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

**1. ആരൊക്കെയാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ?**

**നഗര ദരിദ്രർ**

വാർഷിക വരുമാനം 50,000/- രൂപയിൽ താഴെയുള്ള കുടുംബങ്ങളിലെ അംഗങ്ങൾ. ഈ വിഭാഗത്തിൽപ്പെട്ട താഴെപ്പറയുന്ന വിഭാഗത്തിലുള്ളവരെ ഗുണഭോക്താക്കളായി പരിഗണിക്കാം.

1. അയൽക്കൂട്ടാംഗങ്ങൾ/കുടുംബാംഗങ്ങൾ
2. നഗരങ്ങളിലെ പാവപ്പെട്ടവരിലെ തൊഴിൽ രഹിതരും, പരിമിതമായ തൊഴിൽ സാധ്യതകൾ മാത്രമുള്ള വ്യക്തികൾ
3. നഗരങ്ങളിലെ വഴിയോര കച്ചവടക്കാർ (തങ്ങളുടെ പ്രവർത്തന മേഖല വിപുലപ്പെടുത്തുന്നതിന്)

4. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന വർ.

**2. പ്രായ പരിധി**

സംരംഭം ആരംഭിക്കുന്ന സമയത്ത് 18 വയസ്സ് പൂർത്തീകരിക്കണം.

3. **വിദ്യാഭ്യാസ യോഗ്യത/ വൈദഗ്ദ്ധ്യം**

ഗുണഭോക്താക്കൾക്ക് കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത നിഷ്കർഷിക്കുന്നില്ല. എന്നാൽ ആരംഭി ക്കാൻ ഉദ്ദേശിക്കുന്ന സംരംഭത്തിനനുസരിച്ച് ആവശ്യ മായ സംരംഭകത്വ വികസന പരിശീലനവും (ഇ.ഡി. പി), നൈപുണ്യ പരിശീലനവും (സ്കിൽ ട്രെയി നിംഗ്) നേടിയിരിക്കണം.

സംരഭകത്വ പരിശീലനം കുടുംബശ്രീ മിഷൻ എംപാ നൽ/അംഗീകരിച്ച സ്ഥാപനങ്ങൾ/ ഏജൻസികൾ വഴിയോ, റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയി നിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ആർ.എസ്.ഇ.റ്റി.ഐ) വഴിയോ ലഭ്യമാക്കണം.

നൈപുണ്യ വികസന പരിശീലനം അംഗീകരിക്ക പ്പെട്ട/എംപാനൽ ചെയ്ത് നൈപുണ്യ വികസന പരി ശീലന ഏജൻസി വഴി മാർഗ്ഗനിർദ്ദേശം പ്രകാരം നിർദ്ദിഷ്ട ദിവസത്തേക്ക് നൽകണം.

ഏതെങ്കിലും വ്യക്തി/വ്യക്തികൾ തങ്ങളുടെ കുല ത്തൊഴിൽ മെച്ചപ്പെടുത്തുന്നതിനായി സ്വയം തൊഴിൽ വായ്പ ലഭ്യമാക്കുന്ന പക്ഷം നൈപുണ്യ പരിശീല നത്തിന്റെ ആവശ്യമില്ല, ആയത് നഗരസഭ സാക്ഷ്യ പ്പെടുത്തിയാൽ മതിയാകും.

**4. ഗുണഭോക്താക്കളെ കണ്ടെത്തുന്നതെങ്ങനെ/ ഗുണഭോക്തൃ തെരഞ്ഞെടുപ്പ്**

1. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തി ലൂടെ (അയൽക്കൂട്ട യോഗങ്ങൾ, സി.ഡി.എസ് ആക്ഷൻ പ്ലാൻ)
2. ഗുണഭോക്താക്കൾ താല്പര്യത്തിനനുസരിച്ച് നേരിട്ട് അപേക്ഷ സമർപ്പിക്കൽ
3. എൻ.യു.എൽ.എം കമ്മ്യൂണിറ്റി ഓർഗനൈ സർമാർ/സിറ്റിമിഷൻ മാനേജ്മെന്റ് യൂണിറ്റ് - സി.ഡി.എസ്/ വാർഡ്തലത്തിൽ എസ്.സി.പി ക്യാമ്പെയിൻ (പൊതു അവബോധ ശില്പശാല) നടത്തി താല്പര്യമുള്ളവരെ കണ്ടെത്തൽ
4. ബാങ്കുകൾ തങ്ങളുടെ ബിസിനസ്സ് കറസ്പോ ണ്ടന്റ്, ബാങ്കിംഗ് മിത്ര വഴി

**പ്രോജക്ട് – പദ്ധതി തുക**

**വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾ**

വ്യക്തിഗത സംരംഭങ്ങൾക്കുള്ള പരമാവധി പദ്ധതി തുക 2.5 ലക്ഷം രൂപയും, ഗ്രൂപ്പ് സംരംഭങ്ങളുടേത് പരമാവധി 10 ലക്ഷം രൂപയുമാണ്. ഗ്രൂപ്പ് സംരംഭങ്ങളിൽ കുറഞ്ഞത് 5 അംഗങ്ങൾ ഉണ്ടായിരി ക്കണം.ഗുണഭോക്തൃ വിഹിതം 5% ആണ്.

**അപേക്ഷ സമർപ്പിക്കേണ്ട/വിലയിരുത്തുന്ന രീതി**

1. കുടുംബശ്രീ മിഷൻ വികസിപ്പിച്ചിട്ടുള്ള നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിലാണ് അപേക്ഷ സമർപ്പി ക്കേണ്ടത്.
2. അപേക്ഷാ ഫോറത്തോടൊപ്പം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ പ്രൊപ്പോസൽ, തിരി ച്ചറിയൽ കാർഡിന്റെ പകർപ്പ്, വൈദഗ്ധ്യ പരി ശീലനം, ഇ.ഡി.പി പരിശീലനം എന്നിവയുടെ സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ ഉണ്ടായിരി ക്കണം.
3. അപേക്ഷ നഗരസഭയിലാണ് സമർപ്പിക്കേണ്ടത്.
4. നഗരസഭ അപേക്ഷ സ്വീകരിക്കുമ്പോൾ, യു. ഐ.ഡി നമ്പർ നൽകുന്നതാണ്.
5. നഗരസഭാതലത്തിൽ രൂപീകരിച്ചിട്ടുള്ള ടാസ്ക്ഫോഴ്സ് കമ്മിറ്റി ലഭ്യമായ എല്ലാ അപേ ക്ഷകളും പരിശോധിച്ച് ബാങ്കുകളിലേക്ക് വായ്പ ലഭ്യമാക്കുന്നതിന് ശുപാർശ ചെയ്യുന്നതാണ്. ന്യൂനതകളുള്ള അപേക്ഷകൾ ന്യൂനത പരിഹ രിച്ച് പുനസമർപ്പിക്കുന്നതിന് ആവശ്യപ്പെടുന്ന താണ്.
6. അപേക്ഷ ലഭ്യമായി 14 ദിവസത്തിനുള്ളിൽ ബാങ്കുകൾ അപേക്ഷയിന്മേൽ തീർപ്പു കല്പി ക്കുന്നതായിരിക്കും.

**പലിശസബ്സിഡി ലഭ്യമാക്കുന്നതെങ്ങനെ?**

ബാങ്കുകൾ അനുവദിക്കുന്ന നിലവിലെ പലിശനി രക്കും 7% ഉം തമ്മിലുള്ള വ്യത്യാസമാണ് സബ്സി ഡിയായി നൽകുക.

ഉദാ:- ബാങ്ക് ഈടാക്കുന്ന പലിശനിരക്ക് 12% ആണെ ങ്കിൽ 7% അധികരിക്കുന്ന (ബാക്കി 5%) പലിശ യ്ക്കുള്ള തുകയാണ് സബ്സിഡിയായി നൽകു ന്നത്.

കൃത്യമായി വായ്പ തിരിച്ചടക്കുന്ന സംരംഭകർക്ക് അധികമായി 3% പലിശയിളവ് ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും. അധിക പലിശയിളവ് കുടുംബശ്രീ മിഷന്റെ ഫണ്ടിൽ നിന്നുമായിരിക്കും ലഭ്യമാക്കുക.

1. സംരംഭത്തിന് വായ്പ അനുവദിച്ചു കഴിഞ്ഞാൽ അപേക്ഷകൻ ഇതിന്റെ വിശദാംശങ്ങൾ നഗരസഭയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
2. ത്രൈമാസാടിസ്ഥാനത്തിലാണ് പലിശ സബ്സിഡി കണക്കാക്കുക. തിരിച്ചടവ് വിവരങ്ങൾ, ക്ലെയിം സ്റ്റേറ്റ്മെന്റ് ബാങ്കിൽ നിന്നും ശേഖരിച്ച് അതിനനുസരിച്ചാണ് പലിശ സബ്സിഡി ലഭ്യമാക്കുക.

***എൻയുഎൽഎം സ്വയം തൊഴിൽ പദ്ധതികളുടെ സവിശേഷതകൾ ചർച്ച ചെയ്യുക***

## 8. പ്രധാനമന്ത്രി ആവാസ് യോജന

എല്ലാവർക്കും ഭവനം എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര സർക്കാർ വിഭാനം ചെയ്ത് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും നഗരസഭകളുടെയും സംയുക്ത ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന ഭവന പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന (പിഎംഎവൈ). നഗര പ്രദേശത്ത് താമസിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തിൽപ്പെട്ടവർക്ക് സ്വന്തമായി പാർപ്പിടം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ സംസ്ഥാന നോഡൽ ഏജൻസി കുടുംബശ്രീയാണ്. വീടില്ലാത്ത എല്ലാവർക്കും വീടുകൾ നൽകാനും വാസയോഗ്യമല്ലാത്ത ഭവനങ്ങളെ വാസയോഗ്യമാക്കാനും പദ്ധതി ലക്ഷ്യമിടുന്നു.

നാല് വ്യത്യസ്തങ്ങളായ ഘടകങ്ങൾ സംയോജിപ്പിച്ച് കൊണ്ടാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

- **ചേരി വികസനം** -കുറഞ്ഞത് 300 ആളുകൾ താമസിക്കുന്ന/60-70 വരെ കുടുംബങ്ങൾ ഉള്ള ചേരിയിലുള്ളവർക്ക് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ പ്രസ്തുത ചേരിയിൽ ത്തന്നെ ഭവനം നിർമ്മിച്ചു നൽകൽ.
- **ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി** -താഴ്ന്ന വരുമാനമുള്ളവർക്കും(LIG) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും (EWS) ഭവനം നിർമ്മിക്കുന്നതിനായി/ഭവനം വാങ്ങുന്നതിനായി/വാസയോഗ്യമല്ലാത്ത ഭവനങ്ങൾ വാസയോഗ്യമാക്കുന്നതിനായി ബാങ്കിൽ നിന്നും പലിശ ഇളവിൽ വായ്പ നൽകൽ. ബാങ്കിൽ നിന്നും പരമാവധി 6 ലക്ഷം രൂപ വരെ കമ്പോളനിരക്കിലെ പലിശയിൽ നിന്നും 6.5% കുറഞ്ഞനിരക്കിൽ വായ്പയായി നൽകൽ). ഗുണഭോക്താവിന് കെട്ടിടം സ്വന്തം ചെലവിൽ മുകളിൽ സൂചിപ്പിച്ച അളവുകളിൽ നിന്ന് കൂടിയ അളവിലും നിർമ്മിക്കാവുന്നതാണ്.
- **അഫോർഡബിൾ ഹൗസിംഗ് സ്കീം** - സ്വന്തമായി സ്ഥലമില്ലാത്ത നഗര ദരിദ്രർക്ക് സ്വകാര്യ/പൊതുമേഖല സംരംഭകരുടെ പങ്കാളിത്തത്തോടെ കുറഞ്ഞ നിരക്കിൽ പാർപ്പിട സമുച്ചയങ്ങൾ ലഭ്യമാക്കുക.
- **വ്യക്തിഗത ഭവന നിർമ്മാണിനുള്ള ധനസഹായം**
  സ്വന്തമായി സ്ഥലമുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണത്തിന്/ഭവന വിപുലീകരണത്തിന് കേന്ദ്ര-സംസ്ഥാന-നഗരസഭ-ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ 3.00 ലക്ഷം രൂപ ധനസഹായം നൽകുന്ന പദ്ധതി.

**വിലയിരുത്തൽ ചോദ്യങ്ങൾ**

- കുടുംബശ്രീ വായ്പ നൽകുന്നതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം?
- കാർഷിക വികസനത്തിന് കുടുംബശ്രീ അനിവാര്യമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? എന്തുകൊണ്ട്? വിശദമാക്കുക.

- ദാരിദ്ര്യ നിർമാർജനത്തിൽ മൈക്രോസംരംഭങ്ങൾക്കുള്ള പങ്ക് വിശദമാക്കുക.
- പട്ടികവർഗ മേഖലയിലെ പ്രധാന പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തുക.
- നഗര പ്രദേശങ്ങളിലെ എൻയുഎൽഎം പദ്ധതിയുടെ സവിശേഷതകൾ വിലയിരുത്തുക.
- സാമൂഹിക ശാക്തീകര മേഖലയിലെ കുടുംബശ്രീ പ്രവർത്തനങ്ങൾ വിശദമാക്കുക.

*തുടർ പ്രവർത്തനങ്ങൾ........*

- അയൽക്കൂട്ടപ്രദേശത്ത് കുടുംബശ്രീ പദ്ധതികളുടെ ഗുണഫലങ്ങൾ ലഭ്യമാക്കുന്നതിനായി പ്രവർത്തനപദ്ധതി തയ്യാറാക്കുന്നു.
- അഭ്യസ്ഥവിദ്യരായ തൊഴിൽരഹിതരായ യുവതീ യുവാക്കൾക്ക് ഡി.ഡി.യു.ജി.കെ.വൈ., എൻ.യു.എൽ.എം. (നഗരപ്രദേശങ്ങളിൽ) പദ്ധതികളിൽ തൊഴിൽപരിശീലനം നൽകുന്നതിനുവേണ്ടി അവരുടെ രജിസ്റ്റർ തയ്യാറാക്കുന്നു.
- കാർഷിക മൃഗസംരക്ഷണമേഖലകളിൽ ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- അയൽക്കൂട്ടപരിധിയിൽവരുന്ന അഗതി കുടുംബങ്ങളുടെ രജിസ്റ്റർ തയ്യാറാക്കുന്നു. അഗതിരഹിത സർവ്വേയിൽ ഈ കുടുംബങ്ങൾ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നു.
- നിലവിലുള്ള അഗതികുടുംബങ്ങൾക്ക് അതിജീവന ആവശ്യങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങൾ യഥാസമയം ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുന്നു.

✦✦✦✦✦✦✦✦✦✦✦✦✦✦✦✦✦✦

## വിലയിരുത്തൽ ചെക്ക് ലിസ്റ്റ്

| ഇനം | പൂർണ്ണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| • കുടുംബശ്രീ അയൽകൂട്ടത്തിന്റെ പ്രവർത്തനം എപ്രകാരമാണ് മാതൃകാപരമായി നടത്തുന്നതെന്ന് മനസ്സിലായി. ഓരോ അയൽക്കൂട്ടവും നിലവിലുള്ള നിലവാരം മെച്ചപ്പെടുത്താനുള്ള പരിപാടികൾ മേഖലതിരിച്ച് ആസൂത്രണം ചെയ്ത് അവതരിപ്പിക്കുക. | | | |
| • വിവിധ ഫണ്ടുകൾ, വായ്പകൾ തുടങ്ങിയവയെക്കുറിച്ച് ധാരണനേടി. | | | |
| • കാർഷിക വികസനത്തിൽ കുടുംബശ്രീക്കുള്ള പ്രാധാന്യം തിരിച്ചറിഞ്ഞു. | | | |
| • വിവിധ മൈക്രോ സംരംഭകങ്ങളുടെ സവിശേഷതകൾ വിശകലനം ചെയ്തു. | | | |
| • സാമൂഹിക ശാക്തീകരണത്തിൽ കുടുംബശ്രീക്കുള്ള പങ്ക് തിരിച്ചറിഞ്ഞു | | | |
| • വിവിധ പദ്ധതികൾ നേടിയെടുക്കാനുള്ള ശേഷി കൈവരിച്ചു. | | | |

# പാഠം 3
# സ്ത്രീ ശാക്തീകരണവും തുല്യനീതിയും

## ആമുഖം

വീടിനകത്തും പുറത്ത് നിന്നും സ്ത്രീകൾ നേരിടുന്ന വെല്ലുവിളികളെയും, പ്രശ്നങ്ങളേയും അതിജീവിക്കുവാനും, നേരിടാനും ഉള്ള കരുത്ത് ആർജ്ജിക്കുക എന്നത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. സ്ത്രീ പദവി സ്വയം പഠന പ്രക്രിയയിലൂടെ അയൽക്കൂട്ടങ്ങൾ ചർച്ചാ വേദികളാക്കാൻ ഒരു പരിധിവരെ കഴിഞ്ഞിരുന്നു. പ്രാദേശികമായി സ്ത്രീ സംബന്ധിയായ വിഷയങ്ങളിൽ ഇടപെടാനുള്ള ഇച്ഛാശക്തി അവർക്കുണ്ടായില്ല. സ്ത്രീകളുടെ ഉള്ളിൽ കാലങ്ങളായി നിലനിൽക്കുന്ന വ്യവസ്ഥാപിത ചിന്തയും മനോഭാവവും നിലനിൽക്കുമ്പോൾ ഈ പ്രശ്നങ്ങൾ സ്വന്തമായി അതിജീവിക്കാനാകാതെ വരുന്നു. എവിടെയും സ്ത്രീക്കു രണ്ടാം സ്ഥാനമെന്ന പൊതുബോധം മാറേണ്ടിയിരിക്കുന്നു. കഴിഞ്ഞകാലങ്ങളിലെ ജന്റർ പരിപാടികളുടെ ഭാഗമായി ഭരണഘടനാപരമായ അവകാശങ്ങളും, സ്ത്രീ സുരക്ഷയും, ലിംഗ സമത്വവുമൊക്കെ സംവിധാനത്തിനുള്ളിൽ ചർച്ച ചെയ്യപ്പെട്ടു. സ്ത്രീകൾ അവരുടെ അനുഭവങ്ങളുടെ തുറന്നെഴുത്തിലൂടെ അവരുടെ മാറ്റവും, സ്ഥാനവും തിരിച്ചറിഞ്ഞു. നിരന്തരമായ പഠനപ്രക്യയയിലൂടെ മാത്രമേ ഒരയൽക്കൂട്ടം ആ പ്രദേശത്തെ സ്ത്രീകളുടെ 'സഖി' യായി മാറുകയുള്ളൂ. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള നീതിനിഷേധങ്ങളിൽ ഇടപെടുന്ന ഒരു ആശ്രയകേന്ദ്രമായി അയൽക്കൂട്ടം മാറ്റപ്പെടണം. സമൂഹത്തിലെ ഒരു ഇടപെടൽ ശക്തിയായി ഒരയൽക്കൂട്ടം മാറ്റുവാൻ ഒരു തുടർപഠന പ്രക്രിയയിലൂടെ സാദ്ധ്യമാകണം.

**പഠനനേട്ടങ്ങൾ**

- കുടുംബശ്രീ സംവിധാനത്തിലും, പുറത്തും അതിക്രമങ്ങളേയും, നിഷേധങ്ങളേയും പ്രതിരോധിക്കാനുള്ള ഇടങ്ങൾ ഉണ്ട് എന്ന ധാരണ നേടുന്നു.
- പ്രതിരോധ മാർഗങ്ങൾ പ്രാപ്യമാക്കാനുള്ള വഴി കണ്ടെത്തുന്നു.
- ആത്മവിശ്വാസം സമൂഹത്തിന്റെ ഇടപെടൽ ശേഷിയും ഉയർത്തുന്നു.
- ആചാരങ്ങളുടെ ഭാഗമായി പെൺകുട്ടികൾക്ക് നിഷേധിക്കപ്പെടുന്ന അവകാശങ്ങൾ, ഏതെല്ലാമെന്ന് ചർച്ച ചെയ്ത് കണ്ടെത്തുന്നു.
- സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനായുള്ള നിയമസംവിധാനങ്ങളെ കുറിച്ച് ധാരണ നേടുന്നു.
- സ്ത്രീശാക്തീകരണത്തിൽ കുടുംബശ്രീക്കുള്ള പങ്ക് വിശകലനം ചെയ്യുന്നു.

പഠനം ആരംഭിക്കുന്നു...

അയൽക്കൂട്ടത്തിലേക്ക് ഫെസിലിറ്റേറ്റർ പ്രവേശിക്കുന്നു. കുശലങ്ങൾക്ക്ശേഷം വിഷയാവതരത്തിലേക്ക് എത്തുന്നു.

കഴിഞ്ഞ ദിവസങ്ങളിൽ നാം ചർച്ചചെയ്ത വിഷയങ്ങളിൽ നിന്നും വ്യത്യസ്ഥമായ വിഷയമാണു ഇന്നു നമ്മൾ ചർച്ചചെയ്യുന്നത്. ഇന്ന് നമ്മൾ നമ്മളെക്കുറിച്ചും, നാം ദൈനംദിനം നേരിടുന്ന കാര്യങ്ങളെക്കുറിച്ചും, വീടിനകത്തും പുറത്തും നമുക്കുള്ള ഇടം എന്താണെന്നുമൊക്കെയാണ് ചർച്ച ചെയ്യുന്നത്.

ഫെസിലിറ്റേറ്റർ 10 ചോദ്യങ്ങൾ അടങ്ങിയ ചോദ്യാവലി അയൽക്കൂട്ടത്തിലെ അംഗങ്ങൾക്കു നൽകുന്നു

## ചോദ്യാവലി

ഉത്തരങ്ങൾ ഉണ്ട്/ഇല്ലാ എന്നോ ശരി/തെറ്റ് എന്നോ എഴുതുക

1. ഇനിയൊരു ജന്മം ഉണ്ടെങ്കിൽ പുരുഷനായി ജനിക്കണം എന്ന് എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ?
2. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടത് സ്ത്രീയുടെ മാത്രം ഉത്തരവാദിത്തമാണോ?
3. ഒരു സാമൂഹ്യജീവി എന്ന നിലയിൽ അടക്കവും ഒതുക്കവും സ്ത്രീകൾക്കുമാത്രം വേണ്ടതാണോ?
4. ഏതുവസ്ത്രം ധരിക്കണം എന്ന് തീരുമാനിക്കാനുള്ള അവകാശം സ്ത്രീക്കുണ്ടോ?
5. കുടുംബത്തിന് പുറത്ത് സ്ത്രീക്ക് സമയപരിധി തീരുമാനിക്കുന്നത് ശരിയാണോ?
6. സ്വന്തം ജീവിതത്തെക്കുറിച്ച് തീരുമാനമെടുക്കാൻ സ്ത്രീക്കു കഴിയുന്നുണ്ടോ?
7. കൂടുതൽ വൈദഗ്ദ്യമുള്ള വിദ്യാഭ്യാസവും തൊഴിലും സ്ത്രീകൾക്ക് നിഷേധിക്കുന്നത് ശരിയാണോ?
8. ഇന്നത്തെ സീരിയലുകൾ സ്ത്രീസൗഹൃദപരമായ ആശയങ്ങളാണോ നമുക്ക് നൽകുന്നത്?
9. ഒരു സ്ത്രീയ്ക്ക് തന്റേടമാകാമോ?
10. സ്നേഹം, ദയ പോലുള്ള വികാരങ്ങൾ സ്ത്രീയുടേതും ദേഷ്യം, ധൈര്യം പോലുള്ള വികാരങ്ങൾ പുരുഷന്റേതും ആണെന്നുള്ള ധാരണ ശരിയാണോ?

ശേഷം അവരുടെ അഭിപ്രായങ്ങളെ വിലയിരുത്തി ഫെസിലിറ്റേറ്റർ സംസാരിക്കണം സ്ത്രീപക്ഷ കാഴ്ചപ്പാടാണ് വേണ്ടതെന്നും നമ്മൾ മാറാതെ മറ്റുള്ളവർ മാറണം എന്നു വിചാരിച്ചിട്ട് കാര്യമില്ലാ എന്നവരെ ധരിപ്പിക്കണം. ആധീശത്വ മനോഭാവം മാറ്റി പുറത്തേയ്ക്ക് വരേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തണം.

ഒരു അനുഭവകഥ അവരുടെ മുന്നിൽ അവതരിപ്പിക്കുന്നു.

സ്വന്തം ഇഷ്ടപ്രകാരം പങ്കാളിയെ കണ്ടെത്തി ജീവിതം ആരംഭിച്ചവരുടെ ആദ്യകാല ജീവിതം സന്തോഷകരമായിരുന്നു. എന്നാൽ കുറച്ചു നാളുകൾക്ക് ശേഷം ജീവിത സാഹചര്യങ്ങളുമായി പൊരുത്തപ്പെടാൻ കഴിയാതെ വരികയും കുടുംബനാഥന് ചെറിയ രീതിയിലുണ്ടായിരുന്ന മദ്യപാനശീലം മുഴുവൻസമയവുമായി മാറുകയും. അവളെ ഉപദ്രവിക്കുന്ന ശീലവും അതുപോലെ പരപുരുഷബന്ധം ആരോപിക്കുന്ന രീതിയും ഉണ്ടായി. മദ്യപിച്ചു വന്നാൽ കുട്ടികളുടെ മുന്നിൽവച്ചുതന്നെ ആക്രമണസ്വഭാവം കാണിക്കുക പതിവായി. ഇതൊക്കെതന്നെ വിധി എന്നുപറഞ്ഞു അവൾ സഹിക്കുകയായിരുന്നു. വീട്ടുകാരാരുംതന്നെ സഹായിക്കാനില്ല, കൂട്ടുകാരുമില്ല. കുറ്റപ്പെടുത്തലുകൾ കേൾക്കുമെന്ന് ഭയന്ന് ആരോടുമൊന്നും പറഞ്ഞില്ല. എന്നാലൊരു ദിവസം ശരീരമാകെ അടിയുടെ പാടുകൾ കണ്ട അയൽക്കൂട്ടഅംഗങ്ങൾ അവളോട് കാര്യമന്വേഷിച്ചു. പൊട്ടിക്കരഞ്ഞുകൊണ്ടവൾ അവളുടെ അനുഭവങ്ങൾ പറഞ്ഞു...

നിങ്ങളുടെ അയൽക്കൂട്ട അംഗത്തിന് ഈ അനുഭവമുണ്ടായതെങ്കിൽ നിങ്ങൾ ഇതിനെതിരെ പ്രതികരിക്കുമോ? നിങ്ങളുടെ അഭിപ്രായമെന്തായിരിക്കും. എല്ലാപേരോടും ചോദിക്കുന്നു. ഇതിൽ സ്ത്രീപക്ഷ കാഴ്ചപ്പാടു കൂടിയും, അല്ലാതെയും അഭിപ്രായങ്ങൾ ഉണ്ടാവാം. ചർച്ചകൾ മുന്നോട്ടുപോകുമ്പോൾ അവരെക്കൊണ്ട് സ്ത്രീസൗഹൃദപരമായി ചിന്തിപ്പിക്കാനുതകുന്ന രീതിയുള്ള ആശയങ്ങൾ അവർക്കു നൽകണം. ഇത്രയും ശക്തമായ സ്ത്രീകൂട്ടായ്മയുള്ള നമ്മുടെ നാട്ടിൽ ഇന്നും സ്ത്രീകൾ ഇത്തരത്തിലുള്ള ദുരവസ്ഥക്ക് പാത്രമാകുന്നത് എന്തുകൊണ്ട് എന്ന് ചോദിക്കുന്നു. നമ്മുടെ സഹജീവികളുടെ പ്രശ്നങ്ങളെ നമ്മുടെ പ്രശ്നമായിക്കണ്ടുകൊണ്ട് ഇടപെടാനുള്ള മനസ്സെന്നു നമുക്കുണ്ടാകും. അന്നുമാത്രമേ ഈ അവസ്ഥക്കു മാറ്റമുണ്ടാകൂ എന്നവരെ ബോധ്യപ്പെടുത്താനാകണം. ഇങ്ങനെയുള്ള ഉദാഹരണങ്ങൾ അവരുടെ മുന്നിൽകൊണ്ടുവന്നു ചർച്ചാവേദ്യമാക്കുന്നു: മുന്നിൽ സൂചിപ്പിച്ച അനുഭവം അടുത്തുള്ള ഒരു പഞ്ചായത്തിൽ സംഭവിച്ചതാണെന്നും ഈ വിഷയം ചർച്ച ചെയ്തപ്പോൾ നിങ്ങളുടെ അഭിപ്രായം തന്നെയാണ് അവിടെയും ഉണ്ടായത് എന്നവരോട് പറയണം. എന്നാൽ അവരിത് വളരെ ഗൗരവമായി ചിന്തിക്കുകയും ഒരു അഭിപ്രായ സമന്വയം ഉണ്ടാകുകയും അവിടെ ഇടപെടാൻ തീരുമാനിക്കുകയുംചെയ്തു.

എല്ലാ അംഗങ്ങളുമൊരുമിച്ച് ആ വീട്ടിൽ രാവിലെ ചെല്ലുകയും ഭർത്താവുമായി വിഷയം സംസാരിക്കുകയും ചെയ്തു. ഭർത്താവ് പല ന്യായങ്ങളും പറഞ്ഞു "എന്റെ ഭാര്യയെ ഞാനെന്തും ചെയ്യും, നിങ്ങളാരാ

ചോദിക്കാൻ'' എന്നവൻ ഒടുവിൽ ആക്രോശിച്ചു. എന്നാൽ അയൽക്കൂട്ട അംഗങ്ങൾ അതുവിട്ടുകൊടുത്തില്ല. എന്തും ചെയ്യാൻ നിനക്കുപറ്റില്ല. ഇനി നീ അങ്ങനെ തുടരുന്നു എങ്കിൽ ഫലം അനുഭവിക്കാൻ തയാറായിക്കൊള്ളാൻ പറഞ്ഞു. ഈ ഒരു ഇടപെടലിനുശേഷം അവൻ വെള്ളമടിക്കുകയും നിരുത്തരവാദിത്വത്തോടെ പെരുമാറി എങ്കിലും അവളെയും മക്കളെയും ഉപദ്രവിക്കുന്ന പരിപാടി മതിയാക്കി. പല ദിവസങ്ങളിലും അയൽക്കൂട്ടം ആ വീട്ടിൽ കൂടി. ആദ്യം എതിർപ്പു പ്രകടിപ്പിച്ചു. ഇപ്പോൾ പ്രശ്നമൊന്നുമില്ലാതെപോകുന്നു. അങ്ങനെയൊരിടപെടൽ അയൽക്കൂട്ട അംഗങ്ങൾ ചെയ്തില്ലായിരുന്നു എങ്കിൽ ചിലപ്പോൾ ആ പെണ്ണ് ആത്മഹത്യ ചെയ്യുമായിരുന്നു എന്നാണ് അവൾ പറഞ്ഞത്.

ഇതുപോലെ പലരേയും നമുക്ക് ജീവിതത്തിലേക്ക് കൊണ്ടുവരാനാകും. നമ്മുടെ സംഘ ശക്തി ഉണർന്നു പ്രവർത്തിക്കണമെന്നുമാത്രം. ഇത്തരത്തിലുള്ള പ്രാദേശിക വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനൊടുവിൽ സ്ത്രീ സുരക്ഷക്കായുള്ള സംവിധാനങ്ങൾ ഏതൊക്കെയെന്ന് അവരെ പരിചയപ്പെടുത്തുന്നു.

### സ്ത്രീകളുടേയും കുട്ടികളുടെയും സംരക്ഷണത്തിനുള്ള നിയമസംവിധാനങ്ങൾ

സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടക്കുന്ന അതിക്രമങ്ങൾ പ്രതിരോധിക്കാനും പരിഹാരം കണ്ടെത്തുന്നതിനുമായി നിരവധി സംവിധാനങ്ങൾ നിലവിലുണ്ട്. നിയമപരമായ ഒരു അവകാശം നിഷേധിക്കുകയാണെങ്കിൽ പരിഹാരം ലഭ്യമാക്കുന്നതിന് ഏതൊരു വ്യക്തിക്കും ഈ നിയമസേവന സംവിധാനങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്. പ്രധാനമായും 26 നിയമങ്ങളാണ് സ്ത്രീകളെയും കുട്ടികളെയും നേരിട്ട് ബന്ധപ്പെടുന്നതായുള്ളത്. സിവിൽ കോടതി, ക്രമിനിൽ കോടതി എന്നിവയിലൂടെയാണ് പ്രശ്നപരിഹാരം പ്രധാനമായും തേടുന്നത്.

**കോടതിയുടെ ഘടന**




ഇന്ത്യൻ ശിക്ഷാ നിയമം, ക്രിമിനൽ നടപടി ക്രമം, തെളിവ് നിയമം എന്നിവയാണ് പ്രധാനപ്പെട്ടവ. ഇന്ത്യൻ ശിക്ഷാ നിയമം 511 നിയമങ്ങൾ ഉൾക്കൊള്ളുന്നു. ക്രിമിനൽ നടപടിക്രമം - ഒരു വിചാരണ എങ്ങനെ നടത്താം എന്നതിനെ സംബന്ധിച്ചുള്ളതാണ്. തെളിവ് നിയമത്തിൽ ഒരു കേസ്സുമായി ബന്ധപ്പെട്ട് പരിഗണിക്കാവുന്നതും അല്ലാത്തതുമായ തെളിവുകളെ വിശദമായി പരാമർശിക്കുന്നു.

## സ്ത്രീകളുമായി ബന്ധപ്പെട്ട പ്രധാന നിയമങ്ങൾ

1. 498 എ – സ്ത്രീധനത്തിന്റെ പേരിൽ ഭർത്താവോ ഭർത്താവിന്റെ വീട്ടുകാരോ പെൺകുട്ടിയെ മാനസികമായോ, ശാരീരികമായോ പീഡിപ്പിക്കുകയാണെങ്കിൽ ഈ നിയമപ്രകാരം ജാമ്യമില്ലാത്ത കുറ്റവും 7 വർഷം വരെ തടവ്/ പിഴ ലഭിക്കാവുന്നതാണ്.
2. 304 ബി – വിവാഹശേഷം 7 വർഷത്തിനുള്ളിൽ പെൺകുട്ടി മരണപ്പെടുകയാണെങ്കിൽ ജീവപര്യന്തം വരെ ശിക്ഷ ലഭിക്കും. സ്ത്രീധന മരണമായി അത് കണക്കാക്കും.
3. 323, 324 – അടിപിടി കേസുകൾ ഉൾപ്പെട്ട നിയമ പരിരക്ഷ ഈ സെക്ഷൻ നൽകുന്നു.
4. 354 – സ്ത്രീക്ക് മാനഹാനി വരുത്തുന്ന തരത്തിൽ വരുന്ന കേസ് – സ്പർശനം – രണ്ടു വർഷം വരെ തടവ് ശിക്ഷ ലഭിക്കും, ജാമ്യം കിട്ടുന്ന കേസ്
5. 376 – ബലാത്സംഗം – 7 വർഷം തടവ് ലഭിക്കുന്ന കേസാണിത്. ലൈംഗിക ബന്ധം നടന്നുവെന്ന് തെളിയിക്കണം
6. 377 – പ്രകൃതിവിരുദ്ധ ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നത് കുറ്റകൃത്യമാണ് എന്നാൽ ശിക്ഷ ഉണ്ടാകാറില്ല.
7. 506 – ലൈംഗിക ചേഷ്ടകൾ, ശബ്ദം, കമന്റടി – 509 വകുപ്പ് പ്രകാരം 1 വർഷം തടവോ പിഴയോ രണ്ടുംകൂടിയോ ലഭിക്കാം.
8. ഗാർഹിക പീഡനങ്ങളിൽ നിന്നും സ്ത്രീകൾക്കുള്ള സംരക്ഷണ നിയമം 2005– 2006 ഒക്ടോബർ മാസം രാജ്യത്ത് നിലവിൽ വന്നു.

## പോലീസ് സ്റ്റേഷനുമായി ബന്ധപെടുമ്പോൾ ശ്രദ്ധി ക്കേണ്ടുന്ന കാര്യങ്ങൾ

- അതിക്രമം നടന്ന പ്രദേശത്ത് ആ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന പോലീസ് സ്റ്റേഷനിലാണ് പരാതി നൽകേണ്ടത്.
- സി ആർ പി സി സെക്ഷൻ 154(1) പ്രകാരം പരാതി നൽകുന്ന വ്യക്തി എഫ് ഐ ആറിൽ ഒപ്പ് വെക്കേണ്ടതുണ്ട്. രജിസ്റ്റർ ചെയ്ത പരാതിയുടെ ഒരു കോപ്പി സി ആർ പിസി സെക്ഷൻ 154 (2) പ്രാകാരം പരാതിക്കാരി/ പരാതിക്കാരന് ലഭിക്കും
- പരാതി. ഫോൺ, ഇമെയിൽ ടെലിഗ്രാം എന്നിവയായും രേഖപ്പെടുത്താവുന്നതാണ്.
- 15 വയസ്സിന് താഴെയുള്ള കുട്ടികളും , സ്ത്രീകളും തങ്ങൾ താമസിക്കുന്ന സ്ഥലത്ത് നിന്ന് മറ്റൊരിടത്ത് പോലീസ് നടപടിക്കായി പോകേണ്ടതില്ല.
- ലൈംഗിക പീഢനം നടന്നാൽ ആ വ്യക്തിയുടെ വസ്ത്രവും ശരീരവും കഴുകുന്നതിനു മുൻപായി മെഡിക്കൽ പരിശോധനയ്ക് വിധേയമാകേണ്ട തുണ്ട്. കേസിന്റെ തുടർ നടപടികൾക്കായി ഇത് അത്യാവശ്യമാണ്.
- സ്ത്രീകളെ അറസ്റ്റു ചെയ്യുമ്പോൾ വനിതാ പോലീസിന്റെ സാന്നിദ്ധ്യം ഉണ്ടാകേണ്ടതുണ്ട്.
- മൊഴി രേഖപ്പെടുത്തുമ്പോൾ ആവശ്യമെങ്കിൽ വനിതാ പോലീസിന്റെ സഹായം അഭ്യർത്ഥി ക്കാവുന്നതാണ്
- വികലാംഗരുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന കേസുകൾ പരിഹരിക്കുന്നതിനായി സ്റ്റേറ്റ് ഡിസെബിലിറ്റി കമ്മീഷൻ ഓഫീസ് പ്രവർത്തിക്കുന്നു.

## വനിതാ കമ്മീഷൻ

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാനും സ്ത്രീകളുടെ പ്രശ്നങ്ങളിൽ പരമാവധി നീതി ഉറപ്പുവരുത്തുന്നതിനുമായി ദേശീയ വനിതാകമ്മി ഷൻ നിലവിൽ വന്നു. സംസ്ഥാന തലത്തിലും വനിതാകമ്മീഷൻ പ്രവർത്തിക്കുന്നു.

### വനിതാകമ്മീഷന്റെ കടമകൾ

- ഭരണഘടനയിലും മറ്റു നിയമങ്ങളിലും സ്ത്രീകളുടെ സംരക്ഷണത്തിനായി പ്രതിപാദി ച്ചിരിക്കുന്ന വിഷയങ്ങളെക്കുറിച്ചു പരിശോധിച്ച് അന്വേഷണ റിപ്പോർട്ടുകളും നിർദ്ദേശങ്ങളും സർക്കാരിന് സമർപ്പിക്കുക.
- സ്ത്രീകളുടെ അവകാശങ്ങളുടെ ലംഘനം അവരുടെ സംരംക്ഷണം,സമത്വം, വികസനം എന്നിവ ഉറപ്പുവരുത്തുന്ന നിയമങ്ങൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുക. ഇവ സംബന്ധിച്ച പരാതികൾ പരിശോധിക്കു കയും സ്വമേധയാ ഏറ്റെടുക്കുകയും ചെയ്യുക.

- സ്ത്രീകളെ പാർപ്പിക്കുന്ന ഭവനങ്ങൾ , ജയിൽ, സ്ഥാപനങ്ങൾ എന്നിവ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക.
- സ്ത്രീകൾക്ക് (പ്രശ്നങ്ങൾ അനുഭവിക്കുന്ന) സാമ്പത്തിക സഹായം നൽകുക.
- സ്ത്രീ സമൂഹത്തിന്റെ പ്രശ്നങ്ങളിൽ കേസ് നടത്തിക്കാനുള്ള ധനസഹായ മാർഗ്ഗങ്ങൾ കണ്ടെത്തുക
- വനിതാകമ്മീഷനിൽ കേസുകൾ നില നിൽക്കുന്ന കാലത്തോളം സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണഭവനങ്ങൾ നൽകു കയും ചെയ്യുന്നു.

**വനിതാ കമ്മീഷനിൽ പരാതി നൽകേണ്ട വിധം**

- പരാതിക്കാരിയുടെയും പ്രതിയുടെയും പൂർണ്ണ മേൽവിലാസം ഉൾപ്പെടുത്തി പരാതി വെള്ള പേപ്പറിൽ നൽകാവുന്നതാണ്
- പരാതിയിൽ സ്റ്റാമ്പ് വേണ്ട
- പരാതി നൽകുന്നതിന് വക്കീലിന്റെ ആവശ്യമില്ല
- സിവിൽ കേസുകൾ കമ്മീഷനിൽ പരിഗണി ക്കുകയില്ല
- കെൽസ വഴിയാണ് നിയമ സേവനങ്ങൾ കമ്മീഷൻ നൽകുന്നത്
- കൗൺസിലിംഗ് സേവനം കമ്മീഷൻ വഴി നൽകുന്നുണ്ട്.

> *സ്ത്രീസുരക്ഷയിൽ വനിതാകമ്മീഷന്റെ പങ്ക് ചർച്ച ചെയ്യുക*

**മനുഷ്യാവകാശ കമ്മീഷൻ**

ഭരണഘടനയിലോ അന്താരാഷ്ട്ര പ്രഖ്യാപനങ്ങ ളിലോ ഉറപ്പുനൽകുന്നതും വ്യക്തിയുടെ ജീവനേയും സ്വാതന്ത്ര്യത്തിനേയും സമത്വത്തിനേയും അന്തസ്സിനേയും ബാധിക്കുന്ന മാനുഷികമായ ഏതൊരു അവകാശത്തേയും മനുഷ്യാവകാശം എന്നു പറയും. ഇത്തരത്തിലുള്ള മനുഷ്യാവകാശ ലംഘനങ്ങൾ നടക്കുമ്പോൾ അവയെ സംബന്ധിച്ച പരാതി അതിനിരയായ വ്യക്തിയ്ക്കോ അയാൾക്ക് വേണ്ടി മറ്റാർക്കെങ്കിലുമോ സൗജന്യമായി സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ നൽകാം.

**നിയമ സേവന സമിതി**

1987 ലെ നിയമസേവന അതോറിറ്റി നിയമപ്രകാരം സംസ്ഥാന അതോറിറ്റിയും ജില്ലാ അതോറിറ്റിയും താലൂക്ക് കമ്മിറ്റികളും, സംസ്ഥാന, ജില്ലാ, താലൂക്ക് ആസ്ഥാനങ്ങളിലെ കോടതികളുമായി ചേർന്ന് പ്രവർത്തിക്കുന്നു . സുപ്രീം കോടതിയും ഈ നിയമത്തിന് കീഴിൽ വരുന്നു. ഈ നിയമപ്രകാരം താഴെപ്പറയുന്ന വിഭാഗങ്ങൾക്ക് സൗജന്യ നിയമ സഹായവും നിയമ സേവനവും ലഭ്യമാക്കുന്നു.

- പട്ടികജാതി പട്ടിക വർക്ഷ വിഭാഗക്കാർക്ക്
- സ്ത്രീകൾക്കും കുട്ടികൾക്കും
- വികലാംഗക്ഷേമ നിയമപരിധിയിൽപ്പെട്ടവർക്ക്
- പ്രകൃതി ദുരന്തം , സാമുദായിക കലാപം, മത വർഗ്ഗീയ കലാപം , ഭൂകമ്പം, വ്യവസായിക ദുരന്തം മുതലായവയ്ക്ക് ഇരയാകുന്നവർക്ക്
- വ്യാവസായിക തൊഴിലാളികൾ , പുനരധിവാസ ഗൃഹങ്ങളിലെ അന്തേവാസികൾ, ജുവനൈൽ ഹോമുകളിലെ അന്തേവാസികൾ, മാനസിക രോഗ ചികിത്സാലയങ്ങൾ, അനാഥാലയങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾ മുതലായവർക്ക്

സംസ്ഥാന നിയമസേവന അതോറിറ്റിയുടെ ഭാഗമായി സ്കൂളുകൾ, കോളേജുകൾ, എന്നിവ കേന്ദ്രീകരിച്ച് വിദ്യാർത്ഥികൾക്കും കുടുംബശ്രീ വഴി അയൽക്കൂട്ട അംഗങ്ങളായ സ്ത്രീകൾക്കും സൗജന്യ നിയമ സാക്ഷരതാ ക്ലാസ്സുകൾ നൽകുന്നു. കൂടാതെ കുടുംബശ്രീയിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന പാരാ ലീഗൽ വോളണ്ടിയർമാർ വഴി നിയമ സേവന സംവിധാനങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടക്കുന്നു

**വനിതാസെൽ**

- വനിതാ സെല്ലുകൾ സ്ത്രീകൾക്ക് നേരെ നടക്കുന്ന അന്യായങ്ങൾക്കെതിരെ പ്രത്യേ കിച്ചും സ്ത്രീകൾക്കെതിരെ കുടുംബത്തിലും പുറത്തും നടക്കുന്ന അതിക്രമങ്ങൾ, അവഗ ണന, അവകാശ നിഷേധം എന്നിവയ്ക്കെതിരെ പ്രധാന പോലീസ് സ്റ്റേഷനുകളുടെ ഭാഗമായി പ്രവർത്തിക്കുന്നു.
- വനിതാ സെല്ലുകൾ സ്ത്രീകളുടെ പ്രശ്നങ്ങൾ

പരിഹരിക്കുന്നതിനായി മദ്ധ്യസ്ഥർ എന്ന നിലയിൽ പ്രവർത്തിക്കുന്നു. കൂടാതെ കൗൺസിലിംഗ് ആവശ്യമുള്ള അവസരങ്ങളിൽ സൗജന്യ കൗൺസിലിംഗ് സേവനവും നൽകുന്നു.

- സംസ്ഥാനത്ത് നിലവിൽ പതിനേഴ് വനിതാ സെല്ലുകൾ പ്രവർത്തിക്കുന്നു. പ്രധാന നഗരങ്ങളായ തിരുവനന്തപുരം , കൊച്ചി, കോഴിക്കോട്, എന്നിവിടങ്ങളിൽ രണ്ട് വുമൺസെല്ലുകൾ വീതം പ്രവർത്തിക്കുന്നു
- സംസ്ഥാനത്തെ പ്രധാന പോലീസ് സ്റ്റേഷനുകളിലെല്ലാം തന്നെ ***വിമൺ ഡെസ്കുകൾ*** പ്രവർത്തിക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും നിർഭയരായി പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിനും അവയ്ക്ക് പരിഹാരം നേടുന്നതിനുമായാണ് വിമൺ ഡെസ്കുകൾ സ്ഥാപിച്ചിരിക്കുന്നത്.

### പ്രൊട്ടക്ഷൻ ഓഫീസർ

ഗാർഹികപീഡന നിരോധനിയമത്തിനു കീഴിൽ പ്രധാനപ്പെട്ട ചുമതല വഹിക്കുന്ന ആളാണ് പ്രൊട്ടക്ഷൻ ഓഫീസർ. ഇത് സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു. എല്ലാ ജില്ലയിലും പ്രൊട്ടക്ഷൻ ഓഫീസർമാർ ഉണ്ട്. ഗാർഹിക പീഡനങ്ങൾക്കിരയായവർക്ക് നീതിയും നിയമസഹായവും ഉറപ്പുവരുത്തുകയാണ് ഇവരുടെ ചുമതല. വാസസ്ഥലത്തിനുള്ള അവകാശം ഉറപ്പുവരുത്തുന്നതിനും സ്വത്തുക്കൾ അന്യാധീനപ്പെട്ടു പോകുന്നത് തടയാനും ഈ നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. അതിക്രമത്തിനിരയാകുന്ന സ്ത്രീകളുടെ സംരക്ഷണത്തിനായി ഓരോ ജില്ലയിലും ഈ നിയമപ്രകാരം സംരക്ഷണഭവനങ്ങളും മഹിളാമന്ദിരങ്ങളും ഷോർട്ട്സ്റ്റേ ഹോമുകളും, വൃദ്ധവികലാംഗ സദനങ്ങൾ തുടങ്ങിയവയും പ്രവർത്തിക്കുന്നു. ഇവയ്ക്ക് പുറമേ സന്നദ്ധസേവന സംഘടനകളും സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണത്തിനായി പ്രവർത്തിക്കുന്നുണ്ട്.

### പ്രൊബേഷൻ ഓഫീസർ

ഗാർഹിക പീഡനത്തിനിരയാവുന്നവർക്ക് സംരക്ഷണം നൽകുന്നതിനായി കേരളത്തിലെ പതിനാല് ജില്ലകൾക്കുമായി 31 സംരക്ഷണ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. ജില്ലാ പ്രൊബേഷൻ ഓഫീസർ എന്നാണിവർ അറിയപ്പെടുന്നത്. സാമൂഹ്യ ക്ഷേമ വകുപ്പിന് കീഴിലാണ് പ്രൊബേഷൻ ഓഫീസറും പ്രവർത്തിക്കുന്നത്. ഗാർഹിക പീഡനവുമായി ബന്ധപ്പെട്ട് പ്രൊബേഷൻ ഓഫീസർ തയ്യാറാക്കുന്ന ഡൊമസ്റ്റിക് ഇൻഡിസെന്റ് റിപ്പോർട്ട് (ഡി.ഐ.ആർ.) വളരെ പ്രധാനപ്പെട്ടതാണ്. ഈ റിപ്പോർട്ടാണ് അധികാരമുള്ള ഒന്നാം ക്ലാസ്സ് മജിസ്ട്രേട്ടിന് സമർപ്പിക്കുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതും.

### ഭൂമിക – (GENDER BASED VIOLENCE MANAGEMENT CENTRE)

ലിംഗപരമായ അതിക്രമങ്ങളും പീഡനങ്ങളും നേരിടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ ആരോഗ്യ നിയമ സേവനങ്ങൾ നൽകുന്നതിനായി ജില്ലാ ആസ്ഥാനങ്ങളിൽ, താലൂക്ക് ആശുപത്രി/ ജില്ലാ ആശുപത്രിയിലാണ് ഭൂമിക കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നത് . ഒരു സ്ത്രീ കൗൺസിലറുടെ സേവനം ഇവിടെ ലഭ്യമാണ്. ദേശീയ ഗ്രാമീണ ആരോഗ്യ മിഷന് കീഴിൽ പ്രവർത്തിക്കുന്ന ഭൂമിക അതിക്രമങ്ങൾക്കും പീഡനങ്ങൾക്കും ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും മാനസികമായ പിന്തുണ നൽകുന്നതിൽ വലിയ പങ്ക് വഹിക്കുന്നു . ഇത് കൂടാതെ അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് സംരക്ഷണ ഭവനങ്ങളിൽ താമസ സൗകര്യവും നൽകി വരുന്നു. വ്യക്തിക്ക് ആവശ്യമായ നിയമ സേവനങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ ആവശ്യമായ സഹായങ്ങളും ഭൂമിക വഴി നൽകി വരുന്നു.

### ചൈൽഡ്ലൈൻ

കുട്ടികളുടെ അവകാശ സംരക്ഷണം എന്ന ലക്ഷ്യം വച്ചുകൊണ്ട് ചൈൽഡ്ലൈൻ പ്രവർത്തിക്കുന്നു. തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽ കേന്ദ്രസർക്കാരിന്റേയും കണ്ണൂർ, കാസർഗോഡ്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ സംസ്ഥാന സർക്കാരിന്റേയും സഹകരണത്തോടുകൂടി ചൈൽഡ്ലൈൻ പ്രവർത്തിക്കുന്നു.

ചൈൽഡ്ലൈൻ പ്രധാനമായും തെരുവോരങ്ങളിൽ തനിച്ചു ജീവിക്കുന്ന കുട്ടികൾ, ബാലവേല ചെയ്യുന്നവർ, വീട്ടുജോലി ചെയ്യുന്ന കുട്ടികൾ, ലൈംഗികതൊഴിലാളികളുടെ കുട്ടികൾ, ലൈംഗികചൂഷണത്തിനു വിധേയരാകുന്ന കുട്ടികൾ

എന്നിവരുടെ ഇടയിലാണ് പ്രവർത്തിക്കുന്നത്. 24 മണിക്കൂറും പ്രവർത്തിക്കുന്ന 1098 എന്ന ടോൾ ഫ്രീ നമ്പരിൽ വിളിച്ചാൽ കുട്ടികൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ ചൈൽഡ്‌ലൈനെ അറിയിക്കാം.

## ജാഗ്രതാ സമിതി

കേരളത്തിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ, സ്വാതന്ത്ര്യ നിഷേധം, അവകാശ ലംഘനം എന്നിവയിൽ ഇടപെട്ട് പരിഹരിക്കാനും അത്തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാകാത്ത തരത്തിലുള്ള സാമൂഹ്യ സൃഷ്ടിക്കും വേണ്ടി പ്രാദേശിക സർക്കാർ തലത്തിൽ പ്രവർത്തിക്കാൻ ലക്ഷ്യമിട്ട് കൊണ്ട് രൂപീകരിച്ചതാണ് ജാഗ്രതാ സമിതികൾ.

- സ്ത്രീകളും പെൺകുട്ടികളും കക്ഷികളായിട്ടുള്ള പരാതികൾ സ്വീകരിക്കുക, പരിഹരിക്കുക
- സ്വയം പ്രശ്നങ്ങൾ ഏറ്റെടുത്ത്/ കണ്ടെത്തി പരിഹരിക്കാനായി ഇടപെടുക
- സ്ത്രീകൾക്കും, പെൺകുട്ടികൾക്കും എതിരെ അതിക്രമങ്ങൾ ഉണ്ടാകാത്ത അവസ്ഥ സംജാതമാക്കാൻ പ്രയത്നിക്കുക
- സ്ത്രീകളുടെയും പെൺകുട്ടികളുടെയും പ്രശ്നങ്ങൾ പരിഹരിക്കാനായി ത്രിതല പഞ്ചായത്ത് സംവിധാനങ്ങളെ സഹായിക്കുക
- സ്ത്രീ പക്ഷ സമീപനത്തോടെ പ്രശ്നങ്ങളെ സമീപിക്കുക
- ആവശ്യമായ നിയമ സഹായവും ഉപദേശവും പ്രചരണവും നൽകുക

എന്നിവയാണ് ജാഗ്രതാ സമിതിയുടെ പ്രധാന ലക്ഷ്യങ്ങളും ഉത്തരവാദിത്തങ്ങളും

താഴേത്തലത്തിലേക്ക് ജനങ്ങൾക്ക് കാര്യക്ഷമമായി ഇടപെടാൻ കഴിയുന്ന ജാഗ്രതാ സമിതി പോലുള്ള ഒരു സംവിധാനം വളരെ അത്യാവശ്യമാണ്. നിയമ സംവിധാനങ്ങളെ സമീപിക്കാനുള്ള പരിജ്ഞാനം സ്ത്രീകൾക്കുണ്ടാക്കുക, അതിനാവശ്യമായ ആത്മബലവും പിൻതുണയും നൽകുക, അവയുടെ സേവനം സ്ത്രീകളുടെ അടുത്ത് എത്തിക്കുക, നിയമാവബോധം നൽകുക, നീതി നടപ്പിലാക്കാൻ സഹായിക്കുക, ഇവകൂടാതെ കൗൺസിലിംഗ് ആവശ്യമുള്ള സന്ദർഭങ്ങളിൽ അത് നൽകാനുള്ള സംവിധാനവും ജാഗ്രതാ സമിതി വഴി നടത്തുന്നു.

### ഘടന




വികേന്ദ്രീകൃതമായുള്ള ഇത്തരം സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുക വഴി നീതി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കിക്കൊണ്ട് പ്രശ്നപരിഹാരം സാദ്ധ്യമാവും, സാമൂഹിക നീതി ഉറപ്പു വരുത്തുക എന്ന കർത്തവ്യം നടപ്പിലാക്കുന്നതിൽ പ്രാദേശിക സർക്കാരുകളെയും ജാഗ്രതാ സമിതികൾ സഹായിക്കുന്നു.

**ജില്ലാ തല ജാഗ്രതാ സമിതിയിലെ അംഗങ്ങൾ**

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് (ചെയർപേഴ്സൺ), ഗ്രാമ പഞ്ചായത്ത് അസ്സോസ്സിയേഷൻ നാമ നിർദ്ദേശം ചെയ്യുന്ന ഒരു വനിതാ പഞ്ചായത്ത് പ്രസിഡന്റ് (മെമ്പർ), ബ്ലോക്ക് പഞ്ചായത്ത് അസ്സോസ്സിയേഷൻ ജില്ലാ കമ്മിറ്റി നാമ നിർദ്ദേശം ചെയ്യുന്ന ഒരു വനിതാ ബ്ലോക്ക് പ്രസിഡന്റ് (മെമ്പർ),മുനിസിപ്പൽ അസ്സോസ്സിയേഷൻ ചേമ്പർ ഓഫ് മുനിസിപ്പൽ അസ്സോസ്സിയേഷൻ നാമ നിർദ്ദേശം ചെയ്യുന്ന ഒരു ചെയർപേഴ്സൺ (വനിത ആ ജില്ലയിൽ ഇല്ലെങ്കിൽ പുരുഷൻ), രണ്ടു വനിതാ സാമൂഹ്യ പ്രവർത്തകർ, എസ് സി / എസ് ടി വിഭാഗത്തിലെ സാമൂഹ്യ പ്രവർത്തക, ജില്ലാ പോലീസ് സൂപ്രണ്ട്, റവന്യൂ ഡിവിഷണൽ ഓഫീസർ, (ആർ ഡി ഒ) , ഒരു വനിതാ വക്കീൽ, സാമൂഹ്യ ക്ഷേമ വകുപ്പ് ജില്ലാ ഓഫീസർ, (ഡൊമസ്റ്റിക് വയലൻസ് ആക്റ്റ് പ്രകാരമുള്ള ഗാർഹികാതിക്രമങ്ങളിൽ നിന്നും, സ്ത്രീകളെ സംരക്ഷിക്കുന്ന നിയമ പ്രകാരമുള്ള പ്രൊട്ടക്ഷൻ ഓഫീസർ എന്നിവരാണ്.

**പഞ്ചായത്ത് തല ജാഗ്രതാ സമിതി അംഗങ്ങൾ**

പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും , ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറും വനിതാ മെമ്പർ, വനിതാ അഭിഭാഷക, സി ഡി എസ് ചെയർപേഴ്സൺ, സ്ഥലത്തെ സബ് ഇൻസ്പെക്ടർ, എസ് സി , എസ് ടി വിഭാഗത്തിൽപ്പെട്ട സാമൂഹ്യ പ്രവർത്തക, ഇതേ വിഭാഗത്തിലെ വനിതാ മെമ്പർ, കൗൺസിലർ, ഡോക്ടർ തുടങ്ങിയവരാണ് പഞ്ചായത്ത് തല ജാഗ്രതാ സമിതി കമ്മിറ്റിയിൽ ഉൾപ്പെടുന്നത്

**മുനിസിപ്പൽ ലെവൽ ജാഗ്രതാ സമിതി അംഗങ്ങൾ**

ചെയർപേഴ്സൺ- മുനിസിപ്പൽ ചെയർപേഴ്സണും, കൺവീനർ- സാമൂഹ്യക്ഷേമ വകുപ്പ് ഉദ്യോഗസ്ഥ(സി ഡി.പി.ഒ/ഐ സി.ഡി.എസ് സൂപ്പർവൈസർ)യും, സ്ഥലത്തെ പോലീസ് സർക്കിൾ ഇൻസ്പെക്ടർ/ ചുമതലപ്പെടുത്തുന്ന സബ് ഇൻസ്പെക്ടർ, വനിതാ കൗൺസിലർ, എസ്സ് സ്സി എസ്സ്ടി വിഭാഗത്തിലെ സാമൂഹ്യപ്രവർത്തക, ഒരു വനിതാ ഡോക്ടർ, വാർഡ്തല ജാഗ്രതാ സമിതി കൺവീനർമാരിൽ ഒരാൾ, സി ഡി എസ് ചെയർപേഴ്സൺ, സാമൂഹ്യപ്രവർത്തക, വനിതാ അഭിഭാഷക, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ എന്നിവർ അംഗങ്ങളുമാണ്

**കോർപ്പറേഷൻ ലെവൽ ജാഗ്രതാ സമിതി അംഗങ്ങൾ**

കോർപ്പറേഷൻ തല ജാഗ്രതാസമിതിയിൽ പതിനൊന്ന് അംഗങ്ങൾ ഉണ്ടണ്ടായിരിക്കും

മേയർ ആണ് ചെയർപേഴ്സൺ, സാമൂഹ്യക്ഷേമ ഡെപ്യൂട്ടി ജില്ലാ ഓഫീസർ/കോർപറേഷനിലെ സീനിയർ സി.ഡി.പി.ഒ. ആണ് - കൺവീനർ, ഡെപ്യൂട്ടി മേയർ, വനിതാ അഭിഭാഷക, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ഡി.വൈ. എസ്.പി/ചുമതലപ്പെടുത്തുന്ന സി ഐ, വനിതാ സെല്ലിലെ സി ഐ/ എസ് ഐ, വനിതാ ഡോക്ടർ, സാമൂഹിക പ്രവർത്തക, കൗൺസിലിംഗ് വിദഗ്ധ, എസ്സ് സി എസ്സ് ടി വിഭാഗത്തിലെ സാമൂഹിക പ്രവർത്തക, സാമൂഹിക പ്രവർത്തക എന്നിവരാണ് അംഗങ്ങൾ.

പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ തല ജാഗ്രതാ സമിതിയിൽ പരാതികൾ രേഖാമൂലമോ, നേരിട്ടോ, വാക്കാലോ നല്കാം. പരാതിക്കാരിയുടെ പേര് വിവരം വെക്കണമെന്നില്ല. പരാതികൾ തപാൽ വഴി അയയ്ക്കുകയോ പരാതിപ്പെട്ടിയിൽ നിക്ഷേപിക്കുകയോ ചെയ്യുന്നതിന് സൗകര്യമുണ്ട്. ജാഗ്രതാ സമിതി ചെയർപേഴ്സന്റെ പേരിലാണ് പരാതി നൽകേണ്ടത്. എന്നാൽ ഈ പരാതി അതത് തലത്തിൽ അംഗമായിട്ടുള്ള ആർക്ക് വേണമെങ്കിലും നൽകാം. ജാഗ്രതാ സമിതിയെ സഹായിക്കാനായി പഞ്ചായത്ത് തല സഹായ സമിതിയും നിയമ സഹായസമിതിയും നിലവിലുണ്ട്.

പഞ്ചായത്ത് ജാഗ്രതാ സമിതിക്ക് ആവശ്യമായ നിയമസഹായവും ഉപദേശവും നൽകുക. സ്ത്രീകൾക്ക് ആവശ്യമായ നിയമസഹായവും നിയമപരമായ മാർക്ഷനിർദ്ദേശവും നൽകുക, നിയമ സഹായ സംഘങ്ങളെ ജാഗ്രതാ സമിതിയുമായി കൂട്ടിയിണക്കുക തുടങ്ങിയവയാണ് നിയമ സഹായ സമിതിയുടെ പ്രധാന ചുമതലകൾ. പുതുതായി ഇറങ്ങുന്ന നിയമങ്ങളെ സംബന്ധിച്ച് ജാഗ്രതാ സമിതിക്കും പൊതുജനത്തിനും വേണ്ട ബോധവത്കരണ പരിപാടി നടത്തേണ്ടതും നിയമ സഹായ സമിതിയുടെ ചുമതലയാണ്.

**വാർഡ് തല ജാഗ്രതാ സമിതികൾ**

പഞ്ചായത്ത് തല ജാഗ്രതാ സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ജനകീയവും ആക്കി

തീർക്കുന്നതിനാണ് ഓരോ വാർഡിലും വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡ് തല ജാഗ്രതാ സമിതി രൂപീകരിക്കുന്നത്. പഞ്ചായത്ത് ജാഗ്രതാ സമിതി എടുക്കുന്ന തീരുമാനങ്ങൾ, ബോധന പരിപാടികൾ, ക്യാംപെയിനുകൾ, എന്നിവ ഫലവത്താക്കലും ഈ സമിതിയുടെ ലക്ഷ്യമാണ്. കൂടാതെ താഴെ തലത്തിൽ ഏറ്റവും അടുത്ത് ജനങ്ങൾക്ക് ജാഗ്രതാ സമിതിയുടേയും വനിതാ കമ്മീഷന്റെയും സേവനം ലഭിക്കുന്ന തരത്തിൽ പ്രവർത്തിക്കുക എന്നതും ഇതിന്റെ പരമ പ്രധാന ലക്ഷ്യമാണ്.

സ്ത്രീകൾക്കും പെൺകുട്ടികൾക്കും അവരുടെ അവകാശങ്ങൾ, കർത്തവ്യങ്ങൾ, എന്നിവ തിരിച്ചറിയുന്നതിനും , അവ സംരക്ഷിക്കുന്നതിനും ഉപയോഗിക്കുന്നതിനും സഹായകമായ നിയമങ്ങളെക്കുറിച്ച് പരിജ്ഞാനം നൽകുന്നതിനുമുള്ള പഠനക്ലാസ്സുകൾ പരിശീലനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, പ്രചരണപരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കേണ്ടതും ജാഗ്രതാസമിതി പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടതാണ്. സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെ ഉണ്ടാകുന്ന അതിക്രമങ്ങളെ ചോദ്യം ചെയ്യാനും പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ട് പരിഹരിക്കാനും അതിക്രമത്തിനിരയായവർക്ക് ആത്മവിശ്വാസം നൽകിക്കൊണ്ട് നിലവിലുള്ള നിയമങ്ങളെയും സഹായ സംവിധാനങ്ങളെയും കുറിച്ച് ബോധ്യപ്പെടുത്തി വേണ്ട പിന്തുണ നൽകാൻ കഴിവുള്ള ജനകീയ സംവിധാനമായി ജാഗ്രതാ സമിതികൾ മാറണം

സ്ത്രീകൾക്കെതിരെ ഉണ്ടാകുന്ന ഏതു പ്രശ്നവും പരാതി ലഭിച്ചില്ലെങ്കിലും ജാഗ്രതാ സമിതിയ്ക്ക് ബോദ്ധ്യപ്പെടുന്നപക്ഷം അതിൽ ഇടപെടാവുന്നതാണ്.

*'സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയിൽ മുൻപന്തിയിൽക നിൽക്കുന്ന സംസ്ഥാനമാണ് കേരളം' ഈ പ്രസ്താവനയുടെ സാധുത വിലയിരുത്തുക.*

| ജില്ല | സ്നേഹിത | വനിത ഹെൽപ്പ്ലൈൻ | ചൈൽഡ്‌ലൈൻ | വനിതാവികസന കോർപ്പറേഷൻ |
|---|---|---|---|---|
| തിരുവനന്തപുരം | 1800-4258-855<br>0471-2430661 | 9995399953 | 0471-2595097 | 181 |
| എറണാകുളം | 0484-2428745/<br>1800 4255 5678 | 0484-2356044 | 0484-2204718 | |
| മലപ്പുറം | 1800 425 6864 | 48632734830 | 0483-2730739 | |
| പാലക്കാട് | 0491-2505111 | 0491-2504650 | 0491-2570291 | |
| ഇടുക്കി | 04868-250679<br>18004252667 | 04862-229100 | 04868-250850 | |
| വയനാട് | 4936202033 | 0493-6206127 | 04936-0207157 | |

## കുടുംബശ്രീ
## സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ
## സ്ത്രീപദവി സ്വയംപഠന പ്രക്രിയ

സംസ്ഥാന വ്യാപകമായി കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങളുടെ തുടർച്ചയായി അയൽക്കൂട്ട രൂപീകരണവും സ്ത്രീകളുടെ കൂട്ടായ്മയും സൃഷ്ടിക്കാൻ സാധിച്ചു. എങ്കിലും സ്ത്രീകൾക്ക് തങ്ങളുടേതായ അവകാശങ്ങൾ തിരിച്ചറിഞ്ഞ് അവ നേടിയെടുക്കാനും സമൂഹത്തിന്റെ വിവിധ മേഖലകളിൽ തങ്ങളുടെ അവസരങ്ങൾ ഉറപ്പുവരുത്തുന്നതിനും സാധിച്ചിരുന്നില്ല. ഈ അവസരത്തിൽ വ്യത്യസ്തമായൊരു പഠന രീതിയിലൂടെ സ്വന്തം അവസ്ഥ സ്വയം തിരിച്ചറിയുന്നതിനും അത് വഴി പഠിതാവ് തന്നെ അറിവിന്റെ ഉൽപാദകരും, ഗുണഭോക്താക്കളും ആയി മാറുന്ന ഒരു പദ്ധതി സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി കുടുംബശ്രീ 2007 ൽ ആരംഭിച്ചു.

നിലനിൽക്കുന്ന സാമൂഹ്യ അവസ്ഥയേയും അധികാര ഘടനയേയും തങ്ങളുടെ വ്യക്തിപരവും സാമൂഹ്യവുമായ അനുഭവങ്ങളുമായി ബന്ധപ്പെടുത്തി മനസ്സിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സ്ത്രീ പദവി സ്വയം വിശകലനം ചെയ്യുന്നതിനുള്ള ശേഷി കുടുംബശ്രീ പ്രവർത്തകർ ആർജ്ജിക്കുകയും ചെയ്യുന്നതിന് സഹായിക്കുക എന്നതാണ് ഈ പഠന പ്രക്രിയയുടെ ലക്ഷ്യം. ഇത് കേവലം ബോധവത്കരണ പരിശീലനമല്ല മറിച്ച് പരസ്പരം സഹായകമായ പഠന പ്രക്രിയയാണ്.

**ജെൻഡർ കോർണർ**

കുടുംബശ്രീ സി ഡി എസ് തലത്തിൽ ആരംഭിച്ച ജെൻഡർ കോർണറുകളും അവയുടെ പ്രവർത്തനങ്ങളും പ്രാദേശിക തലത്തിൽ സ്ത്രീകളുടേതായ ഒരിടം എന്ന ആശയം മുൻ നിർത്തിയാണ് പ്രവർത്തിക്കുന്നത്. സ്ത്രീകൾക്ക് വായനയ്ക്കും വിജ്ഞാനത്തിനുമുള്ള അവസരം സൃഷ്ടിക്കുക, ഇത്തരം വിഷയങ്ങളുമായി ബന്ധപ്പെട്ട് സംവാദങ്ങൾ സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക, സ്ത്രീകളുടെ സർക്ഷാത്മകത പ്രകടനത്തിനുള്ള വേദിയായി മാറുക, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുമായി ചേർന്നുള്ള സംയോജിതപ്രവർത്തനം, സ്ത്രീകൾക്ക് അവരുടെ പ്രശ്നങ്ങൾ തുറന്ന് പറയാനും പങ്കിടാനുമുള്ള ഒരു വേദി, എന്നീ നിലകളിലാണ് ജെൻഡർ കോർണർ നിലവിൽ പ്രവർത്തിച്ചു വരുന്നത്. ഇതിനോടൊപ്പം സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് ജാഗ്രതാ സമിതികളുമായി സംയോജിച്ചുകൊണ്ട് പ്രാദേശികമായി പരിഹാരം കാണുക എന്ന ലക്ഷ്യവും ജെൻഡർ കോർണർ പ്രവർത്തനങ്ങൾക്കുണ്ട്. കൂടാതെ ആവശ്യമായ സാഹചര്യങ്ങളിൽ ഹെൽപ്പ് ഡെസ്ക് പ്രവർത്തനവുമായി സംയോജിപ്പിച്ച് കൊണ്ട് കൗൺസിലിംഗ്, നിയമസേവന സംവിധാനങ്ങൾ എന്നിവയും ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾക്കായി മുൻകൈയെടുക്കുന്നു. ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക് പ്രവർത്തനങ്ങളുടെ പ്രാദേശിക തലത്തിലെ പാർശ്വ ഘടകമായാണ് ജെൻഡർ കോർണറുകളുടെ പ്രവർത്തനം നടന്നു വരുന്നത് പ്രാദേശിക തലത്തിൽ റിസോഴ്സ് പേഴ്സൺമാരുടേയും കുടുംബശ്രീ അംഗങ്ങളുടേയും സഹകരണം ഹെൽപ്പ് ഡെസ്ക് പ്രവർത്തനങ്ങളിൽ ഉറപ്പു വരുത്താൻ ഈ സംവിധാനം സഹായകരമാവുന്നു. കമ്മ്യൂണിറ്റി കൗൺസിലേർസ്., സ്നേഹിത ഉദ്യോഗസ്ഥർ എന്നിവരുടെ സഹകരണത്തോടെ ജെൻഡർ കോർണർ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനം നടത്തി വരുന്നു

**സ്നേഹിത**

സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതമായ സാമൂഹ്യയിടം സൃഷ്ടിക്കാനും, ഉപജീവനത്തിനും അതിജീവനത്തിനും ഉതകുന്ന പിന്തുണകൾ നൽകാനും, ഏതെങ്കിലും തരത്തിലുള്ള അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്ക് അടിയന്തിര സഹായവും, പിന്തുണയും, നൽകാൻ സാധ്യമാവുന്ന തരത്തിൽ ഒരു കേന്ദ്രം എല്ലാ ജില്ലകളിലും ഉണ്ടാവേണ്ടത് ആവശ്യമാണെന്ന് തിരിച്ചറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമെന്ന നിലയിൽ ഹെൽപ്പ് ഡെസ്ക് പ്രവർത്തനം മൂന്ന് ജില്ലകളിൽ (തിരുവനന്തപുരം, എറണാകുളം മലപ്പുറം) ആരംഭിച്ചു.

സമൂഹത്തിൽ ഒറ്റപ്പെട്ടവരും, നിരാലംബരും, പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നവരുമായ സ്ത്രീകൾക്കും കുട്ടികൾക്കും പിന്തുണയും സഹായവും താത്കാലിക അഭയവും നൽകുന്ന ഒരു ഇടമായാണ് ഈ കേന്ദ്രം പ്രവർത്തിക്കുന്നത്. ഏതെങ്കിലും തരത്തിലുള്ള അതിക്രമങ്ങൾക്കോ ചൂഷണങ്ങൾക്കോ വിധേയരായ സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ പിന്തുണ നൽകുക എന്നതാണ് ഈ കേന്ദ്രത്തിന്റെ പ്രധാന ലക്ഷ്യം. നിലവിൽ ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിലും സ്നേഹിത പ്രവർത്തനം നടത്തുന്നു. ഈ സാമ്പത്തിക വർഷം സ്നേഹിത ഹെൽപ്പ് ഡെസ്കുകൾ നിലവിൽ പ്രവർത്തിക്കാത്ത 8 ജില്ലകളിലും സ്നേഹിത ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്നേഹിത സെന്ററുകൾ നേരിട്ട് സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുകയും മാസാന്ത്യ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മറ്റ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു. ഇതോടൊപ്പം സി ഡി എസ് തലത്തിൽ അദാലത്തുകളും സിറ്റിംഗുകളും സംഘടിപ്പിക്കുന്നു.

- **കമ്മ്യൂണിറ്റി കൗൺസിലിംഗ്**

കൗൺസിലിംഗ് രംഗത്തെ വിദഗ്ദ്ധർ ഉൾപ്പെടുന്ന ടീം നാല് ദിവസം കുടുംബശ്രീ അംഗങ്ങളും

കൗൺസിലിംഗ് മേഖലയിൽ മുൻപരിചയമുള്ള വരുമായ വനിതകൾക്ക് പരിശീലനം നൽകി 320 പേർ ഉൾപ്പെടുന്ന കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസി ലേർസ് ടീം രൂപീകരിച്ചു. ഇവരുടെ നേതൃത്വത്തിൽ 829 കേസുകളിൽ ഇടപെടാൻ സാധിച്ചു അതിൽ 257 കേസുകൾ പരിഹരിക്കാനും ഇവർക്ക് സാധിച്ചു. മറ്റ് കേസുകളിൽ ഫോളോ അപ്പും കൗൺസിലിംഗ് സെഷനും നടന്നു വരുന്നു. ഭിന്നശേഷിയുള്ള കുട്ടികളുടെ മാതാപിതാക്കൾക്കുള്ള കൗൺസിലിംഗ് വിവിധ വിഷയങ്ങളെ അധികരിച്ച് നടക്കുന്ന കുടുംബ സംഗമങ്ങൾ വാർഡ് തല സംഗമങ്ങൾ എന്നിവയും ഇവരുടെ നേതൃത്വത്തിൽ നടന്നു വരുന്നു ജെൻഡർ കോർണറുകൾ, റിസോഴ്സ് സെന്ററുകൾ, മൈഗ്രേഷൻ സെന്ററുകൾ, ബ്ലോക്ക് ലെവൽ കമ്മ്യൂണിറ്റി കൗൺസിലിംഗ് സെന്ററുകൾ, സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക് എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ കമ്മ്യൂണിറ്റി കൗൺസിലർമാരുടെ പങ്കാളിത്തം പൂർണ്ണ തോതിൽ ഉണ്ടായിരിക്കണം

- **വൾണറബിലിറ്റി മാപ്പിംഗ്**

ഒരു പ്രദേശത്തെ പ്രധാന ക്ലേശഘടകങ്ങളേയും, മനുഷ്യരെയും പ്രകൃതിയെയും പ്രത്യക്ഷമായോ പരോക്ഷമായോ ബാധിക്കുകയും ചെയ്യുന്ന പ്രശ്നങ്ങളെ രേഖപ്പെടുത്തുന്ന ഒരു പഠന പ്രവർത്തനം.

- പ്രാഥമിക വിവരശേഖരണം
- ദ്വിദീയ വിവരശേഖരണം
- സ്ഥാപന വിശകലനം
- കുടുംബശ്രീ സംഘടനാ സംവിധാന വിശകലനം
- ഫോക്കസ് ഗ്രൂപ്പ് ചർച്ച
- വിഷയാധിഷ്ഠിത ചർച്ചകൾ
- സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ - വിവരശേഖരണം.

എന്നീ രീതിശാസ്ത്രങ്ങൾ ഉപയോഗിച്ചാണ് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചത്. ഇതിന് മുന്നോടിയായി പരിശീലനങ്ങൾ, വിളബംരജാഥകൾ, വകുപ്പുകളുടെ സംയോജിത മീറ്റിംഗുകൾ തുടങ്ങിയവ സംഘടിപ്പിച്ചു.

ലഭിച്ച വിവരങ്ങളുടെ ക്രോഡീകരണമാണ് നിലവിൽ ജില്ലകളിൽ നടക്കുന്നത്. മാപ്പിംഗ് വഴി കണ്ടെത്തിയ അടിയന്തിരമായി ഇടപെടേണ്ട പ്രശ്നങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കണ്ടെത്തിയ പ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തി കരട് പ്രോജക്ടുകൾ തയ്യാറാക്കുകയും വികസന സെമിനാറിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.

- **കമ്മ്യൂണിറ്റി തീയറ്റർ - രംഗശ്രീ**

കുടുംബശ്രീ വനിതകളായ 37 പേരെ നാടകാവ തരണം , തിരക്കഥാ രൂപീകരണം , കോസ്റ്റ്യൂം പ്രോപ്പർട്ടി നിർമ്മാണം തുടങ്ങിയവ പരിശീലിപ്പിച്ച് മാസ്റ്റർ പരിശീലകരാക്കി മാറ്റി. പ്രാരംഭ പ്രവർത്തനമെന്ന നിലയിൽ എറണാകുളം കൊല്ലം പത്തനംതിട്ട കണ്ണൂർ മലപ്പുറം ജില്ലകളിലെ പ്രവർത്തകരെയാണ് ഇതിനായി തിരഞ്ഞെടുത്തത്. മാസ്റ്റർ പരിശീലകരുടെ നേതൃത്വത്തിൽ ജില്ലയിലെ 2 വീതം സി ഡി എസ്സുകളിൽ തിരഞ്ഞെടുക്കപ്പെട്ട വർക്ക് സി ഡി എസ് തലത്തിൽ പരിശീലനം നൽകി രംഗശ്രീ നാടകാവതരണ ഗ്രൂപ്പിൽ അംഗങ്ങളാക്കി മാറ്റി. ആരോഗ്യ വകുപ്പ് ഉൾപ്പെടെ നിരവധി വകുപ്പുകളുടെ ക്യാംപെയിനുകൾ നിലവിൽ രംഗശ്രീ ഏറ്റെടുത്ത് നടത്തി വരുന്നു.

**ജെൻഡർ റിസോഴ്സ് സെന്റർ / ബ്ലോക്ക് ലെവൽ കമ്മ്യൂണിറ്റി സെന്റർ**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണ ത്തോടെ ബ്ലോക്ക് തലങ്ങളിൽ ജെൻഡർ റിസോഴ്സ് സെന്ററുകൾ ആരംഭിക്കാവുന്നതാണ്. സ്ത്രീകളുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും നിലവിലെ അവസ്ഥകളെ വിശകലനം ചെയ്ത് പോരായ്മകൾ പരിഹരിച്ച് സമൂഹത്തിൽ അവരുടേതായ ഒരു സ്ഥാനം ഉറപ്പിക്കുക, പ്രശ്നങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾക്കും കൗമാരക്കാരായ പെൺകുട്ടികൾക്കും പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനും ആത്മ വിശ്വാസം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ കൗൺസിലിംഗ് നൽകുന്നതിനും തദ്ദേശസ്വയംഭരണ തലത്തിൽ ലിംഗ പദവിയിൽ അധിഷ്ഠിതമായ ഒരു സ്ഥിരം സംവിധാനം അനിവാര്യമാണ്. ഈ സെന്റർ പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത് സ്ത്രീ പക്ഷ നിലപാടുകൾക്ക് പ്രാധാന്യം നൽകുക, അത് വഴി കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളുടെയും കഴിവ് വർദ്ധിപ്പിക്കുക, പദ്ധതികളെയും

പ്രവർത്തനങ്ങളെയും സ്ത്രീ പക്ഷ കാഴ്ചപ്പാടോടു കൂടി കണ്ട് വികസിപ്പിക്കുക എന്നിവയാണ്. ഈ സെന്റർ വഴി പ്രശ്നങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾക്ക് ജെൻഡർ കോർണർ, മൈഗ്രേഷൻ സെന്റർ പ്രവർത്തകരുമായി നേരിട്ട് ബന്ധപ്പെടാനുള്ള അവസരവും ഒരുക്കുന്നു. ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന/ആരംഭിക്കാനിരിക്കുന്ന സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക് പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണതലത്തിൽ ഏകോപിപ്പിക്കുന്നതിനും ജെൻഡർ റിസോഴ്സ് സെന്ററുകൾക്ക് സാധിക്കും

എല്ലാ ജില്ലകളിലും അഞ്ച് വീതം മോഡൽ ജെൻഡർ റിസോഴ്സ് സെന്ററുകൾ ആരംഭിക്കുമ്പോൾ ആ പ്രദേശത്തെ സ്ത്രീകൾക്കും കുട്ടികൾക്കും വായനയ്ക്കും വിജ്ഞാനത്തിനുമുള്ള അവസരങ്ങൾ സൃഷ്ടിച്ച് പൊതുസമൂഹത്തെ സ്ത്രീ സൗഹൃദമാക്കുന്നതിൽ മുഖ്യപങ്ക് വഹിക്കാൻ സാധിക്കും.

കമ്മ്യൂണിറ്റി കൗൺസിലർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനും ഈ സെന്റർ പര്യാപ്തമാകണം. പ്രീമാരിറ്റൽ കൗൺസിലിംഗ്, കൗമാരക്കാരായ കുട്ടികൾ, വൃദ്ധജനങ്ങൾ എന്നിവർക്കും ആവശ്യമായ പരിശീലനങ്ങൾ കൗൺസിലിംഗ് സെന്റർ വഴി നൽകാൻ സാധിക്കും.

### വിജിലന്റ് ഗ്രൂപ്പുകൾ

കേരളത്തിലെ മുഴുവൻ വാർഡുകളിലും എല്ലാവർക്കും സുരക്ഷിതമായൊരു അയൽക്കൂട്ട പ്രദേശം, സഞ്ചാരസ്വാതന്ത്ര്യം, അവകാശ സംരക്ഷണത്തിനായി നിലവിലുള്ള സംവിധാനങ്ങൾ എന്നീ ആശയങ്ങൾ ശക്തമായി ഏറ്റവും സൂക്ഷ്മതലത്തിൽ ചർച്ചചെയ്യപ്പെടുന്ന ഒരു പ്രവർത്തനത്തിന് രൂപം നൽകി നടപ്പിലാക്കി വരുന്നു. അയൽക്കൂട്ടാംഗങ്ങൾ, എ ഡി എസ് അംഗങ്ങൾ, അംഗൻവാടി പ്രവർത്തകർ, അംഗൻവാടി അമ്മമാരുടെ കമ്മിറ്റി, ബാലസഭ പ്രവർത്തകർ, ജനപ്രതിനിധികൾ, ഓരോ എഡിഎസ് പരിധിയിലും വരുന്ന സാംസ്കാരിക സംഘടനകൾ എന്നിവരെയെല്ലാം കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനമാണിത്.

ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ ഓരോ വാർഡിലും കുറഞ്ഞത് 5-10 സുരക്ഷാ വോളണ്ടന്റിയർമാരെ സ്ത്രീ പുരുഷഭേദമെന്യേ (വിജിലന്റ് ഗ്രൂപ്പ്) നിശ്ചയിക്കുകയും അവരുടെ അദ്ധ്യക്ഷതയിൽ സ്ത്രീശക്തി സാമൂഹ്യമാറ്റത്തിനുള്ള പ്രേരണ ഘടകമാക്കി മാറ്റുന്നത് സംബന്ധിച്ചും സുരക്ഷ സംബന്ധിച്ച് നിലവിലുള്ള പിന്തുണാസംവിധാനങ്ങൾ സംബന്ധിച്ചും സുരക്ഷിതമായ സഞ്ചാരത്തിനുള്ള മുൻകരുതലുകളെ സംബന്ധിച്ചും ചർച്ചകൾ നടത്തി ഗ്രൂപ്പ് രൂപീകരണങ്ങൾ വാർഡ് തലത്തിൽ നടന്നു വരുന്നു. ഗ്രൂപ്പുകളുമായി അതത് പ്രദേശത്തെ സി ഡി എസ് ചെയർപേഴ്സൺമാർ വഴി ബന്ധപ്പെടാവുന്നതാണ്.

*(സ്ത്രീ ശാക്തീകരണത്തിൽ കുടുംബശ്രീ വഹിക്കുന്ന പങ്കിനെക്കുറിച്ച് ഒരു ലഘു കുറിപ്പ് തയ്യാറാക്കുക)*

### വിലയിരുത്തൽ ചോദ്യങ്ങൾ

| ഇനം | പൂർണ്ണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| • സാമൂഹിക സമത്വം രാജ്യപുരോഗതിക്ക് തടസ്സമാണെന്ന് പറയുന്നതെന്തുകൊണ്ട്?. | | | |
| • സ്ത്രീസുരക്ഷ നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാം? | | | |
| • കുട്ടികളുടെ സുരക്ഷയ്ക്കായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?. | | | |
| • സ്ത്രീ ശാക്തീകരണവും കുടുംബശ്രീയും എന്ന വിഷയത്തിൽ ഒരു ലഘു പ്രബന്ധം തയ്യാറാക്കുക | | | |

### തുടർ പ്രവർത്തനം

സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള അതിക്രമങ്ങളെ ചെറുക്കാൻ ജാഗ്രതാ സമിതികൾ രൂപീകരിക്കുക

### സ്വയം വിലയിരുത്തൽ

| ഇനം | പൂർണ്ണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| • വിവിധ സ്ത്രീസുരക്ഷാപദ്ധതികളെക്കുറിച്ച് ധാരണ നേടി | | | |
| • കുട്ടികളുടെ സുരക്ഷയ്ക്കായുള്ള വിവിധ സംവിധാനങ്ങളെക്കുറിച്ച് മനസ്സിലാക്കി | | | |
| • സ്ത്രീശാക്തീകരണത്തിൽ കുടുംബശ്രീക്കുള്ള പങ്ക് വിലയിരുത്തി | | | |
| • സ്ത്രീസുരക്ഷയ്ക്കും കുട്ടികളുടെ സുരക്ഷയ്ക്കും വെല്ലുവിളിയായ ഘടകങ്ങളെ പ്രതിരോധിക്കാനുള്ള ശേഷി കൈവരിച്ചു. | | | |

•

# പാഠം 4
# ആരോഗ്യം – ശുചിത്വം

## ആരോഗ്യം

പൊതുജനാരോഗ്യത്തിന്റെ കാര്യത്തിൽ വലിയ ആശങ്കകളില്ലാത്ത നാടായിരുന്നു നമ്മുടെ കേരളം. എന്നാൽ കഴിഞ്ഞ കുറേ നാളുകളായി കേരളം അഭിമുഖീകരിക്കുന്ന പ്രശ്നമായി പൊതുജനാരോഗ്യം മാറിയിരിക്കുന്നു. മികച്ച രീതിയിലുള്ള ആരോഗ്യ പരിപാലന സംവിധാനം നമ്മുടെ നാട്ടിലുണ്ട്. എന്നാൽ, സാധാരണക്കാർക്ക് അപ്രാപ്യമായ വലിയ വ്യവസായമായി ആരോഗ്യ രംഗം വളർന്നിരിക്കുന്നു. നമുക്കുണ്ടാവുന്നതിൽ വെച്ച് സാധാരണ രോഗമായാൽ പോലും അതിന് ചികിത്സ നേടുന്നതിന് വലിയ തുക ചെലവിടേണ്ടി വരുന്നു. നമ്മുടെ തനതായ ആരോഗ്യ പരിപാലനവും രോഗാതുരമല്ലാത്ത സാമൂഹ്യക്രമവും നാം തിരിച്ചു പിടിക്കേണ്ടിയിരിക്കുന്നു. ആരോഗ്യപരിപാലനത്തിൽ നമുക്ക് വലിയ പങ്കാണ് വഹിക്കാനുള്ളത്. ആ തിരിച്ചറിവാണ് ഈ കൂടിയിരിപ്പിലൂടെ നമുക്കുണ്ടാവേണ്ടത്.

എല്ലാ രോഗങ്ങളും പരസ്പര ബന്ധമുള്ളതാണ്. ശീലങ്ങളാണ് രോഗങ്ങൾ വരുത്തുന്നതും പുകർച്ചവ്യാധികൾ കൊണ്ടുവരുന്നതും. കൊതുകുജന്യരോഗങ്ങൾ, വായുവിലൂടെ പകരുന്ന രോഗങ്ങൾ, ലൈംഗിക രോഗങ്ങൾ എന്നിവ മനുഷ്യന്റെ തെറ്റായ ശീലങ്ങൾ കൊണ്ട് സംഭവിക്കുന്നതാണ്. പുതിയ ശീലങ്ങൾ തുടങ്ങാനും, ഉള്ള ശീലങ്ങൾ മാറ്റാനും പ്രയാസമാണ്. ഒന്നിച്ചുനിന്നാൽ സാമൂഹ്യശീലങ്ങളിൽ മാറ്റം വരുത്താൻ കഴിയും. ശീലങ്ങളാണ് രോഗങ്ങൾക്ക് അടിസ്ഥാനം. ആയതിനാൽ തെറ്റായ ശീലങ്ങൾ മാറ്റിയാൽ രോഗാവസ്ഥയെ മാറ്റിയെടുക്കാൻ കഴിയും. ആരോഗ്യസംരക്ഷണത്തിൽ ശുചിത്വത്തിന് സുപ്രധാനമായ സ്ഥാനമാണുള്ളത്.

**പഠനനേട്ടങ്ങൾ**

- ആരോഗ്യം ആരോഗ്യപ്രശ്നങ്ങൾ എന്നിവ തിരിച്ചറിയുന്നു.
- രോഗങ്ങൾക്ക് കാരണമായ വിവിധ ഘടകങ്ങളെ പട്ടികപ്പെടുത്തുന്നു.
- ആരോഗ്യമുള്ള ഒരു സമൂഹത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു.
- മാനസികാരോഗ്യത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു.
- ആരോഗ്യപരിപാലനത്തിൽ ശുചിത്വത്തിനുള്ള പങ്ക് വിലയിരുത്തുന്നു.
- മാലിന്യം എന്താണെന്ന് തിരിച്ചറിയുന്നു.
- മാലിന്യം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ പട്ടികപ്പെടുത്തുന്നു.
- മാലിന്യം എങ്ങനെ സംസ്കരിക്കണമെന്ന ധാരണ നേടുന്നു.
- പരിസര ശിചീകരണം ഏറ്റെടുക്കാനുള്ള മനോഭാവം രൂപപ്പെടുന്നു

### എന്താണ് ആരോഗ്യം?

രോഗങ്ങളില്ലാത്ത അവസ്ഥയെയാണ് പൊതുവെ ആരോഗ്യം എന്ന് പറയുന്നത്. എന്നാൽ ലോക ഹെൽത്ത് അസംബ്ലിയുടെ നിർവ്വചന പ്രകാരം രോഗ, വൈകല്യരാഹിത്യമുള്ള അവസ്ഥ മാത്രമല്ല, സമ്പൂർണ്ണ ശാരീരിക മാനസിക സാമൂഹിക സുസ്ഥിതി കൂടിയാണ് ആരോഗ്യം. ആരോഗ്യം രണ്ടായി തരം തിരിക്കപ്പെട്ടിരിക്കുന്നു; ശാരീരികാരോഗ്യം, മാനസികാരോഗ്യം എന്നിങ്ങനെയാണ്.

**പ്രവർത്തനം**

ഓരോ ക്ലാസ്സിലും അദ്ധ്യാപകൻ അംഗങ്ങളുടെ ആരോഗ്യ നിരീക്ഷണത്തെ കുറിച്ചും ആരോഗ്യ പ്രശ്നങ്ങളെ കുറിച്ചും ചോദിച്ച് അറിയണം. തുടർന്ന് ഓരോ വ്യക്തിയുടെയും ശീലങ്ങൾ അവരിൽ ഉണ്ടാക്കുന്ന ആരോഗ്യ മാറ്റങ്ങൾ എന്താണെന്ന് ചർച്ചയ്ക്ക് വിധേയമാക്കാവുന്നതും കൂടുതൽ കാര്യങ്ങൾ വിശദമാക്കി കൊടുക്കാവുന്നതുമാണ്.

*1. പണ്ടുണ്ടായിരുന്ന നമ്മുടെ ആരോഗ്യ പ്രശ്നങ്ങൾ എന്തെല്ലാമായിരുന്നു?*

*വാതം, അതിസാരം, ക്ഷയം, കോളറ, മലേറിയ, മലമ്പനി, വസൂരി, ശിശുമരണം, അഞ്ചാംപനി, മഞ്ഞപ്പിത്തം തുടങ്ങിയവ.*

*2. അന്നുണ്ടായിരുന്ന ശീലങ്ങൾ എന്തെല്ലാമായിരുന്നു?*

*ആയുർവേദം, ഒറ്റമൂലി, നാട്ടുവൈദ്യം, സ്വന്തമായി ഉല്പാദിപ്പിക്കുന്ന ഭക്ഷണം, പാകം ചെയ്ത് ഉടനെയുള്ള ഭക്ഷണം, അദ്ധ്വാനം, വ്യായാമം, എന്നിവ*

## ഇന്നത്തെ കാലത്ത് നമ്മുടെ ചുറ്റുപാടുമുള്ള ആരോഗ്യപ്രശ്നങ്ങൾ?

1. ഫാസ്റ്റ് ഫുഡ് ഭക്ഷണശീലം
2. പരിസ്ഥിതി പ്രശ്നങ്ങൾ കൊണ്ടുണ്ടാകുന്ന രോഗങ്ങൾ
3. നടത്തം ഒഴിവാക്കി
4. തിരക്ക് പിടിച്ച ജീവിതം
5. മാനസികപ്രശ്നങ്ങൾ
6. ജീവിതശൈലീരോഗങ്ങൾ
7. മൊബൈൽ ടവറിൽ നിന്നുമുള്ള റേഡിയേഷൻ കൊണ്ടുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ,
8. നമ്മുടെ പുരോഗതിക്കനുസരിച്ച് പുതിയരോഗങ്ങൾ ഉണ്ടാവുന്നു
9. രക്തസമ്മർദ്ദം, പ്രമേഹം, കാർഡിയാക് അറസ്റ്റ് എന്നിവ പൊതുജനാരോഗ്യപ്രശ്നമായി പെരുകി വന്നത് അടുത്തകാലങ്ങളിലാണ്.

## എന്തുകൊണ്ടായിരിക്കാം ഇത്തരം രോഗങ്ങൾ ഉണ്ടാകുന്നത്?

1. തിരക്കുപിടിച്ച ജീവിതശൈലി, ദിനചര്യകളിൽ വന്ന മാറ്റം എന്നിവ ഫാസ്റ്റ് ഫുഡ് ഭക്ഷണശീലം വളർത്തുകയും വീട്ടിൽ സ്വന്തമായി ഭക്ഷണം പാകം ചെയ്ത് കഴിക്കുന്ന ശീലം കുറയുകയും ചെയ്തു
2. കൃഷിരീതിയിൽ വന്ന മാറ്റങ്ങൾ ജൈവരീതിയിൽ നിന്നും കൃത്രിമവും വിഷമയവുമായ കാർഷികവിളകളിലേക്ക് ശ്രദ്ധ തിരിച്ചു. ഇത് ഭക്ഷണപരവും പാരിസ്ഥികവുമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമായി.
3. തിരക്കുപിടിച്ച ജീവിതക്രമം അദ്ധ്വാനം, വ്യായാമം എന്നിവ നിത്യജീവിതത്തിൽ നിന്നും ഒഴിവാക്കപ്പെട്ടു
4. ശുചിത്വബോധമുണ്ടെങ്കിലും തന്റെ പരിസരത്ത് പ്രയോഗിക്കാൻ വൈമനസ്യം കാണിക്കുന്നു
5. കുറച്ച് സമയം കൊണ്ട് കൂടുതൽ കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നത് മാനസിക സംഘർഷങ്ങൾ സൃഷ്ടിക്കുന്നു
6. മരുന്നുകളുടെ അമിതമായ ഉപയോഗം, സ്വയം ചികിത്സ എന്നിവ രോഗങ്ങൾ ക്ഷണിച്ചു വരുത്തുകയും രോഗാവസ്ഥ കൂടുതൽ സങ്കീർണമാക്കുകയും ചെയ്യുന്നു
7. അണുകുടുംബ വ്യവസ്ഥിതി നാട്ടറിവുകൾ നഷ്ടമാക്കി, പ്രശ്നങ്ങൾ പങ്കുവെക്കാൻ അവസരമില്ലാതാക്കി,
8. പരിസരബോധമില്ലാത്തവർ വായു, പരിസ്ഥിതി, വെള്ളം എന്നിവ മലിനപ്പെടുത്തുകയും പകർച്ചവ്യാധികൾ ക്ഷണിച്ചുവരുത്തുകയും ചെയ്തു
9. ഫാക്ടറിവത്കൃത മാലിന്യങ്ങൾ, കുടിയേറ്റം എന്നിവ ആരോഗ്യപ്രശ്നങ്ങൾ ക്ഷണിച്ചു വരുത്തി
10. മനുഷ്യത്വപരമായ തീരുമാനങ്ങളെടുക്കുന്നതിൽ വീഴ്ച വരുത്തി
11. ലൈംഗിക വിദ്യാഭ്യാസത്തിന്റെ അഭാവം ലൈംഗിക അതിക്രമങ്ങൾക്ക് കാരണമായി

12. സ്ത്രീകളുടെ ഇരട്ടജോലി മാനസിക സംഘർഷങ്ങൾക്കും ശാരീരിക വിഷമതകൾക്കും കാരണമായിത്തീരുന്നു.

13. സൗന്ദര്യവർദ്ധക വസ്തുക്കളുടെ അമിത ഉപയോഗം, രോഗങ്ങൾ ക്ഷണിച്ചുവരുത്തുന്നു. മുലയൂട്ടൽ കുറയുന്നത് സ്തനാർബ്ബുദത്തിന് കാരണമായിത്തീരുന്നു.

*എന്താണ് ആരോഗ്യം? ആരോഗ്യത്തിന് വെല്ലുവിളി ഉയർത്തുന്ന ഘടകങ്ങൾ ഏതെല്ലാം? ചർച്ച ചെയ്യുക..*

### ശീലങ്ങൾ നമ്മുടെ ആരോഗ്യത്തെ സ്വാധീനിക്കുന്നുണ്ടോ?

ഉണ്ട്. പുകവലി, മദ്യപാനം തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം ക്യാൻസർ, പക്ഷാഘാതം തുടങ്ങിയ രോഗങ്ങളും ആവശ്യമായ വ്യായാമത്തിന്റെ കുറവ്കൊണ്ട് പകർച്ചേതര വ്യാധികളായ പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ, എന്നീ രോഗങ്ങളും ഉണ്ടാവുന്നതിന് കാരണമാവുന്നു.

### സ്വീകരിക്കേണ്ടുന്ന ശീലങ്ങൾ

കുടിവെള്ള ശുചിത്വം, ഭക്ഷണ ശുചിത്വം , വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവ

ശുചിത്വം വളർത്തേണ്ടത് അവനവന്റെ ആവശ്യമാണ്. ഈ ആശയം ജനങ്ങളിലേക്കെത്തിക്കേണ്ടതുണ്ട്. ഈ ശീലങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുകയും പാലിക്കപ്പെടുകയും വേണം.

### ശുചിത്വമില്ലായ്മ എന്തെല്ലാം മാരക രോഗങ്ങൾ ഉണ്ടാക്കുന്നുണ്ടെന്ന് നിങ്ങൾക്കറി യാമോ ?

പ്രധാനമായും പകർച്ചവ്യാധികളാണ് ശുചിത്വകുറവു മൂലം ഉണ്ടാവുന്നത്. അത് തന്നെ വായുവിൽക്കൂടി പകരുന്നവയുണ്ട്, വെള്ളത്തിൽക്കൂടി പകരുന്നവയുണ്ട്, പ്രാണികൾ വഴി പകരുന്നവയുണ്ട്, ജന്തുക്കൾ വഴി പകരുന്നവയും ഉണ്ട്.

### ഏതെല്ലാമാണ് വായുവിൽകൂടി പകരുന്ന രോഗങ്ങൾ ?

**ക്ഷയം, ചിക്കൻപോക്സ്, അഞ്ചാംപനി, മുണ്ടിനീര്, ഡിഫ്തീരിയ, പക്ഷിപനി, എച്ച്1 എൻ1 , കുഷ്ഠം എന്നിവയാണ്.**

- 2 ആഴ്ചയിൽ കൂടുതൽ നിൽക്കുന്ന ചുമ, ഇടവിട്ടുള്ള പനി, തൂക്കം കുറയുക, ഇത് **ക്ഷയരോഗമായേക്കാം** പ്രമേഹരോഗികളുടെ ഒരാഴ്ചയുള്ള ചുമ.
- പനി, ശരീരവേദന, തലവേദന, ദേഹത്ത് ചെറിയ കുമിളകൾ ചിക്കൻപോക്സിന്റെ ലക്ഷണങ്ങളാകാം.
- പനി, കൺചുവപ്പ്, മൂക്കൊലിപ്പ്, മണൽ വാരിയിട്ടത്പോലെ ശരീരത്തിൽ ചെറിയ കുരുക്കൾ ഒക്കെയും അഞ്ചാംപനി യുടെ ലക്ഷണങ്ങളാണ്
- പനി, തൊണ്ടവേദന, ഉമിനീർ ഗ്രന്ഥിവീക്കം മുണ്ടിനീരെന്ന് സംശയിക്കാം
- പനി, കടുത്ത തൊണ്ടവേദന, തൊണ്ടയിൽ വെള്ള/ ചാര നിറത്തിലുള്ള പാട്, ശ്വാസതടസ്സം ഡിഫ്തീരിയക്കും ഇതേ ലക്ഷണങ്ങളാണ്.
- ദേഹത്ത് കാണുന്ന നിറം മങ്ങിയതും സ്പർശനശേഷി നഷ്ടപ്പെടുന്നതുമായ പാടുകൾ കുഷ്ഠരോഗമാണോ എന്ന് പരിശോധിക്കാം.
- പനിയും മൂക്കൊലിപ്പും പക്ഷിപനിപോലും ആവാം.
- എച്ച്1 എൻ1 രോഗത്തിന്റെ പ്രാരംഭ ലക്ഷണങ്ങൾ പനിയും ജലദോഷവുമാണ്.

### വെള്ളത്തിൽക്കൂടി പകരുന്ന രോഗങ്ങൾ ഏതെല്ലാമാണ് ?

**വയറിളക്കം, കോളറ, ടൈഫോയ്ഡ്, മഞ്ഞപ്പിത്തം, ഭക്ഷ്യവിഷബാധ.**

- സാധാരണയിൽ നിന്നും വ്യത്യസ്തമായി ജലാംശം കൂടിയ മലവിസർജ്ജനം **വയറിളക്ക** രോഗത്തിന്റെ ആരംഭമാകാം.
- കഞ്ഞിവെള്ളംപോലെ മലം പോവുകയും ഛർദ്ദി, ദാഹം എന്നിവ അനുഭവപ്പെടുകയും ചെയ്താൽ അത് **കോളറ**യുടെ ലക്ഷണമാകാം.
- പനി, വയറുവേദന, മലത്തിൽ രക്തം കാണുക **ടൈഫോയ്ഡ്** എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.
- പനി, വിശപ്പില്ലായ്മ, വയറ് വേദന, ഓക്കാനം, മൂത്രത്തിൽ മഞ്ഞനിറം എന്നിവ കണ്ടാൽ **മഞ്ഞപ്പിത്ത**ത്തെ കരുതിയിരിക്കുക.

- പെട്ടെന്നുള്ള ഛർദ്ദി, പനി, വയറിളക്കം. ചില പ്പോൾ **ഭക്ഷ്യവിഷബാധ**യാകാം....

## ഇനി പ്രാണികൾ വഴി പകരുന്നവയെന്തെല്ലാമാണ്?

**മലമ്പനി, ഡെങ്കിപ്പനി, ചിക്കൻഗുനിയ, മന്ത്, ജപ്പാൻ ജ്വരം.**

- വിറയലോട് കൂടിയുള്ള പനി....! **മലമ്പനി**യുടെ ലക്ഷണമാണ്.
- പനി, ശരീരവേദന, പേശികളുടെ വേദന നേത്ര ഗോളത്തിന് പുറകിൽനിന്നുള്ള ശക്തമായ വേദന എന്നിവ ഡെങ്കിപ്പനിയുടെ ആദ്യലക്ഷണ ങ്ങളാണ്. മൂക്കിൽ നിന്നും മോണയിൽ നിന്നു മുള്ള രക്തസ്രാവം, തൊലിപ്പുറത്ത് ചുവന്ന പാടു കൾ എന്നിവ ഗുരുതരമായ **ഡെങ്കിപ്പനി**യുടെ ലക്ഷണങ്ങളാണ്.
- പെട്ടെന്നുള്ള ഉയർന്ന പനി, എല്ലു നുറുങ്ങുന്ന വേദന, സന്ധിവേദന, നിവർന്നു നിൽക്കാൻ ബുദ്ധിമുട്ട് **ചിക്കൻഗുനിയ**യുടെ ലക്ഷണങ്ങ ളെന്ന് സംശയിക്കാവുന്നതാണ്.
- പനി, കഴലവീക്കം....... **മന്ത്രോഗ**മാകാം.
- പനി, സന്നി, **ജപ്പാൻജ്വര**ത്തിന് ഇതേ ലക്ഷണ ങ്ങൾ കാണാറുണ്ട്.

## ജന്തുക്കൾ വഴി പകരുന്ന പ്രധാനരോഗങ്ങളാണ്;

**എലിപ്പനിയും, സ്കാബീസും.**

- കടുത്തപനി, കണ്ണിന് ചുവപ്പ്, കണങ്കാലിന് പിറ കിലുള്ള പേശീവേദന, കണ്ണിന് പിറകിൽ വേദ ന, മൂത്രത്തിന് നിറവ്യത്യാസം എന്നീ ലക്ഷണ ങ്ങൾ കണ്ടാൽ **എലിപ്പനി**യാണെന്ന് സംശയി ക്കണം.
- കൈ-കാൽ വിരലുകൾക്കിടയിലെ ചൊറിച്ചിൽ, വ്രണങ്ങൾ എന്നിവ **സ്കാബീസ്** രോഗ ലക്ഷ ണങ്ങളാവാം.

**• ഇത്തരം രോഗങ്ങൾ എങ്ങനെ നിയന്ത്രിക്കാം?**

എല്ലാവരിലും ശുചിത്വബോധം വളരേണ്ടതുണ്ട്. വ്യക്തി ശുചിത്വം, ഗൃഹശുചിത്വം, പരിസര ശുചിത്വം, സമൂഹ ശുചിത്വം, സ്ഥാപന ശുചിത്വം എന്നിങ്ങനെ യുള്ള ശുചിത്വബോധം ഓരോരുത്തരിലും ഉണ്ടാവേ ണ്ടതുണ്ട്.

**• പരിസ്ഥിതി മലിനീകരണം രോഗങ്ങൾ ഉണ്ടാക്കു ന്നുണ്ടോ ?**

പരിസ്ഥിതി മലിനീകരിക്കപ്പെടുന്നതിലൂടെ വായുവും ജലവും മലിനീകരിക്കപ്പെടുന്നു. ജനമലിനീകരണവും അതിന്റെ ഉപയോഗവും ജല ജന്യരോഗങ്ങൾ ഉണ്ടാ ക്കുകയും വായുമലിനീകരണം കാരണം ആസ്തമ, ശ്വാസകോശരോഗങ്ങൾ എന്നിവയും ഉണ്ടാക്കുന്നു.

ഡങ്കിപ്പനി പരത്തുന്ന ഈഡീസ് കൊതുകുകളുടെ ഉറവിടങ്ങൾ നിങ്ങളുടെ വീട്ടിലും പരിസരത്തു മുണ്ടോ?

**അലസത ഒഴിവാക്കി പ്രവർത്തിക്കൂ..........**

• വീട്ടിനുള്ളിലെ പൂച്ചട്ടിക്കിടയിലെ പാത്രം, ഫ്രിഡ്ജിന് പുറകിലെ ട്രേ, എയർ കണ്ടീഷണർ, കൂളർ തുടങ്ങിയവയിൽ വെള്ളം കെട്ടിനിൽക്കാതെ സൂക്ഷിക്കുക.

• ചിരട്ട, കുപ്പി, പ്ലാസ്റ്റിക് പാത്രങ്ങൾ, കപ്പുകൾ, കവ റുകൾ, മുട്ട, കക്ക ഇവയുടെ തോടുകൾ, ഉപേക്ഷിക്ക പ്പെട്ട ടയറുകൾ എന്നിവയിൽ വെള്ളം കെട്ടിനിന്ന് കൊതുകുകൾ മുട്ടയിടുന്നതിനാൽ ഇവയെ നശിപ്പി ക്കുക, അലക്ഷ്യമായി വലിച്ചെറിയാതിരിക്കുക.

• വെള്ളം ശേഖരിച്ചുവയ്ക്കുന്ന പാത്രങ്ങൾ കൊതുകു കടക്കാതെ അടച്ച് സൂക്ഷിക്കുക, ആഴ്ച യിലൊരിക്കൽ പാത്രങ്ങൾ കഴുകി വൃത്തിയാക്കി സൂക്ഷിക്കുക.

• ടെറസ്, സൺഷെയ്ഡ്, ഓട തുടങ്ങിയവയിൽ വെള്ളം കെട്ടിനിൽക്കാതെ ഒഴുക്കിക്കളയുക.

**ഓർക്കുക**

- ഈഡിസ് കൊതുകുകൾ വീടിനുള്ളിലും പരി സരത്തും കെട്ടിനിൽക്കുന്ന ശുദ്ധജലത്തി ലാണ് (ചെറിയ പാത്രങ്ങളിൽ പോലും) മുട്ട യിടുന്നത്.
- എവിടെയും കെട്ടിനിൽക്കുന്ന വെള്ളം കൊതു കുകൾക്ക് വിളനിലമാണ്. വെള്ളക്കെട്ടില്ലെ ങ്കിൽ ഈഡിസ് ഇല്ല, ഡെങ്കിപ്പനിയും ഇല്ല. ആഴ്ചയിലൊരിക്കൽ ഡ്രൈഡേ (ഉണക്ക് ദി നം) ആചരിക്കൂ. കൊതുക് മുട്ടയിട്ട് പെരുകാ നുള്ള അവസരം ഇല്ലാതാക്കൂ

***(രോഗങ്ങൾ പകരാനുള്ള സാഹചര്യങ്ങൾ എന്തെല്ലാം? അവ എങ്ങനെ ഒഴിവാക്കാം?)***

**എന്താണ് മാനസികാരോഗ്യം ?**

ഒരു വ്യക്തി സ്വന്തം കഴിവുകളെ തിരിച്ചറിഞ്ഞ് സാധാരണ ജീവിത പ്രശ്നങ്ങളെ ശക്തമായി നേരിട്ട് ജന സമൂഹത്തിനായി പ്രവർത്തിക്കുന്നതിനോയാണ് ലോകാരോഗ്യസംഘടന മാനസികാരോഗ്യം എന്ന് നിർവ്വഹിച്ചിട്ടുള്ളത്.

**• ഇനി മാനസികാരോഗ്യത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണെന്ന് അറിയണ്ടേത് ?**

അനുയോജ്യമായ ആഹാരരീതികൾ, സ്ഥിരവ്യായാമം, ആവശ്യമായ ഉറക്കം, സുരക്ഷിതമായ ശാരീരിക ബന്ധരീതികൾ, മദ്യത്തിന്റെയും പുകവലിയുടെ ഉപയോഗം, മരുന്നുകളുടെ തുടർച്ചയായ ഉപയോഗം എന്നിവയാണ്.

**• മാനസികാരോഗ്യവും ശാരീരികാരോഗ്യവും തമ്മിലെന്തെങ്കിലും ബന്ധമുണ്ടോ ?**

ഉണ്ടല്ലോ. വിഷാദരോഗം ഹൃദയരക്ത കുഴൽ രോഗങ്ങളിലേക്ക് നയിക്കുന്നു. അതുപോലെ തിരിച്ചും. പ്രമേഹം, അർബുദം, ഹൃദ്രോഗങ്ങൾ തുടങ്ങിയവ വിഷാദരോഗത്തിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നുമുണ്ട്. കൂടാതെ മോശമായ മാനസികാരോഗ്യം രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്.

**മാനസികാരോഗ്യവും ശാരീരികാരോഗ്യവും തമ്മിലുള്ള വ്യത്യാസം ചർച്ച ചെയ്യുക.**

## ജീവിതശൈലി രോഗങ്ങൾ

പ്രമേഹം

| ബ്ലഡ് ഷുഗർ | സാധാരണം | പ്രമേഹരോഗ സാധ്യത | രോഗാവസ്ഥ |
|---|---|---|---|
| രാവിലെ ഭക്ഷണത്തിന് മുമ്പ് (FBS) | 110-ൽ കുറവ് | 110-126 | 126-ൽ കൂടുതൽ |
| ഭക്ഷണംകഴിച്ച് 2 മണിക്കൂറിന് ശേഷം (PPBS) | 140-ൽ കുറവ് | 140-200 | 200-ൽ കൂടുതൽ |

**രക്തസമ്മർദ്ദം**

| | |
|---|---|
| BP സാധാരണ | 120/80 വരെ |
| അമിത രക്തസമ്മർദ്ദത്തിനു മുൻപുള്ള അവസ്ഥ | 139/89 |
| അമിത രക്തസമ്മർദ്ദം | 140/90 മുതൽ |
| സ്റ്റേജ് 1 | 159/99 വരെ |
| സ്റ്റേജ് 2 | 160/100 ന് മുകളിൽ |

**കൊളസ്ട്രോൾ**

| | |
|---|---|
| Optiomal | 160 - ൽ കൂടുതൽ |
| Desirable | 200 ൽ കുറവ് |
| Border line | 200 - 239 |
| High | 240 ൽ കൂടുതൽ |

**ബോഡിമാസ് ഇൻഡക്സ്**

| BMI | Wt in kg/Height in metre2<br>കിലോഗ്രാമിലുള്ളഭാരം/ മീറ്ററിലുള്ള ഉയരം |
|---|---|
| തൂക്കക്കുറവ് | 18 ൽ കുറവ് |
| അഭികാമ്യം | 18 - 22.9 |

| | |
|---|---|
| അമിതവണ്ണം | 23 – 24.9 |
| പൊണ്ണത്തടി | 25 – 29.9 |
| അനാരോഗ്യകരമായ പൊണ്ണത്തടി | 30 ന് മുകളിൽ |

**യഥാസമയത്തുള്ള പ്രതിരോധ വാക്സിനുകൾ നിങ്ങളുടെ കുഞ്ഞിനെ 7 മാരകരോഗങ്ങളിൽ നിന്നും രക്ഷിക്കുന്നു.**

**കുഞ്ഞിന് താഴെപ്പറയുന്ന വാക്സിനുകൾ നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.**

| പ്രായം | നൽകേണ്ട ഡോസ് |
|---|---|
| ജനിച്ച ഉടനെ | ബി.സി.ജി, പോളിയോ തുള്ളിമരുന്ന്, ഹെപ്പറ്റൈറ്റിസ് ബി-0 ഡോസ് |
| 6 ആഴ്ച | ഡി.പി.റ്റി .(ട്രിപ്പിൾ), പോളിയോ തുള്ളിമരുന്ന്, ഹെപ്പറ്റൈറ്റിസ് ബി-1-ാം ഡോസ് |
| 10 ആഴ്ച | ഡി.പി.റ്റി. (ട്രിപ്പിൾ),പോളിയോ തുള്ളിമരുന്ന്,ഹെപ്പറ്റൈറ്റിസ് ബി-2-ാം ഡോസ് |
| 14 ആഴ്ച | ഡി.പി.റ്റി.(ട്രിപ്പിൾ), പോളിയോ തുള്ളിമരുന്ന്, ഹെപ്പറ്റൈറ്റിസ് ബി-3-ാം ഡോസ് |
| 9 മാസം | മീസിൽസ്, വിറ്റാമിൻ എ 1-ാം ഡോസ് |
| 18 മാസം | ഡി.പി.റ്റി. (ട്രിപ്പിൾ), 1-ാം ബൂസ്റ്റർ ഡോസ്, പോളിയോ തുള്ളിമരുന്ന്, എം.എം.ആർ/മീസിൽസ്, വിറ്റാമിൻ എ-2-ാം ഡോസ് |
| **തുടർന്ന് ഓരോ 6 മാസത്തിലും 5 വയസ്സുവരെ വിറ്റാമിൻ എ ഓരോ ഡോസ് നൽകുക** | |
| 5 വയസ്സ് | ഡി.പി.റ്റി. ബൂസ്റ്റർ ഡോസ്, വിറ്റാമിൻ എ- 9-ാം ഡോസ് |
| 10 വയസ്സ് | ടി.ടി. വാക്സിൻ |
| 16 വയസ്സ് | ടി.ടി. വാക്സിൻ |

ഇതിനു പുറമേ പൾസ് പോളിയോ ദിനങ്ങളിൽ 5 വയസ്സുവരെ ഓരോ ഡോസ് പോളിയോ വാക്സിൻ നൽകണം

**ഒരു ചേരുംപടി ചേർക്കൽ ആവാം**

| | |
|---|---|
| 1. മാനസികാരോഗ്യം | a. ചിക്കൻഗുനിയ |
| 2. ശുചിത്വമില്ലായ്മ | b. സ്കാബീസ് |
| 3. വായുജന്യരോഗം | c. രോഗപ്രതിരോധശേഷി കുറയ്ക്കുന്നു |
| 4. ജലജന്യരോഗം | d. പകർച്ചവ്യാധികൾ |
| 5. പ്രാണിജന്യരോഗം | e. ചിക്കൻപോക്സ് |
| 6. ജന്തുജന്യരോഗം | f. ടൈഫോയിഡ് |

*(ഉത്തരം : 1 c, 2 d, 3 e, 4 f, 5 a, 6 b)*

***രോഗങ്ങളില്ലാത്ത ഒരു സമൂഹസൃഷ്ടിക്കായ് നിങ്ങൾ ഓരോരുത്തർക്കും എന്തെല്ലാം ചെയ്യാൻ കഴിയും?***

# ശുചിത്വം

കേരളീയ സംസ്കാരത്തിന്റ സവിശേഷതയാണ് ശുചിത്വം എന്ന് അഭിമാനംകൊള്ളുമ്പോഴും, സൗക ര്യമാണ് ജീവിതത്തിൽ മറ്റെന്തിനെക്കാളും പ്രധാനം എന്ന് മാറിയ ഇന്നത്തെ സാഹചര്യത്തിൽ എല്ലാ നല്ല പുരാതനശീലങ്ങളെയും സൗകര്യത്തിന്റെ സംസ്ക്കാരം വേരുപറിച്ചെറിഞ്ഞ് ആ സ്ഥലം കൈയേറിയിരിക്കുന്നു. അത് തന്നെയാണ് മാലിന്യ ങ്ങളുടെ ക്രമാതീതവും അനിയന്ത്രിതവുമായ പെരു കലിന് കാരണവും.

ലോകത്തെ നാലിലൊന്ന് രോഗങ്ങളുടെയും മുഖ്യ കാരണം പരിസര മലിനീകരണമാണെന്നും 22 രോഗ ങ്ങളുടെ കാരണം മോശപ്പെട്ട മാലിന്യ പരിപാലന വുമാണെന്നും ലോകാരോഗ്യ സംഘടന കണ്ടെത്തി യിട്ടുണ്ട്. മാലിന്യ പരിപാലനം എന്നത് ഒരു മെഡി ക്കൽ എമർജസി (ആരോഗ്യ അടിയന്തിരാവസ്ഥ) ആണ്.

- **എന്തെല്ലാമാണ് മാലിന്യങ്ങൾ?**

ജൈവ മാലിന്യങ്ങൾ, ജൈവ വിഘടനത്തിനു വിധേ യമാകാത്ത അജൈവ മാലിന്യങ്ങളായ പ്ലാസ്റ്റിക്, കുപ്പി, കടലാസ്, ലോഹവസ്തുക്കൾ, ഇ-വേസ്റ്റ് എന്നി വയൊക്കെയാണ് പ്രധാനമായ മാലിന്യങ്ങൾ.

- മാലിന്യങ്ങൾ പരിപാലനം ചെയ്യുന്നതെന്തി നാണ്? ഇവയെ കത്തിച്ചുകളയുകയോ, വലി ച്ചെറിയുകയോ, കുഴിച്ചിടുകയോ ചെയ്താൽ പോരെ?

കാലാകാലങ്ങളായി നമ്മൾ തുടർന്നുവരുന്ന ഒരു മാലിന്യനിർമ്മാർജ്ജന രീതിയാണ് കത്തിക്കൽ. കത്തിക്കുന്നതിലൂടെ അവ അന്തരീക്ഷത്തിലേക്ക് ഉയർന്നുപോവുകയും വായുവിൽ പരന്ന് ഇല്ലാതാവു കയും ചെയ്യുന്നു എന്നൊരു മിഥ്യാധാരണ പൊതുവേ നിലനിൽക്കുന്നു. എന്നാൽ, ന്യൂട്ടന്റെ ആപ്പിൾപോലെ മുകളിലേക്ക് പോകുന്നതെല്ലാം താഴേക്ക് തന്നെ തിരികെ വരും. എന്നാൽ മാലിന്യങ്ങൾ കത്തിക്കു മ്പോൾ മുകളിലേക്ക് ഉയർന്ന് പോയി താഴേക്ക് വരുന്ന വസ്തുക്കൾക്ക് ആപ്പിളിന്റെതുപോലെ മധുരമുണ്ടാ വില്ല, മറിച്ച് രാസവിഷങ്ങളായാണ് താഴേക്ക് വരുന്നത്.

ഇനി മാലിന്യങ്ങൾ വലിച്ചെറിഞ്ഞാലോ, അവ കൂന കൂട്ടുന്ന സ്ഥലത്ത് ഓരോ വസ്തുവിലും അടങ്ങിയി രിക്കുന്ന രാസവസ്തുക്കൾ വിഘടിച്ച് മണ്ണും ജലവും വിഷയമാകുന്നു. അനേക ഘടകങ്ങൾ ഉൾച്ചേർന്ന മിശ്രിത മാലിന്യങ്ങൾ ഒരൊറ്റ സ്ഥലത്ത് നിക്ഷേപിച്ചാൽ മാലിന്യത്തിലെ ജൈവവും അജൈവവുമായ വസ്തുക്കൾ പരസ്പരം രാസീയമായി പ്രതിപ്രവർത്തനം നടത്തി ലിച്ചേറ്റ് എന്ന അവശിഷ്ട മുണ്ടാക്കുന്നു. ജൈവമാലിന്യങ്ങൾ മാത്രം നിക്ഷേപിച്ചിടങ്ങളിൽ ഉണ്ടാവുന്ന അവശിഷ്ടങ്ങൾ വിഷമയമാവില്ല.

- **മാലിന്യം കത്തിച്ചാൽ ഉണ്ടാവുന്ന രാസവിഷ ങ്ങൾ എന്തെല്ലാമാണ്?**

ഡയോക്സിനുകളും ഫ്യൂറോനുകളും, പൊടി പടലങ്ങൾ, നൈട്രജൻ ഓക്സൈഡുകൾ, സൾഫർ ഓക്സൈഡുകൾ , ഹൈഡ്രോക്ലോറിക് ആസിഡ്, പോളിസൈക്ലിക് അനേമാറ്റിക് ഹൈഡ്രോകാർബണു കൾ, പൊതുറ്റൈൽ ജൈവസംയുക്തങ്ങൾ, കാർബൺ മോണോക്സൈഡ്, ഹെക്സാക്ലോറോ ബെൻസിൻ, മെർക്കുറി, ഈയം, ക്രോമിയം, ആർസനിക്ക് തുടങ്ങിയ മാരക ലോഹങ്ങൾ അടങ്ങിയ ചാരം, ഇത്തരം രാസവിഷമാലിന്യങ്ങൾ ഏറ്റവും ചെറിയ അളവിൽ പോലും ശ്വസിക്കുകയോ ആഹരിക്കുകയോ ചെയ്താൽ ഒട്ടനവധി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളും രോഗാവസ്ഥ കളുമുണ്ടാവും. ചെറിയകുട്ടികളെയും പ്രായംചെന്ന വരെയും ശ്വാസകോശരോഗങ്ങൾ ഉള്ളവരെയുമാണ് മാരകമായി ബാധിക്കുക.

വീട്ടുവളപ്പിൽ കത്തിക്കുന്ന മാലിന്യങ്ങളിലെ വിഷവസ്തുക്കളിൽ നിന്ന് വായുവിൽ കലരുന്ന ഡയോക്സിനു ഫ്യൂറാനും സസ്യങ്ങളിൽ അടിയുക യും ഈ സസ്യങ്ങൾ ആഹാരമാക്കുന്ന മൃഗങ്ങളിൽ അവയുടെ കൊഴുപ്പുള്ള സംയുക്ത കോശങ്ങളിൽ ശേഖരിക്കപ്പെടുന്നു. ഇറച്ചിയും മത്സ്യവും മുട്ടയും കഴിക്കുന്നതു വഴി രാസവസ്തുക്കൾ മനുഷ്യനിൽ എത്തുന്നു. സസ്യാഹാരംവഴിയും നേരിട്ട് ശ്വസിക്കുന്ന തുവഴിയും വിഷപദാർത്ഥങ്ങൾ ശരീരത്തിലെത്തുന്നു.

- **കാർബൺ കലർന്ന മാലിന്യങ്ങൾ പരിസ്ഥിതി യിൽ കലർന്നാൽ എന്ത് സംഭവിക്കും.**

നീണ്ടകാലം രാസമാറ്റത്തിന് വിധേയമാവാതെ പരിസ്ഥിതിയിൽതന്നെ അവശേഷിക്കും. മണ്ണ്, ജലം, വായു എന്നിവയിലൂടെ രാസവസ്തുക്കൾ

ചുറ്റുപാടുകളിൽ വ്യാപകമായി വിതരണം ചെയ്യപ്പെടും. മനുഷ്യനുൾപ്പടെയുള്ള എല്ലാ ജീവജാലങ്ങളുടെയും കൊഴുപ്പുള്ള സംയുക്തകോശങ്ങളിൽ അവ അടിഞ്ഞുകൂടുന്നു. മനുഷ്യശരീരത്തിൽ നിന്ന് ഈ വിഷങ്ങളെ മുലപ്പാലിൽ കൂടിയല്ലാതെ മാറ്റികളയാനും കഴിയില്ല.

**• ഈ വിഷവസ്തുക്കൾ ഉണ്ടാക്കുന്ന രോഗങ്ങൾ എന്തെല്ലാമാണ്?**

അർബുദം, ത്വക്ക് രോഗങ്ങൾ, കരൾ രോഗങ്ങൾ, ഹോർമോൺ വ്യതിയാനം, രോഗപ്രതിരോധശേഷി നഷ്ടപ്പെടുന്നു, പ്രത്യുൽപ്പാദന തകരാറുകൾ, ഗർഭസ്ഥശിശുവിന്റെ വളർച്ചാഘട്ടങ്ങളിൽ നാഡീവ്യൂഹത്തെയും തലച്ചോറിനെയും ബാധിക്കുന്ന തകരാറുകൾ, ജനിതക രോഗങ്ങൾ, ആസ്തമ, ഹൃദ്രോഗങ്ങൾ, ശ്വാസകോശ രോഗങ്ങൾ എന്നിവയാണ്.

**• ദൂരെയെവിടെയെങ്കിലും വലിച്ചെറിഞ്ഞാൽ മാലിന്യം എന്ന ശല്യം ഒഴിവാകുമോ?**

സ്വന്തം വീട്ടിലെ മാലിന്യം സഞ്ചിയിലാക്കി ദൂരെയെവിടെയെങ്കിലും കളഞ്ഞാൽ അതിനെ മറക്കാമെന്നു കരുതണ്ട. നമ്മുടെ മാലിന്യം വിശ്വസ്തനായ ഒരു നായയെപ്പോലെയാണ്. എവിടെ തള്ളിക്കളഞ്ഞാലും അത് നമ്മെ പിൻതുടർന്ന് നമ്മുടെയടുത്തേക്ക് തന്നെ തിരിച്ചെത്തിയിരിക്കും.

**• എന്താണ് യഥാർത്ഥത്തിൽ മാലിന്യം?**

'ഉപയോഗ ശൂന്യമായ പാഴ്വസ്തു' എന്നതാണ് മാലിന്യം എന്നർത്ഥമാക്കുന്നതെങ്കിലും മാലിന്യം എന്ന വാക്കു തന്നെ മാറ്റേണ്ടതായി വന്നിരിക്കുകയാണ്. മാലിന്യം എന്ന് പറയുമ്പോൾതന്നെ വലിച്ചെറിഞ്ഞ് കളയാനോ കുഴിച്ചിടാനോ അവഗണിക്കാനോ കത്തിക്കാനോ ഉള്ള ഒരു പ്രവണതയാണ് ഉണ്ടാക്കുന്നത്. മാലിന്യം എന്ന് പറഞ്ഞ് ഇന്ന് ഉപേക്ഷിക്കുന്ന ഏതൊരു വസ്തുവിനും ഇന്നലെവരെ എന്തെങ്കിലുമൊക്കെ പ്രയോജനമുണ്ടായിരുന്നതായിരിക്കും. എല്ലാത്തിലുമപരി പലതരം പ്രക്രിയകളിലൂടെ, ഭൂമിയിലെ വിവിധ വിഭവങ്ങൾ ഉപയോഗിച്ചും ഇല്ലാതാക്കിയും ഒരു വസ്തു നിർമ്മിക്കുമ്പോൾ അതിൽ മനുഷ്യാധ്വാനത്തിന്റെയും നിരവധി മണിക്കൂറുകൾ തൊട്ട് ഇന്ധനം, വൈദ്യുതി തുടങ്ങി പരിമിതമായ ഊർജ്ജസ്രോതസ്സുകളും ധനവും വരെ ചെലവാക്കിയിട്ടുണ്ട്. ഇത്തരമൊരു വിലയേറിയ വസ്തുവിനെ നിസ്സാരമായി ചുരുങ്ങിയ കാലംകൊണ്ട് 'മാലിന്യം' എന്ന് മുദ്രകുത്തി ഉപേക്ഷിക്കുന്നതിനെക്കുറിച്ച് നമ്മൾതന്നെ ചിന്തിക്കേണ്ടതുണ്ട്. മാലിന്യം ഒരു പാഴ്വസ്തുവല്ല, പാഴാക്കാൻ പാടില്ലാത്ത വിഭവമാണെന്ന് തിരിച്ചറിഞ്ഞാൽ അത് സാധ്യമാവും.

**• എങ്ങനെയെല്ലാം മാലിന്യം കുറയ്ക്കാം?**

ഓരോ വ്യക്തി വിചാരിച്ചാൽ മാലിന്യം കുറയ്ക്കുന്നതിന് കഴിയുന്നതാണ്. അതിന് നാം ചെയ്യേണ്ടത്;

1. സമർത്ഥമായി ഷോപ്പിംഗ് നടത്തുക.
2. ആദ്യമായി വളരെക്കുറച്ച് മാത്രം വാങ്ങുകയും ഉപയോഗിക്കുകയും ചെയ്യുക. അത്യാവശ്യമുള്ളതു മാത്രം വാങ്ങുക. വാങ്ങിയ വസ്തുക്കൾ മുഴുവനും ഉപയോഗിക്കുക.
3. രണ്ടാമതായി ഒരിക്കൽ ഉപയോഗിച്ച് ഉപേക്ഷിക്കേണ്ടുന്ന വസ്തുക്കൾ, ഡിസ്പോസിബിൾ കപ്പ്, പ്ലാസ്റ്റിക് പ്ലേറ്റ്, റീചാർജ് ചെയ്യാനാവാത്ത ബാറ്ററികൾ എന്നിവയുടെ ഉപയോഗം കുറയ്ക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുക.
4. തുണിസഞ്ചി ഷോപ്പിംഗിനായി പോവുമ്പോൾ കയ്യിൽ കരുതുക. കടയിൽ നിന്ന് പ്ലാസ്റ്റിക്ക് പേപ്പർ സഞ്ചികൾ ആവശ്യപ്പെടാതിരിക്കുക.
5. കുപ്പിവെള്ളം വാങ്ങുന്നതിന് പകരം ടാപ്പ് വെള്ളം ശുദ്ധീകരിച്ച് ഉപയോഗിക്കുക. ഹോട്ടലുകളിലും കൂടിച്ചേരലുകളിലും സ്ഥാപനങ്ങളിലും ജലശുദ്ധീകരണ സംവിധാനങ്ങൾ സ്ഥാപിക്കുകയും ജഗ്ഗുകളിലും ഗ്ലാസ്സുകളിലും വെള്ളം നൽകുക. സ്റ്റീലും കുപ്പിയും കൊണ്ടുള്ള പരിസ്ഥിതി സൗഹൃദവസ്തുക്കൾ ഉപയോഗിക്കുക.
6. പലവ്യഞ്ജനങ്ങൾ വാങ്ങുമ്പോൾ കൂടുതൽ അളവിൽ വാങ്ങുക. (ഉദാ: രണ്ട് ചെറിയ സഞ്ചിഅരി രണ്ടുതവണ വാങ്ങുന്നതിനുപകരം ഒരു വലിയ സഞ്ചി വാങ്ങുക)
7. നീണ്ടകാലം നിലനിൽക്കുന്ന വസ്തുക്കൾ വാങ്ങുക.
8. വല്ലപ്പോഴും ഉപയോഗിക്കുന്ന വസ്തുക്കൾ കടം വാങ്ങുകയോ, പങ്കിട്ട് എടുക്കുകയോ വാടകയ്ക്ക് എടുക്കുകയോ ചെയ്യുക.

9. പാചകം ചെയ്യുമ്പോഴും പൊതുസ്ഥലത്ത് നിന്ന് ഓർഡർ ചെയ്യുമ്പോഴും വേണ്ടുന്ന ആഹാരം മാത്രം മതിയെന്നു വെയ്ക്കുക.

10. നിരന്തരം കഴുകി ഉപയോഗിക്കാവുന്ന പാത്രത്തിൽ ആഹാരം എടുക്കുക.

11. അമിതമായി പായ്ക്ക്ചെയ്ത വസ്തുക്കൾ വർജ്ജിക്കുക. പേപ്പർ പ്ലാസ്റ്റിക്ക്, അലൂമിനിയം ഫോയിൽ എന്നിങ്ങനെ വിവിധ വസ്തുക്കൾകൊണ്ട് നിർമ്മിച്ച പായ്ക്കിംഗ് ഉപയോഗിക്കാതിരിക്കുക. അവ പുനഃചംക്രമണത്തിന് വിധേയമാക്കാൻ കഴിയാത്തവയാണ്.

12. പേപ്പറിന്റെ ഇരുവശവും ഉപയോഗിക്കാൻ ശ്രമിക്കുക. കമ്പ്യൂട്ടർ വഴിയും ഇന്റർനെറ്റ് വഴിയും കൂടുതൽ കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുക.

**• എന്താണീ പുന:രുപയോഗം?**

ഒരു തവണ ഉപയോഗിച്ച വസ്തുക്കൾ വീണ്ടും വീണ്ടും ഉപയോഗിക്കുന്നതാണ് പുനരുപയോഗം. ഒരു വസ്തു അതേ ആവശ്യത്തിന് തന്നെ ഉപയോഗിക്കുന്നതിനെ വ്യവസ്ഥാപിതമായ പുന:രുപയോഗം (conventional reuse)എന്നും വ്യത്യസ്തമായ മറ്റൊരു ആവശ്യത്തിനായി ഉപയോഗിക്കുന്നതിനെ രണ്ടാംജന്മ പുനഃരുപയോഗം (New life reuse) എന്നുമാണ് പറയുന്നത്.

**• പുനഃചംക്രമണത്തേക്കാൾ നല്ലതാണോ പുനഃരുപയോഗം?**

തീർച്ചയായും. മാലിന്യങ്ങൾ ശേഖരിക്കാനും വേണ്ടിടത്ത് എത്തിക്കാനും ഒരുപാട് ഊർജ്ജവും ഗതാഗതവും സമയവും ഇന്ധനവുമെല്ലാം ആവശ്യമായ പ്രക്രിയയാണ് പുനഃചംക്രമണം. ഏതൊരു വസ്തുവും പുനഃചംക്രമണം ചെയ്യാമെങ്കിൽ ഈ ഊർജ്ജവും സമയവും പാഴാക്കാതിരിക്കാം.

**• പുനഃരുപയോഗത്തിനായി ചില ടിപ്സ് പറയട്ടെ.**

1. ഡിസ്പോസിബൾ വസ്തുക്കൾക്ക് പകരം കഴുകി ഉപയോഗിക്കാൻ കഴിയുന്ന കുപ്പികൾ, കപ്പുകൾ എന്നിവ ഉപയോഗിക്കുക. ഇനി അഥവാ ഇവ ഉപയോഗിക്കേണ്ടി വന്നാലോ വലിച്ചെറിഞ്ഞു കളയേണ്ടതില്ല. വീണ്ടും കഴുകി ഭക്ഷ്യവസ്തുക്കൾക്കായുള്ള ഉപയോഗം ഒഴിച്ച് പല തരത്തിലുള്ള ആവശ്യങ്ങൾക്കായും ഉപയോഗിക്കാവുന്നതാണ്.

2. കുപ്പിപാത്രങ്ങളും പ്ലാസ്റ്റിക്ക് പാത്രങ്ങളും അടുക്കളയിലും മറ്റു പല സാധനങ്ങളും എടുക്കാനും സൂക്ഷിക്കാനും ഉപയോഗിക്കാം.

3. പഴയ സീഡികൾ പേപ്പർവെയിറ്റായി ഉപയോഗിക്കാം.

4. പഴയതുണികൾ അടുക്കള ആവശ്യങ്ങൾക്കും നിലം വൃത്തിയാക്കാനും ഉപയോഗിക്കാവുന്നതാണ്.

5. ചെറുതായി നല്ല വസ്ത്രങ്ങൾ ആർക്കെങ്കിലും നൽകാം.

6. പ്ലാസ്റ്റിക്ക് കവറുകളും കുപ്പിപാത്രങ്ങളും മണ്ണുനിറച്ച് വിത്ത്പാകാനും ചെടി നടാനും കഴിയും.

7. പഴയ പുസ്തകങ്ങൾ ലൈബ്രറിക്കോ സ്കൂളിനോ പേപ്പർ ശേഖരിക്കുന്നവർക്കോ നൽകുക.

8. പഴയ ടൂത്ത് ബ്രഷുകൾ ചെരുപ്പ്കഴുകാനും വാഷ്ബേസിന്റെയും മറ്റും കൈയ്യെത്താത്ത സ്ഥലങ്ങളിലെ അഴുക്ക് കളയാനും ഉപയോഗിക്കാം.

9. വീണ്ടും ഉപയോഗിക്കാൻ പറ്റുന്ന വസ്തുക്കൾ ധർമ്മ സ്ഥാപനങ്ങൾക്കും കൈമാറ്റ കടകൾക്കും നൽകാവുന്നതാണ്.

10. കൂടാതെ, പഴയ വസ്തുക്കൾ നമ്മുടെ ഭാവനയും സർക്ഷശേഷിയും ഉപയോഗിച്ച് പല ഉപയോഗത്തിനായി കണ്ടെത്താവുന്നതാണ്.

**• പുനഃചംക്രമണം (Recycle) എന്നാലെന്ത്?**

ഉപയോഗപ്രദമായ വസ്തുക്കളം പാഴാക്കിക്കളയാതിരിക്കാനും പുതിയ പ്രകൃതി വിഭവങ്ങളുടെ ഉപയോഗം കുറയ്ക്കാനും ഊർജ്ജഉപയോഗം പരമാവധി നിയന്ത്രിക്കാനുമായി പാഴ്വസ്തുക്കളെ പുതിയ ഉൽപ്പന്നങ്ങളാക്കി മാറ്റുന്ന പ്രക്രിയയാണ് പുനഃചംക്രമണം.

**• ജൈവ മാലിന്യങ്ങൾ പുനഃചംക്രമണം ചെയ്യുന്നതെങ്ങനെയാണ്?**

ഭക്ഷ്യ അവശിഷ്ടങ്ങളും മറ്റ് ജൈവവസ്തുക്കളും മണ്ണിൽ കിടന്ന് സ്വാഭാവിക വികടനത്തിന്

വിധേയമാവുന്നതാണ്. മാലിന്യങ്ങൾ തരംതിരിച്ച ശേഷം സ്വന്തം വീട്ടിൽ തന്നെ സംസ്ക്കരിക്കാവുന്നതാണ്. ഗാർഹിക കംപോസ്റ്റിംഗ് ആണ് ഏറ്റവും ഉത്തമവും പരിസ്ഥിതി സൗഹാർദ്ദപരവുമായ ജൈവമാലിന്യ സംസ്ക്കരണ മാർഗ്ഗം.

- **ഏതെല്ലാമാണ് ഗാർഹിക ജൈവമാലിന്യ സംസ്ക്കരണ മാർഗ്ഗങ്ങൾ?**

1. കുഴി കമ്പോസ്റ്റിംഗ്
2. മോസ്പിറ്റ് കമ്പോസ്റ്റിംഗ് (യഥേഷ്ടം തുറക്കുകയും അടയ്ക്കുകയും ചെയ്യാവുന്നതും മണ്ണിൽ എടുത്തിരിക്കുന്നതുമായ ചെറിയ കുഴിയാണ് മോസ്പിറ്റ്)
3. മൺകല കമ്പോസ്റ്റിംഗ്
4. ജൈവസംസ്കരണ ഭരണി
5. പൈപ്പ് കമ്പോസ്റ്റിംഗ്
6. റിംഗ് കമ്പോസ്റ്റിംഗ്
7. മണ്ണിര കമ്പോസ്റ്റിംഗ്
8. പോർട്ടബിൾ ഗാർഹിക ബയോ ബിൻ കമ്പോസ്റ്റിംഗ്
9. മിനി ബയോ പെഡസ്റ്റൽ കമ്പോസ്റ്റിംഗ്
10. പോർട്ടബിൾ ബിൻ/ബക്കറ്റ് കമ്പോസ്റ്റിംഗ്
11. ഗാർഹിക ബയോഗ്യാസ് പ്ലാന്റ്.

- **അജൈവ മാലിന്യങ്ങൾ എന്തുചെയ്യും?**

വിഘടന വിധേയമാവാത്ത മാലിന്യങ്ങളെ തരംതിരിച്ച് ആക്രികടകൾക്കോ മാലിന്യ ശേഖരണം ജീവനോപാദിയായി തെരഞ്ഞെടുത്തവർക്കോ നൽകാവുന്നതാണ്. അവർ അതിനെ പുനർനിർമ്മാണ പുനർചംക്രമണം നടത്തി ഉപയോഗകരമായ മറ്റൊരു വസ്തുനിർമ്മിക്കുന്നതാണ്. ഇത് വഴി വലിച്ചെറിയുകയോ കത്തിച്ചുകളയുകയോ ചെയ്ത വസ്തുക്കളുടെ നിർമ്മാണത്തിന് ഉപയോഗിച്ച അസംസ്കൃത വസ്തുക്കളും ഊർജ്ജവും നമ്മുടെ സമ്പദ്വ്യവസ്ഥയ്ക്ക് എന്നെന്നേക്കുമായി നഷ്ടപ്പെടുമായിരുന്നു. എന്നാൽ പുനചംക്രമണം വഴി വിഭവങ്ങൾ വീണ്ടെടുത്ത് സമ്പദ് വ്യവസ്ഥയെ പുഷ്ടിപ്പെടുത്താൻ സഹായിക്കുന്നു. അതുകൊണ്ട് തന്നെ മാലിന്യം ശേഖരിച്ചു ജീവിക്കുന്നവർ ഏറ്റവും ഹനദ്ധ്വാനിതരായ പരിസ്ഥിതി പ്രവർത്തകർ മാത്രമല്ല മഹാൻമാരായ സാമ്പത്തിക വിദഗ്ദ്ധരാണെന്നും കൂടെ പറയാവുന്നതാണ്.

## പ്രവർത്തനം- 1

അയൽക്കൂട്ടത്തിലെ അംഗങ്ങളായ സ്ത്രീകൾ തങ്ങളുടെ വീട്ടിലെ മാലിന്യങ്ങൾ എങ്ങനെയാണ് പരിപാലിക്കുന്നതെന്ന് മനസിലാക്കാൻ വേണ്ടിയാണീ ടാക്സ്.

അയൽക്കൂട്ടത്തെ രണ്ടോ മൂന്നോ ഗ്രൂപ്പുകളായി തരംതിരിച്ച് ഓരോ ഗ്രൂപ്പിനും ജൈവവും അജൈവവുമായ മാലിന്യങ്ങളുടെ പേരുകൾ എഴുതിയ സ്ലിപ്പോ അല്ലെങ്കിൽ കാർഡോ നൽകുന്നു. അവയെ കത്തിക്കുന്നു, വലിച്ചെറിയുന്നു/കുഴിച്ചുമൂടുന്നു, ഗാർഹിക സംസ്ക്കരണം ചെയ്ത് ജൈവവളമാക്കുന്നു, ആക്രിക്കച്ചവടക്കാർക്ക് നൽകുന്നു എന്നിങ്ങനെ തരംതിരിക്കാൻ നൽകുന്നു. ഇതുവഴി ഓരോ ഗ്രൂപ്പും ചെയ്ത ടാസ്കിന്റ റിസൾട്ട് നോക്കി അവർചെയ്യുന്ന മാലിന്യ സംസ്ക്കരണ രീതിയെകുറിച്ചും അതിന്റെ നല്ലതും ചീത്തയും ആയ വശത്തെക്കുറിച്ചും ഫെസിലിറ്റേറ്റർക്ക് വിശദീകരിച്ചുകൊടുക്കാൻ കഴിയുന്നതാണ്.

## പ്രവർത്തനം - 2

അയൽക്കൂട്ടത്തിൽ നടക്കുന്ന പ്രത്യേക യോഗങ്ങൾ വാർഷികങ്ങൾ എന്നിവയ്ക്ക് വേണ്ടി എന്തെല്ലാം ഒരുക്കങ്ങൾ ആണ് ആ അയൽക്കൂട്ടം നടത്തുന്നതെന്നും അതിനായി എന്തെല്ലാം സാധനങ്ങളാണ് അവർ വാങ്ങുന്നതെന്നും അല്ലെങ്കിൽ ഉപയോഗിക്കുന്നതെന്നും അംഗങ്ങളെകൊണ്ട് തന്നെ പറയിപ്പിച്ച് അവരിലൊരാളെക്കൊണ്ട് അതിനെ ലിസ്റ്റ് തയ്യാറാക്കിക്കുകയും ചെയ്യുക. തുടർന്ന് ആ ലിസ്റ്റിലുള്ള സാധനങ്ങളിൽ ഏതെല്ലാം ഉപയോഗ ശൂന്യമായി മാറുന്നുണ്ടെന്നും അതെങ്ങനെയാണ് അവർ പരിപാലനം ചെയ്യുന്നതെന്നും അവരിൽ നിന്നും ശേഖരിക്കുക. പരിസ്ഥിതി സൗഹൃദമായ തരത്തിൽ അവർ ചെയ്ത നല്ല കാര്യങ്ങളെ അഭിനന്ദിക്കുകയും അവർ ചെയ്ത തെറ്റുകളെ അവരെകൊണ്ട് തന്നെ പറയിപ്പിക്കുകയും തുടർന്ന് അതെങ്ങനെ കൈകാര്യം ചെയ്യും എന്ന്കൂടി സ്വയം മനസിലാക്കിക്കുകയും ചെയ്യണം. കൂടുതൽ ദൂഷ്യഫലങ്ങൾ ഫെസിലിറ്റേറ്റർ മനസിലാക്കി കൊടുക്കണം.

ഉദാ :- ചായ/വെള്ളം നൽകാൻ സ്റ്റീൽ ഗ്ലാസാണ് ഉപയോഗിക്കുന്നതെങ്കിൽ അതിനെ നല്ലതായും ഡിസ്പോസിബിൾ ആണ് ഉപയോഗിക്കുന്നതെങ്കിൽ ക്ലാസിൽ നിന്നും മനസിലാക്കിയ കാര്യങ്ങൾ അടിസ്ഥാനമാക്കി അതിന്റെ ദൂഷ്യഫലങ്ങൾ അംഗങ്ങൾ സ്വയം തിരുത്തി പറയുന്ന തരത്തിലൊരു സ്വയം വിലയിരുത്തൽ നടത്തണം.

### മാലിന്യങ്ങൾ പലവിധം

മാലിന്യത്തെ വിഘടനത്തിനു വിധേയമാവുന്നതെന്നും അല്ലാത്തതെന്നും രണ്ടായി തിരിക്കാം.

ജൈവവസ്തുക്കളെല്ലാം സൂക്ഷ്മജീവികളാൽ വിഘടിക്കപ്പെടും. അതു പ്രകൃതിയുടെ രീതിയാണ്. പ്രകൃതിയുടെ ആ രീതി നമുക്കു കടമെടുക്കാം. കമ്പോസ്റ്റ് നിർമാണം എന്ന പ്രായോഗിക രീതിയിലൂടെ ജൈവമാലിന്യങ്ങൾ സംസ്കരിക്കാൻ കഴിയും, വീട്ടിലും സ്കൂളിലും ഉണ്ടാകുന്ന വിവിധങ്ങളായ ജൈവാവശിഷ്ടങ്ങൾ മണ്ണിര കമ്പോസ്റ്റായും പീറ്റ് കമ്പോസ്റ്റായും പൈപ്പ് കമ്പോസ്റ്റായും മാറ്റാൻ കഴിയും.

എന്നാൽ പ്ലാസ്റ്റിക്, കുപ്പി, തുടങ്ങിയ മനുഷ്യനിർമിത വസ്തുക്കൾ ജൈവവിഘടനത്തിനു വിധേയമാവില്ല. ഇത്തരം മാലിന്യങ്ങളെ കൈകാര്യം ചെയ്യാൻ 3R രീതി സ്വീകരിക്കാവുന്നതാണ്.

മാലിന്യങ്ങളെ രണ്ടായി തിരിച്ച് സംസ്കരിക്കാനാണു ശ്രമിക്കേണ്ടത്. പുനഃചംക്രമണം ചെയ്യാൻ കഴിയുന്ന കട്ടിയുള്ള പ്ലാസ്റ്റിക് അതിനായി മാറ്റിവയ്ക്കുക. പുനരുപയോഗത്തിനായി പാഴ്വസ്തുക്കൾ ശേഖരിക്കുന്നവർക്ക് നൽകാം. ബാൾപേന ഒഴിവാക്കി മഷിപ്പേന സ്വീകരിക്കുന്നതുപോലുള്ള പുത്തൻ തീരുമാനങ്ങൾ കൈക്കൊള്ളാവുന്നതാണ്.

| R-Reuse | R-Reduce | R-Recycle |
|---|---|---|
| വീണ്ടുംവീണ്ടും ഉപയോഗിക്കുക | ഉപയോഗം പരമാവധി കുറയ്ക്കുക | പുനഃചംക്രമണം ചെയ്യുക |

| R-Reuse | R-Reduce | R-Recycle |
|---|---|---|
| പ്ലാസ്റ്റ്ക് കപ്പുകൾ | പ്ലാസ്റ്റിക് സഞ്ചികൾ | ഉപയോഗസൗകര്യമുള്ളവ |
| പ്ലാസ്റ്റിക്, തെർമോക്കോൾ | പ്ലാസ്റ്റിക് ഭരണികൾ | കട്ടിയുള്ള പാഴ്വസ്തുക്കൾ (കൂടിയഗ്രേഡ് ഉള്ളവമാത്രം) |
| പ്ലേറ്റുകൾ | പ്ലാസ്റ്റിക് പാത്രങ്ങൾ | പ്ലാസ്റ്റിക് വസ്തുക്കൾ |
| മിനറൽ വാട്ടർ ബോട്ടിൽ | | പ്ലാസ്റ്റിക് പാത്രങ്ങൾ |
| പ്ലാസ്റ്റിക് സഞ്ചികൾ | | കണ്ടെയ്നറുകൾ |

### വിലയിരുത്തൽ ചോദ്യങ്ങൾ

- സമൂഹത്തിന്റെ ആരോഗ്യപരിപാലനത്തിൽ കുടുംബശ്രീക്ക് വഹിക്കാൻ കഴിയുന്ന പങ്ക് വിശദമാക്കുക.
- പരിസരമലിനീകരണം ആരോഗ്യരംഗത്തിന് വെല്ലുവിളിയാകുന്നതെങ്ങനെ?
- രോഗങ്ങൾ പടരാനുള്ള കാരണങ്ങൾ എന്തെല്ലാം?

### തുടർ പ്രവർത്തനം

- അനുയോജ്യമായ സൂചികകളുടെ അടിസ്ഥാനത്തിൽ ഒരു ആരോഗ്യ സെൻസസ് നടത്തുക.
- ശാരീരിക ക്ഷമത വർധിപ്പിക്കുന്നതിനായി വ്യായാമകേന്ദ്രങ്ങൾക്ക് രൂപം നൽകുക.
- മാനസികാരോഗ്യം വർദ്ധിപ്പിക്കാനായി കൗൺസലിംഗ് സെന്ററുകൾ ആരംഭിക്കുക.
- മാലിന്യനിർമാർജന പ്രവർത്തനങ്ങളും ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കുക.

| ഇനം | പൂർണ്ണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെ ടേണ്ടതുണ്ട് |
|---|---|---|---|
| **വിലയിരുത്തൽ ചെക്ക് ലിസ്റ്റ്**<br>• സമൂഹപുരോഗതിയിൽ ആരോഗ്യത്തിനുള്ള പ്രാധാന്യം തിരിച്ചറിഞ്ഞു. | | | |
| • വിവിധരോഗ കാരണങ്ങളെക്കുറിച്ച് ധാരണ നേടി. | | | |
| • മാനസികാരോഗ്യത്തിന്റെ പ്രാധാന്യം മനസ്സിലാക്കി. | | | |
| • ശുചിത്വത്തിനുള്ള പ്രസക്തി തിരിച്ചറിഞ്ഞു.<br>• മാലിന്യനിർമാർജനത്തെക്കുറിച്ച് ധാരണ നേടി.<br>• ആരോഗ്യസംരക്ഷണത്തിനായുള്ള വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള ശേഷി കൈവരിച്ചു. | | | |

•

പാഠം 5

# ലഹരി വിമുക്തപ്രചരണം
# കുടുംബശ്രീ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

ആമുഖം

ലഹരിയുടെ ഉപയോഗം കേരള സമൂഹത്തിൽ ദിനം പ്രതി വർദ്ധിച്ചുവരുന്നു. ഇത് കുടുംബ ബന്ധങ്ങളുടെ ശിഥിലീകരണവും പലതരം സാമൂഹ്യപ്രശ്നങ്ങളും സൃഷ്ടിക്കുന്നു. ലഹരി ഉപയോഗം കുറക്കുന്നതിലൂടെ മാത്രമേ ഒരു നല്ല സമൂഹത്തെ സൃഷ്ടിക്കാനാവുകയുള്ളൂ. ലഹരിയുടെ ഉപയോഗം മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ, ലഹരി ഉപയോഗിക്കുന്ന കുട്ടികളിൽ കാണുന്ന ലക്ഷണങ്ങൾ തിരിച്ചറിയുന്നതിനുള്ള മാർഗ്ഗങ്ങൾ, ഉപയോഗിക്കുന്നതിനുള്ള സാഹചര്യങ്ങൾ, ലഹരി ഉപയോഗം കുറക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ലഹരി ഉപയോഗിക്കുന്നതുമൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങൾ, ഇതിനെതിരെയുള്ള നിയമങ്ങൾ, എന്നിവ സെഷനിൽ പരാമർശിക്കുന്നത്.

**പഠനനേട്ടങ്ങൾ**

- ലഹരിയുടെ ഉപയോഗം കുടുംബങ്ങളിലും സമൂഹത്തിലും സൃഷ്ടിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ധാരണനേടുന്നു.
- ലഹരിയുടെ ദൂഷ്യഫലങ്ങൾ പട്ടികപ്പെടുത്തുന്നു.
- ലഹരി പദാർത്ഥങ്ങൾക്കെതിരെയുള്ള വിവിധ നിയമങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നു.
- ലഹരി ഉപയോഗിക്കുന്നവരെ കണ്ടെത്തുന്നതിനുള്ള മാർഗം മനസിലാക്കുന്നു.
- ലഹരി ഉപയോഗത്തിനെതിരായ മുൻകരുതൽ നടപടികൾ സ്വീകരിക്കാനുള്ള ശേഷി രൂപപ്പെടുന്നു.
- ലഹരി ഉപയോഗത്തിനെതിരായ മനോഭാവം രൂപപ്പെടുന്നു.
- ലഹരിക്കെതിരായ ബോധവത്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

അന്നു പതിവുപോലെ അയാൾ രാവിലത്തെ നടത്തം കഴിഞ്ഞ് തിരികെ വീട്ടിലേക്ക് വരവേ ഗെയിറ്റിന്റെ മുകളിൽ തിരുകി വച്ചിരുന്ന ദിനപ്പത്രം എടുത്ത് നിവർത്തി വായിച്ചുകൊണ്ട് ഇളം തിണ്ണയിലിരുന്ന് നീട്ടി വിളിച്ചു ഇത്തിരി ഉച്ചത്തിൽത്തന്നെ.

“ദേവ്യേ... ഞാനെത്തിയെടീ...
നീ ആ വെള്ളമിങ്ങു കൊണ്ടുവാ...”

“നിങ്ങള് ഒച്ചയെടുക്കേണ്ട മനുഷ്യാ... ” അയാൾ വിളി പൂർത്തിയാക്കും മുൻപേ വലതുകയ്യിലെ സ്റ്റീൽമൊന്തയിൽ ഇളം ചൂടുള്ള കുടിവെള്ളവുമായി ദേവകി അയാളുടെ അടുത്തെത്തി ഇരുന്നു.

കഴിഞ്ഞ ആറ് മാസമായി ഇവിടുത്തെ പ്രഭാതം ഇങ്ങനെയാണ്. നേരം പരപരാ വെളുക്കുമ്പഴേ ദിവാകരൻ പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ് നടക്കാനിറങ്ങും.ദിവസവും നാല് കി.മീറ്ററിൽ കുറയാതെയാണ് നടപ്പ്.നടത്തം കഴിഞ്ഞ് തിരികെ വന്ന് ഇളം തിണ്ണയിൽ കയറുന്നതിനു മുമ്പേ ദേവകി നാഴൂരി കുടിവെള്ളവുമായി ഭർത്താവിന്റെ മുമ്പിലെത്തും.അയാൾ തിരികെ എത്തുന്നതും കാത്ത് ജന്നലിലൂടെ പുറത്തേക്ക് കണ്ണും നട്ടാണ് അവൾ അടുക്കളയിൽ പണിയെടുക്കുന്നത്. ഒരു ദിവസമെങ്ങാനും അയാൾ കയറിവരുമ്പോൾ അവൾ ഉമ്മറത്തില്ലെങ്കിൽ അവൾ കൺമുന്നിലെത്തുന്നതുവരെ അയാൾ ഉച്ചത്തിൽ വിളിച്ചുകൊണ്ടേയിരിക്കും.

സ്വകാര്യസ്ഥാപനത്തിലെ ക്ലർക്കായ ദിവാകരന് ആറു മാസം മുമ്പ് ജോലിസ്ഥലത്തുവച്ചാണ് ആദ്യമായി നെഞ്ചുവേദന അനുഭവപ്പെട്ടത്.സഹപ്രവർത്തകർ ഉടനേ ആശുപത്രിയിൽ എത്തിച്ചു.ചെന്നപാടേ ICU എന്ന് ഇംഗ്ലീഷിൽ വലിയ ചുവപ്പ് അക്ഷരത്തിൽ എഴുതിയ ചില്ലിട്ട മുറിയിലേക്ക് അയാളെ കൊണ്ടുപോയി. കൂടെയുള്ളവരെ പുറത്തു നിർത്തിയതേയുള്ളു.

അരമണിക്കൂർ കഴിഞ്ഞാണ് ഡോക്ടർ പുറത്തുവന്നത്. അപ്പോഴേയ്ക്കും ബന്ധുക്കളായ ചിലരേയും കൂട്ടി ദേവകി അവിടെയെത്തിയിരുന്നു.

ദിവാകരന്റെ ഏറ്റവും അടുത്ത ബന്ധുക്കളാരെങ്കിലും ഇവിടുണ്ടോ... എന്ന് ചോദിച്ചുകൊണ്ട് ചില്ലുവാതിൽ തുറന്ന് ഡോക്ടർ പുറത്തേക്ക് വന്നപ്പോൾ കരഞ്ഞു കലങ്ങിയ കണ്ണുകളുമായി ദേവകി യാന്ത്രികമായി അയാളുടെ അടുത്തേക്ക് ചെന്നു.

"ഇപ്പോൾ പേടിക്കാനൊന്നുമില്ല... എങ്കിലും കുറച്ചു സമയം കഴിയാതെ ഒന്നും പറയാൻ പറ്റില്ല..." ഡോക്ടറുടെ ഭാഷ്യം, "ഇയാൾക്ക് മദ്യപിക്കുന്ന ശീലമുണ്ടോ" അയാൾ ചോദിച്ചു.

"ഉണ്ട്.." അവൾ മന്ത്രിച്ചു.

"സ്ഥിരമായി മദ്യപിക്കാറുണ്ടായിരുന്നോ?"

"ഇല്ല... വല്ലപ്പോഴും..."

"വല്ലപ്പോഴുമെന്നു പറഞ്ഞാൽ..?" ഡോക്ടർ പിന്നേയും ചോദിച്ചു.

"ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം.അതും കാര്യമായി കുടിക്കാറില്ല ഡോക്ടർ." അവൾ കരഞ്ഞുകൊണ്ടാണ് സംസാരിച്ചത്.

"എന്നേയും മക്കളേയും പൊന്നുപോലെയാണ് നോക്കുന്നത്.... ഒന്നിനും യാതൊരു കുറവും വരുത്തിയിട്ടില്ല... എല്ലാക്കാര്യത്തിലും അതീവ ശ്രദ്ധയാണ് എന്റേട്ടന്..." അവൾ വിതുമ്പുകയായിരുന്നു.

ബന്ധുക്കളും അവളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു.

"നിങ്ങൾ വിഷമിക്കേണ്ട കാര്യമില്ല... കരയാതിരിക്കൂ" ഡോക്ടർ അകത്തേക്ക് തിരികേ പോകുമ്പോഴും അവളുടെ ഹൃദയമിടിപ്പ് കൂടുകയായിരുന്നു.

പിറ്റേദിവസം ICU-വിൽ നിന്ന് വാർഡിലേക്ക് മാറ്റിയ ദിവാകരനെ ഒരാഴ്ചക്ക് ശേഷം ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്തു.

"അസുഖം പൂർണ്ണമായും മാറിയതുകൊണ്ടല്ല നിങ്ങളെ ഇപ്പോൾ വിടുന്നത്" ഡോക്ടർ പറഞ്ഞു. മരുന്നുകൾ കൃത്യമായി കഴിക്കണം.ഒരു തുള്ളി മദ്യം പോലും ഇനി ഈ ശരീരത്തിൽ പ്രവേശിക്കരുത്. ഡോക്ടർ സംസാരിച്ചു തീരുന്നതിനു മുമ്പേ അയാൾ ഇടക്കു കയറി ചോദിച്ചു...

"എനിക്കൊരു സംശയം ഡോക്ടർ..."

"എന്താ...? ചോദിച്ചോളൂ..."

"വല്ലപ്പോഴും... ഓണത്തിനോ ക്രിസ്തുമസ്സിനോ ഇത്തിരി കഴിച്ചാൽ കുഴപ്പമുണ്ടോ...?"

"ഓണവും ക്രിസ്തുമസ്സുമല്ല... ഇനിയുള്ള ജീവിതയാത്രയിൽ ഒരുതരി ലഹരി പോലും നിങ്ങളുടെ ശരീരത്തിൽ പ്രവേശിക്കരുത്."

അപൂർവ്വം ചില ആഘോഷ വേളകളിൽ ഉപയോഗിക്കുന്ന ചെറിയ അളവിലെ ലഹരി പോലും മനുഷ്യന്റെ തലച്ചോറിലെ ഡോപ്പമിന്റെ (Dopamine) അളവ് വർദ്ധിപ്പിക്കുകയും വീണ്ടും വീണ്ടും ലഹരി ഉപയോഗിക്കുവാൻ മനുഷ്യനെ പ്രലോഭിപ്പിക്കുകയും ചെയ്യും. നമ്മൾ മനുഷ്യരാണ്, ചഞ്ചലചിത്തരാണ്, ഏതെങ്കിലും സാധനത്തോട് ഒരു പ്രിയം തോന്നിക്കഴിഞ്ഞാൽ പിന്നെ അതിൽനിന്നും വിട്ടുപോകുവാൻ പ്രയാസമാണ്. അതുകൊണ്ടാണ് പറയുന്നത് **First Peg is Dangerous Peg** എന്ന്. അച്ഛൻ, അമ്മ, ഭാര്യ, മക്കൾ, സഹോദരങ്ങൾ,സുഹൃത്തുക്കൾ എന്നിവരെല്ലാം നിങ്ങളെ ഒത്തിരി പ്രതീക്ഷകളോടയൊണ് നോക്കികാണുന്നത്. അവരുടെ പ്രതീക്ഷകൾക്കൊപ്പം ഉയരാൻ സാധിച്ചില്ലെങ്കിലും അവർക്ക് പ്രതീക്ഷിക്കാനുള്ള സാധ്യതയെങ്കിലും നമ്മളായിട്ട് ഇല്ലാതാക്കരുത്.

*കഥ വായന നിർത്തി ചോദ്യങ്ങളിലൂടെ ചർച്ച ചെയ്യുക ഓരോ ചോദ്യങ്ങളിലും നടന്ന ചർച്ച രേഖപ്പെടുത്തിയ ശേഷമാവണം അദ്ധ്യാപകൻ ക്രോഡീകരണം നടത്തേണ്ടത് തുടർന്ന് കഥ തുടരണം.*

നിങ്ങളുടെ പ്രദേശത്ത് ലഹരി മൂലം ശല്യമുണ്ടോ?

ലഹരി പദാർത്ഥം ഉപയോഗിക്കുന്നവരെ എങ്ങനെ തിരിച്ചറിയാം?

അയാൾ കുടുംബത്തിൽ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ്?

അയാൾ സമൂഹത്തിൽ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ്?

അയാൾക്കു തന്നെ സ്വയം വരുത്തുന്ന പ്രശ്നങ്ങൾ എന്തെല്ലാം?

ദിവാകരന്റെ മനസ്സ് മാറിത്തുടങ്ങിയിരുന്നു.

"ഞാനെന്തു ചെയ്യണം ഡോക്ടർ....? ഡോക്ടർ പറയുന്നതെന്തും ഞാൻ ചെയ്യും, എനിക്ക് ജീവിക്കണം.......മനുഷ്യനെപ്പോലെ ജീവിക്കണം..." അയാളുടെ ശബ്ദത്തിൽ ആത്മാർത്ഥതയുടെ ദൃഢത അനുഭവപ്പെടുന്നതായി ഡോക്ടർക്ക് തോന്നി.

ഡോക്ടർ പറഞ്ഞുവിട്ടതനുസരിച്ച് പിറ്റേദിവസം മുതൽ അയാൾ രാവിലെ നടക്കാൻ തുടങ്ങി. നാല് കിലോമീറ്റർ കുറയാതെ നടക്കണമെന്നാണ് ഡോക്ടർ പറഞ്ഞത്. നടത്തം കഴിഞ്ഞ് ഇളം ചൂടുവെള്ളം കുടിക്കണം. കഴിഞ്ഞ ആറു മാസക്കാലമായി അതിനു യാതൊരു മുടക്കവും സംഭവിച്ചിട്ടില്ല.

ദേവ്യേ.... ദേ... കണ്ടില്ലേ... കുറ്റവാളികളിൽ 30% കുട്ടികളാണെന്ന് ഋഷിരാജ്സിങ്ങ്സാർ പറഞ്ഞിരിക്കുന്നെന്ന് പത്രത്തിന്റെ മുമ്പിലത്തെ പേജിൽ തന്നെ എഴുതിവെച്ചിരിക്കുന്നു... ഭാര്യ കാണത്തക്കവിധം പത്രം നീട്ടിപ്പിടിച്ചുകൊണ്ട് ദിവാകരൻ പറഞ്ഞു.

ശരിയാണ് കേട്ടാ.....ഇന്നലത്തെ PTA മീറ്റിങ്ങിൽ മേഴ്സിടീച്ചർ പറഞ്ഞത് ഞാൻകേട്ടതാണ്.ബീഡി വലിച്ച എട്ടാം ക്ലാസ്സിലെ രണ്ട് കുട്ടികളെ രക്ഷാകർത്താവിനെ വിളിച്ചുകൊണ്ടുവരാൻ പറഞ്ഞ് ക്ലാസ്സീന്ന് ഇറക്കിവിട്ടപ്പോൾ കുട്ടികൾ ടീച്ചറെ ഭീഷണിപ്പെടുത്തിയിട്ട് പോയെന്നാണ് ടീച്ചർ പറഞ്ഞത്.

“കലികാലം.....അല്ലാതെന്തു പറയാനാ”....അയാൾ

“ആ പിള്ളേരുടെ രക്ഷിതാക്കൾക്കിട്ടാണ് അടികൊടുക്കേണ്ടത്. അവർ ബീഡി വലിക്കുന്നവരായിരിക്കും. അത് കണ്ടല്ലേ കുട്ടികൾ വളരുന്നത്. കുട്ടികൾ വലിച്ചില്ലെങ്കിലേ കുറ്റമുള്ളൂ.” അവൾ തുടർന്നുകൊണ്ടേയിരുന്നു.

ഒന്നാം പേജിലെ പ്രധാന വാർത്തയും മറ്റു വാർത്തകളും ഒരേ പ്രാധാന്യത്തോടെ വായിച്ച് രണ്ടാം പേജും കടന്ന് മൂന്നാം പേജിലേക്ക് കണ്ണോടിച്ച ദിവാകരന് തന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിയാത്ത തരത്തിലുള്ള ഫോട്ടോയാണ് കാണാൻ കഴിഞ്ഞത്. കാക്കിധാരികളായ ഉദ്യോഗസ്ഥർക്ക് നടുവിലായി നിൽക്കുന്ന ആറ് കുട്ടികൾ. അതിലൊന്ന് തന്റെ അനുജന്റെ മകൻ. പതിനൊന്നാം ക്ലാസ്സിൽ പഠിക്കുന്നവൻ.

കണ്ണിൽ ഇരുട്ട് കയറുന്നതുപോലെ തോന്നി അയാൾക്ക്...നാവ് കുഴയുന്നതുപോലെ...അയാൾ ശക്തി സംഭരിച്ച് ഭാര്യയെ വിളിച്ചു.നിലവിളി കേട്ട് ഓടിയെത്തിയ ദേവകിയെ അയാൾ പത്രത്തിലെ ഫോട്ടോ കാണിച്ചു. ഒരു ഞെട്ടലോടെ അവൾ പത്രം വാങ്ങി വായിച്ചു. കല്യാണ ആഘോഷങ്ങളുടെ മറവിൽ ഗഞ്ചാവ് ഉപയോഗിച്ചതിന് എക്സൈസുകാർ അറസ്റ്റ്ചെയ്ത കുട്ടികളുടെ ഫോട്ടോയാണെന്നും അക്കൂട്ടത്തിൽ തങ്ങളുടെ കുഞ്ഞ് ഉണ്ടെന്നുമുള്ള അറിവ് അവളെ ഭയചകിതയാക്കിയെങ്കിലും ഭർത്താവിന്റെ അസുഖത്തെക്കുറിച്ച് ബോധം ഉണ്ടായിരുന്ന അവൾ ധൈര്യം സംഭരിച്ച് അയാളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു.പഞ്ചായത്ത്പ്രസിഡന്റ് പറഞ്ഞാൽ തീരാവുന്ന കേസേയുള്ളുവെന്നും താൻ ഉടനെതന്നെ അയൽക്കൂട്ടത്തിലെ ആരോഗ്യവിദ്യാഭ്യാസവോളണ്ടീയറിനേയും കൂട്ടി പഞ്ചായത്തുപ്രസിഡന്റിന്റെ വീട്ടിൽപോയി സംസാരിക്കാമെന്നും മനസ്സ് വിഷമിച്ച് അസുഖമൊന്നും വരുത്തിവയ്ക്കരുതെന്നും അവൾ ഒരുവിധം അയാളോട് പറഞ്ഞൊപ്പിച്ചു.

ദിവാകരനെ കട്ടിലിൽകൊണ്ടുകിടത്തിയശേഷം വേഷംമാറി ലൈലാബീവിയുടെ വീട്ടിലെത്തി സംഭവം വിവരിച്ചു. പന്ത്രണ്ടാം ക്ലാസ്സ് പാസ്സായ അനുജന്റെ മകളുടെ ഉപരിപഠനത്തിനായി ബാംഗ്ലൂരിൽ അഡ്മിഷനുവേണ്ടി അനുജനും അനുജത്തിയും മകളേയും കൊണ്ട് ഇന്നലെ പോയെന്നും രണ്ടു ദിവസം കഴിഞ്ഞ് അവർ വരുന്നതുവരെ മകനെ തങ്ങളുടെകൂടെ ഏൽപ്പിച്ചിട്ടാണ് പോയതെന്നും കൂടെ പഠിക്കുന്ന കുട്ടിയുടെ സഹോദരരിയുടെ വിവാഹത്തിനായിട്ടാണ് അവർ ഇന്നലെ പോയതെന്നും ഇന്ന് വിവാഹശേഷമേ വീട്ടിൽ വരികയുള്ളൂവെന്ന് പറഞ്ഞിരുന്നതും അതിന് അവന്റെ അച്ഛനും അമ്മയും സമ്മതം നൽകിയിരുന്നതും എല്ലാം ദേവകി വാളണ്ടീയറെ പറഞ്ഞു ബോധ്യപ്പെടുത്തി.

“പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞാൽ എക്സൈസുകാർ അവനെ വിടുമായിരിക്കും.വാളണ്ടീയർ എന്റെ കൂടെവന്ന് പ്രസിഡന്റിനോട് ഒന്നു പറയണം...” അവൾ വരവിന്റെ ഉദ്ദേശം അറിയിച്ചെങ്കിലും ആശാവഹമായ ഒരു മറുപടിയല്ല ലൈലാബീവിയിൽ നിന്നുണ്ടായത്. “ഇത് ഗഞ്ചാവ് കേസാണ്....നിസ്സാരകാര്യമല്ല... പ്രസിഡന്റ് ഇടപെടാനും സാധ്യത കുറവാണ്. പറയാതിരിക്കാൻ നിർവ്വാഹമില്ലാത്തതുകൊണ്ട് പറയുകയാണ്....” വാളണ്ടീയർ ഗൗരവപൂർവ്വം പറഞ്ഞ് തുടങ്ങി.”

“നിങ്ങളുടെ ഭർത്താവും കുടുംബാംഗങ്ങളുമെല്ലാം എത്രമാന്യമായിട്ടാണ് എല്ലാവരോടും ഇടപഴകുന്നത്. നിങ്ങളുടെ കുടുംബത്തെക്കുറിച്ച് യാതൊരു അഭിപ്രായവ്യത്യാസവും ആർക്കും ഉള്ളതായിട്ട് അറിവില്ലായിരുന്നു....പക്ഷേ ഈ പയ്യനുണ്ടല്ലോ...ഈ എക്സൈസുകാർ പിടിച്ചവൽ അവൻ ആളു ശരിയല്ലെന്ന് പലരും എന്നോട് പറഞ്ഞിട്ടുണ്ട്. ഞാൻ ആദ്യം വിശ്വസിച്ചിരുന്നില്ല.പക്ഷെ പിന്നീട് വിശ്വസിക്കേണ്ടിവന്നു. എന്തു ഭവ്യതയുള്ള നോട്ടവും സംസാരവും ആയിരുന്നു അവന്. കഴിഞ്ഞ കുറച്ച് നാളുകളായി അവന്റെ

നോട്ടത്തിലും ഭാവത്തിലും മാറ്റം ഞാനും കണ്ടിട്ടുണ്ട്.പതിനൊന്നിലാണ് പഠിത്തമെങ്കിലും നോട്ടവും ഭാവവും അതല്ല. എന്നേയും അവൻ കഴിഞ്ഞ ദിവസം വല്ലാതൊന്നു നോക്കി. ഒരുമാതിരി ആർത്തിമൂത്ത നോട്ടം...പക്ഷെ ഗഞ്ചാവാണ് വില്ലനെന്ന് ഇപ്പോഴല്ലെ മനസ്സിലായത്.

**ലഹരി വസ്തുക്കൾക്ക് അടിമകളാകുന്ന കുട്ടികളെ എങ്ങനെ തിരിച്ചറിയാം?**

- പുതിയ സാഹചര്യങ്ങൾ, കൃത്യനിഷ്ഠയില്ലായ്മ
- പതിവായി പണം കടം വാങ്ങൽ, സ്വന്തം സാധനങ്ങൾ വിൽക്കൽ, വീടുകളിൽ നിന്നോ സ്ക്കൂളുകളിൽ നിന്നോ പണത്തിനു വേണ്ടി മോഷണം നടത്തൽ
- സ്ക്കൂളിൽ പോകാതിരിക്കുക പഠനത്തിൽ ശ്രദ്ധിക്കാതിരിക്കുക
- വ്യക്തിശുചിത്വം പാലിക്കാതിരിക്കുക
- വിദ്വേഷ പൂർണ്ണമായ പെരുമാറ്റങ്ങൾ , മാനസിക വിക്ഷോഭം, വിരുദ്ധമനോഭാവം
- ഒറ്റപ്പെട്ട സ്ഥലങ്ങളിലേക്ക് ഇടയ്ക്കിടെ പോകുകയും രഹസ്യവും സംശയാസ്പദവുമായ രീതിയിൽ പെരുമാറുക
- ക്ഷീണം, വിഷാദം, നിരാശ തുടങ്ങിയവ പ്രകടിപ്പിക്കുക

ഗഞ്ചാവും മയക്കുമരുന്നുമെല്ലാം ഉപയോഗിച്ചാൽ ശരീരഭാരം നഷ്ടപ്പെട്ട് ശൂന്യതയിൽ പറന്നു നടക്കുന്നതുപോലെ തോന്നുമെന്നും എത്രഭാരമുള്ള സാധനവും നിഷ്പ്രയാസം പൊക്കിയെടുക്കാൻ സാധിക്കുമെന്നുമൊക്കെയുള്ള മിഥ്യാധാരണയാണയിലാണ് കുട്ടികൾ ഈ വഴിയിലേക്ക് തിരിയുന്നത്. വാഹനാപകടങ്ങളുടെ മുക്കാൽ പങ്കിനും കാരണം ലഹരി ഉപയോഗിച്ചുകൊണ്ടുള്ള ഡ്രൈവിങ്ങ് തന്നെയാണ്.

"അതെങ്ങനാ...കുട്ടികളെ ശ്രദ്ധിക്കാൻ അച്ഛനും അമ്മക്കും സമയം ഇല്ലല്ലോ.......ഒന്നിനും സമയം ഇല്ല. അവസാനം എക്സൈസിന്റേയോ, പോലീസിന്റേയോ കയ്യിൽപ്പെടുമ്പോൾ എല്ലാർക്കും സമയം ഉണ്ടാകും."

അമ്മയേയും സഹോദരിയേയും തിരിച്ചറിയാത്ത കാമഭ്രാന്തൻമാരായിമാറുന്നത് ഇവൻമാരറിയുന്നില്ല...വാളണ്ടീയറുടെ അറിവ് നിറഞ്ഞൊഴുകുകയായിരുന്നു. ഒപ്പം ഒരു മുന്നറിയിപ്പും.

"ദേവകി സൂക്ഷിക്കണം. നിനക്ക് രണ്ട് പെൺമക്കളാണുള്ളത്.സഹോദരനാണെങ്കിലും അവനൊക്കെ എപ്പഴാണ് ..നിന്റെ മക്കളെ......ഒരുപക്ഷെ നിന്നേയും കയറിപ്പിടിക്കുന്നതെന്നറിയില്ല....." ദേഷ്യവും സങ്കടവും ഒത്തുചേർന്ന സ്വരത്തിലാണ് ദേവകി തിരിച്ച് ചോദിച്ചത്.

"അവൻ അങ്ങനെ ചെയ്യുമോ..?അവന് അങ്ങനെ ചെയ്യാൻ പറ്റുമോ..? അവന്റെ പെങ്ങൻമാരല്ലേ എന്റെ മക്കൾ.....അവൻ അങ്ങനെ ചെയ്യില്ല...ചെയ്യാൻ പറ്റില്ല....കുഞ്ഞുന്നാളു മുതലേ ഒരുമിച്ച് കളിച്ച് വളർന്നവർ ........... ഓണത്തിന് പട്ടം പറത്തിയും പൂക്കളമിടാൻ പൂവ് ഒരുക്കിയതും അവർ ഒരുമിച്ചല്ലേ.... എന്റെ മക്കളെ സൈക്കിൾ ചവിട്ടാൻ പഠിപ്പിച്ചതും അവരെ ഊഞ്ഞാലാട്ടിയതും അവനല്ലേ...." അവളുടെ ചുണ്ടുകൾ വിറയ്ക്കുകയായിരുന്നു.

"അവൻ അങ്ങനെ ചെയ്യില്ല ദേവകി.....അവനെക്കൊണ്ട് ചെയ്യിക്കുന്നതാണ്..ഇന്നലത്തെ അവനല്ല ഇന്ന്. അവനെ നിയന്ത്രിക്കുന്നത് ഗഞ്ചാവും മയക്കുമരുന്നും പോലുള്ള ലഹരികളാണ്. സൂക്ഷിച്ചാൽ ദുംഖിക്കേണ്ട.ഞാൻ പറഞ്ഞൂന്ന് മാത്രം.."

**ലഹരി ഉപയോഗിക്കുന്നതിന്റെ പ്രധാന ലക്ഷണങ്ങൾ എന്തെല്ലാം?**

- മാനസികാവസ്ഥയിൽ പെട്ടെന്നുണ്ടാകുന്ന മാറ്റം.
- വിശപ്പില്ലായ്മയും മനം പുരട്ടലും മയക്കവും ഉറക്കമില്ലായ്മയും
- ക്രമരഹിതമായ കാൽചുവടുകൾ
- ടോയ്‌ലറ്റിൽ അധിക നേരം ചെലവഴിക്കുക
- കള്ളം പറയുക
- പഠനത്തിലും മറ്റ് പ്രവർത്തനങ്ങളിലുമുള്ള താല്പര്യവും ശ്രദ്ധയും കുറയുക
- പണത്തിന് വർദ്ധിച്ച് വരുന്ന ആവശ്യവും മോഷണശ്രമവും
- ഗുളികകൾ , സിഗററ്റ്, സിറിഞ്ച് മുതലായവ സൂക്ഷിക്കുക

അയൽക്കൂട്ടത്തിന്റെ വോളണ്ടീയറെ കണ്ടപാടേ പ്രസിഡന്റ് അവരെ അകത്തേക്ക് ക്ഷണിച്ചുവെങ്കിലും അകത്തേക്ക് കയറുവാൻ അവർ മടിച്ചു.മറ്റ് ചിലർ ആവലാതികൾ പ്രസിഡന്റിനോട് പറയുന്നു.അവർ

കേൾക്കേ നമ്മുടെ വിഷയം അവതരിപ്പിക്കുന്നത് മോശമാണല്ലോന്ന് കരുതി അവർ തങ്ങളുടെ ഊഴ ത്തിനായി കാത്തുനിന്നു.

അയൽക്കൂട്ടത്തിന്റെ ആരോഗ്യവിദ്യാഭ്യാസ വാളണ്ടീ യറിനെ തീരെകൊച്ചാക്കാൻ താൽപ്പര്യമില്ലാതിരുന്ന പ്രസിഡന്റ് പുറത്തേക്ക് വന്ന് അവരെ മാറ്റി നിർത്തി കാര്യം തിരക്കി.വളരെ ചുരുക്കത്തിൽ രണ്ടാളും കൂടി വിവരം ധരിപ്പിച്ചു.

"പ്രസിഡന്റ് രക്ഷിക്കണം..." ദേവകി കരച്ചിലിന്റെ വക്കോളമെത്തി. "ഞങ്ങൾക്ക് വേറെയാരുമില്ല.. ചെ റുക്കന്റെ അച്ഛനും അമ്മയും നാളെ വരുമ്പോൾ ഞങ്ങൾ എന്ത് സമാധാനം പറയും...''അവൾ വിതുമ്പി.

കല്യാണവീട്ടിൽ തലേദിവസത്തെ സൽക്കാരങ്ങൾ കഴിഞ്ഞ് കല്ല്യാണപ്പെണ്ണിന്റെ സഹോദരനടക്കം പതി നൊന്നാം ക്ലാസ്സിൽ പഠിക്കുന്ന ഏഴ് കുട്ടികൾ ഇരു ട്ടത്ത് ഒളിച്ചിരുന്ന് ഗഞ്ചാവ് വലിക്കുന്നതായി എക്സൈസ് പാർട്ടിക്ക് വിവരം ലഭിച്ചെന്നും അങ്ങ നെയാണ് കേസ്സ് കണ്ടെടുത്തതെന്നും പെൺകുട്ടി യുടെ സഹോദരൻ ഇരുട്ടത്ത് ഓടി രക്ഷപ്പെട്ടെന്നും മറ്റ് കുട്ടികൾ ദൂരെ സ്ഥലങ്ങളിൽ നിന്നും വന്നവരാ യതുകൊണ്ട് വഴി അറിയാതെ ഇരുട്ടത്ത് തന്നെ നിന്ന തുകൊണ്ടാണ് അവരെ പിടിക്കാൻ സാധിച്ചതെന്നും ഉച്ചക്ക് മുമ്പായി അവരെ ജുവനൈൽ കോടതിയിൽ ഹാജരാകുമെന്നും പ്രസിഡന്റ് അവരോട് പറഞ്ഞു. ഒരു വക്കീലിനേയും കൂട്ടി കോടതിയിൽ പോയി ജാമ്യം എടുക്കുകയാണ് വേണ്ടതെന്ന് പറഞ്ഞ് പ്രസി ഡന്റ് അവരെ ആശ്വസിപ്പിച്ചയച്ചു.

വക്കീലിനേയും കൂട്ടി ഓഫീസിനുള്ളിൽചെന്ന ദിവാ കരന്റെ കണ്ണുകൾ ഇരുമ്പഴിക്കുള്ളിലെ വികൃത രൂപ ങ്ങളിൽ തിരച്ചിൽ നടത്തി. തലമുടിയും താടിരോമ ങ്ങളും നീട്ടി വളർത്തിയ വിരൂപങ്ങൾ.....എണ്ണതേച്ച് കുളിച്ചിട്ട് മാസങ്ങളോ വർഷങ്ങളോ ആയെന്നതുപോ ലെ,കൈയിലും കഴുത്തിലും കവിളിലും പച്ചകുത്തിയ വേറേ ചിലർ... ദിവാകരന് ഛർദ്ധിക്കാൻ വരുന്നതു പോലെ തോന്നി.മുഖം പിൻവലിച്ചപ്പോഴാണ് മുറി യുടെ ഒരു മൂലയിൽ ആറു കുട്ടികളും തറയിൽ ഇരി ക്കുന്നതു കണ്ടത്. ഇരുമ്പഴിക്കുള്ളിൽ കണ്ടതിനേ ക്കാൾ വികൃതമാണ് തന്റെ മകന്റെ മുടിയും താടിരോമങ്ങളുമെന്ന് അയാൾ ദു:ഖത്തോടെ തിരിച്ചറിഞ്ഞു. അവനോട് സംസാരിക്കുവാൻ അയാൾ കൂട്ടാക്കിയില്ല.

**മയക്കുമരുന്ന് ഉപയോഗിക്കുവാനുള്ള സാഹചര്യങ്ങൾ ഏതൊക്കെ?**

- സമപ്രായക്കാരുടെ സമ്മർദ്ദം.
- എന്ത് എന്ന് അറിയുവാനുള്ള ആകാംക്ഷ.
- രസകരവും ആനന്ദവുമായ ഒരു പുതിയ ഉറവിടം കണ്ടെത്തുവാനുള്ള ഒരു പരീക്ഷണം.
- സമ്മർദ്ദം ഒഴിവാക്കുമെന്നും പഠിക്കുന്നതിനുള്ള താൽപര്യം വർദ്ധിപ്പിക്കുമെന്നുള്ള മിഥ്യാധാരണ.
- സാമ്പത്തിക, സാമൂഹിക, ലൈംഗിക പ്രശ്നങ്ങളിൽ നിന്നും ഒളിച്ചോടൽ
- മാതൃകയായി കാണുന്ന ആൾ മയക്കുമരുന്ന് ഉപയോഗിക്കുന്നത് അനുകരിക്കാനുള്ള പ്രവണത തകർന്ന കുടുംബ ബന്ധങ്ങൾ

വളരെ ക്ഷോഭത്തോടെയാണ് ഇൻസ്പെക്ടർ സംസാ രിച്ചു തുടങ്ങിയത്.

"നിങ്ങളുടെ മകൻ ആദ്യമായിട്ടല്ല ഇന്നലെ ഗഞ്ചാവ് വലിച്ചത്. മാസങ്ങളായി അവൻ വലി തുടങ്ങിയിട്ട്. ഇതുവരെ നിങ്ങൾ അറിഞ്ഞില്ലെന്നത് നാണക്കേടിന്റെ അങ്ങേയറ്റമാണ്. യൂണീഫോം തേച്ച് മിനുക്കി ചോറും പൊതിഞ്ഞുകെട്ടി വിടുമ്പോൾ ഉത്തരവാദിത്വം തീർന്നുവെന്നാണ് രക്ഷിതാക്കളുടെ വിചാരം....ബാ ക്കിയെല്ലാം അദ്ധ്യാപകരുടേയും എക്സൈസിന്റേയും പോലീസിന്റേയും ജോലിയാണെന്നാണ് ധാരണ..."

"ഇവരൊക്കെ കോളേജിലും സ്കൂളിലും ചെല്ലുന്നു ണ്ടോയെന്ന് എത്ര രക്ഷിതാക്കൾ തിരക്കാറുണ്ട്..? രണ്ടാഴ്ച കൂടുമ്പോഴോ മാസത്തിലൊന്നോ അദ്ധ്യാ പകരെ സന്ദർശിച്ച് കുട്ടികളുടെ വിവരങ്ങൾ തിരക്കാൻ എത്രപേർ സമയം കണ്ടെത്തുന്നുണ്ട്...?"

ആർക്കും ഒന്നിനും സമയം ഇല്ല... സ്കൂൾ വിട്ട് വീട്ടിൽ വന്നാൽ കുട്ടികളോട് ഇത്തിരി നേരം സംസാ രിക്കാൻ പോലും രക്ഷിതാക്കൾ ശ്രദ്ധിക്കാറില്ല.

ആരൊക്കെയാണ് നിന്റെ കൂട്ടുകാർ? ഏതൊക്കെ കൂട്ടു കാരുടെ വീട്ടിൽ നീ പോകാറുണ്ട് ? ഇന്ന് ഏതൊക്കെ അദ്ധ്യാപകർ ക്ലാസ്സിൽ വന്നു. സ്കൂളിൽ നീ എന്തൊക്കെ ചെയ്തു.. എന്നിങ്ങനെ കുട്ടികളെ കൂടു തൽ അടുപ്പമുള്ളവരാക്കി മാറ്റാൻപറ്റുന്ന തരത്തി ലുള്ള ആശയവിനിമയം എത്ര മാതാപിതാക്കൾ നട ത്താറുണ്ട്... എല്ലാവർക്കും ഒറ്റ മറുപടിയേ ഒള്ളൂ... സമയം ഇല്ല പോലും.

അവസാനം എല്ലാം പിടി വിട്ട്കഴിഞ്ഞ് എക്സൈസ് ഓഫീസിലും കോടതിയിലുമൊക്കെ കയറിയിറങ്ങാൻ എല്ലാവരും സമയം കണ്ടെത്തും.

പ്രായപൂർത്തിയാകാത്തവൻമാരായതുകൊണ്ടാണ് അവൻമാരെ സെല്ലിൽ ഇടാഞ്ഞത്...അല്ലെങ്കിൽ ആ കിടക്കുന്നവൻമാരുടെ കൂടെ ഇവൻമാരും സെല്ലിൽ കിടന്നേനേ. ഇൻസ്പെക്ടർ സെല്ലിന് നേരേ കൈചൂണ്ടികൊണ്ട് പറഞ്ഞു. കല്യാണപ്പെണ്ണിന്റെ അച്ഛൻ ഇന്നലെ രാത്രി ആറുപേരെയും കൂട്ടിക്കൊണ്ടു പോയിട്ട് ഇന്നു രാവിലെ തിരികെ ഹാജരാക്കിയതാണ്. അല്ലെങ്കിൽ ഇവിടുത്തെ കൊതുകുകടി കൊണ്ടുതന്നെ ഇവനൊക്കെ നന്നായേനെ....സമൂഹമാധ്യമങ്ങളുടെ ദുരുപയോഗം കാരണം ഇവൻമാരുടെ ഫോട്ടോ പത്രത്തിൽവരെയെത്തി. ഒന്നോർത്താൽ നന്നായി. അല്ലെങ്കിൽ നിങ്ങളൊന്നും ഇപ്പോഴും ഇവൻമാരെ തിരക്കിവരില്ലായിരുന്നു.

“വക്കീലേ....കോടതിയിൽനിന്നും ജാമ്യംനേടാനുള്ള പണി ചെയ്തോളൂ. ഉടനേതന്നെ ഇവരെ ജുവനൈൽ കോർട്ടിൽ ഹാജരാക്കുന്നതാണ്...” ഇൻസ്പെക്ടർ വക്കീലിനോടായി പറഞ്ഞു.

**കുട്ടികൾക്കായി നിങ്ങൾ ചെയ്യേണ്ട മുൻകരുതൽ നടപടികൾ എന്തൊക്കെ?**

- നിങ്ങളുടെ കുട്ടിയുമായി പ്രയോജനപ്രദമായി സമയം ചെലവഴിക്കുക. എല്ലാകാര്യങ്ങളും അവരുമായി ചർച്ചചെയ്യുക. നിങ്ങളുടെ കാഴ്ചപ്പാടുകൾ അവരുമായി പങ്കിടുക.
- നിങ്ങളുടെ കുട്ടികളുടെ കഴിവിനെ പരിപോഷിപ്പിക്കുക എന്നാൽ എപ്പോഴും ഒന്നാമനാകുന്നതിന് വേണ്ടി സമ്മർദ്ദം ചെലുത്താതിരിക്കുക.
- നിങ്ങൾ സ്വയം മാതൃകയാവുക. നിങ്ങൾ മയക്കുമരുന്ന്, മദ്യം എന്നിവ ഉപയോഗിക്കുന്നവരാണെങ്കിൽ അവർ നിങ്ങളെ അനുകരിക്കുന്നതാണ്.
- മാതാപിതാക്കൾ കുട്ടികളെ കൃത്യമായി നിയന്ത്രിക്കണം. നിങ്ങളുടെ കുട്ടിയെ സ്വയം കാര്യപ്രാപ്തി നേടുന്നതിനും അനാവശ്യ കാര്യങ്ങളെ “വേണ്ട'എന്നു പറയാനും ഉറച്ചനിലപാടുകൾ എടുക്കുന്നതിനും പഠിപ്പിക്കുക.
- നിങ്ങളുടെ കുട്ടികളുടെ സുഹൃത്തുക്കളെയും അവരുടെ കുടുംബസാഹചര്യത്തെയുംകുറിച്ച് അറിയുക.
- നിങ്ങളുടെ കുട്ടിയെ മറ്റുള്ളവരുടെ മുന്നിൽ വച്ച്
- അധിക്ഷേപിക്കാതിരിക്കുക.
- നിങ്ങളുടെ കുട്ടിയെ അംഗീകരിക്കുക. അവരിൽ നല്ല ശീലവും, ആത്മവിശ്വാസവും വളർത്തുക.
- നിങ്ങളുടെ കുട്ടിയുമായി ക്ഷമയോടെ സംസാരിക്കുക. കുട്ടിയുടെ ഭാവി നിശ്ചയിക്കപ്പെടുന്നത് അവരുടെ തന്നെ പ്രവർത്തനത്തിലൂടെയാണെന്നും ബോധ്യപ്പെടുത്തുക.
- നിങ്ങളുടെ കുട്ടികൾക്ക് അനാവശ്യമായി പണം നൽകാതിരിക്കുകയും പണം എങ്ങനെയാണ് ചെലവഴിക്കേണ്ടതെന്ന് കൃത്യമായി മനസിലാക്കി കൊടുക്കുകയും ചെയ്യുക.

രണ്ട് ആളുകളുടെ ജാമ്യത്തിൽ മകനേയും കൂട്ടി കോടതിയിൽ നിന്നും തിരികെ വീട്ടിലേക്കുള്ള യാത്രയിൽ ദിവാകരന്റെ ചിന്തകൾ പിന്നിലേക്ക് പോയി.
സ്കൂളിലോ കോളേജിലോ പഠിച്ച കാലത്ത് താനോ തന്റെ സുഹൃത്തുക്കളോ കള്ള് കുടിക്കുകയോ ബീഡി വലിക്കുകയോ ചെയ്തിട്ടില്ല..പോസ്റ്റ്ഗ്രാജുവേഷൻ കഴിഞ്ഞ് കൂലിപ്പണിക്ക് പോയിരുന്ന കാലത്താണ് ക്രിസ്തുമസ്സിന്റെ തലേന്ന് കൂട്ടുകാർ എല്ലാവരും കൂടി കരോൾ ഒരുക്കിയത്. താൻ ആയിരുന്നു അന്ന് പപ്പാഞ്ഞി ആയി വേഷം കെട്ടിയത്. ഒരു രസത്തിനു വേണ്ടി ആറു ബിയർ വാങ്ങി കരോൾ സംഘത്തിലുണ്ടായിരുന്ന പന്ത്രണ്ട് പേരും കൂടി കുടിച്ച് തീർത്തത് വളരെ ബുദ്ധിമുട്ടിയാണ്. ആരാണ്ടൊക്കെ അന്നേരമേ ഛർദ്ദിച്ചു. അതായിരുന്നു ശരീരത്തിൽ പ്രവേശിച്ച ആദ്യത്തെ ലഹരി. അധികം താമസിയാതെ അതേ വർഷം ഡിസംബർ മുപ്പത്തിയൊന്നാം തിയതി പുതുവത്സരത്തെ വരവേൽക്കാനുള്ള ആഘോഷത്തിലും ബിയർ വിരുന്നിനെത്തിയിരുന്നു. പിന്നീടങ്ങോട്ട് ഓണം, വിഷു, ക്രിസ്തമസ്, ന്യൂഇയർ ഈസ്റ്റർ, കല്ല്യാണം, മരണം... എന്നുവേണ്ട വർഷത്തിൽ മിക്ക ദിവസവും കുടി തന്നെ... കുടി. സിഗററ്റോ ഗഞ്ചാവോ ഒന്നും കൈകൊണ്ട് തൊട്ടിട്ടുപോലുമില്ല.

ലഹരി മനുഷ്യന്റെ തലച്ചോറിൽ Dopamineന്റെ അളവു വർദ്ധിപ്പിക്കുകയും അത് വീണ്ടും വീണ്ടും

ലഹരി ഉപയോഗിക്കാൻ പ്രലോഭിപ്പിക്കുകയും ചെയ്യുന്നു

"എത്രയും പ്രിയപ്പെട്ട യാത്രക്കാരേ... ഒന്നു ശ്രദ്ധിക്കുക... പ്ലീസ്..." മുഴക്കത്തിലുള്ള ശബ്ദം ദിവാകരന്റെ ചിന്തകളെ മുറിച്ചു.

കാക്കി പാന്റും , ചുവപ്പ് കളറിൽ SAY NO TO DRUGS KERALA EXCISE എന്ന് ഇംഗ്ലീഷിൽ എഴുതിയ വെള്ള നിറത്തിലുള്ള ടീഷർട്ടും ധരിച്ച ചെറുപ്പക്കാരൻ, ബസ്ഡ്രൈവറുടെ സീറ്റിനരുകിൽനിന്ന് മുഴുവൻ യാത്രക്കാരും കേൾക്കാനുതകുന്ന ശബ്ദത്തിൽ സംസാരിക്കുന്നു.

ഇന്ന് ജൂൺ 26- അന്താരാഷ്ട്രാ മയക്കുമരുന്നുവിരുദ്ധ ദിനമാണ്.ഗോഡ്സ് ഓൺ കൺട്രി എന്ന് നാമൊക്കെ വിളിക്കുകയും പറയുകയും അഭിമാനിക്കുകയും അതിലേറെ അഹങ്കരിക്കുകയും ചെയ്യുന്ന നമ്മുടെ സ്വന്തം കൊച്ചുകേരളം ഇന്ന് ലഹരിയുടെ കരാള ഹസ്തങ്ങളിൽകിടന്ന് പിടയുകയാണ് .നഗര ഗ്രാമ വ്യത്യാസമില്ലാതെ നടവഴിയും ഇടവഴിയും പിന്നിട്ട് ലഹരി ഇന്ന് നമ്മുടെ വീടിന്റെ നാലു ചുവരുകൾക്കകത്ത് എത്തിയിരിക്കുന്നു. ഇത് ഇങ്ങനെ തുടർന്നാൽ ഗോഡ്സ് ഓൺ കൺട്രി-ഡ്രഗ്സ് ഓൺ കൺട്രിയായി മാറുന്ന കാലം വിദൂരമല്ല. വ്യക്തിയേയും സമൂഹത്തേയും ശിഥിലമാക്കുന്ന ലഹരിവസ്തുക്കളെ കേരളീയരുടെ ജീവിതത്തിൽ നിന്നും തുടച്ചുനീക്കുക എന്ന ലക്ഷ്യത്തോടെ കേരളസർക്കാർ എക്സൈസ് വകുപ്പുമായി ചേർന്ന് പൊതുജന പങ്കാളിത്തത്തോടെ വിമുക്തി എന്ന ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചിരിക്കുകയാണ് മയക്കുമരുന്നുകൾ,പാൻമസാല എന്നിവയുടെ വ്യാപനവും ഉപഭോഗവും തടയുന്നതോടൊപ്പം തന്നെ ബോധവൽക്കരണ പ്രചരണങ്ങൾ,പുനരധിവാസപരിപാടികൾ,ലഹരിപദാർത്ഥങ്ങളുടെ ലഭ്യതയും വിതരണവും ഇല്ലാതാക്കുന്നതിനുള്ള പദ്ധതികൾ എന്നിവയും വിമുക്തി വിഭാവനം ചെയ്യുന്നു.

മാരക വിപത്തുകളായ മദ്യം,മയക്കുമരുന്ന്,പാൻമസാല എന്നിവയുടെ ദൂഷ്യഫലങ്ങളിൽനിന്ന് യുവജനങ്ങളേയും വിദ്യാർത്ഥികളേയും പരിപൂർണ്ണമായി വിമുക്തരാക്കുക എന്ന മഹത്തായ ലക്ഷ്യവും ഈ ചുവടുവയ്പിന്റെ ഭാഗമാണ്.

ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കാനായി ഓരോരുത്തരുടേയും പങ്കാളിത്തം ഈ ദൗത്യത്തിൽ നിർണ്ണായകമാണ്. കൂട്ടായ സാമൂഹിക പ്രവർത്തനങ്ങളിലൂടെയും ക്രിയാത്മകമായ ചുവടുവയ്പുകളിലൂടെയും സമഗ്രമായ ഒരു മാറ്റത്തിന് നമുക്ക് വഴിയൊരുക്കാം. ലഹരിയോട് എന്നന്നേക്കുമായി വിട പറയാം,ഈ വിപത്തിനെതിരേ അണിചേരാം,ദൈവത്തിന്റെ സ്വന്തം നാടിന്റെ പൂർണ്ണവിമുക്തിക്കായി. നിങ്ങൾ ഓരോരുത്തരും വിമുക്തിയുമായി ആത്മാർത്ഥമായി സഹകരിക്കണമെന്ന് ആഭ്യർത്ഥിക്കുന്നു.സംസാരം തീരുന്നതിനോടൊപ്പം അയാൾ കയ്യിലിരുന്ന ലഘുലേഖകൾ യാത്രക്കാർക്ക് നൽകി കഴിഞ്ഞിരുന്നു.

ദിവാകരൻ, തന്നെ ചികിത്സിക്കുന്ന ഡോക്ടറുടെ വീട്ടിലേക്കാണ് മകനേയും കൊണ്ടുപോയത്.സംഭവിച്ചതെല്ലാം ദിവാകരൻ ഡോക്ടറോടു പറഞ്ഞു.എല്ലാം നിശബ്ദനായി കേട്ടിരുന്ന ഡോക്ടർ എഴുന്നേറ്റു ചെന്ന് അനൂപിന്റെ തോളിൽ വാൽസല്യത്തോടെ പതുക്കെ തട്ടി.ഏതു കുട്ടിക്കും പറ്റാവുന്ന ഒരു തെറ്റേ അനൂപിനും പറ്റിയിട്ടുള്ളൂ...... ഡോക്ടർ വളരെ ശാന്തമായാണ് സംസാരിച്ചത്. അനൂപിന്റെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു. മോൻ വിഷമിക്കണ്ട..... ഡോക്ടർ തുടർന്നു. ബാല്യവും യൗവ്വനവും തമ്മിൽ ബന്ധിപ്പിക്കുന്ന കൗമാരകാലഘട്ടത്തിലൂടെ കടന്നുപോകുന്ന കുട്ടികൾക്ക് ശരിതെറ്റുകൾ തിരിച്ചറിയാൻ പ്രയാസമാണ്.അത് അവരുടെ കുഴപ്പമല്ല.....പ്രായമാണ് പ്രശ്നം...പക്ഷേ ഈ പ്രായത്തിലുള്ള കുട്ടികളെ മുതിർന്നവർ സദാ നിരീക്ഷിച്ചുകൊണ്ടിരുന്നാൽ ഒരു പരിധിവരെ അവർ വഴി തെറ്റാതെ നടക്കും.മോൻ കരയാതിരിക്കൂ....അങ്കിൾ ചില ചോദ്യങ്ങൾ ചോദിക്കട്ടേ... മോൻ ഉത്തരം പറയാമോ? ഡോക്ടർ അവന്റെ അരികിലായി ഇരുന്നു.

മോൻ ബീഡി വലിച്ചിട്ടുണ്ടോ ?

ഉണ്ട്. അവൻ തലയാട്ടി.

സിഗരറ്റ് വലിച്ചിട്ടുണ്ടോ ?

ഉണ്ട്.

പാൻമസാല ഉപയോഗിച്ചിട്ടുണ്ടോ ?

അവൻ വീണ്ടും ഉണ്ട് എന്ന അർത്ഥത്തിൽ തലയാട്ടി.

മദ്യം കഴിച്ചിട്ടുണ്ടോ?

ഡോക്ടറുടെ ചോദ്യവും അവന്റെ തലയാട്ടലും തുടർന്നുകൊണ്ടിരുന്നു.ഓരോ തവണയും തലയാട്ടുമ്പോഴും ദിവാകരന്റെ ഹൃദയമിടിപ്പ് കൂടുകയായിരുന്നു.ഡോക്ടർ സാവധാനം തന്റെ കസേരയിൽ വന്നിരുന്നു.

ഇത്രയും നേരം നമ്മൾ സംസാരിച്ചത് ഞാനും നീയും നിന്റെ വല്ല്യച്ഛനും മാത്രമേ അറിയൂ.നീ പേടിക്കേണ്ട. പക്ഷേ ഇനി ഞാൻ പറയുന്നത് നീ ശ്രദ്ധിച്ചു കേൾക്കണം.എല്ലാവരും അറിയേണ്ടുന്ന കാര്യങ്ങൾ...... നിന്റെ കൂട്ടുകാരും വീട്ടുകാരും നാട്ടുകാരും നിന്നിലൂടെ അറിയണം-ഡോക്ടർ പറഞ്ഞു.

ഡോക്ടർ വളരെ വിശദമായി തന്നെ വിവിധ തരം ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് അവന് മനസ്സിലാകുന്ന ഭാഷയിൽ പറഞ്ഞു കൊടുത്തു.

**ലഹരി ഉപയോഗിക്കുന്നത് മൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങൾ എന്തൊക്കെ?**

- ലഹരി മനുഷ്യന്റെ ചിന്താശേഷിയേയും പ്രതികരണശേഷിയേയും നശിപ്പിക്കും കുടുംബത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
- തൊഴിൽ സ്ഥലത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
- അനാവശ്യപ്രശ്നങ്ങളിൽ ചെന്നു ചാടുന്നു.
- പണം ദുരുപയോഗപ്പെടുത്തുന്നു
- ആരോഗ്യം നഷ്ടപ്പെടുത്തുന്നു.
- പകർച്ചവ്യാധികൾ പിടിപെട്ട് ആരോഗ്യം നശിക്കുക
- മാരകമായ എയ്ഡ്സ് രോഗം പിടിപെടുകന്മ സ്ക്കൂളിൽ പോകാതെയും പഠനം പൂർത്തിയാക്കാൻ കഴിയാതെയുമിരിക്കുക
- ജോലി/ വരുമാനം നഷ്ടപ്പെടുക
- ആത്മഹത്യ പ്രവണത ഉണ്ടാകുന്നു
- മോഷണം, ബലാത്സംഗം, കൊലപാതകം മുതലായ കുറ്റകൃത്യങ്ങളിലേർപ്പെടുക
- അഴിമതി, കള്ളപ്പണം, ഭീകരപ്രവർത്തനങ്ങളെ സഹായിക്കൽ

അനൂപേ.... നിനക്കിപ്പോൾ ജീവിക്കണമെന്ന് തോന്നുന്നുണ്ടോ ?അതോ എന്നേയും നിന്റെ വല്ല്യച്ഛനേയും കൊല്ലണമെന്നോ ?ഡോക്ടർ വളരെ ശബ്ദം താഴ്തി സൗമ്യമായി ചോദിച്ചു.

“ഇല്ല.ഡോക്ടർ എനിക്കു ജീവിക്കണം..... എനിക്കു നല്ല മനുഷ്യനായി ജീവിക്കണം. എഴുന്നേറ്റുനിന്ന് നെഞ്ചിൽ കൈ വച്ച് വളരെ ശബ്ദത്തോടെയാണ് അവൻ പ്രതികരിച്ചത്.എന്റെ കൂടെയുള്ള കൂട്ടുകാരേയും രക്ഷിക്കണം ഡോക്ടർ ....അവരും എന്നെപ്പോലെ ഒരു വീട്ടിലെ പ്രതീക്ഷയല്ലേ. അവൻമാരെ ഞാൻ ഇവിടെ കൊണ്ടുവരും...”

“മോൻ വിഷമിക്കണ്ട... മോൻ തൽക്കാലം പോയി വിശ്രമിക്കൂ....എല്ലാം ശരിയാകും...” .ഡോക്ടർ അവരെ യാത്രയാക്കി.

മനസ്സിലെ കാറും കോളും കെട്ടടങ്ങി.വളരെ ശാന്തമായ മനസ്സോടും സന്തോഷം നിറഞ്ഞ മുഖത്തോടുമാണ് ദിവാകരൻ മകനേയും കൂട്ടി വീട്ടിലേക്ക് പോയത്.

കവലയിൽ ബസ്സിറങ്ങിയപ്പോഴേ കോളാമ്പിയിലൂടെ ആരുടേയോ പ്രസംഗം കേട്ടു.ലഹരിയുടെ ദോഷവശങ്ങളെക്കുറിച്ചാണ് സംസാരിക്കുന്നതെന്ന് ശബ്ദം ശ്രദ്ധിച്ചപ്പോൾ അവർക്ക് ബോധ്യമായി.

സ്റ്റേജിനു മുൻപിൽ കാണികളുടെ ഏറ്റവും പിറകിലായി ദിവാകരനും അനൂപും നിലയുറപ്പിച്ചു. ഇന്നത്തെ ഒറ്റ പകലുകൊണ്ട് എന്തൊരു മാറ്റമാണ് ഇവിടെയുണ്ടായിരിക്കുന്നത്. ... നാട്ടിൻപുറത്തെ എല്ലാ സാംസ്ക്കാരിക സംഘടനകളും സംയുക്തമായി ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചിരിക്കുന്നു.

വളരെ നല്ലത്.അയാളിൽ ഒരു പുഞ്ചിരി പടർന്നു.

പ്രസംഗം അവസാനിപ്പിച്ചപ്പോൾ എക്സൈസ് ഉദ്യോഗസ്ഥനോട് യോഗാദ്ധ്യക്ഷയായ അയൽക്കൂട്ടം പ്രസിഡന്റ് എന്തോ രഹസ്യം പറയുന്നതു കണ്ടു. ഉടനെ തന്നെ അദ്ദേഹം മൈക്കിലൂടെ അനൂപിനെ സ്റ്റേജിലേക്ക് ക്ഷണിച്ചു. ഉറച്ച കാൽച്ചുവടുകളോടെയാണ് അവൻ സ്റ്റേജിലേക്ക് കയറിയത്.

നിനക്കെന്തെങ്കിലും പറയാനുണ്ടോ ? അയാൾ മൈക്ക് അവനു നേരേ നീട്ടി.ആദ്യമായി മൈക്കു പിടിക്കുന്നതിന്റെ വിറയലോ സഭാകമ്പമോ അവനിൽ പ്രകടമായില്ല.അവൻ സംസാരിച്ചു തുടങ്ങി.

എല്ലാവരോടും സോറി പറയുന്നു. എനിക്കു തെറ്റു പറ്റി.അതു ഞാൻ ഓപ്പണായി പറയുന്നു.ഞാൻ മാത്രമല്ല തെറ്റുകാരൻ.എന്റെ സ്കൂളിലേയും ഇവിടെ നാട്ടിലേയും പല കൂട്ടുകാരും പല തരത്തിലുള്ള ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നുണ്ട്.എന്നെപ്പോലെ തന്നെ അറിവില്ലായ്മ കൊണ്ടാണ് ഞങ്ങളിൽ പലരും ലഹരിയുടെ കെണിയിൽ പെട്ടുപോയത്.

മണ്ണെണ്ണ വിളക്കിലെ സ്വർണ്ണ വർണ്ണമുള്ള തീജ്വാല

കണ്ട് ഈയാംപാറ്റകൾ പോകുന്നതുപോലെ ഞങ്ങളും അറിവിന്റെ കുറവുകൊണ്ടാണ് ലഹരിയുടെ വലയിൽ അകപ്പെട്ടത്.എന്നോട് ഡോക്ടർ ഉപദേശിച്ച അതേ കാര്യങ്ങളാണ് എക്സൈസിലെ സാർ ഇപ്പോൾ ഇവിടെ പറയുന്നത് കേട്ടത്.

നമ്മുടെ ബാലസഭ വീണ്ടും സജീവമാക്കാൻ ഞാൻ തീരുമാനിച്ചു കഴിഞ്ഞു.ഞാൻ വിളിച്ചാൽ ഇവിടുത്തെ കുട്ടികൾ മുഴുവനും ബാലസഭയിൽ വരും.ഒരുപക്ഷേ ബാലസഭ സജീവമായിരുന്നേൽ എനിക്ക് ഇന്നത്തെ പ്പോലത്തെ ഒരു ദുരനുഭവം ഉണ്ടാകില്ലായിരുന്നു. ഇനി ഒരാളും ലഹരിയുടെ പുറകെ പോകാതിരിക്കാൻ ഞങ്ങൾ ബാലസഭക്കാർ ശ്രദ്ധിക്കും. അനൂപിന്റെ സംസാരം നിലയ്ക്കാത്ത കൈയ്യടികളോടെ ഗ്രാമം ഏറ്റുവാങ്ങി.

ലഹരിയുടെ വ്യാപനത്തിനെതിരേ അയൽക്കൂട്ട ങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ കഴിയും-എന്ന വിഷ യത്തിൽ ചർച്ച നടത്താൻ യോഗാദ്ധ്യക്ഷ നിർദ്ദേശി ച്ചു.മിനിറ്റുകൾ മണിക്കൂറുകൾക്ക് വഴിമാറിയ ചർച്ച കൾക്കൊടുവിൽ യോഗാദ്ധ്യക്ഷ തീരുമാനങ്ങൾ പ്രഖ്യാപിച്ചു.

**ലഹരി വിമുക്തിക്കായി നിങ്ങളുടെ അയൽക്കൂട്ടത്തിന് എന്തൊക്കെ പരിപാടികൾ ഏറ്റെടുക്കാം?**

- കുട്ടികൾ തമ്മിലുള്ള ആത്മബന്ധം വർദ്ധിപ്പിക്കു ന്നതിന് ബാലസഭ സജീവമാക്കുക
- സ്വന്തം കുട്ടികളുമായി മാത്രമൊതുങ്ങാതെ മറ്റ് കുട്ടികളുമായും മുതിർന്നവർ നല്ല ബന്ധം സ്ഥാപിക്കുവാൻ ശ്രദ്ധിക്കുക
- എല്ലായ്പ്പോഴും സമ്മർദ്ധങ്ങളെ അതിജീവി ക്കാൻ കുട്ടികളെ പരിശീലിപ്പിക്കുക
- സ്വന്തം വീട്ടിൽ നിന്നൊഴികെ മറ്റെവിടെനിന്നും ലഭിക്കുന്ന ശീതളപാനീയങ്ങളും മറ്റും വളരെ ശ്രദ്ധയോടെ മാത്രം ഉപയോഗിക്കുവാൻ കുട്ടികൾക്ക് പ്രത്യേകിച്ച് പെൺകുട്ടികൾക്ക് അവബോധം നൽകുക.
- ലഹരി സംബന്ധിച്ച അറിവ് ലഭിച്ചാൽ ബന്ധ പ്പെട്ട എക്സൈസ്-പോലീസ് അധികാരികളെ അറിയിക്കുന്നതിന് കുട്ടികളെ ബോധ വൽക്കരിക്കുക.
- സ്കൂൾ കോളേജ് പരിസരങ്ങളിലെ കച്ചവടക്കാ രേയും അലഞ്ഞുതിരിഞ്ഞു നടക്കുന്നവരേയും നിരീക്ഷിക്കുകയും കുട്ടികളോട് സഹകരിക്കു ന്നത് തടയുകയും ചെയ്യുക.
- കുട്ടികളുടെ പഠനത്തിലും സ്വഭാവത്തിലും പെട്ടെന്നുണ്ടാകുന്ന മാറ്റം ശ്രദ്ധിക്കുക
- കുട്ടികളുടെ മുറികൾ,വസ്ത്രങ്ങൾ,ബുക്കുകൾ, ബാഗുകൾ തുടങ്ങിയവ ഇടക്കിടെ രഹസ്യമായി പരിശോധിക്കുക
- ലഹരിവിരുദ്ധ ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുക
- ക്രിയാത്മകവും ആരോഗ്യകരവുമായ പ്രവർത്തി കളിൽ ഏർപ്പെടാൻ കുട്ടികളെ സഹായിക്കുക
- വീട്ടിലുള്ള ലഹരി ഉപയോഗിക്കുന്ന മുതിർന്ന വരെ തിരുത്താൻ ശ്രമിക്കുക
- മുതിർന്നവർ വീട്ടിലിരുന്നോ,മറ്റുള്ളവർ കാണുന്ന തരത്തിൽ പൊതുസ്ഥലത്തിരുന്നോ ലഹരി ഉപ യോഗിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുക
- ലഹരി ഉപയോഗിച്ചിട്ടുണ്ടെന്ന് കുട്ടികൾക്കോ മറ്റുള്ളവർക്കോ ബോധ്യം വരുന്ന തരത്തിൽ സംസാരമോ പ്രവർത്തിയോ ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്താൻ ശ്രമിക്കുക.
- ലഹരി ഉപയോഗം പ്രോത്സാഹിപ്പിക്കുന്ന ടി.വി. പരിപാടികളോ സിനിമകളോ കുട്ടികളെ കാണാൻ അനുവദിക്കുകയോ കുട്ടികളുമായി ഇരുന്ന് കാണുകയോ ചെയ്യരുത്.
- വിവാഹം, ഗൃഹപ്രവേശം തുടങ്ങിയ ചടങ്ങുകൾ, മരണാനന്തര ചടങ്ങുകൾ എന്നിവയ്ക്ക് മദ്യ സൽക്കാരം നമ്മുടെ കുടുംബങ്ങളിലെങ്കിലും നിർത്തലാക്കുക.
- വിവാഹചടങ്ങുകളിൽ ചിലയിടങ്ങളിൽ വാറ്റിയെ ടുക്കുന്ന അപൂർവ്വമായി കാണുന്നു. ഇത് ജാമ്യം കിട്ടാത്ത വലിയ കുറ്റമാണ്.ഇതിനെതിരെ ബോധ വൽക്കരണം അയൽക്കൂട്ടം സംഘടിപ്പിക്കുക.ഇ ത്തരം കാര്യങ്ങൾ ശ്രദ്ധയിൽ പെട്ടാൽ എക്സൈസിനെ വിവരം അറിയിക്കുക.
- സ്ഥിരമായി മദ്യപാനം ഉണ്ടായിരുന്നതും (teeto- teller)പിന്നീട് മദ്യപാനം നിശേഷം നിർത്തിയ ആളുകളെ കണ്ടെത്തി ബോധവൽക്കരണ പങ്കാ ളിയാക്കുക. അയാളുടെ അനുഭവ സാക്ഷ്യം പറ യിപ്പിക്കുക.താൽപ്പര്യമെങ്കിൽ അയാളെ ആദരി ക്കുക

- അയൽക്കൂട്ട ആരോഗ്യവോളണ്ടീയറിന്റെ നേതൃത്വത്തിൽ സർവ്വേകൾ നടത്തുകയും അജണ്ട വച്ച് ചർച്ച ചെയ്യുകയും ചെയ്യുക
- വൈൻ പോലും വീട്ടിൽ ഉണ്ടാക്കുന്നത് കുറ്റകരമാണ്.നിർമ്മാണമോ,വിൽപ്പനയോ ,ഉപയോഗമോ പാടില്ല.
- ലഹരി വിമുക്ത ഭവനം/ അയൽക്കൂട്ടം എന്ന പ്രഖ്യാപനം.

തീരുമാനം എഴുതി വെച്ചാൽ മാത്രം പോരാ... അദ്ധ്യക്ഷ ഉപസംഹാര പ്രസംഗം തുടങ്ങി.

എനിക്കു പറയാനുള്ളത് നിങ്ങൾ ഈ പറഞ്ഞ കാര്യങ്ങൾ പ്രവൃത്തിയിൽ കൊണ്ടുവരുക എന്നുള്ളതാണ്. അതിനായി നിങ്ങളോടൊപ്പം കുടുംബാംഗങ്ങളേയും കുട്ടികളെയും കൂടി ചേർക്കാനാകണം. അതിനുള്ള ഒരു കർമ്മപരിപാടിയും കലണ്ടറും തയ്യാറാക്കാനാകണം.

നമ്മൾ ചെയ്യേണ്ടത് ലഹരിവിമുക്ത ബോധവൽക്കരണം തുടർച്ചയായി നടത്തണം. ഇതിന് മൂന്നായി കുടുംബങ്ങളെ തരം തിരിക്കാം. 1) ലഹരി ഉപയോഗിക്കാത്ത കുടുംബം 2) ലഹരി ഉപയോഗിക്കുന്നുണ്ട് എന്നാൽ മറ്റുള്ളവർ അറിഞ്ഞ് ചെയ്യുന്നില്ല 3) സമൂഹം അറിഞ്ഞ് ലഹരി ഉപയോഗം ഉള്ളവർ.

സാമൂഹ്യബോധവൽക്കരണത്തിന് ആദ്യം കൂട്ടേണ്ടവർ ഒന്നും മൂന്നും വിഭാഗക്കാരെയാണ്.മൂന്നാം വിഭാഗത്തിലെ ലഹരി ഉപയോഗിക്കാത്തവരെയാണ് കൂട്ടുപിടിക്കേണ്ടത്.ഇതിനായി അയൽക്കൂട്ടത്തിലൂടെ ബോധവൽക്കരണത്തിനു സഹായിക്കുന്ന ഒരു സർവ്വേ ചെയ്യണം. ഇത് കുടുംബശ്രീ മിഷൻ തയ്യാറാക്കി നൽകും.സർവ്വേ ചെയ്ത് എ.ഡി.എസ്സ്.വഴിയോ, വോളണ്ടീയർ വഴിയോ സി.ഡി.എസ്സ് -നെ ഏൽപ്പിക്കണം. 3 മാസത്തിൽ ഒരിക്കലെങ്കിലും കുടുംബാംഗങ്ങളെ എല്ലാവരെയും കൂട്ടി അയൽക്കൂട്ട സംഗമം സംഘടിപ്പിച്ച് ബോധവൽക്കരണവും ചർച്ചയും നടത്തണം.ആരോഗ്യവോളണ്ടിയർ എല്ലാ ആഴ്ചയും റിപ്പോർട്ട് വച്ച് ചർച്ചയാകണം.

ലഹരി ഉപയോഗം എത്രത്തോളം കുറക്കാനായെന്നും എന്തൊക്കെ ഇടപെടൽ നടത്തിയെന്നും റിപ്പോർട്ടിൽ ഉണ്ടാവണം.ആവശ്യമായ ഘട്ടങ്ങളിൽ സി.ഡി.എസ്സുകളുടെ സഹായത്തോടെ കൗൺസലിംഗ്, എക്സൈസ്,പോലീസ് എന്നിവരെ അറിയിച്ച് സഹായം ലഭ്യമാക്കുക തുടങ്ങിയവയും ആകാം.നമ്മൾ പ്രവർത്തിക്കുന്ന മത-സാമൂഹ്യ-രാഷ്ട്രീയ മേഖലകൾ അടക്കം ലഹരി വർജ്ജന സമീപനം കർശനമായി സ്വീകരിക്കണം......ഇങ്ങനെ ആലോചിക്കുക.

ക്ലാസ്സുകൾക്കൊടുവിൽ നടപ്പാക്കണമെന്ന ഉറച്ച തീരുമാനമെടുത്ത് നന്ദി പറഞ്ഞ് മീറ്റിംഗ് അവസാനിച്ചു.

ജീവിതത്തിൽ ആദ്യമായി ആത്മാഭിമാനം തോന്നിയ നിമിഷമായി ദിവാകരന് തോന്നി ; അനൂപിനും.

**ലഹരി ഉപയോഗിക്കുന്നതിനെതിരെയുള്ള നിയമങ്ങൾ എന്തൊക്കെ?**

- ചെറിയ അളവിൽ പോലും മയക്കുമരുന്നുകൾ കൈവശം വെയ്ക്കുന്നത് ശിക്ഷാർഹമാണ്
- മയക്കുമരുന്ന് ഇനത്തിൽ പെട്ട ചെടികൾ കൃഷി ചെയ്യുന്നത് കുറ്റകരമാണ്.
- അനധികൃതമായി മയക്കു മയക്കുമരുന്നുകൾ ഉപയോഗിക്കുന്നതും വിൽക്കുന്നതും മയക്കുമരുന്ന് സൂക്ഷിക്കുന്നതിന് സൗകര്യം ഒരുക്കിക്കൊടുക്കുന്നതും സൗകര്യം ചെയ്തുകൊടുക്കുന്നതും ശിക്ഷാർഹമാണ്
- പൊതുസ്ഥലത്ത് മദ്യപിക്കുന്നതും പുകവലിക്കുന്നതും ശിക്ഷാർഹമാണ്
- 23 വയസ്സിൽ താഴെ പ്രായമുള്ളവർക്ക് മദ്യം വിൽക്കുന്നത് ശിക്ഷാർഹമാണ്.

### വിലയിരുത്തൽ ചോദ്യങ്ങൾ

- ലഹരിയുടെ ഉപയോഗം സമൂഹത്തിൽ വർധിക്കുന്നത് എന്തുകൊണ്ട്?
- ലഹരിയുടെ ഉപയോഗത്തെ ചെറുക്കാൻ കുടുംബശ്രീക്ക് എന്തെല്ലാം പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയും?
- ലഹരി ഉപയോഗത്തിനെതിരായ നിയമങ്ങൾ ഏതെല്ലാം?

### തുടർ പ്രവർത്തനങ്ങൾ

- ലഹരിയുടെ ഉപയോഗത്തിനെതിരായ ബോധവത്കരണപ്രവർത്തനങ്ങൾ, ക്ലാസുകൾ സംഘടിപ്പിക്കുക.
- കൗൺസലിംഗ് സെന്ററുകൾക്ക് രൂപം നൽകുക.
- അധികാരികൾക്ക് വിവരം കൈമാറുക.
- ബാലസഭകൾ സജീവമാക്കുക.
- മൂന്നു മാസം കൂടുമ്പോൾ കുടുംബ സംഗമം സംഘടിപ്പിക്കുക.

### വിലയിരുത്തൽ ചെക്ക് ലിസ്റ്റ്

| ഇനം | പൂർണ്ണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| • ലഹരിയുടെ ദൂഷ്യവശങ്ങളെകുറിച്ച് ധാരണ നേടി | | | |
| • ലഹരി ഉപയോഗത്തിലേക്ക് നയിക്കുന്ന സാഹചര്യങ്ങൾ മനസിലാക്കി. | | | |
| • സമൂഹ്യ പുരോഗതിയിൽ ലഹരി ഉപയോഗത്തെ ചെറുക്കാനുള്ള മാർഗങ്ങൾ ഏതെല്ലാമെന്ന് മനസ്സിലാക്കി. | | | |
| • ലഹരി ഉപയോഗിക്കുന്നവരെ കണ്ടെത്താനുള്ള ശേഷി കൈവരിച്ചു. | | | |
| • ലഹരി വർജന പ്രവർത്തനങ്ങളിൽ പങ്കാളിയാകാനുള്ള മനോഭാവം രൂപപ്പെട്ടു. | | | |

•

പാഠം 6

# അഴിമതിമുക്ത സമൂഹം – കുടുംബശ്രീ കർത്തവ്യങ്ങൾ

### ആമുഖം

വർത്തമാനകാല സമൂഹം നേരിടുന്ന പ്രധാന വെല്ലുവിളിയാണ് അഴിമതി. ഒരു അഴിമതിമുക്ത സമൂഹത്തെ എങ്ങനെ സൃഷ്ടിക്കാമെന്നാണ് ഇവിടെ ചർച്ച ചെയ്യുന്നത്. അഴിമതി രഹിതമായ സമൂഹത്തിലേ ജനാധിപത്യം പൂർണതയിലെത്തുക യുള്ളൂ. ജനങ്ങളിലെ പ്രതികരണശേഷി വളർത്തിയും നിയമങ്ങൾ കാര്യക്ഷമമാക്കിയും അഴിമതിയെ പ്രതിരോധിക്കാവുന്നതാണ്.

**പഠനനേട്ടങ്ങൾ**

- എന്താണ് അഴിമതി എന്ന് തിരിച്ചറിയുന്നു.
- അഴിമതി തടയുന്നതിനായി രൂപം നൽകിയി ട്ടുള്ള വിവിധ സർക്കാർ സംവിധാനങ്ങളെ ക്കുറിച്ച് ധാരണ നേടുന്നു.
- വിവരാവകാശ നിയമത്തിന്റെ സവിശേഷതകൾ വിശദമാക്കുന്നു.
- സേവനാവകാശ നിയമത്തിന്റെ സവിശേഷകത കൾ പട്ടികപ്പെടുത്തുന്നു.
- അഴിമതി തടയുന്നതിനൽ കുടുംബശ്രീക്കുള്ള പങ്ക് തിരിച്ചറിയുന്നു.
- അഴിമതിയെ പ്രതിരോധിക്കാനുള്ള മനോഭാവം രൂപപ്പെടുന്നു.

അഴിമതി സർവ്വതല സ്പർശിയായ ഒന്നാണ്. അഴിമതി നടത്തുന്നതും അതിനു പ്രേരിപ്പിക്കുന്നതും ഒരു പോലെ കുറ്റകരമാണ്. നാം ഓരോരുത്തരും അഴിമതിക്ക് വിധേയരാകില്ലെന്നും അതിന് പ്രേരിപ്പി ക്കില്ലെന്നും സ്വയം തീരുമാനം എടുക്കുമ്പോൾ മാത്ര മാണ് അഴിമതി ഇല്ലാതാകുന്നത്. കൈക്കൂലി, അനർഹമായ സമ്മാനങ്ങൾ, അർഹതിയില്ലാത്ത വർക്കുവേണ്ടിയുള്ള ശുപാർശ, അവകാശങ്ങൾ നിഷേ ധിക്കൽ, അന്യായമായ കാലതാമസം എന്നിവയെല്ലാം അഴിമതിയുടെ ഭാഗമാണ്. അഴിമതി പലപ്പോഴും നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായി മാറുന്നു. ഇതി നെതിരെ നിതാന്തജാഗ്രത പുലർത്തുന്നതിലൂടെ മാത്രമേ നമുക്ക് അഴിമതിയിൽ നിന്നും ഒഴിഞ്ഞു നിൽക്കാൻ സാധിക്കും.

പഠനം ആരംഭിക്കുന്നു.

അയൽക്കൂട്ടത്തിലേക്ക് ഫെസിലിറ്റേറ്റർ പ്രവേശിക്കുന്നു. പരിചയയപ്പെടലിനുശേഷം, ചെറു നാടകാവതരണത്തിലേക്ക് അംഗങ്ങളെ എത്തിക്കുന്നു. കഥാപാത്രങ്ങളായി ഒരു ഓഫീസർ, ഒരു പ്യൂൺ, ഒരു പൊതുപ്രവർത്തക (ഫെസിലിറ്റേറ്റർ തന്നെയാവുന്നതാണ് അഭികാമ്യം) എന്നിവരെ തെരഞ്ഞെടുക്കുന്നു. നാടകം ആരംഭിക്കാം...

(ഓഫീസിലേക്കു വരുന്ന കല്യാണി)

പ്യൂണിനോട് : സാറേ, ഇന്ന് ആപ്പീസർ വന്നിട്ടുണ്ടോ?

പ്യൂൺ (പുച്ഛത്തോടെ): സാർ അല്പം വൈകിയേ വരൂ. നിങ്ങൾ അവിടെയെങ്ങാനും ഇരിക്ക്.

കല്യാണി (നെടുവീർപ്പിട്ടു കൊണ്ട്) : കുഞ്ഞേ, ഞാനെത്ര നാളായി കയറിയിറങ്ങുന്നു. എന്റെ കാര്യം ഇന്നെങ്കിലും ശരിയായി കിട്ടുമോ?

പ്യൂൺ: എന്റെ ചേച്ചി, എനിക്കിവിടെ പിടിപ്പതു പണിയുണ്ട്, തെരഞ്ഞെടുപ്പൊക്കെ വരികയല്ലേ? നൂറു കൂട്ടം പണിയാ..... സാറിനു തിരക്കാ...

(കല്യാണി വിഷമിച്ചുകൊണ്ട് കസേരയിൽ ഇരിക്കുന്നു. അല്പം കഴിഞ്ഞപ്പോൾ ഓഫീസർ വരുന്നു)

കല്യാണി: സാറേ .. എന്റെ അപേക്ഷയിൽ ഇതുവരെ തീരുമാനമായില്ല.

ഓഫീസർ : (കല്യാണിയെ ദേഷ്യഭാവത്തിൽ നോക്കിയിട്ട്) :അത് ഇന്നൊന്നും നടക്കില്ല

കല്യാണി: എന്റെ സാറേ, ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതിനായി ഞാൻ ഈ ഓഫീസ് കയറിയിറങ്ങാൻ തുടങ്ങിയിട്ട് മാസങ്ങളായി.

ഓഫീസർ : കഴിഞ്ഞ തവണ തന്ന രസീത് കൊണ്ടുവരാതെ ഒന്നും ചെയ്യാൻ പറ്റില്ല.

കല്യാണി :പഴയ രസീത് നഷ്ടപ്പെട്ടുപോയി എന്നു ഞാനെത്ര തവണ പറഞ്ഞതാ സാറേ. ഇന്നെങ്കിലും സാർ തീരുമാനമെടുത്തു തരണേ.... എന്റെ മകളുടെ വിവാഹ ആവശ്യത്തിനാണ്.

ഓഫീസർ : ഇന്നു നടക്കില്ല ചേച്ചി. പോയിട്ട് വേറൊരു ദിവസം വരൂ

(കല്യാണി ഓഫീസറുടെ റൂമിൽ നിന്നും പുറത്തിറങ്ങി നിൽക്കുന്നു. അപ്പോൾ അങ്ങോട്ടു വന്ന പൊതുപ്രവർത്തക)

എന്താ കല്യാണിച്ചേച്ചി, ആകെ വിഷമിച്ചുനിൽക്കുകയാണെന്നു തോന്നുന്നു, എന്തുപറ്റി?

കല്യാണി : മോളേ, എന്റെ അപേക്ഷയിൽ ഇതു വരെ തീരുമാനം എടുത്തില്ല..... മാസങ്ങളായി കയറിയിറങ്ങുന്നു.

പൊതുപ്രവർത്തക : എന്നിട്ട് ?

കല്യാണി : ഇല്ല . പഴയ രസീതില്ലെന്നു പറഞ്ഞ് എന്നെ പറഞ്ഞയക്കുകയാണ്. അടുത്ത മാസം എന്റെ മോളുടെ വിവാഹമാണ്. അതിന്റെ ആവശ്യത്തിനാണ്.

പൊതുപ്രവർത്തക : ചേച്ചീ, ഇവിടെയുള്ള ബോർഡ് ചേച്ചി ശ്രദ്ധിച്ചിരുന്നോ?

കല്യാണി :ഇല്ല

പൊതുപ്രവർത്തക : (സേവനാവകാശ നിയമം എഴുതിയ ബോർഡ് ചൂണ്ടിക്കാണിച്ചുകൊണ്ട്) ദാ നോക്ക്. എന്താ എഴുതിരിക്കുന്നതെന്ന്?

കല്യാണി : (വായിച്ചു നോക്കിയിട്ട്) ഓ.. ഇങ്ങനെയൊക്കെ എഴുതി വെച്ചിട്ടെന്താ കാര്യം ? നമ്മുടെ ആവശ്യം നടക്കണമെങ്കിൽ അവർക്കെന്തെങ്കിലും കൈക്കൂലി കൊടുക്കണം.

പൊതുപ്രവർത്തക : അതാണ് നമ്മുടെ തെറ്റിദ്ധാരണ. നമുക്ക് കിട്ടേണ്ട സേവനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ തരിക എന്നത് അവരുടെ ഉത്തരവാദിത്വവും നമുക്ക് കിട്ടുക എന്നത് നമ്മുടെ അവകാശവുമാണ്. അത് തിരിച്ചറിയുക. സേവനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ നൽകാത്തതും അഴിമതിയാണ്. ഇതിനെതിരെ പ്രതികരിക്കാൻ കഴിയണം.

കല്യാണി: പക്ഷേ... ഇതൊക്കെ ആർക്കാ മോളേ അറിയാവുന്നത്?

പൊതുപ്രവർത്തക: നമുക്ക് ഈയാഴ്ചത്തെ അയൽക്കൂട്ടത്തിൽ ഇതേക്കുറിച്ച് പറയാം ചേച്ചി. അഴിമതിമുക്ത സമൂഹത്തെ നമ്മുടെ അയൽക്കൂട്ടം മുഖേന വാർത്തെടുക്കാം

*(തുടർന്ന് അയൽക്കൂട്ട യോഗത്തിൽ ഫെസിലിറ്റേറ്റർ അഴിമതിയെക്കുറിച്ചും ഗ്രാമപഞ്ചായത്ത്, വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ് തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും നമുക്ക് ലഭ്യമാകുന്ന സേവനങ്ങളെ ക്കുറിച്ചും വിശദീകരിക്കുന്നു.)*

## ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

1. ജനന-മരണ രജിസ്ട്രേഷൻ (1969 ലെ ജനന-മരണ രജിസ്ട്രേഷൻ ആക്റ്റ്) - ജനനം/മരണം നടന്ന പ്രദേശത്തിലെ ഗ്രാമപഞ്ചായത്തിൽ അപേക്ഷിക്കണം. 21 ദിവസത്തിനകം അപേക്ഷിക്കുന്നവർക്ക് സൗജന്യ സർട്ടിഫിക്കറ്റ് ലഭിക്കും.
2. വിവാഹ രജിസ്ട്രേഷൻ - വിവാഹം നടന്ന പ്രദേശത്തിലെ ഗ്രാമപഞ്ചായത്തിൽ 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യണം. രണ്ട് സാക്ഷികൾ വേണം.
3. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - 60 വയസ്സിനുമുകളിൽ പ്രായം വേണം. മറ്റു പെൻഷനുകൾ വാങ്ങുന്നവരാകരുത്. 3 വർഷമായി കേരളത്തിൽ താമസിക്കുന്നവരായിരിക്കണം.
4. അഗതി പെൻഷൻ - വിധവയോ വിവാഹമോചിതയോ ആയിരിക്കണം. രണ്ടുവർഷമായി കേരളത്തിൽ സ്ഥിരതാമസക്കാരായിരിക്കണം.
5. വികലാംഗപെൻഷൻ - അംഗവൈകല്യം 40%ത്തിൽ കൂടുതൽ വേണം. ഇതുസംബന്ധിച്ച് അംഗവൈകല്യം തെളിയിക്കുന്ന രേഖ വേണം.
6. കർഷകതൊഴിലാളി പെൻഷൻ - കേരളത്തിൽ 10 വർഷമായി സ്ഥിരതാമസക്കാരായിരിക്കണം. 60 വയസ് പൂർത്തിയായിരിക്കണം.

7. 50 വയസിനു മുകളിലെ അവിവാഹിതകൾക്കുള്ള പെൻഷൻ- കേരളത്തിൽ സ്ഥിരതാമസക്കാരായിരിക്കണം. പ്രായം, വിവാഹിതയല്ല എന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ വേണം.

8. തൊഴിൽരഹിത വേതനം- അപേക്ഷകന് സ്വന്തമായി 100 രൂപ പോലും പ്രതിമാസ വരുമാനം ഉണ്ടാകരുത്. പ്രായപരിധി 18-35.

9. സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം - വിവാഹത്തിന് 30 ദിവസത്തിനുമുൻപ് അപേക്ഷ നൽകണം.

10. കെട്ടിട നിർമ്മാണ പ്രവർത്തികൾക്കുള്ള പെർമിറ്റുകൾ - നിർദ്ദിഷ്ട ഫോറത്തിൽ 5 രൂപയുടെ കോർട്ട്ഫീ സ്റ്റാമ്പ് ഒട്ടിക്കണം.

(ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും തദ്ദേശ തലത്തിൽ പ്രസിദ്ധീകരിക്കുന്ന പൗരാവകാശരേഖ വ്യത്യസ്തമായിരിക്കും)

### വില്ലേജ് ഓഫീസിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

1. വരുമാന സർട്ടിഫിക്കറ്റ് - 6 ദിവസത്തിനകം
2. ജാതി സർട്ടിഫിക്കറ്റ് - 3 ദിവസത്തിനകം
3. വാല്യുവേഷൻ സർട്ടിഫിക്കറ്റ് (5 ലക്ഷം രൂപവരെ) - 15 ദിവസത്തിനകം
4. റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് - 3 ദിവസത്തിനകം
5. കൈവശാവകാശ സർട്ടിഫിക്കറ്റ് - 7 ദിവസത്തിനകം
6. റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ് - 6 ദിവസത്തിനകം
7. ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ് - 6 ദിവസത്തിനകം
8. സോൾവൻസി സർട്ടിഫിക്കറ്റ് - 15 ദിവസത്തിനകം
9. ഡോമിസൈൽ സർട്ടിഫിക്കറ്റ് - 3 ദിവസത്തിനകം
2. നേറ്റിവിറ്റി സർട്ടിഫിക്കറ്റ് - 5 ദിവസത്തിനകം
10. തിരിച്ചറിയൽ സർട്ടിഫിക്കറ്റ് - 5 ദിവസത്തിനകം
11. വിധവ സർട്ടിഫിക്കറ്റ് - 5 ദിവസത്തിനകം
12. നോൺ റീമാര്യേജ് സർട്ടിഫിക്കറ്റ് - 5 ദിവസത്തിനകം
13. ലൈഫ് സർട്ടിഫിക്കറ്റ് - 5 ദിവസത്തിനകം
14. വൺ & സെയിം സർട്ടിഫിക്കറ്റ് - 5 ദിവസത്തിനകം
15. അഗതി സർട്ടിഫിക്കറ്റ് - 5 ദിവസത്തിനകം
16. നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് - 7 ദിവസത്തിനകം
17. ആശ്രിത സർട്ടിഫിക്കറ്റ് - 7 ദിവസത്തിനകം
18. പൊസഷൻ സർട്ടിഫിക്കറ്റ് - 7 ദിവസത്തിനകം
19. ലൊക്കേഷൻ സർട്ടിഫിക്കറ്റ് - 5 ദിവസത്തിനകം
20. പോക്കുവരവ് സർട്ടിഫിക്കറ്റ് - 40 ദിവസത്തിനകം

### അക്ഷയ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

ഇ-ഗ്രാന്റ്സ്കോളർഷിപ്പ് അപേക്ഷകൾ, പാൻകാർഡ്, ആധാർ കാർഡ്, റേഷൻ കാർഡ്, വോട്ടർ കാർഡ് എന്നിവ ലഭ്യമാക്കൽ,വിവിധ ലൈസൻസ് പുതുക്കൽ,ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ് എന്നിവിടങ്ങളിൽ ലഭ്യമാകേണ്ട വിവിധ സർട്ടിഫിക്കറ്റുകൾ എന്നിവ. കൂടാതെ ഇലക്ട്രിസിറ്റി ബിൽ, ടെലഫോൺ ബിൽ, വാട്ടർ ബിൽ, യൂണിവേഴ്സിറ്റി ബിൽ എന്നിവയും അക്ഷയ കേന്ദ്രം വഴി അടയ്ക്കാം

### പോലീസ് സ്റ്റേഷൻ വഴി ലഭ്യമാകുന്ന സേവനങ്ങൾ

പോലീസിന് നേരിട്ട് കേസെടുക്കാൻ കഴിയുന്ന വിഷയങ്ങളിൽ പരാതി ലഭിച്ച് അരമണിക്കൂറിനുള്ളിൽ എഫ്.ഐ.ആർ തയ്യാറാക്കി കേസ് രജിസ്റ്റർ ചെയ്യുന്നു. വഴിതടസ്സം, മാലിന്യ നിക്ഷേപം തുടങ്ങിയ വിഷയങ്ങളിൽ നേരിട്ട് കേസ് എടുക്കുന്നു.

- എവിടെയെല്ലാമാണ് സാധാരണ അഴിമതി കാണുന്നത് ?
- നമുക്ക് സേവനങ്ങൾ കിട്ടാൻ കൈക്കൂലി കൊടുക്കേണ്ടി വന്നിട്ടുണ്ടോ?

എന്ന് അയൽക്കൂട്ടാംഗങ്ങൾ ചർച്ച ചെയ്യുന്നു. ഫെസിലിറ്റേറ്റർ രേഖപ്പെടുത്തുന്നു.

നിങ്ങളുടെ കാഴ്ചപ്പാടിൽ അഴിമതി എന്നാൽ എന്താണ് ?

(ചർച്ച)

ഏതൊക്കെ രീതിയിൽ അഴിമതി ഉണ്ടാകും ?

- സമയത്ത് സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകാതിരിക്കുന്നത്.
- ജനങ്ങളുടെ പക്കൽ നിന്നും പാരിതോഷികം വാങ്ങി സേവനങ്ങൾ ലഭ്യമാക്കൽ.

**അഴിമതി** സ്വകാര്യ നേട്ടത്തിനു വേണ്ടി പൊതു അധികാരം ദുർവിനിയോഗം ചെയ്യുന്നതിനെയാണ് അഴിമതി എന്നു പറയുന്നത്. ന്യായമായ സേവനങ്ങൾ താമസിപ്പിക്കുന്നതും നൽകാതിരിക്കു ന്നതും അഴിമതിയാണ്. എന്നാൽ സർക്കാർ ഉദ്യോഗസ്ഥരും പൊതു സേവകരാണ്. എന്നാൽ എല്ലാ പൊതുസേവകരും സർക്കാർ ഉദ്യോഗസ്ഥ രാകണമെന്നില്ല. കേന്ദ്ര സർക്കാർ നിയമത്തിൽ ഐ.പി.സി സെക്ഷൻ 21 പ്രകാരം ഗവൺമെന്റ് നേരിട്ട് ജനങ്ങളെ സേവിക്കാൻ നിയമിക്കുന്ന ആൾക്കാരാണ് സർക്കാർ ജീവനക്കാർ. ഐ.പി.സി സെക്ഷൻ 14 പ്രകാരം സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന (ജോലി ചെയ്യുന്ന) ഓഫീസർ/ ഉദ്യോഗസ്ഥർ/മറ്റു വ്യക്തികൾ എല്ലാം പൊതുസേവകരാണ്.

അഴിമതി തടയുക എന്ന ഉദ്ദേശ്യത്തോടുകൂടി വിജിലന്റ്സ് & കറപ്ഷൻ ബ്യൂറോ പ്രത്യേകമായി 1964 മുതൽ ഇന്ത്യയിൽ പ്രവർത്തനം ആരംഭിച്ചു. 1988 ൽ പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ട് നിലവിൽ വന്നു. ഇതിന്റെ ഫലമായി 4 ബ്യൂറോകൾ പ്രവർത്തനമാരംഭിച്ചു.

- സെൻട്രൽ വിജിലൻസ് കമ്മീഷൻ
- സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ
- എൻഫോഴ്സ് ഡയറക്ടറേറ്റ്
- സ്റ്റേറ്റ് വിജിലൻസ് & ആന്റി കറപ്ഷൻ

കേസുകൾ അന്വേഷിക്കാനുള്ള അധികാരം ഡി.വൈ.എസ്.പി റാങ്കിലുള്ള ഉദ്യോഗസ്ഥനാണ്. എന്നാൽ സംസ്ഥാനത്തിന്റെ പ്രത്യേകത വെച്ച് ഇൻസ്പെക്ടർ റാങ്കിലും അന്വേഷിക്കുന്നു.

അഴിമതികൊണ്ട് ജനങ്ങൾക്ക് ദോഷം സംഭവിക്കുമോ? എങ്ങനെയൊക്കെ?

(ചർച്ച)

(ജനങ്ങൾക്ക് പണനഷ്ടം, സമയനഷ്ടം, അഭിമാനനഷ്ടം തുടങ്ങിയവ ഉണ്ടാകുന്നു)

*അഴിമതി നമ്മുടെ നാട്ടിൽ നിന്നും തുടച്ചു നീക്കാൻ അയൽക്കൂട്ടങ്ങൾക്ക് എന്തൊക്കെ പ്രവർത്തനങ്ങൾ പ്രധാനമായും ഏറ്റെടുക്കാം?*

- ജനങ്ങളുടെ പ്രതികരണശേഷി വർദ്ധിപ്പിക്കണം
- ജനങ്ങൾക്ക് ലഭിക്കേണ്ടുന്ന സേവനങ്ങൾ അവരിലേക്ക് എത്തിക്കുക
- സേവനങ്ങൾ/ അവകാശങ്ങൾ ചോദിച്ചുവാങ്ങാൻ പ്രാപ്തരാക്കുക
- എല്ലാ പൊതു ജോലികളുടെയും സർക്കാർ സ്ഥാപനങ്ങളുടെയും നിരീക്ഷകരായി കുടുംബശ്രീ മാറണം
- ജനങ്ങളുടെ കണ്ണുകൾ ക്യാമറ പോലെ എല്ലാം ഒപ്പിയെടുക്കാനാകണം
- വിധേയത്വവും ഭയവും മാറ്റി വെച്ച് "ഇത് എന്റെ ഓഫീസ്" എന്ന ചിന്താഗതി സമൂഹത്തിൽ ഉണ്ടാക്കാനാകണം.
- സേവനങ്ങളെക്കുറിച്ച് അറിവുനേടണം
- സേവനങ്ങൾ കൃത്യസമയത്ത് ലഭ്യമാകാതിരുന്നാൽ എവിടെ, എങ്ങനെ പരാതി നൽകണം ? എന്തെല്ലാം പരാതി നമുക്ക് നൽകാൻ കഴിയും?

  a. സേവനാവകാശ നിയമം 2012

  b. പൗരാവകാശരേഖ

  c. പരാതി നൽകൽ

  d. വിവരാവകാശ നിയമം 2005.

**എല്ലായിടത്തും വെബ്ക്യാമറ സ്ഥാപിക്കുന്നതിനേക്കാൾ കൂടുതൽ ഫലപ്രദം 20 അയൽക്കൂട്ടാംഗങ്ങളുടെ 40 കണ്ണുകൾ അല്ലേ ?**

### 1. എന്താണ് പൗരാവകാശ രേഖ?

ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനവും നിർണ്ണയിക്കപ്പെട്ട രീതിയിൽ പൗരന്മാർക്ക് ലഭ്യമാക്കുന്ന വിവധയിനം സേവനങ്ങളേയും അവയുടെ വ്യവസ്ഥകളേയും അവ ലഭ്യമാക്കുന്ന സമയപരിധിയേയും സംബന്ധിച്ച് തയ്യാറാക്കുന്ന രൂപരേഖയാണ് പൗരാവകാശ രേഖ.

### 2. എന്താണ് സേവനാവകാശ നിയമം 2012?

ഓരോ സർക്കാർ വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവ നൽകുന്നതായി വിജ്ഞാപനം ചെയ്യപ്പെട്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൊതുജനങ്ങൾക്ക് പ്രധാനം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിരിക്കുന്ന നിയമമാണ്. സേവനാവകാശ നിയമം.

### 3. എന്താണ് വിവരാവകാശ നിയമം 2005?

പൊതു സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ പൊതുജനങ്ങൾക്ക് അറിയാൻവേണ്ടി ഉപയോഗപ്പെടുത്താവുന്ന ശക്തമായ നിയമമാണ് വിവരാവകാശ നിയമം 2005. പൊതു അധികാരിയുടെ അധീനതയിലോ നിയന്ത്രണത്തിലോ ഉള്ള വിവരങ്ങൾ ഒരു പൗരന് ലഭിക്കാനുള്ള അവകാശമാണ് ഇത്. ജനാധിപത്യത്തിന്റെ പ്രവർത്തനക്ഷമതയ്ക്കും അഴിമതി നിയന്ത്രിക്കുന്നതിനുമുള്ള ഫലപ്രദമായ ഒരു ഉപാധിയാണ് ഈ നിയമം.

### 4. വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ നൽകുന്നതിനുള്ള സമയപരിധി

1. ആവശ്യപ്പെട്ട വിവരം നൽകാൻ 30 ദിവസത്തിനകം.

   വ്യക്തിയുടെ ജീവനേയോ സ്വത്തിനേയോ ബാധിക്കുന്ന വിവരങ്ങൾ - 48 മണിക്കൂറിനകം.
2. മൂന്നാം കക്ഷിയെ സംബന്ധിച്ച്
   a. മൂന്നാം കക്ഷിയെ അറിയിക്കേണ്ടത് - 5 ദിവസത്തിനകം.
   b. മൂന്നാം കക്ഷി പി.ഐ.ഒ യെ അറിയിക്കേണ്ടത് - 10 ദിവസത്തിനകം.
   c. പി.ഐ.ഒ വിവരം അപേക്ഷകന് നൽകേണ്ടത് -40 ദിവത്തിനകം.
3. മനുഷ്യാവകാശ ലംഘനം ആരോപിക്കുന്നത് സംബന്ധിച്ച് - 45 ദിവസത്തിനകം
4. അഴിമതി ആരോപണം സംബന്ധിച്ച വിവരങ്ങൾ - 30 ദിവസത്തിനകം
5. അപ്പീൽ

   1-ാം അപ്പീൽ (അപ്പലേറ്റ് അധികാരി) - 30 ദിവസത്തിനകം.

   2-ാം അപ്പീൽ (വിവരാവകാശ കമ്മിഷൻ) - 90 ദിവസത്തിനകം.

**അപ്പിലിന്മേൽ**

ഒന്നാം തീരുമാനം (സാധാരണയായി) - 30 ദിവസത്തിനകം.

മതിയായ കാരണങ്ങളുണ്ടെങ്കിൽ - 45 ദിവസത്തിനകം.

രണ്ടാം അപ്പീൽ - സമയപരിധി നിശ്ചയിച്ചിട്ടില്ല.

### വിവരാവകാശ നിയമം 2005 പ്രകാരം ലഭ്യമാകുന്ന വിവരങ്ങൾ

- ആധികാരിക രേഖകൾ
- അറിയിപ്പുകൾ
- ഇ-മെയിൽ
- അഭിപ്രായങ്ങൾ
- ഉപദേശങ്ങൾ
- പത്രക്കുറുപ്പുകൾ
- സർക്കുലറുകൾ
- ഉത്തരവുകൾ
- ലോഗ് ബുക്കുകൾ
- കരാറുകൾ
- റിപ്പോർട്ടുകൾ
- പ്രബന്ധങ്ങൾ
- മാതൃകകൾ

### വിലയിരുത്തൽ ചോദ്യങ്ങൾ

- സമൂഹത്തിലെ അഴിമതി തടയുന്നതിൽ കുടുംബശ്രീക്ക് എന്തെല്ലാം ചെയ്യാൻ കഴിയും.
- വിവരാവകാശ നിയമ പ്രകാരം ലഭ്യമാക്കുന്ന വിവരങ്ങൾ പട്ടികപ്പെടുത്തുക.
- അഴിമതി തടയുന്നതിൽ സേവനാവകാശ നിയമത്തിന്റെ പങ്ക് വിശദമാക്കുക.
- വിവരാവകാശ നിയമത്തിന് അഴിമതിയെ ചെറുക്കാൻ കഴിയും എന്ന് നിങ്ങൾ കുരതുന്നുണ്ടോ? എന്തുകൊണ്ട്? വിശദമാക്കുക.

### തുടർപ്രവർത്തനങ്ങൾ

- വിവരാവകാശം, സേവനാവകാശം എന്നിവ സംബന്ധിച്ച അപേക്ഷയുടെ മാതൃക പ്രദർശിപ്പിക്കുക.
- വിവരാവകാശ നിയമം, സേവനാവകാശ നിയമം എന്നിവയെക്കുറിച്ചുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക.
- സർക്കാർ ഓഫീസുകളെ അഴിമതി രഹിത കേന്ദ്രങ്ങളാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകുക.

### വിലയിരുത്തൽ ചെക്ക് ലിസ്റ്റ്

| ഇനം | പൂർണ്ണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| • അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിൽ അയൽക്കൂട്ടങ്ങൾക്കുള്ള പങ്കിനെക്കുറിച്ച് ധാരണ നേടി<br>• വിവരാവകാശ നിയമം, സേവനാവകാശ നിയമം എന്നിവയുടെ പ്രാധാന്യം തിരിച്ചറിഞ്ഞു.<br>• അഴിമതി പ്രതിരോധിക്കാനുള്ള സർക്കാർ സംവിധാനങ്ങളെ മനസ്സിലാക്കി.<br>• അഴിമതിയെ പ്രതിരോധിക്കാനുള്ള മനോഭാവം രൂപപ്പെടുത്തി. | | | |

# കുടുംബശ്രീ സ്കൂൾ

## അയൽക്കൂട്ട ഹാജർ രേഖപ്പെടുത്തുന്നതിനുള്ള ഫോർമാറ്റ്

## (എ.ഡി.എസ്. ആർ.പി. പൂരിപ്പിക്കേണ്ടത്)

ജില്ലയുടെ പേര്: .................................................................... സി.ഡി.എസിന്റെ പേര്: ..................................................

എ.ഡി.എസിന്റെ പേര്/ നമ്പർ:........................................... അയൽക്കൂട്ടത്തിന്റെ പേര്: ..................................................

അയൽക്കൂട്ടത്തിലെ ആകെ അംഗങ്ങളുടെ എണ്ണം: ..................................................

| ക്രമ നം | അംഗത്തിന്റെ പേര് | ഹാജർനില ( ✔ ചെയ്യുക) | | | | | | ആകെ |
|---|---|---|---|---|---|---|---|---|
| | | സംഘടന | പദ്ധതികൾ | ജെന്റർ വികസനം | ആരോഗ്യം ശുചിത്വം | വിമുക്തി | അഴിമതി രഹിതം | |
| | | / /2017 | / /2017 | / /2017 | / /2017 | / /2017 | / /2017 | |
| 1 | | | | | | | | |
| 2 | | | | | | | | |
| 3 | | | | | | | | |
| 4 | | | | | | | | |
| 5 | | | | | | | | |
| 6 | | | | | | | | |
| 7 | | | | | | | | |
| 8 | | | | | | | | |
| 9 | | | | | | | | |
| 10 | | | | | | | | |
| 11 | | | | | | | | |
| 12 | | | | | | | | |
| 13 | | | | | | | | |
| 14 | | | | | | | | |
| 15 | | | | | | | | |
| 16 | | | | | | | | |
| 17 | | | | | | | | |
| 18 | | | | | | | | |
| 19 | | | | | | | | |
| 20 | | | | | | | | |
| ആകെ | | | | | | | | |
| അദ്ധ്യാപകന്റെ ഒപ്പ് (ഓരോക്ലാസ്സിനുശേഷവും അദ്ധ്യാപകൻ ഒപ്പ് ഇടേണ്ടതാണ്) | | | | | | | | |

a. അയൽക്കൂട്ടത്തിന്റെ ആകെ അംഗങ്ങളുടെ എണ്ണം x 06 = .................

b. കുടുംബശ്രീ സ്കൂളിൽ പങ്കെടുത്ത അംഗങ്ങളുടെ ആകെ ഹാജർ = .................

c. ഹാജർ ശതമാനം = (b) / (a) x 100 = ................. %

സർട്ടിഫിക്കറ്റ് മാതൃക
(അയൽക്കൂട്ടം പൂരിപ്പിച്ച്
നൽകേണ്ടത്)

**കുടുംബശ്രീ - സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ**
**തദ്ദേശ സ്വയംഭരണ വകുപ്പ്**
**കേരള സർക്കാർ, തിരുവനന്തപുരം**

**കുടുംബശ്രീ സ്കൂൾ 2017**

## സർട്ടിഫിക്കറ്റ്

............................................ ജില്ലയിലെ ............................................ സി.ഡി.എസിലെ ............................................ എ.ഡി.എസിനു കീഴിൽ ............................................ നമ്പറായി അഫിലിയേറ്റ് ചെയ്തു പ്രവർത്തിക്കു ............................................ അയൽക്കൂട്ടം കുടുംബശ്രീ മിഷൻ 2017 ഒക്ടോബർ/നവംബർ മാസങ്ങളിൽ സംഘടിപ്പിച്ച കുടുംബശ്രീ സ്കൂൾ പഠനകളരിയിൽ പങ്കെടുത്ത്...........% പങ്കാളിത്തത്തോടെ പഠനകളരി വിജകരമായി പൂർത്തീകരിച്ചിരിക്കുന്നതായി സാക്ഷ്യപ്പെടുത്തുന്നു.

തിരുവനന്തപുരം
............./............./2017

**എക്സിക്യൂട്ടീവ് ഡയറക്ടർ**
കുടുംബശ്രീ

## കുടുംബശ്രീ - സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
## തദ്ദേശ സ്വയംഭരണ വകുപ്പ്

### കുടുംബശ്രീ സ്കൂൾ പഠനക്ലാസ്സുകളുടെ വിലയിരുത്തൽ രേഖപ്പെടുത്താനുള്ള ഫോറം

**(അയൽക്കൂട്ടാംഗങ്ങൾ ചർച്ച ചെയ്ത് ഭൂരിപക്ഷ അഭിപ്രായം രേഖപ്പെടുത്തുക)**

| | വളരെ നല്ലത് | നല്ലത് | മോശം | വളരെ മോശം |
|---|---|---|---|---|
| A. <u>പരിശീലകരെക്കുറിച്ചുള്ള അഭിപ്രായം</u> | | | | |
| 1 കുടുംബശ്രീ സംഘടനാ സംവിധാനം | | | | |
| 2. കുടുംബശ്രീ പദ്ധതികൾ | | | | |
| 3 സ്ത്രീശാക്തീകരണവും തുല്യനീതിയും | | | | |
| 4. ആരോഗ്യം, ശുചിത്വം - കുടുംബശ്രീയുടെ റോൾ | | | | |
| 5. ലഹരി വിമുക്ത പ്രചരണം-കുടുംബശ്രീ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ | | | | |
| 6. അഴിമതി വിമുക്ത സമൂഹം - കുടുംബശ്രീയുടെ കർത്തവ്യം | | | | |
| B. പരിശീലനത്തെക്കുറിച്ചുള്ള പൊതുഅഭിപ്രായം | | | | |
| C. കുടുംബശ്രീ സ്കൂൾ കൈപ്പുസ്തകത്തിന്റെ ഉള്ളടക്കം | | | | |

D. കുടുംബശ്രീ സ്കൂളിൽ പങ്കെടുക്കുന്നതിന് മുൻപും ശേഷവും - നിങ്ങളുടെ അഭിപ്രായം (രേഖപ്പെടുത്തുക)

E. കുടുംബശ്രീ സ്കൂളിൽ നിന്നും അയൽക്കൂട്ടാംഗങ്ങൾക്ക് ലഭിച്ച ഏറ്റവും പ്രധാനപ്പെട്ട മൂന്ന് നേട്ടങ്ങൾ രേഖപ്പെടുത്തുക.

F. കുടുംബശ്രീ സ്കൂളിൽ ഏറ്റവും നന്നായി പ്രയോജനപ്പെട്ട വിഷയം?

**G.** കുടുംബശ്രീ സ്കൂൾ രണ്ടാംഘട്ടം ആവശ്യമുണ്ടോ?

ഉണ്ട്/ഇല്ല

**H.** രണ്ടാം ഘട്ടം പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ ഏതൊക്കെ?

1. ..........................................................................................
2. ..........................................................................................
3. ..........................................................................................
4. ..........................................................................................
5. ..........................................................................................
6. ..........................................................................................

**I.** കുടുംബശ്രീ മിഷൻ അയൽക്കൂട്ട അംഗങ്ങൾക്കായി ഭാവിയിൽ ശ്രദ്ധിക്കേണ്ട / നടപ്പിലാക്കേണ്ട പ്രധാനപ്പെട്ട മൂന്ന് കാര്യങ്ങൾ ചർച്ച ചെയ്ത് രേഖപ്പെടുത്തുക.

1. ..........................................................................................
2. ..........................................................................................
3. ..........................................................................................

**J.** കുടുംബശ്രീ സ്കൂൾ പരിശീലന പരിപാടിയെക്കുറിച്ച് കൂടുതലായി ഏന്തെങ്കിലും കൂട്ടിച്ചേർക്കാനുണ്ടെങ്കിൽ ആയത് രേഖപ്പെടുത്തുക.